ലെസ്ബിയനിസത്തെക്കുറിച്ച് ഇനിയും ഞങ്ങൾ സംസാരിക്കും; യുദ്ധം ജയിക്കുന്നതു വരെ

ജീവന്റെ സൂര്യരശ്മി കാലത്തെ തുളച്ചു കടക്കുമ്പോൾ...

എനിക്ക് വേണ്ടാത്തതൊന്നും തരരുത്


# മലയാളി.com magazine 2022

JUNE | VOL.1 | ISSUE 7







## അതിജീവിതയുടെ പോരാട്ടങ്ങൾ; കേരളം ലജ്ജിക്കുന്നു

## നമ്പിനാരായണൻ: ഫീനിക്സ് പക്ഷിയെപ്പോലെ




**ഡോ.എം.വി.പിള്ള**
വാഗ്മി, എഴുത്തുകാരൻ, ഭിഷഗ്വരൻ, ക്രാന്തദർശി



**പ്രൊഫ. സോമസുന്ദരൻ**
എഞ്ചിനിയറിംഗ് രംഗത്തെ അതുല്യ നേട്ടങ്ങൾ; നോബൽ സമ്മാനത്തിനരികെ



**ഡോ. തോമസ് എബ്രഹാം**
മുൻപേ നടന്ന വഴികാട്ടി, 'ഫാദർ ഓഫ് ദി കമ്യൂണിറ്റി'


ToyotaCity
NissanCity
of Port Chester
Are you looking for a
PRE-OWNED OR NEW
Toyota or Nissan
Meet Your Friend
GENUINE THOMAS
Pre-Owned
NEW Cars Sales Manager
1-845-461-5832
VERY SPECIAL DEALS AVAILABLE NOW!

മലയാളി.com Magazine
DIGITAL MAGAZINE
2022
JUNE
VOL/01
ISSUE/07
Contact: mag@emalayalee.com | www.emalayalee.com

# വന്ദിക്കുന്നവരും നിന്ദിക്കുന്നവരും

ഇന്നു ലോകം മുഴുവൻ മതത്തിന്റെ പേരിലുള്ള തർക്കങ്ങളും, കലഹങ്ങളും, കൊലപാതകങ്ങളും മൂലം ശാന്തിയും സമാധാനവും നഷ്ടപ്പെട്ട സ്ഥിതിയിലാണ്. അത് കൂടുന്നതല്ലാതെ കുറയുന്നില്ല. ഏറ്റവും പുതിയതാണ് നബിനിന്ദ നടത്തിയെന്ന ആരോപണവും പ്രക്ഷോഭവും. അത് മുസ്ലിം രാജ്യങ്ങളിൽ രോഷത്തിനും കാരണമായി.

മതത്തിന്റെ പേരിലുള്ള കൊല്ലും കൊലയും ഇന്നും ഇന്നലെയെയും തുടങ്ങിയതല്ല. ഏഴു കുരിശുയുദ്ധങ്ങളിലായി ദശലക്ഷം ജനങ്ങൾ കാലപുരി പ്രാപിച്ചു. ഇത്രയും ജനങ്ങൾ കൊല്ലപ്പെട്ടിട്ടും ദൈവം അദ്ദേഹത്തിന്റെ തല പോലും പൊക്കിനോക്കിയില്ലെങ്കിൽ നമുക്ക് മനസിലാകുന്നത് മനുഷ്യർ പടവെട്ടി മരിച്ചതും മരിക്കുന്നതും ദൈവത്തിനു വേണ്ടിയല്ല, മതത്തിനു വേണ്ടിയാണ് എന്നാണ്.

നിങ്ങൾ ദൈവത്തേ ആരാധിക്കുമ്പോൾ നിങ്ങൾ സ്വതന്ത്രരാണ്. എന്നാൽ മതത്തിന്റെ നിയമാവലിക്കുള്ളിൽ അകപ്പെട്ടുപോയാൽ അടിമയായി. നിങ്ങളുടെ വസ്ത്രധാരണം, ആഭരണങ്ങൾ, ഭക്ഷണം, വിവാഹം എന്നുവേണ്ട നിങ്ങളുടെ സാമൂഹ്യ ജീവിതത്തിന്റെ മൊത്തം കോൺട്രാക്ട് മതം ഏറ്റെടുക്കും. അങ്ങനെ അനവധി മതങ്ങൾ രൂപപ്പെട്ടത് മനുഷ്യരാശിക്ക് ഇപ്പോൾ ശാപമായിത്തീർന്നു.

എങ്കിലും മറ്റു മതങ്ങളെ ആക്ഷേപിക്കുന്നത് ശരിയല്ല. കുറേക്കാലമായി കേരളത്തിൽ അരങ്ങേറുന്ന നിന്ദ്യമായ കാര്യമാണ് മറ്റു മതങ്ങളെ ആക്ഷേപിക്കൽ. പണ്ട് അങ്ങനെ ഒരു കാര്യം കേട്ടുകേൾവി പോലും ഇല്ലായിരുന്നു. അറിവും സമ്പത്തും കൂടുമ്പോൾ നാം പിന്നോക്കം പോകുകയും ഭിന്നതയും വിദ്വെഷവും വളർത്തുകയും ചെയ്യുന്നു എന്നതാണ് കേരളത്തിൽ കണ്ട് വരുന്നത്.

ഇത് ശരിയല്ല. ഒരു ബഹുസ്വര സമൂഹത്തിനു അങ്ങനെ മുന്നോട്ടു പോകാനാവില്ല.

അതെ സമയം ഒരു ജനാധിപത്യ രാജ്യത്തിൽ പൗരന്റെ അഭിപ്രായ പ്രകടനത്തിനുള്ള സ്വാതന്ത്ര്യത്തെ അടിച്ചമർത്താനും ആവില്ല. അങ്ങനെ വരുമ്പോൾ തൊട്ടതിനും പിടിച്ചതിനുമെല്ലാം മതവികാരം വ്രണപ്പെട്ടു എന്ന് പറഞ്ഞു ബഹളം വയ്ക്കുകയും തെരുവിലിറങ്ങാതിരിക്കുകയും ചെയ്യുന്നതാണ് നല്ലത്.

ക്രൈസ്തവർ മഹാഭൂരിപക്ഷമുള്ള അമേരിക്കയിൽ ക്രിസ്തുവിനെ അവഹേളിക്കുന്ന കലാപരിപാടികളും പ്രസ്ഥാനങ്ങളുമൊക്കെ നാം കാണുന്നുണ്ട്. ആരുടെയും വികാരം വ്രണപ്പെടുന്നത് കാണുന്നില്ല. 'മെറി ക്രിസ്തുമസ്' എന്ന് പോലും പറയാൻ പറ്റാത്ത നാടാണിത്. അത് മറ്റുള്ളവർക്കും ഒരു മാതൃകയാണ്. ആക്ഷേപിക്കുന്നവർ അത് ചെയ്യട്ടെ. അത് കൊണ്ട് ഞങ്ങളുടെ വിശ്വാസത്തിനു അണുവിട കോട്ടം സംഭവിക്കില്ല എന്ന് ഉറച്ച് പറയാനുള്ള മാനസിക വളർച്ചയാണ് ഇന്ന് വിശ്വാസിക്ക് വേണ്ടത്. അല്ലാതെ മറ്റുള്ളവരുടെ വായ് എത്രകാലം മൂടിക്കെട്ടാനാകും?

EDITORIAL BOARD

George Joseph, Editor-in-Chief | Sunil Tristar, Managing Editor | P.S. Joseph, Executive Editor | Antony Kanayamplackal, Senior Editor | Anju, Design | Abhi, Cover

CONTENTS


5 പി. എസ്. ജോസഫ്
അതിജീവിതയുടെ പോരാട്ടങ്ങൾ; കേരളം ലജ്ജിക്കുന്നു

15 കഥ: ഗ്രേസി
ഗവേഷണം

17 കവിത: ചന്ദ്രമതി
നുകം

18 ഫീച്ചർ: ശ്രീ പാർവതി
ലെസ്ബിയനിസത്തെക്കുറിച്ച് ഇനിയും ഞങ്ങൾ സംസാരിക്കും; യുദ്ധം ജയിക്കുന്നതു വരെ

19 ജയദേവൻ
ജീവന്റെ സൂര്യരശ്മി കാലത്തെ തുളച്ചു കടക്കുമ്പോൾ...

21 കവിത: കിളിമാനൂർ ദിവാകരൻ
എനിക്ക് വേണ്ടാത്തതൊന്നും തരരുത്

23 നാടൻപാട്ട്: ഗോപകുമാർ ജി എസ്
മാൻമിഴിയാൾ

25 കഥ: രാഘവ വർമ
തെക്കോട്ടിറക്കം


29 മിനിക്കഥ: ജയൻ പി രാമകൃഷ്ണൻ
നാലുമണിപ്പൂക്കൾ


31 കവിത: സുനീഷ് ആചാര്യ
അഗ്നിതേജസ്സ്


33 കഥ: സന്തോഷ് ആറ്റിങ്ങൽ
തോരണയുദ്ധം













35 കഥ: ഡോ. സേതുലക്ഷ്മി എം. എസ്
വാടകയ്ക്ക് ഒരമ്മ

37 കവിത: ഇടക്കുളങ്ങര ഗോപൻ
വീടില്ലാത്തവൻ

39 ഫീച്ചർ: വിജയ് സി. എച്ച്
പ്രകൃതിക്കൊരു പര്യായം

43 നമ്പിനാരായണൻ: ഫീനിക്സ് പക്ഷിയെപ്പോലെ

47 ഡോ. എം. വി. പിള്ള: വാഗ്മി, എഴുത്തുകാരൻ, ഭിഷഗ്വരൻ, ക്രാന്തദർശി മലയാളികളുടെ 'സ്വകാര്യ അഹങ്കാരം'

67 പ്രൊഫ. സോമസുന്ദരൻ
എഞ്ചിനിയറിംഗ് രംഗത്തെ അതുല്യ നേട്ടങ്ങൾ; നോബൽ സമ്മാനത്തിനരികെ

77 ഡോ. തോമസ് എബ്രഹാം
മുൻപേ നടന്ന വഴികാട്ടി, 'ഫാദർ ഓഫ് ദി കമ്യൂണിറ്റി'

# അതിജീവിതയുടെ പോരാട്ടങ്ങൾ; കേരളം ലജ്ജിക്കുന്നു

◉ പി.എസ്. ജോസഫ്

ചരിത്രം സൃഷ്ടിക്കുന്ന വിധിയാകുമോ അത്? അപൂർവ്വങ്ങളിൽ അപൂർവ്വമായ കേസാണ് നടിയെ ആക്രമിച്ചു ലൈംഗീകമായി പീഡിപ്പിച്ചു ബ്ലാക്ക്മെയിൽ ചെയ്യാനായി ദൃശ്യങ്ങൾ ചിത്രീകരിച്ച ക്വട്ടെഷൻ പീഡനം . ക്രിമിനൽ കേസുകളിൽ ഒരു വിചാരണ ജഡ്ജിക്ക് നിയമത്തിൻറെ നൂലിഴ കീറി ലഭ്യമായ തെളിവുകൾ വെച്ചു പ്രതിയെ ശിക്ഷിക്കുകയോ വിട്ടയക്കുകയോ ചെയ്യാനേ കഴിയൂവെങ്കിലും ക്വട്ടെഷൻ പീഡനക്കേസിൽ അപൂർവങ്ങളിൽ അപൂർവ്വമായ ഒരവസരമാണ് ജഡ്ജിക്ക് ലഭിച്ചിരിക്കുന്നത് .സാങ്കേതിക രംഗത്തെ മുന്നേറ്റങ്ങളും മനസാക്ഷിയാൽ പ്രേരിതമായ നേരിട്ടുള്ള സാക്ഷിമൊഴികളും പ്രതികളുടെ തന്നെ കുറ്റം സമ്മതിക്കുന്നതിനു തുല്യമായ ഡിജിറ്റൽ തെളിവുകളും പ്രധാന പ്രതിയുടെ തന്നെ രേഖാമൂലമായ കുറ്റസമ്മതവും ഈ കേസിനെ മറ്റു കേസുകളിൽ നിന്ന് ഏറെ വ്യത്യസ്തമാക്കുന്നു .

**ഒരു പെറിമേസൻ കഥയെ വെല്ലുന്ന ആധുനികമായ സെറ്റിങ്ങ്സിൽ ആണ് ഈ കേസ് അരങ്ങേറുന്നത് പ്രധാന കഥാപാത്രങ്ങൾ തെന്നിന്ത്യൻ സിനിമയിൽ നിറഞ്ഞു നിൽക്കുന്ന ഒരു പ്രമുഖ നടിയും മലയാള സിനിമയിലെ മിന്നുന്ന താരവുമാണ് എന്നത് മാത്രമല്ല ഈ കേസിന് അപൂർവ്വത നൽകുന്നത്.**





ഒരു പെറിമേസൻ കഥയെ വെല്ലുന്ന ആധുനികമായ സെറ്റിങ്ങ്സിൽ ആണ് ഈ കേസ് അരങ്ങേറുന്നത് പ്രധാന കഥാപാത്രങ്ങൾ തെന്നിന്ത്യൻ സിനിമയിൽ നിറഞ്ഞു നിൽക്കുന്ന ഒരു പ്രമുഖ നടിയും മലയാള സിനിമയിലെ മിന്നുന്ന താരവുമാണ് എന്നത് മാത്രമല്ല ഈ കേസിന് അപൂർവ്വത നൽകുന്നത്. ഡിജിറ്റൽ ഫോണുകൾ, വാട്സ് ആപ് ചാറ്റുകൾ, ഹാഷ് വാല്യൂ മാറ്റങ്ങൾ, മിറർ ഇമേജുകൾ, മെമ്മറി കാർഡുകൾ, പെൻ ഡ്രൈവുകൾ, സൈബർ ഇടങ്ങളിൽ നടക്കുന്ന കുറ്റകരമായ ഗൂഢാലോചനകൾ, ഡിജിറ്റൽ തെളിവ് നശിപ്പിക്കലുകൾ , ഡിജിറ്റൽ വീണ്ടെടുക്കലുകൾ എന്നിവയെല്ലാം ഈ കേസിന് പുതിയ മാനം നൽകുന്നു .

രാഷ്ട്രീയമായും സാമൂഹികമായും ഇത് സൃഷ്ടിച്ച അലയൊലികൾ, കോടതി മുറിയിൽ അരങ്ങേറുന്ന വലിയ നിയമ യുദ്ധങ്ങൾ തുടങ്ങിയവയും ഈ പുതിയ നൂറ്റാണ്ടിന്റെ കേസിന് പ്രാധാന്യം നൽകുന്നു .ഒരു പക്ഷെ ഗൾഫ് യുദ്ധം പോലെ ആദ്യത്തെ ഡിജിറ്റൽ ലോകത്ത് നടക്കുന്ന നിയമ യുദ്ധമാകാം ഇത് .ആ അർത്ഥത്തിൽ അന്വേഷണത്തിലും വിചാരണയിലും വിധിയിലും ഒരു ുമൃമറശഴാ വെശളേ ആവശ്യപ്പെടുന്ന കേസാണിത് . ക്വട്ടെഷൻ പീഡനം എന്ന നരാധമ കുറ്റ

കൃത്യം തന്നെ ചരിത്രത്തിൽ ആദ്യമാകാം . ആ നിലക്ക് വലിയൊരു ചരിത്ര നിയോഗമാകാം ഈ കേസിലെ ജഡ്ജിയെ കാത്തിരിക്കുന്നത് .

എന്നാൽ സത്യം കണ്ടെത്താൻ ഏതറ്റം വരെയും പോകാൻ പോലീസിനു അനുമതി നൽകേണ്ട കേരള ഹൈകോടതി ജൂലൈ 15 വരെ-മിഥുനം ഒന്ന് -യാണ് തുടരന്വേഷണത്തിനു സമയം നിശ്ചയിച്ചിരിക്കുന്നത് . കുടുതൽ തെളിവുകൾ വരുകയും സങ്കീർണ്ണമായ സമസ്യകൾ രൂപപ്പെടുകയും ചെയ്താൽ അന്വേഷണ സംഘത്തിനു സമയം നീട്ടി ചോദിക്കാമെങ്കിലും മെയ് മുപ്പതിന് തന്നെ അന്തിമ റിപ്പോർട്ട് നൽകാൻ ഒരുങ്ങിയ എ ഡി ജി പി  ഷെയ്ക്ക് പർവേഷ് ദെർവേഷ് മേൽനോട്ടം വഹിക്കുന്ന ഈ കേസ് (അടുത്തു തന്നെ അദ്ദേഹം വിരമിക്കും) അതിന്റെ സ്വാഭാവികമായ അന്ത്യത്തിൽ എത്തുമോ എന്ന് എല്ലാവരും തന്നെ സംശയിക്കുന്നു. അതിജീവിതയായ നടി തന്നെ സർക്കാരിനും കോടതിക്കും എതിരെ ഹർജി നൽകേണ്ടി വന്ന സാഹചര്യത്തിൽ, ഇതേ വരെ ഒരു പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കാത്ത ഈ കേസിൽ (ജഡ്ജിയുടെ നിലപാടിൽ പ്രതിഷേധിച്ചു രണ്ടു പബ്ലിക് പ്രോസിക്യൂട്ടർമാർ രാജി വെച്ചിരുന്നു) സർക്കാരിനും പ്രബലർക്കും താല്പര്യമില്ലാത്ത ഈ കേസിൽ അവസാനമായി ഒരു വലിയ അത്ഭുതം കാത്തിരിക്കുകയാണ് അതിജീവിതയും നിയമവാഴ്ച്ചയെ പിന്തുണക്കുന്നവരും .

ഒന്നാം പ്രതിയുടെ കത്തിൽ നടൻ ദിലീപിനെ കുറ്റപ്പെടുത്തിയിരുന്നതും  മറ്റു സാഹചര്യ തെളിവുകളും മാത്രം ഉണ്ടായിരുന്ന ക്വട്ടേഷൻ ഗൂഡാലോചനയിൽ എട്ടാം പ്രതി ദിലീപിനെതിരെ നേരിട്ടുള്ള സാക്ഷികളോ മറ്റു തെളിവുകളോ ലഭ്യമല്ലാതിരുന്ന തുടക്കത്തിലെ അന്വേഷണത്തിൽ നിന്ന് വ്യത്യസ്തമായി അത്ഭുതമെന്ന പോലെ സംവിധായകൻ ബാലചന്ദ്ര മേനോൻ നടത്തിയ വെളിപ്പെടുത്തലുകൾ നീതിക്ക് വേണ്ടി ഹൃദയം തുടിക്കുന്ന ആരെയും ആശ്വസിപ്പിക്കുന്നതായിരുന്നു  .അതോടൊപ്പം ഉയർന്നു വന്ന അന്വേഷണ ഉദ്യോഗസ്ഥന്മാരെ വധിക്കാനുള്ള ഗൂഢാലോചനയും കുപ്പിയിൽ നിന്ന് ഭൂതം ഉയരുന്നത് പോലെ ഒരു വിധത്തിലും തള്ളിക്കളയാനാവാത്ത തെളിവുകൾ നൽകി. ഫോറൻസിക് പരിശോധനകളും നേരിട്ടുള്ള ചോദ്യം ചെയ്യലുകളും പുതിയ കണ്ടെത്തലുകളും ഇത് അരക്കിട്ടുറപ്പിച്ചു.എങ്കിലും തെളിവ് തെളിവായാലെ തെളിവായി കണക്കാക്കാൻ കഴിയൂ എന്ന വിചാരണ ജഡ്ജിയുടെ നിർബന്ധം മൂലം ഇത് അസന്നിഗ്ദമായ തെളിവായി അന്വേഷണ  ഉദ്യോഗസ്ഥർ അവതരിപ്പിച്ചു  ഏതു കോടതിയിലും അവ തെളിയിക്കുമെന്ന് കരുതണം .

പക്ഷെ നിയമപരമായും ഭരണപരമായും ഈ കേസ് വലിയ വെല്ലുവിളികളാണ് നേരിടുന്നത്. ബ്ലാക്ക് മെയിൽ ചെയ്യാൻ നടത്തിയ അധമമായ ഒരു പ്രവർത്തി എന്ന നിലയിൽ നേരിട്ട് പങ്കെടുത്ത അഞ്ചു പേർ ജയിലിൽ ആകുകയും (അവരിൽ പൾസർ സുനി ഒഴികെ യുള്ളവർ ജാമ്യത്തിലായി .സുനിയുടെ അപേക്ഷയും സുപ്രീം കോടതിയിൽ ആണ്) അതിന്റെ ഒറിജിനൽ ദൃശ്യവും ഫോണും നശിപ്പിച്ച അഭിഭാഷകർ കുറ്റവിമോചിതരാകുകയും ചെയ്തു. ഇത് ഒരു ക്വട്ടേഷൻ വഴിയുള്ള പീഡനമാണെന്ന പുതിയ കണ്ടെത്തലോടെ നടൻ ദിലീപ് എന്ന ഗോപാലകൃഷ്ണനു നേരെ അന്വേഷണം നീണ്ടു . അതോടെ കേസ് അവതാളത്തിലായി .

**പ്രശസ്ത ചലച്ചിത്രകാരനായ അടൂർ ഗോപാലകൃഷ്ണന്റെ പിന്നെയും എന്ന സിനിമ ഏറെ കൊട്ടിഘോഷിക്കപ്പെട്ടില്ലെങ്കിലും കുറ്റവാളികളുടെ മനസ്സിലേക്ക് ഏറെ വെളിച്ചം വീഴ്ത്തുന്ന ഒന്നായിരുന്നു   അത് .അതിലെ നായകനും നായികയും ദിലീപും കാവ്യമാധവനുമാണ് എന്നത് യാദൃശ്ചികമായിരിക്കാം . ഇന്നും നിയമത്തിൻറെ കരങ്ങൾക്ക് അപ്രാപ്യനായ സുകുമാര കുറുപ്പിൻറെ മാനസിക വ്യാപാരങ്ങളിലേക്ക് ഉറ്റു നോക്കുന്ന ഈ ചിത്രത്തിൽ താനുമായി ബന്ധപ്പെട്ട എല്ലാവരും -ഭാര്യ ഉൾപ്പടെ -കടുത്ത ദുരന്തങ്ങളിലേക്ക് പതിക്കുന്നത് കണ്ടിട്ടും മുഖം പ്ലാസ്റ്റിക് സർജറി ചെയ്തു വീണ്ടും ഒരു പുതു ജീവിതത്തിനു ശ്രമിക്കുകയാണ് ആ നായകൻ .**

പ്രശസ്ത ചലച്ചിത്രകാരനായ അടൂർ ഗോപാലകൃഷ്ണന്റെ പിന്നെയും എന്ന സിനിമ ഏറെ കൊട്ടിഘോഷിക്കപ്പെട്ടില്ലെങ്കിലും കുറ്റവാളികളുടെ മനസ്സിലേക്ക് ഏറെ വെളിച്ചം വീഴ്ത്തുന്ന ഒന്നായിരുന്നു   അത് .അതിലെ നായകനും നായികയും ദിലീപും കാവ്യമാധവനുമാണ് എന്നത് യാദൃശ്ചികമായിരിക്കാം. ഇന്നും നിയമത്തിൻറെ കരങ്ങൾക്ക് അപ്രാപ്യനായ സുകുമാര കുറുപ്പിൻറെ മാനസിക വ്യാപാരങ്ങളിലേക്ക് ഉറ്റു നോക്കുന്ന ഈ ചിത്രത്തിൽ താനുമായി ബന്ധപ്പെട്ട എല്ലാവരും -ഭാര്യ ഉൾപ്പടെ -കടുത്ത ദുരന്തങ്ങളിലേക്ക് പതിക്കുന്നത് കണ്ടിട്ടും മുഖം പ്ലാസ്റ്റിക് സർജറി ചെയ്തു വീണ്ടും ഒരു പുതു ജീവിതത്തിനു ശ്രമിക്കുകയാണ് ആ നായകൻ . ആ കഥാപാത്രത്തിന്റെ കുറ്റവാസന -കടുത്ത ആർത്തി -ഒട്ടും ഒടുങ്ങുന്നില്ല.എല്ലാ കുറ്റക്രൃത്യങ്ങൾക്ക് പിന്നിലുമുള്ള മാനസിക അപഗ്രഥനമാണ് അടൂർ ഇവിടെ നിർവഹിക്കുന്നത് .പക്ഷെ അടൂരിനെ പോലെ മാനസിക അപഗ്രഥനം നടത്തുകയല്ല നടി ആക്രമണകേസ് വിചാരണ ചെയ്യുന്ന ജഡ്ജിയുടെ ചുമതല. തെളിവ് എന്ന് പറയാവുന്ന തെളിവ് കൊണ്ടു വന്നാലേ തെളിവായി കണക്കാക്കൂ എന്നാണവർ കരുതുന്നത് എന്ന് തുറന്ന കോടതിയിൽ അവർ നടത്തിയ നിരീക്ഷണങ്ങൾ വ്യക്തമാക്കുന്നു .ഒരു ബാറ്ററിയുടെ പേരിൽ കൊലക്കയർ കൊടുത്ത വിധിയെ

പുച്ഛത്തോടെ കാണുന്ന ഇക്കാലത്ത് ജഡ്ഗിയുടെ നില കടുത്ത ഏകാന്തത അനുഭവിക്കുന്ന ഫുട്ബോൾ ഗോളിയുടെ നിലയിലാണ്. വിധിക്ക് ശേഷം വിധി തന്നെ ജഡ്ജ് ചെയ്യപ്പെടും എന്ന നിലക്ക് അവരെ കുറ്റം പറയാനും ആവില്ല.

നടിയെ ആക്രമിക്കപ്പെട്ട കേസ് സ്വാഭാവികമായ അന്ത്യത്തിലേക്ക് കടക്കുകയാണ്. കുറ്റപത്രം സമർപ്പിക്കാനുള്ള അന്തിമ ദിവസം ജൂലൈ 15 ആണെങ്കിലും അത് ഇനിയും നീട്ടിനല്കിയേക്കാം എന്ന പ്രതീക്ഷ പലരും പുലർത്തുന്നു. എങ്കിലും ശക്തമായി മുന്നേറിയിരുന്ന തുടർ അന്വേഷണത്തിലെ ഇപ്പോഴത്തെ മന്ദഗതി കാണുന്നവർക്ക് അത് കൊണ്ടൊന്നും പുതിയ തെളിവുകൾ ഉണ്ടാകുമെന്ന തോന്നൽ ഇല്ല .അന്വേഷണത്തിൽ തങ്ങളുടെതായ മുദ്ര പതിപ്പിച്ച എ ഡി ജി പി ശ്രീജിത്തോ ഡി വൈ എസ് പി ബൈജു പൌലോസോ മറ്റു പ്രഗൽഭരായ ഉദ്യോഗസ്ഥൻമാരോ മോശമായത് കൊണ്ടല്ല, ഈ ആസുരമായ കാലത്ത് എഴുത്തുകാരനും മാധ്യമപ്രവർത്തകനുമായ പി കെ ശ്രീനിവാസന്റെ കഥയിലെ പോലെ മരിച്ചവനെ വെന്റിലേറ്ററിൽ കിടത്തി തൂക്കിക്കൊല്ലാനാണ് എല്ലാവർക്കും ഇഷ്ടം. ഈ കേസും ഒരു പക്ഷെ അങ്ങനെ മാഞ്ഞ് പോകാം .



ഈ കേസിലെ വിധി അനുകൂലമായാലും പ്രതികൂലമായാലും അത് അതിജീവിതയെ ബാധിക്കില്ല അവസാന നിമിഷത്തിൽ തെളിവുകൾ പുറത്തു വന്നിട്ടും തനിക്കു നീതി കിട്ടിയില്ലല്ലോ എന്നാ ആകുലത പക്ഷെ അവരെ വിഷമിപ്പിച്ചേക്കാം .ഇത്തരം കേസുകളിൽ ഇനി ഒരു ഇരയും അധികാര കേന്ദ്രങ്ങളെ വിശ്വസിച്ചു വെന്നു വരില്ല, അത്ര മാത്രം.

എന്നാൽ ഈ ഉദാസിനമായ സമീപനത്തിന് പൊതു സമൂഹം വലിയ വില ആയിരിക്കും നൽകുന്നത് . കുറ്റവാളിയെകൊണ്ടു സമൂഹത്തോട് ചെയ്ത കുറ്റത്തിന് പിഴ ചൊല്ലിക്കാൻ കഴിഞ്ഞില്ലെങ്കിൽ അതൊരു വലിയ കറുത്ത പാടാകും. എല്ലാം എതിരാണ് എന്നറിയാം എങ്കിലും ഒഴുക്കിനെതിരെയുള്ള അന്വേഷണ ഉദ്യോഗസ്ഥരുടെ നീക്കം ഫലിക്കുമോ ?ചില മാധ്യമങ്ങളുടെ എങ്കിലും പോരാട്ടം ഫലിക്കുമോ? കാത്തിരുന്നു കാണണം .

**ക്വട്ടെഷൻ ബലാൽസംഗം**

അഞ്ചു വര്ഷം മുൻപ്, 2017 ഫെബ്രുവരി 17 നു നരാധമന്മാർ ഒരു ക്വട്ടെഷൻ ബലാൽസംഗം നടത്തി അത് ബ്ലാക്ക് മെയിലിങ്ങിനായി റെക്കോർഡ് ചെയ്തു. തെന്നിന്ത്യയിൽ അറിയപ്പെടുന്ന ഒരു പ്രമുഖ നടിക്ക് നേരെയുണ്ടായ ആ പൈശാചികമായ ആക്രമണം മലയാളിയുടെ നീതിബോധത്തെ കുറിച്ചുള്ള വലിയൊരു വിവാദത്തിനു കൂടി അത് വഴിതെളിച്ചു . പരാതിക്കാരി ഇല്ലാതെ തേഞ്ഞ് മാഞ്ഞ് പോകുന്ന മറ്റൊരു വമ്പൻ കേസ് മാത്രമായി ഇത് പണ്ടേ തീരേണ്ടതായിരുന്നു. കേസിൽ നടിയുടെ തൊഴിൽ ദാതാവ് തന്നെ സമർഥമായി കൈ കഴുകുകയും അവരോടൊപ്പം നിലകൊള്ളേണ്ട സിനിമാലോകവും താര സംഘടനകളും കൈ മലർത്തുകയും ചെയ്തു .അന്വേഷണ ഏജൻസികൾ ആകട്ടെ കള്ളനും പോലീസും കളിച്ചു പ്രാഥമിക തെളിവ് ആയ ഫോണും അതിലെ നൃശംസമായ തെളിവുകളും നശിപ്പിക്കപ്പെടുന്നതിനു കുട പിടിച്ചു . കേസിന്റെ തുടക്കത്തിൽ സിനിമ രംഗത്തെ ചില തുക്കടകൾ മാത്രമായിരുന്നു പ്രതികൾ. അതേ സമയം മിടുക്കന്മാരായ സൂത്രധാരന്മാർ അഞ്ചു വര്ഷം കഴിഞ്ഞിട്ടും അന്വേഷണത്തെ ഇരുട്ടിൽ നിർത്തുന്ന വിധത്തിൽ കരുക്കൾ നീക്കി . ഴാങ്ങ് ബോദ്രിദ ( ദി ഗൾഫ് വാർ ഡിഡ് ന്റ് ടേക്ക് പ്ലെയ്സ്) എഴുതിയ പോലെ ‘നടിയെ ആക്രമിച്ചു ബലാൽസംഗ ക്വട്ടെഷൻ നടപ്പാക്കിയിട്ടില്ല’ എന്ന ചരിത്രം സൃഷ്ടിക്കുന്ന ഒരു മൌലികമായ പ്രബന്ധത്തിന് കാത്തിരിക്കുകയാണ് എല്ലാവരും .

ഒരു പക്ഷെ ദൃശ്യരൂപത്തിലുള്ള കുറ്റകൃത്യത്തിന് ഏറ്റവും നവീനമായ ഭാഷ്യം തീർക്കുകയാണ് ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട പോലീസും കോടതിയും ഭരണകൂടവും സമൂഹവും . എല്ലാവരെയും മരണത്തിലേക്ക് തള്ളുന്ന ഒരു ബ്ലൂ വെയിൽ ഗെയിം അതിന്റെ എല്ലാ ക്രൂരതയോടും കളിക്കപ്പെടുകയാണ് ഇവിടെ .വികാരം ലേവലേശമില്ലാത്ത ആൾ രൂപങ്ങൾ ഇരുന്നാടുന്ന ഈ അന്വേഷണം പ്രഹസനമായി തീരുമോ ? ഈ ഭൂമി മലയാളത്തിൽ എന്തും നടക്കുമോ ?

ഓടുന്ന കാറിൽ നിന്ന് നടിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ചു അത് മൊബൈലിൽ റെക്കോർഡ് ചെയ്തു

‘ഒരു ക്വട്ടെഷൻ’ആണിതെന്നു പറഞ്ഞു നടിയെ അവർ അഭിനയിക്കുന്ന ചിത്രത്തിൻറെ നിർമാതാവിൻറെ വീടിനു മുന്നിൽ ഇറക്കി വിട്ടവർ നടി ഇതോടെ അഭിനയം നിർത്തുകയും അതെ പറ്റി ഒരിക്കലും സംസാരിക്കുകയില്ലെന്നും കരുതിയിരിക്കണം .ഇതേ മാർഗം ഉപയോഗിച്ചു ഒരു നടിയെ നിശബ്ദയാക്കിയ അനുഭവം അവർക്കിതിനു ധൈര്യം നൽകിയിരിക്കണം എന്ന് ചിലർ. .അല്ലെങ്കിൽ കെയ്ഗോ ഹിഗാഷിമോയുടെ നോവൽ അവർക്കോ അതിന്റെ സൂത്രധാരന്മാർക്കോ വഴികാട്ടിയായിരിക്കണം . മലയാളം ഉൾപടെ നിരവധി ഭാഷകളിൽ സിനിമയിൽ ബോക്സ്ഓഫീസ് വിസ്മയം സൃഷ്ടിച്ച ദി ഡിവോഷൻ ഓഫ് സസ്പെക്റ്റ് എക്സ് എന്ന നോവലിന്റെ രചയിതാവിൻറെതാണ് ‘അണ്ടർ ദി മിഡ് നൈറ്റ് സൺ’എന്ന ഈ കൃതി .തന്റെ എതിരാളിയെ നിശബ്ദയാക്കാൻ ബലാൽസംഗം ആയുധമാക്കുന്ന രണ്ടു പ്രതിനായികാനായകന്മാരുടെ കഥയാണ് ഇതിൽ . സിനിമയായും ഇത് പുറത്തിറങ്ങിയിട്ടുണ്ട്. രണ്ടു വർഷത്തിനു ശേഷം നടക്കാനിടയുള്ള ഒരു സംഭവം എങ്ങനെ ഹിഗഷിമോ മുൻകൂട്ടി കണ്ടു എന്നത് അതിശയമായി തോന്നാം .അല്ലെങ്കിൽ ഹിഗഷിമോയുടെ വഴിയെ മലയാളത്തിലെ വില്ലന്മാരും സഞ്ചരിക്കുകയായിരുന്നോ ?

മിനിട്ടിനു മിനിട്ടിനു സ്ത്രീകൾക്ക് നേരെ അതിക്രമം നടക്കുന്ന ഒരു സമൂഹത്തിൽ, വെളിയിൽ വരുന്നതിന്റെ എത്രയോ ഇരട്ടി മൂടി വെയ്ക്കാൻ നിർബന്ധിതമാകുന്ന ഒരു പുരുഷകേന്ദ്രീകൃതമായ വ്യവസ്ഥിതിയിൽ, പണവും താരരാജാക്കന്മാരും നിയന്ത്രിക്കുന്ന സിനിമ പോലെ സ്ത്രീകളെ സെറ്റ് പ്രോപ്പർട്ടി ആയി മാത്രം കാണുന്ന, ഒരു മേഖലയിൽ സ്ത്രീകൾ ആർക്കു നേരെയെങ്കിലും വിരൽ ചൂണ്ടുക എന്നത് കേട്ടുകേൾവിയില്ലാത്ത കാര്യമാണ്. അങ്ങനെ ആരെങ്കിലും ചെയ്തിട്ടുണ്ട് എങ്കിൽ അവർ അനുഭവിച്ചിരിക്കും. തിരസ്കാരത്തിന്റെ കഥകളെ അവർക്ക് പറയാൻ ഉണ്ടാവൂ . ഇവിടെ പണം എത്ര വേണമെങ്കിലും കൊടുക്കാമെന്നു വാഗ്ദാനം ചെയ്തിട്ട് പോലും കൈമാറാത്ത (അത്ര വലിയ തുക ആകും അവർക്ക് അത് വേണ്ടിടത്ത് എത്തിച്ചാൽ ലഭിക്കുക) ബലാൽസംഗദൃശ്യങ്ങൾ ബ്ലാക്ക് മെയിൽ ചെയ്യാൻ ഉപയോഗപ്പെടുത്തുന്ന ക്വട്ടെഷൻ ഗാങ്ങിന്റെ മുന്നിലാണ് നിസഹായയായ ഈ യുവനടി പെട്ടത് ..

തൃശ്ശൂരിലെ തന്റെ വീട്ടിൽ നിന്ന് എറണാകുളത്തു തന്റെ സുഹൃത്തായ രമ്യ നമ്പീശൻ എന്ന നടിയുടെ വീട്ടിലേക്കു,താൻ അഭിനയിച്ചു കൊണ്ടിരിക്കുന്ന സിനിമയുടെ നിർമാതാവ് വിട്ടു കൊടുത്ത കാറിൽ പ്രൊഡക്ഷൻ ഡ്രൈവർക്കൊപ്പം പോകുകയായിരുന്നു ആക്രമത്തിന് ഇരയായ യുവ നടി .അവർ സഞ്ചരിക്കുന്ന കാർ, പൾസർ സുനി എന്ന ഗുണ്ടയുടെ നേതൃത്വത്തിൽ ഒരു ക്വട്ടേഷൻ സംഘം തടയുന്നു . നടിയെ അവരുടെ മുഴവൻ മറച്ച വണ്ടിയിൽ കയറ്റി ബലാൽസംഗത്തിനിരയാക്കുന്നു .അത് മൊബൈലിൽ ചിത്രീകരിക്കുന്നു എപ്പോഴും തിരക്കുള്ള ദേശീയ ഹൈവേയിൽ പെട്ട അങ്കമാലി അത്താണിയിൽ നിന്നുള്ള ഈ യാത്ര ഈ പൈശാചികമായ കൃത്യത്തിന്റെ പേരിൽ ഒരിക്കലും വിസ്മരിക്കപെടില്ല .

ഡ്രൈവർ എന്നതിലേറെ ഗുണ്ട എന്നപേരിൽ സിനിമ പ്രവർത്തകർക്കിടയിൽ അറിയപ്പെട്ടിരുന്നയാളാണ് പൾസർ സുനി . ചലച്ചിത്രലോകത്തെ പലരെയും പോലെ ഒരു സിനിമ ഏതുവിധേനെയെങ്കിലും തട്ടിക്കൂട്ടി എടുക്കണമെന്ന് മോഹിക്കുന്ന വ്യക്തി. അയാൾ ഒരു ക്വട്ടെഷൻ ഗാങ്ങിന്റെ സഹായത്തോടെ നടിയെ ബലാൽസംഗം ചെയ്തു അതിന്റെ ചിത്രമെടുത്തു പണം സമ്പാദിക്കാൻ ഇറങ്ങുകയായിരുന്നു . ചെറിയ ഒരു തുക ആയിരുന്നില്ല അയാളുടെ ആഗ്രഹം .അത് കൊണ്ടു തന്നെ നടി വാഗ്ദാനം ചെയ്ത തുക അയാൾ നിരസിച്ചു. അപകടം മുന്നിൽ കണ്ടുകൊണ്ടു തന്നെ അയാൾ ആ മൊബൈലും അതിലെ ചിത്രങ്ങളും ലക്ഷ്യ സ്ഥാനത്തു എത്തിക്കാൻ ശ്രമിച്ചു .നടിയും ഒരു കാലത്ത് ആക്രമിക്കപ്പെട്ട നടിയുടെ സുഹൃത്തുമായിരുന്ന കാവ്യ മാധവൻറെ ഉടമസ്ഥതയിൽ ഉള്ള ലക്ഷ്യ എന്ന ബ്യൂട്ടിക്കിൽ അത് എത്തിക്കാനായിരുന്നു അയാളുടെ ശ്രമം . ഇങ്ങനെ പോലീസിനു മൊഴി കൊടുത്ത ലക്ഷ്യ ജീവനക്കാരൻ വിചാരണ കോടതിയിൽ മൊഴി മാറ്റി പറഞ്ഞു. വിചാരണ കോടതിയിൽ മൊഴി മാറ്റി പറഞ്ഞ 20 ഓളം പേരിൽ ഒരാളായിരുന്നു സാഗർ വിൻസെന്റ് . സാഗറിനെ മൊഴി മാറ്റിപ്പറയാൻ പണം നൽകപ്പെട്ടു എന്ന് പോലീസ് പറയുന്നു

ക്രൂരമായ പീഡനത്തിനു ഇരയായ നടി പ്രാണവേദനയിൽ ഉഴലുമ്പോഴും എങ്ങനെയും ആ ദൃശ്യങ്ങൾ അടങ്ങിയ മൊബൈൽ തിരികെ വാങ്ങണമെന്ന ദൃഢനിശ്ചയത്തിലായിരുന്നു . സിനിമയിൽ അത് വരെ സമ്പാദിച്ച നല്ല പേര് നൊടിയിടയിൽ നഷ്ടപ്പെടുന്നത് പോലെ അവർക്ക് തോന്നിയിരിക്കണം . പൾസർ സുനി ക്വട്ടെഷൻ എന്ന് സൂചിപ്പിച്ചിരുന്നു എങ്കിലും അതൊരു വലിയ ഗൂഡാലോചനയുടെ ഫലമാണെന്ന് അവർ അപ്പോൾ കരുതിയിരുന്നില്ല

ഒരു ചെറുകിട താരമായി മുഖം കാണിച്ചു സ്വപ്രയത്നത്തിലൂടെ തെന്നിന്ത്യയിൽ ശ്രദ്ധേയ താരമായി മാറിയ അവർക്ക് പ്രത്യക്ഷത്തിൽ ശത്രുക്കളോ പ്രതിയോഗികളോ ഉണ്ടായിരുന്നില്ല .എങ്കിലും സമീപകാലത്ത് അവർക്ക് മലയാളത്തിൽ അവസരം കുറഞ്ഞു. അതിനു പിന്നിൽ അവരോടൊപ്പം നിരവധി ഹിറ്റ് ചിത്രങ്ങളിൽ അഭിനയിച്ച നടൻ ദിലീപ് ആണെന്ന് അവർ തുറന്നു തന്നെ പറയുകയുണ്ടായി. നടനും നിർമാതാവും തീയേറ്റർ ഉടമയുമായി മലയാള സിനിമയെ നിയന്ത്രിക്കുന്ന ദിലീപിനെ പോലെ ഒരാൾ വിചാരിച്ചാൽ സൗന്ദര്യവും അഭിനയശേഷിയും മാത്രം കൈമുതലുള്ള ഒരു നടിക്ക് സിനിമയിൽ ഒരു റോൾ അപ്രാപ്യമാണ് . അത് കൊണ്ടു തന്നെ ഏറെ ശ്രദ്ധിക്കപ്പെട്ട ഹണിബീ എന്ന ചിത്രത്തിൻറെ രണ്ടാം ഭാഗത്തിലേക്ക് ലാലിൻറെ മകൻ

ക്ഷണിച്ചപ്പോൾ ഇനിയെങ്കിലും നിറയെ അവസരങ്ങൾ തന്നെ തേടിയെത്തുമെന്നു അവർ കരുതി .എന്നാൽ അടുത്ത അഞ്ചു വർഷക്കാലം -ഒരു പക്ഷേ ഒരു നടിയുടെ അഭിനയ ജീവിതത്തിലെ പുഷ്കലമായ വർഷങ്ങൾ -മുപ്പത്തിമൂന്നാം വയസ്സ് വരെ മലയാളത്തിൽ നിന്ന് തന്നെ അവർക്ക് വിട്ടു നിൽക്കേണ്ടി വന്നു. ആ അർത്ഥത്തിൽ ക്വട്ടെഷന്റെ ലക്ഷ്യം ഫലിച്ചു .

ക്രൂരമായ പീഡനത്തിന് ശേഷം നിർമാതാവ് ലാലിൻറെ വസതിയിൽ നടിയെ ഇറക്കി വിട്ട പൾസർ സുനിയും സംഘവും നടി ഒരു വാക്ക് ഉരിയാടില്ലെന്ന തികഞ്ഞ ആത്മവിശ്വാസത്തിലായിരുന്നു . ആയുഷ്ക്കാലം ഒരാളെ നിശബ്ദമാക്കാൻ പര്യാപ്തമായ ദൃശ്യങ്ങൾ കയ്യിലുള്ള അവർ, നടിക്ക് നിരന്തരമായ ബ്ലാക്ക് മെയിലിൽ നിന്ന് മോചനം ഉണ്ടാകില്ല എന്ന് കണക്കു കൂട്ടി. പക്ഷെ ലാലിൻറെ വസതിയിൽ പൊട്ടിക്കരഞ്ഞ നടി എല്ലാം തുറന്നു പറഞ്ഞു. ആ നിമിഷത്തിന്റെ ആവേശത്തിൽ സിനിമയിലെ പ്രബലനായ ആ നിർമാതാവ് തന്റെ വീട്ടിലേക്കു നിർമാതാവ് ആന്റോ ജോസെഫിനെയും സ്ഥലത്തെ എം എൽ എയെയും വിളിച്ചു വരുത്തി . അവിടെയെത്തിയ അന്തരിച്ച പി ടി തോമസ് എം എൽ എ ഒരു കാരണവശാലും ബ്ലാക്ക് മെയിലിന് വഴങ്ങരുതെന്നും കേസുമായി മുന്നോട്ടു പോകണമെന്നും ഉപദേശിച്ചു അതിനു സഹായകമായ നടപടി തുടങ്ങി .

**നടിയെ ആക്രമിച്ചതിനു പിന്നിൽ ബാഹ്യശക്തികൾ ഉണ്ടെന്നു തുടക്കത്തിൽ തന്നെ സൂചനകൾ ഉണ്ടായിരുന്നു . ദിലീപിൻറെ മുൻഭാര്യ പ്രമുഖ നടി മഞ്ജു വാരിയർ തന്നെ കേസിന് പിന്നിൽ കുറ്റകരമായ ഗൂഢാലോചന ഉണ്ടെന്നു കുറ്റപ്പെടുത്തി .അസ്വാരസ്യം നിറഞ്ഞ ദാമ്പത്യത്തിലൂടെ കടന്നു പോയിരുന്ന നടിയുടെ സുഹൃത്തായിരുന്നു ഇരയാക്കപ്പെട്ട നടി. ദിലീപും കാവ്യ മാധവനും തമ്മിലുള്ള ബന്ധത്തെപറ്റി സൂചന നൽകിയതു ഇരയാക്കപ്പെട്ട യുവതി ആയിരുന്നു എന്നാണു പറയുന്നത് .**

ഇതിനിടെ നടിയുടെ വാഹനം ഓടിച്ച മാർട്ടിനെ അവിടെയെത്തിയ പോലീസ് ഉദ്യോഗസ്ഥൻ ചോദ്യം ചെയ്തപ്പോൾ പൾസർ സുനിയുടെ പേര് ഉയർന്നു വന്നു . പലകേസുകളിലും പെട്ട പൾസർ സുനിയേ അദ്ദേഹത്തിനറിയാം . അടിയന്തിരമായി അദ്ദേഹം സുനിയെ കണ്ടെത്താൻ ശ്രമിച്ചു. അയാളുടെ നമ്പർ ട്രാക്ക് ചെയ്യാൻ സൈബർ വിങ്ങിനും നിർദ്ദേശം നൽകി .സുനിയുടെ ഫോണിൽ നിന്ന് ' ......, പെട്ട് പോയി എന്നൊരു സന്ദേശം അവർ ഇന്റർസെപ്റ് ചെയ്തു .ഒരു പ്രമുഖ നടന്റെ അന്നത്തെ നമ്പറിലേക്ക് ആയിരുന്നു ആ സന്ദേശം എന്ന് സംവിധായകൻ ആലപ്പി അഷറഫ് പറയുന്നു .

പൊലിസ് തങ്ങളെ അന്വേഷിക്കുന്നുവെന്ന് കണ്ടതോടെ പീഡന ദൃശ്യങ്ങൾ അടങ്ങിയ മൊബൈൽ നഷ്ടപെടാതെ ആരെയെങ്കിലും ഏൽപ്പിക്കുക എന്നതായി സുനിയുടെ വെല്ലുവിളി. അഭിഭാഷകനായ പ്രതീഷ് ചാക്കോയുടെ കൈവശം അതു അയാൾ ഏൽപ്പിക്കുന്നു. നാടകീയമായ സംഭവവികാസങ്ങളാണ് അതെ തുടർന്നുണ്ടായത് .

**നടി ആക്രമണ കേസ് തുടങ്ങുന്നു**

നടിയെ തട്ടിക്കൊണ്ടു പോയി എന്ന തുടക്കത്തിലുള്ള വാർത്ത ആരുടെ ഭാവനയിൽ വിടര്ന്നതാണെന്ന് വ്യക്തമല്ല . പക്ഷെ മണിക്കൂറുകൾക്കുള്ളിൽ ക്രൂരമായ ഒരു പീഡനത്തിനാണ് നടി വിധേയയായതെന്നു വ്യക്തമായി .കേരളത്തെ നടുക്കിയ ക്വട്ടെഷൻ ബലാൽ സംഗകേസിന്റെ തുടക്കമായിരുന്നു അത് .

നടിയെ തട്ടികൊണ്ടുപോയി പീഡിപ്പിക്കുന്ന ദൃശ്യങ്ങൾ ചിത്രീകരിച്ച കേസിലെ അന്വേഷണം അതിന്റെ പിന്നിൽ നേരിട്ട് പ്രവർത്തിച്ച പ്രതികളെ കണ്ടെത്തിയത് മൂലം വളരെ പെട്ടെന്ന് തീരാവുന്ന ഒന്നായിരുന്നു . നടിയുടെ കാർ ഡ്രൈവ് ചെയ്ത മാർട്ടിൻ, പൾസർ സുനിയെപ്പറ്റി സൂചിപ്പിച്ചതോടെ എല്ലാം എളുപ്പമായി .എത്ര ഓടിയാലും പോലീസിന്റെകൺവെട്ടത്തു തന്നെയായിരുന്നു സുനിയും കൂട്ടുകാരും .പക്ഷെ വലിയ ഒരു കടമ്പയുണ്ടായി .ബ്ലാക്ക് മെയിലിനു വേണ്ടി ചിത്രീകരിച്ച ദൃശ്യങ്ങൾ അടങ്ങിയ മൊബൈൽ വീണ്ടെടുക്കുക എന്നത് ഏറ്റവും പ്രധാനമായിരുന്നു .പാലാരിവട്ടത്തുള്ള കാവ്യാ മാധവൻറെ ഉടമസ്ഥതയിലുള്ള ലക്ഷ്യ ബ്യൂട്ടിക്കിൽ ഇത് നൽകാനായി സുനി എത്തിയെന്ന് അവിടെ ജീവനക്കാരനായിരുന്ന സാഗർ പോലീസിനു മൊഴി നൽകി. പക്ഷെ വിചാരണയിൽ സാക്ഷി കൂറ് മാറി ..സ്ഥിതി അനുകൂലമല്ലെന്ന് കരുതി ആ പ്രധാന തൊണ്ടി, അഭിഭാഷകനായ പ്രതീഷ് ചാക്കോയെ ഏൽപ്പിച്ചു .അവിടെയാണ് ഈ കേസിൽ വലിയ ട്വിസ്റ്റ് തുടങ്ങുന്നത് . ഒരു പ്രധാന കേസിലെ തെളിവ് ആകുമെന്ന് സുനിശ്ചയം പറയാവുന്ന പീഡന ദൃശ്യങ്ങൾ അടങ്ങിയ മൊബൈൽ ആ ദൃശ്യങ്ങളുടെ കോപ്പി എടുത്ത ശേഷം തിരികെ ലഭിക്കാത്ത വിധം നശിപ്പിക്കപ്പെട്ടുവെന്നു അഭിഭാഷകർ മൊഴി നൽകി . അഭിഭാഷകർക്ക് എതിരെ പോലിസ് കേസ് എടുത്തെങ്കിലും അവരെ കോടതി കുറ്റവിമോചിതരാക്കി. അതിനെതിരെ അപ്പീൽ നൽകാൻ പോലും പോലീസോ പ്രോസിക്യുഷനോ തയാർ ആയില്ല . ഈ കേസിലെ ഏറ്റവും നിർണ്ണായകമായ തെളിവ് അങ്ങനെ അപ്രത്യക്ഷമായി .ഇപ്പോൾ സെക്കണ്ടറി എവിഡന്സിൽ ആണ് ഈ കേസിന്റെ വിചാരണ നടക്കുന്നത് .ഈ കേസിൽ ഈ തെളിവ് വീണ്ടുംവീണ്ടും പ്രധാന വിഷയമാകും .ഒരു പക്ഷെ കേൾക്കാൻ കഴിയാത്ത ഓരോ ഭാഷ്യങ്ങൾക്കും ഇത് വിധേയമാകും . അതിനു പിന്നിൽ ആരുടെ ബ്രെയിൻ ആയിരുന്നു ?

**ദിലീപ് കേസിൽ പെടുന്നു**

'... പെട്ട് പോയി' എന്ന് പൾസർ സുനി മറ്റൊരാളോട് ഫോണിൽ കുമ്പസാരം നടത്തിയെങ്കിലും മറ്റാരെങ്കിലും ഇതിൽ ഉൾപെട്ടിട്ടുണ്ട് എന്ന് വ്യക്തമായ സൂചന തുടക്കത്തിൽ ഇല്ലായിരുന്നു .പക്ഷെ അദൃശ്യമായ ചില ഇടപെടലുകൾ സംശയം സൃഷ്ടിച്ചുവെങ്കിലും . ഇതിനിടെ അറുപതു ദിവസം തികയും മുൻപേ പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തു . ഇതോടെ മറ്റു പ്രതികളെ കേസിൽ ചേർക്കാനുള്ള സാധ്യതയും മങ്ങി . ഒരു പ്രമുഖ നടന്റെ പേര് ഈ കേസിൽ കേട്ട് വരുമ്പോഴായിരുന്നു അന്വേഷണത്തിനു വഴി അടച്ചു കൊണ്ടു കുറ്റ പത്രം സമർപ്പിച്ചത് . ഇക്കാലത്ത് , അന്നത്തെ പോലിസ് മേധാവി ലോകനാഥ് ബെഹ്റ നിരവധി തവണ ദിലീപ് എന്ന നടനുമായി ബന്ധപ്പെട്ടതിനു തെളിവുകൾ ഉണ്ടെന്നു ജനനീതി എന്ന മനുഷ്യാവകാശ പ്രവർത്തക സംഘടന സുപ്രീംകോടതിയിൽ നൽകിയ പരാതിയിൽ പറയുന്നു . ആ ബന്ധം വഴി അന്വേഷണം ദിലീപ് വഴി തിരിച്ചു വിട്ടു എന്നാണു ആരോപണം .

നടിയെ ആക്രമിച്ചതിനു പിന്നിൽ ബാഹ്യശക്തികൾ ഉണ്ടെന്നു തുടക്കത്തിൽ തന്നെ സൂചനകൾ ഉണ്ടായിരുന്നു . ദിലീപിൻറെ മുൻഭാര്യ പ്രമുഖ നടി മഞ്ജു വാരിയർ തന്നെ കേസിന് പിന്നിൽ കുറ്റകരമായ ഗൂഡാലോചന ഉണ്ടെന്നു കുറ്റപ്പെടുത്തി .അസ്വാരസ്യം നിറഞ്ഞ ദാമ്പത്യത്തിലൂടെ കടന്നു പോയിരുന്ന നടിയുടെ സുഹൃത്തായിരുന്നു ഇരയാക്കപ്പെട്ട നടി. ദിലീപും കാവ്യ മാധവനും തമ്മിലുള്ള ബന്ധത്തെപറ്റി സൂചന നൽകിയതു ഇരയാക്കപ്പെട്ട യുവതി ആയിരുന്നു എന്നാണു പറയുന്നത് .പക്ഷെ വിവാഹ ജീവിതത്തിൽ മറ്റൊരു സ്ത്രീയുടെ സാന്നിധ്യം തിരിച്ചറിയാൻ മൂന്നാം കണ്ണ് ഒന്ന് വേണ്ടല്ലോ! മാത്രമല്ല കരക്കമ്പികൾ എന്നും സത്യമായി ഭവിക്കാറുള്ള സിനിമ മേഖലയിൽ താൻ ഒരു അഗ്നിപർവതത്തിൽ ചവിട്ടി നിൽക്കുകയാണെന്ന് മനസ്സിലാക്കാൻ അധിക നേരം വേണ്ട . ദിലീപ് ആണ് പ്രതി എങ്കിൽ അത് എന്ത് കൊണ്ടാണെന്ന് നന്നായി അറിയുമായിരുന്ന വ്യക്തി മഞ്ജു തന്നെയായിരുന്നു. സംഭവം നടക്കുമ്പോൾ ഇരുവരും വിവാഹമോചിതരായിരുന്നു .ദിലീപ് പിന്നിട് കാവ്യ മാധവനെ വിവാഹം കഴിച്ചു .

തുടക്കത്തിൽ ആക്രമണത്തിന്റെ പിന്നിൽ മറ്റു ബാഹ്യശക്തികൾ ആരും ഇല്ലെന്നും ഒരു ഗൂഡാലോചനയും ഇല്ലെന്നും ആയിരുന്നു പൾസർ സുനിയുടെ മൊഴി . തടവിലെ ജീവിതവും പ്രതീക്ഷിച്ച പോലെ ബാഹ്യസഹായം ലഭിക്കാത്തതും പൾസർ സുനിയെയും സംഘാംഗങ്ങളെയും അസ്വസ്ഥരാക്കി .പൾസർ സുനിയുടെ ഉറപ്പിൽ ക്വട്ടെഷൻ ബലാൽസംഗത്തിനു സഹായിച്ചവരാണ് മറ്റു നാല് പേർ . ആ നിസ്സഹായാവസ്ഥയിൽ തങ്ങളെ ദൌത്യത്തിന് നിയോഗിച്ച ആളുമായി ബന്ധപ്പെടാനും പണം ഉറപ്പാക്കാനും പൾസർ സുനി ശ്രമിച്ചു . ദിലീപിന്റെ സുഹൃത്തായ നാദിർഷയെ ഫോണിൽ ബന്ധപ്പെടാനും സഹതടവുകാരനായ വിഷ്ണു വഴി ദിലീപിന് ഒരു കത്ത് എത്തിച്ചു കൊടുക്കാനും ശ്രമം ഉണ്ടായി .

ഒരു കത്തിന്റെ രൂപത്തിൽ ആണ് പൾസർ സുനിയുടെ രണ്ടാമത്തെ ബോംബ് വരുന്നത് . ജയിലിൽ നിന്നയച്ച ആ കത്ത് പോലിസ് കണ്ടെടുത്തു .ദിലീപിന് വേണ്ടി ചെയ്ത കൃത്യമായിരുന്നു അതെന്നും അതിൽ പങ്കെടുത്തവരെ സഹായിക്കണം എന്ന് കത്ത് ഓർമ്മിപ്പിക്കുന്നു. ഒന്നരക്കോടി രൂപയുടെ കരാർ ക്വട്ടെഷന് പിന്നിൽ ഉണ്ടെന്ന കാര്യവും.

തനിക്കെതിരെ പൾസർ സുനി വ്യാജ പരാമർശം നടത്തുകയാണെന്ന് പറഞ്ഞു ദിലീപ് പോലീസിൽ പരാതി നൽകി . പൾസർ സുനിയേ തനിക്ക് അറിയുകയേ ഇല്ല എന്നായിരുന്നു ദിലീപിന്റെ ഭാഷ്യം .പക്ഷെ നടൻ മുകേഷിന്റെ ഡ്രൈവർ എന്ന നിലയിൽ ദിലീപിന് സുനിയേ അറിയാമായിരുന്നു എന്ന് അന്വേഷണത്തിൽ വ്യക്തമായി . സൌണ്ട് തോമ എന്ന ദിലീപ് ചിത്രത്തിൽ ഗുണ്ട എന്ന പേരിൽ സുനിക്ക് പണം നൽകിയ രേഖകളും പിന്നിട് പുറത്തു വന്നു . എന്തായാലും നീണ്ട ചോദ്യം ചെയ്യലിന് ശേഷം കേസിൽ എട്ടാം പ്രതിയായി ദിലീപ് അറസ്റ്റ് ചെയ്യപ്പെട്ടു .

അറസ്റ്റിലായ നടനു ജാമ്യം നിഷേധിക്കപ്പെട്ടു . പിന്നിട് ലക്ഷ്യയിൽ മൊബൈൽ എത്തിച്ചു എന്ന് മൊഴി കൊടുത്ത സാഗർ വിൻസെന്റ് മൊഴി മാറ്റിയതിനെ തുടർന്നാണ് ദിലീപിന് ജാമ്യം കിട്ടുന്നത് . ജയിലിൽ കിടന്ന 85 ദിവസങ്ങളിൽ എൺപതോളം പ്രമുഖർ തന്നെ അദ്ദേഹത്തെ കാണാൻ എത്തി .സിനിമയിൽ ഇരക്കൊപ്പം നിൽക്കേണ്ട സംഘടനകളും താരങ്ങളും നടനൊപ്പം നിന്നു .അന്ന് അദ്ദേഹത്തെ സന്ദർശിച്ച സുഹൃത്തുക്കളിൽ സംവിധായകൻ ബാലചന്ദ്രകുമാറും ഉണ്ടായിരുന്നു .ദിലീപ് നായകനായി പിക്ക് പോക്കറ്റ് എന്ന സിനിമ ചെയ്യാൻ തയ്യാറെടുക്കുകയായിരുന്നു അദ്ദേഹം .

**കോടതിയിൽ അപൂർവ്വ സംഭവങ്ങൾ**

ഇരയാക്കപ്പെട്ട നടി, ഒരു സ്ത്രീ ജഡ്ജി തന്റെ കേസ് കേൾക്കണമെന്ന് കോടതിയോട് അഭ്യർത്ഥിച്ചിരുന്നു .ഒരു സ്ത്രീ എന്ന നിലയിൽ വളരെ സെൻസിറ്റീവ് ആയ കേസ് അവർ പരിഗണിക്കുമെന്നും അപമാനകരമായ ചോദ്യങ്ങളിൽ നിന്ന് അവർ സംരക്ഷണം നൽകുമെന്നും ഇര കരുതി .അങ്ങനെ വിചാരണ അവസാനിക്കുന്നത് വരെ ജഡ്ജി ഹണി എം വര്ഗീസിനു ഹൈക്കോടതി വിചാരണയുടെ ചുമതല നൽകി. സ്ഥലം മാറ്റം നൽകിയെങ്കിലും ഈ കേസിൽ തുടരാൻ അടുത്തയിട പോലും ഹൈകോടതി അവരെ അനുവദിച്ചു. പിന്നിട് ,.വിചാരണ ജഡ്ജിയെ മാറ്റണമെന്ന് പ്രോസിക്യൂഷൻ തന്നെ സുപ്രീംകോടതിയിൽ ആവശ്യപ്പെട്ടുവെങ്കിലും അതിനു അനുമതി കിട്ടിയില്ല. ഇതേ ആവശ്യം ഉന്നയിച്ചു കൊണ്ടു നടി വീണ്ടും സുപ്രീംകോടതിക്ക് കത്ത്

നൽകിയിട്ടുണ്ട് .

പീഡനകേസുകളിൽ ഇരയുടെ സ്വകാര്യത സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ രഹസ്യ വിചാരണയാണ് നടക്കുക .സമൂഹത്തിനെതിരെയുള്ള കുറ്റകൃത്യം എന്ന നിലയിൽ രാഷ്ട്രം /സംസ്ഥാനം തങ്ങളുടെ പ്രോസിക്യൂട്ടർ വഴിയാകും കേസ് നടത്തുക .അത് കൊണ്ടു തന്നെ കോടതിയിൽ എന്ത് നടക്കുന്നു എന്ന് പൊതുവേ മാധ്യമങ്ങളിൽ വരുകയോ പൊതു ചർച്ച നടക്കുകയോ ചെയ്യില്ല .ഇത് ഈ കേസിൽ ദിലീപിന് അനുകൂലമായി എന്ന് വേണം കരുതാൻ . കേസിന്റെ വിചാരണ നടക്കുമ്പോൾ ഇരുപതോളം സാക്ഷികൾ മൊഴി മാറ്റി . കേസിൽ സാക്ഷിയായ പരേതനായ പി ടി തോമസ് എം എൽ എ തന്നെ കടുത്ത വിസ്താരമാണ് താൻ നേരിട്ടതെന്ന് തന്നോടു പരാതി പറഞ്ഞതായി അഡ്വ.ജയശങ്കർ പറയുന്നു. ഏഴു ദിവസം നീണ്ട തൻറെ വിസ്താരം കടുത്ത പീഡനമായിരുന്നു എന്ന് ഇരയായ നടി ഈ വർഷം മാർച്ച് എട്ടിന് ലോക വനിതാ ദിനത്തിൽ നടന്ന ബർഖാ ദത്തുമായുള്ള ഒരു അഭിമുഖത്തിൽ വെളിപ്പെടുത്തി .

പ്രതിഭാഗത്തെ അഭിഭാഷകരുടെ നീണ്ട നിരക്ക് മുൻപിൽ ആയിരുന്നു ഏറെ സെൻസിറ്റീവ് ആയ കേസിന്റെ വിസ്താരം.'ആ വിസ്താരത്തോടെ ഞാൻ ഇരയല്ലെന്നും അതിജീവിത ആണെന്നും ഞാൻ തിരിച്ചറിഞ്ഞു', അവർ ആ അഭിമുഖത്തിൽ പറഞ്ഞു. അതിജീവിതയിലേക്ക് അനുകൂലമായി പൊതു ജനാഭിപ്രായത്തെ ഈ അഭിമുഖം തിരിച്ചു വിട്ടു. കേസിൻറെ വിചാരണയിൽ ജഡ്ജിയുടെ നിലപാടിൽ പ്രതിഷേധിച്ചു രണ്ടു പ്രോസിക്യൂട്ടർമാർ തന്നെ രാജി വെച്ചിരുന്നു. കാക്കശെരി ഭട്ടതിരിയെ പോലെ നേതി നേതി കേട്ട് വിഷമിച്ചു പോയതാകാം പാവം പ്രോസികുട്ടർമാർ.

ഇതിനിടെ കോടതിയിൽ രണ്ടു കാര്യങ്ങൾ നടന്നു . പ്രതിയുടെ മൊബൈലിലേക്ക് കോടതി രേഖകൾ കോടതിയിൽ നിന്ന് ആരോ അയച്ചു കൊടുത്തു .അങ്ങനെ ഒരു കീഴ് വഴക്കം ഇല്ല എങ്കിലും .അതിലും ഭീകരമായ ഒരു വസ്തുത ആണ് ഇതിനിടെ മറ നീക്കി വന്നത് . പീഡന ദൃശ്യങ്ങൾ അടങ്ങിയ കോടതിയിൽ തെളിവായി സ്വീകരിച്ച മെമറി കാർഡിന്റെ ഹാഷ് വാല്യൂ മാറി എന്ന വസ്തുത .ഫോറെൻസിക് ലാബ് സ്ഥിരികരിച്ച ഈ വസ്തുത പരിശോധിക്കാനുള്ള നീക്കം കോടതി ഒരു ഉത്തരവിലൂടെ തള്ളി .മെയ് ഒൻപതിന് നടത്തിയ ഈ വിധി പോലീസിനു ലഭിക്കുന്നത് മെയ് 21 നു . ഒറിജിനൽ നഷ്ടമായ ഈ മെമറി കാർഡിൽ എന്തെങ്കിലും തിരിമറി നടന്നിരിക്കാം എന്ന സംശയം ഈ കണ്ടെത്തൽ ബലപ്പെടുത്തുന്നു .രണ്ടു തവണ ഈ മെമറി കാർഡ് അനധികൃതമായി ആക്സെസ്സ് ചെയ്യുകയുണ്ടായെന്നു മുൻ ഫോറെൻസിക് ഡെപ്യൂട്ടി ഡയറക്ടർ ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകി . ദൃശ്യങ്ങൾ അടങ്ങിയ എട്ടു ഫയലുകളിൽ മാറ്റമൊന്നുമില്ലെന്നും അദ്ദേഹം സാക്ഷ്യപെടുത്തുന്നു. പക്ഷെ കാർഡ് തന്നെ മാറ്റി വെച്ചോ എന്നാ ആശങ്ക ഇപ്പോഴും നിലനിൽക്കുന്നു. ഒരു പക്ഷെ കേസിന്റെ നിലനിൽപ്പ് തന്നെ സമ്മർദ്ദത്തിലാക്കുന്ന തെളിവാണിത്

**അത്ഭുതം ,അത്ഭുതം ...**

ഒരു ക്രിമിനൽ കേസിൽ തെളിവും സാക്ഷിമൊഴികളും അസന്ദിഗ്ദമായി തെളിയിക്കപ്പെടണം .കുറ്റം ചെയ്തയാൾ രക്ഷപെട്ടാലും നിരപരാധി ശിക്ഷിക്കപ്പെടരുത് എന്ന തത്വം മുറുകെ പിടിക്കുന്നതിനു ജഡ്ജിയെ കുറ്റപ്പെടുത്താനാവില്ല . പക്ഷെ നവീനമായ ചിന്തകളും കുറ്റകൃത്യങ്ങളെ കുറിച്ചു ധാരണകളിൽ റുമ്യമറശഗാഷിഫ്ടും വന്ന ഒരു കാലത്തെ കേസാണ് അപൂർവ്വങ്ങളിൽ അപൂർവ്വമെന്ന് വിശേഷിപ്പിക്കപെടുന്ന ക്വട്ടെഷൻ ബലാൽസംഗ കേസ്. പണവും സ്വാധീനവുമുള്ള ഒരു വ്യക്തി തന്റെ സഹപ്രവർത്തകയായ നടിയെ ക്വട്ടെഷൻ ബലാൽസംഗമെന്ന നരാധമ പ്രവർത്തിക്ക് വിധേയയാക്കി എന്ന കേസ് യാതൊരു മറയുമില്ലാതെ ലൈംഗിക ചൂഷണവും സ്ത്രീ പീഡനവും നടക്കുന്ന, ആരും നിയന്ത്രിക്കാൻ ഇല്ലാത്ത മലയാള സിനിമ വ്യവസായത്തെ തന്നെ തുറന്നു കാട്ടുന്നതായിരുന്നു.

ആദ്യം ആക്രമിക്കപ്പെട്ട നടിക്ക് വേണ്ടി മുതല കണ്ണീർ ഒഴുക്കിയ ഈ വ്യവസായത്തിലെ പ്രമുഖന്മാർ നടൻ ദിലീപിന്റെ പേര് വന്നതോടെ മാളങ്ങളിൽ ഒളിച്ചു .വിമൻസ് കളക്ടീവ് ഇൻ സിനിമ എന്ന സംഘടന മാത്രമായിരുന്നു ഒരു അപവാദം .ഇടതു പക്ഷ സർക്കാരിനോട് അടുത്തു നിൽക്കുന്ന അവർക്കും ഇതിൽ ഇടപെടാനുള്ള ശേഷി പരിമിതമായിരുന്നു .ഇത്തരം ഒരു സാഹചര്യത്തിൽ അതിജീവിതക്ക് നീതി ലഭിക്കാനും സമൂഹത്തിൽ നീതി വാഴ്ച ഉറപ്പാക്കാനും സ്റ്റേറ്റ് ശക്തമായി പ്രവർത്തിക്കേണ്ടതാണ് .പക്ഷെ ...

സർക്കാർ യന്ത്രം പ്രവർത്തിക്കാൻ ഒരു അത്ഭുതം തന്നെ വേണ്ടി വന്നു .അത് തങ്ങളിൽ ഒരാളെ സ്പർശിക്കുമെന്ന ഭയം ഉണ്ടായതോടെ നിശബ്ദമാകുകയും ചെയ്തു .

പക്ഷെ ആ ഭൂതം ഇപ്പോഴും പലരുടെയും ഉറക്കം കെടുത്തി ദിലീപ് കേസിന് പുതിയ സാക്ഷി പരമ്പരകൾ തന്നെ സൃഷ്ടിച്ചു .വിസ്താരം പൂർത്തിയാക്കി കേസ് എതാണ്ട് വിധി പറയാൻ എത്തുമെന്ന നിലയിൽ എത്തിയപ്പോഴാണ് ദൈവത്തിന്റെ കൈ എന്ന പോലെ ബാലചന്ദ്രകുമാർ എന്ന ദിലീപിന്റെ സുഹൃത്തായ സംവിധായകൻ നിരവധി തെളിവുകളുമായി രംഗത്ത് വരുന്നത്. ക്രൈമുകളുടെ ലോകത്ത് ഒരു ഡിജിറ്റൽ യുഗത്തിനു തന്നെ വഴി തെളിക്കുന്ന നീണ്ട ഡിജിറ്റൽ തെളിവുകളുമായാണ് ആ മനുഷ്യൻ സർക്കാരിന് മുന്നിൽ എത്തിയത് . 2021 നവംബർ 15നു സർക്കാരിന് മുന്നിൽ സമർപ്പിച്ച ബാലചന്ദ്രകുമാറിന്റെ പരാതി ആരും ശ്രദ്ധിച്ചില്ല .അവസാനം, ഒരു വലിയ അവസരവും സാധ്യതയും കണ്ട റിപ്പോർട്ടേർസ് ടി വി വലിയൊരു റിസ്ക് എടുക്കുകയായിരുന്നു .ആ മാധ്യമം മുന്നിട്ടിറങ്ങിയിരുന്നില്ലെങ്കിൽ , അചഞ്ചലമായി അതിന്റെ എഡി

റ്ററും ഉടമയുമായ നികേഷ് കുമാർ വെല്ലുവിളികളെ നേരിട്ടില്ലായിരുന്നെങ്കിൽ ഒരു പക്ഷെ ഇതെല്ലാം തേഞ്ഞ് മാഞ്ഞ് പോകുമായിരുന്നു .സർക്കാർ അനങ്ങിയില്ലെങ്കിലും കേസ് അന്വേഷിച്ച അന്വേഷണ സംഘം ബാലചന്ദ്രകുമാറുമായി ബന്ധപ്പെട്ടു തെളിവുകൾ ഏറ്റുവാങ്ങി ,അവ പരിശോധനക്ക് വിധേയമാക്കി. സമൂഹത്തെ ഞെട്ടിച്ച ഒട്ടേറെ വിവരങ്ങളാണ് ഇതോടെ പുറത്തു വന്നത് .വിചാരണ കോടതിക്കും ഹൈ കോടതിക്കും അവഗണിക്കാനാവാത്ത ഈ തെളിവുകൾ കേസിൽ നിർണ്ണായകമായ വഴിത്തിരിവുകൾ സൃഷ്ടിച്ചു .

ഒരേ ഒരു സിനിമ മാത്രം സംവിധാനം ചെയ്തിട്ടുള്ള സിനിമ പ്രവർത്തകനാണ് ബാലചന്ദ്ര കുമാർ .മോഹൻലാൽ ചോദിച്ചിട്ടും സ്ക്രിപ്റ്റ് നൽകാതെ സ്വയം സംവിധാന മോഹവുമായി നടന്ന വ്യക്തി. പിക്ക് പോക്കറ്റ് എന്ന തന്റെ കഥ സിനിമയാക്കാം എന്ന ദിലീപിൻറെ വാഗ്ദാനത്തിൽ വിശ്വസിച്ചു അദ്ദേഹവുമായി അടുത്തിടപഴകി കഴിഞ്ഞിരുന്ന വ്യക്തി . അയാളുടെ ജീവിതവും ഈ ക്രൈം മാറ്റി മറിച്ചു. നടിയെ ആക്രമിച്ച കേസിൽ ദിലീപിന്റെ പേര് ഉയർന്നുവെങ്കിലും അത് ആദ്യമൊന്നും വിശ്വസിക്കാതിരുന്ന വ്യക്തിയാണ് ബാലചന്ദ്ര കുമാർ. ജയിലിൽ പോയി ദിലീപിനെ കണ്ടു ഐക്യദാർഢ്യം പ്രകടിപ്പിച്ച വ്യക്തി . പിന്നിട് പൾസർ സുനിയേ ദിലീപിന് അറിയാമെന്ന വിവരം അദ്ദേഹം മനസ്സിലാക്കിയെങ്കിലും ദിലീപ് അത് നിഷേധിച്ചത് അയാളിൽ സംശയത്തിൻറെ വിത്തുകൾ വിതച്ചു .ഒരു തവണ ദിലീപ് പൾസർ സുനിയുടെ തോളിൽ കൈ വെച്ചു നടക്കുന്നതും ബാലചന്ദ്രകുമാർ കാണുകയുണ്ടായി . ഒരു കുറ്റവാളിയുമായി ബന്ധമുണ്ടെന്നു സമ്മതിക്കുന്നത് ദോഷകരമാണ് എന്നതിനാലാകാം ആ നിഷേധം എന്നേകരുതിയുള്ളൂ എന്ന് ബാലചന്ദ്രകുമാർ പറയുന്നു . ദിലീപിൻറെ വീട്ടിലെ നിത്യസന്ദർശകനായിരുന്നു ബാലചന്ദ്ര കുമാർ .അവിടെ സ്ക്രിപ്റ്റ് ചർച്ചകളും പതിവായി നടക്കുമായിരുന്നു .അവ റെക്കോർഡ് ചെയ്യും

അങ്ങനെ ഒരിക്കൽ 2017 ലെ നവംബർ 15നാണ് ബാലചന്ദ്രകുമാറിന്റെ മനസ്സിനെ ഉലയ്ക്കുന്ന ഒരു സംഭവം നടന്നത് . ആ ദിവസം അദ്ദേഹം വ്യക്തമായി ഓർക്കുന്നു . തോമസ് ചാണ്ടി മന്ത്രി പദവി രാജി വെച്ച ദിവസമാണ് അത് . ആലുവയിൽ പദ്മസരോവരത്തു അന്നൊരു അതിഥി എത്തി .ഒരു രാഷ്ട്രീയക്കാരനെന്നു തോന്നിപ്പിക്കുന്ന വ്യക്തി . വീട്ടിലെ ഒരു കുട്ടി അയാളെ ശരത് അങ്കിൾ എന്ന് വിളിച്ചു .പുറത്തേക്കു വന്ന കാവ്യ മാധവൻ ഇക്ക എന്ന് വിളിച്ചാണ് അയാളെ സ്വാഗതം ചെയ്തത് . അയാൾ ഒരു ഡിജിറ്റൽ ടാബുമായാണ് വന്നത് .

**നടിയെ ആക്രമിച്ച കേസിൽ കോടതിയിലും അന്വേഷണത്തിലും ഇനി എന്ത് സംഭവിച്ചാലും ജനകീയ കോടതിയിൽ അതിന്റെ വിധി ഒന്നായിരിക്കും .ആ നിലയിൽ അത് വരെ അന്വേഷണം പുരോഗമിച്ചിരുന്നു . തെളിവുകൾ പുറത്തു വന്നിരുന്നു . ഇരക്ക് നീതി എന്നത് അകലെയാണെന്നു ഒരിക്കൽ കൂടി അന്വേഷണം തെളിയിക്കുകയും ചെയ്തു. പക്ഷെ കാപാലികരെ എക്കാലവും നിശബ്ദരാക്കുന്ന വിവരങ്ങളാണ് ഇക്കാലത്ത് ജനങ്ങളുടെ മുന്നിലെത്തിയത്. അത് ജനമനസ്സുകളിൽ നിന്ന് ഒരിക്കലും മായാനും പോകുന്നില്ല .**

**പൾസർ സുനിയുടെ ക്രൂര കൃത്യങ്ങൾ**

'പൾസർ സുനിയുടെ ക്രൂര കൃത്യങ്ങൾ കാണണ്ടേ?' ദിലീപ് ബാലചന്ദ്ര കുമാറിനോട് തമാശ പോലെ ചോദിച്ചു . അയാൾ വലിയ ഷോക്കിൽ ആയി .അയാൾക്കറിയാവുന്ന പൾസർ സുനിയുടെ ക്രൂര കൃത്യം നടിയെ ആക്രമിച്ചു എടുത്ത പീഡന ദൃശ്യങ്ങൾ ആണ് . അയാൾ മറുത്തു പറഞ്ഞു. അവർ ദിലീപും ശരത്തും സഹോദരൻ അനൂപും സഹോദരി ഭർത്താവ് സുരാജും മാനേജർ അപ്പുണ്ണിയും അതിരുന്നു കാണാൻ തുടങ്ങി . എന്തോ ഉൾപ്രേരണയാൽ ബാലചന്ദ്രകുമാർ എതിരെയിരുന്നു. തൻറെ ടാബിൽ അവരുടെ സംഭാഷണം മുൻപേ തന്നെ റെക്കോർഡ് ചെയ്തു തുടങ്ങിയിരുന്നു . നടിയുടെ പീഡനദൃശ്യങ്ങൾ കാണുന്ന അവരുടെ പ്രതികരണവും ദൃശ്യങ്ങളിലെ സ്വരവും അയാൾ കേട്ട് രേഖപ്പെടുത്തി .ആരും അറിയാതെ ചെയ്യണം എന്നത് കൊണ്ടു ഇടക്കിടെ അത് ഓഫും ഓണും ആക്കേണ്ടി വന്നു . എതാണ്ട് വളരെ നീണ്ട സംഭാഷണമാണ് അയാൾ റെക്കോർഡ് ചെയ്തത് . മാന്യതയുടെ മൂടുപടം വലിച്ചു കീറുന്ന ഒരു വലിയ കുറ്റകൃത്യത്തിന്റെ ഒരിക്കലും മായ്ച്ചു കളയാനാവാത്ത ഡിജിറ്റൽ തെളിവ് ആയിരുന്നു അവ .അത് അതിന്റെ കർത്താവിന്റെ വാക്കുകളിൽ റെക്കോർഡ് ചെയ്യപ്പെട്ടു .

ഇതോടെ ബാലചന്ദ്രകുമാർ ധർമസങ്കടത്തിലായി . പ്രശ്നങ്ങളുടെ നടുക്കടലിൽ ആണെങ്കിലും ബോധപൂർവ്വം അയാൾ ആ ബന്ധം ഉപേക്ഷിച്ചു .ദിലീപുമായുള്ള സിനിമ വേണ്ടെന്നു വെച്ചു അക്കാര്യം ദിലീപിനെ അറിയിച്ചു . ദിലീപിൽ അത് സംശയം ഉണർത്തിയിരിക്കണം . ബാലചന്ദ്ര കുമാർ ആകട്ടെ തന്റെ ജീവൻ തന്നെ പോയേക്കുമെന്ന് ഭയന്നു. ദിലീപ് അദ്ദേഹത്തെ കാണാൻ തിരുവനന്തപുരത്തു ഓടിയെത്തിയെങ്കിലും അദ്ദേഹം അങ്ങോട്ട് പോയി അയാളെ കാണാൻ തയ്യാർ ആയില്ല . ഭീതി ആയിരുന്നു പ്രധാന കാരണം .

പിന്നിട് നടിയെ ആക്രമിച്ച കേസ് പല പരിണാമങ്ങളിലൂടെ കടന്നു പോയി .ഈ തെളിവുകളുമായി നാല് വർഷങ്ങൾ അയാൾ കാത്തിരുന്നു . 2021 ഏപ്രിലിൽ ഇത് പരാതിയായി നൽകണമെന്ന് നിശ്ചയിച്ചുവെങ്കിലും കടുത്ത കോവിഡ് മൂലം അയാൾ നിസ്സഹായനായി . പിന്നിട് കേസിന് മേൽനോട്ടം വഹിക്കുന്ന ഐ ജി സന്ധ്യയെ ഫോണിൽ വിളിച്ചുവെങ്കിലും അവരുമായി ബന്ധപ്പെടാൻ കഴിഞ്ഞില്ല .അവസാനം പരാതി രേഖാ

മൂലം അഭ്യന്തര സെക്രട്ടറിക്ക് സമർപ്പിച്ചു. 2019 നവംബർ 15 നായിരുന്നു അത് . ഒരു നടപടിയും ഉണ്ടായില്ല . തുടർന്നു അദ്ദേഹം ഒരു പ്രമുഖ ചാനലിനെ ബന്ധപ്പെട്ടു .അവർ അത് അവഗണിച്ചു എന്നുമാത്രമല്ല അതിൽ ആരോ ദിലീപിന് വിവരം ചോർത്തി നൽകി

തുടർന്നാണ് റിപ്പോർട്ടെർസ് ടി വി ആ ദൌത്യം എടുത്തത് ഒരു ക്രൂസേഡ് പോലെ. അങ്ങനെ ഡിസംബർ 25നു ഒരു ബ്ലിട്സ്ക്രൈഗ് പോലെ ആ വെളിപ്പെടുത്തൽ വന്നു .അവിശ്വസനീയമെന്നു തോന്നാവുന്ന വസ്തുതകൾ കൊണ്ടുള്ള വലിയൊരു ആക്രമണം ആയിരുന്നു . മലയാളിയുടെ മരവിച്ച മനസാക്ഷി കുറച്ചു നേരത്തേക്കെങ്കിലും ചൂട് പിടിച്ചു .

**തുടർ അന്വേഷണം ചൂട് പിടിക്കുന്നു**

നടിയെ ആക്രമിച്ച കേസിൽ തുടെത്തുടരെ പരാജയം ഏറ്റു വാങ്ങിയിരുന്ന അന്വേഷണ സംഘത്തിനു ഇത് പുതു ജീവൻ നൽകി . ഡി വൈ എസ പി ബിജു പൌലോസിന്റെ നേതൃത്വത്തിൽ ഉള്ള സംഘം ശക്തമായ അന്വേഷണത്തിന് തുടക്കം കുറിച്ചു . അന്വേഷണ ഉദ്യോഗസ്ഥരെ വധിക്കാൻ ശ്രമിച്ചു എന്ന ആരോപണം കേസിന് മറ്റൊരു മാനം നൽകി. രണ്ടു കേസും അന്വേഷിക്കാൻ എ. ഡി ജി പി ശ്രീജിത്തിനു മേൽനോട്ട ചുമതല നൽകി അന്വേഷണം രണ്ടു സംഘങ്ങളെ ഏൽപ്പിച്ചു .കേസ് അന്വേഷണം കുറ്റവാളികളിൽ തന്നെ എത്തുമെന്നും അവർക്ക് ശിക്ഷ് വാങ്ങി കൊടുക്കുമെന്നും തോന്നിപ്പിക്കുന്ന വിധത്തിൽ അന്വേഷണം പുരോഗമിച്ചപ്പോൾ ശ്രീജിത്തിനെ ക്രൈം ബ്രാഞ്ച് ചുമതലയിൽ നിന്ന് നീക്കി ട്രാൻസ്‌പോർട്ട് കമ്മിഷണർ ആക്കി . പെന്ഷന് രണ്ടു മാസം മാത്രം ഉള്ള ഷെയിക്ക് ദർവേഷ് സാഹിബ് തലവനായി ചുമതല ഏറ്റു. അതോടെ കേസ് അന്വേഷണം മന്ദഗതിയിൽ ആയി .എന്താണ് സർക്കാരിനെ ഇതിനു പ്രേരിപ്പിച്ചത് ?

രാഷ്ട്രീയമായി അന്വേഷണം ഒരു ഇരുതല വാളായി മാറുമെന്ന ഭയമാണോ ഇതിനു പ്രേരണയായത് ? ഇടതു പക്ഷ സർക്കാരിലെ പ്രമുഖർക്ക് വേണ്ടി വാദിച്ച അഡ്വക്കേറ്റ് രാമൻ പിള്ളയെയും സംഘത്തെയും അന്വേഷണം ബാധിക്കും എന്ന തോന്നൽ ഉണ്ടായ വേളയിൽ ആയിരുന്നു ഇടതുപക്ഷ സർക്കാരുമായി നല്ല ബന്ധമുണ്ടായിരുന്ന എ ഡി ജി പി ശ്രീജിത്തിനെ ചുമതലയിൽ നിന്ന് മാറ്റിയത് . അദ്ദേഹം മാറിയതിനു ശേഷം കാവ്യ മാധവനെ ചോദ്യം ചെയ്യുകയും വി ഐ പി ശരത്തിനെ അറെസ്റ്റ് ചെയ്യുകയും ചെയ്തെങ്കിലും അന്വേഷണം എങ്ങും എത്താതെ നിന്നു.

നടിയെ ആക്രമിച്ച കേസിൽ കോടതിയിലും അന്വേഷണത്തിലും ഇനി എന്ത് സംഭവിച്ചാലും ജനകീയ കോടതിയിൽ അതിന്റെ വിധി ഒന്നായിരിക്കും .ആ നിലയിൽ അത് വരെ അന്വേഷണം പുരോഗമിച്ചിരുന്നു . തെളിവുകൾ പുറത്തു വന്നിരുന്നു . ഇരക്ക് നീതി എന്നത് അകലെയാണെന്നു ഒരിക്കൽ കൂടി അന്വേഷണം തെളിയിക്കുകയും ചെയ്തു. പക്ഷെ കാപാലികരെ എക്കാലവും നിശബ്ദരാക്കുന്ന വിവരങ്ങളാണ് ഇക്കാലത്ത് ജനങ്ങളുടെ മുന്നിലെത്തിയത്. അത് ജനമനസ്സുകളിൽ നിന്ന് ഒരിക്കലും മായാനും പോകുന്നില്ല .

**കണ്ടെത്തലുകൾ , തെളിവുകൾ, ആശങ്കകൾ**

ബാലചന്ദ്ര കുമാറിൻറെ വെളിപ്പെടുത്തലുകൾ തുടക്കത്തിൽ അമ്പരപ്പും അതിശയവും അവിശ്വാസവുമാണ് സൃഷ്ടിച്ചത്. യഥാർത്ഥ ഡിജിറ്റൽ തെളിവുകൾ തന്നെയാണോ അവ, അതിലെ സംസാരങ്ങൾ പ്രതിയുടെയും ബന്ധപ്പെട്ടവരുടെയും ആണോ , എന്തെങ്കിലും ദുരുദ്ദേശത്തോടെയാണോ ഇത് പുറത്തു വിടുന്നത് , ഇവ എത്രമാത്രം ആധികാരികമാണ് തുടങ്ങിയ സംശയങ്ങൾ ഉയർന്നു . ഇവ പരസ്യപ്പെടുത്താൻ ഇത്ര സമയം എടുത്തതും വിമർശന വിധേയമായി . ഇതിനിടെ വധ ഗൂഢാലോചന യാഥാർത്ഥ്യമായി മാറിയെങ്കിൽ വെളിപ്പെടുത്തൽ വൈകിച്ചവർ എന്ത് സമാധാനം പറയും എന്നൊരു ചോദ്യവും ഉയർന്നു . പലരും ബാലചന്ദ്രകുമാറിനെ പ്രതിയായി കാണാൻ ആഗ്രഹിക്കുന്നത് പോലെ പെരുമാറി . ഇതിനിടെ ബാലചന്ദ്ര കുമാറിനെതിരെ ഒരു പീഡന കേസും രെജിസ്റ്റർ ചെയ്യപ്പെട്ടു . തന്നെ ഉന്മൂലനം ചെയ്യാൻ തല്പരകക്ഷികൾ നടത്തുന്ന ശ്രമത്തിൻറെ ഭാഗമാണ് അതെന്നു ബാലചന്ദ്രകുമാർ ആരോപിച്ചു .താൻ ആ സ്ത്രീയെ ആയുസ്സിൽ കണ്ടിട്ടേ ഇല്ലെന്നും . ഇതിനിടെ രഹസ്യമായി സ്വയം സൃഷ്ടിച്ച പുകമറയിൽ ഒളിഞ്ഞിരുന്ന വിവരങ്ങളും പുറത്തു വന്നതോടെ ഇതിനു വേണ്ടി ശബ്ദം ഉയർത്തിയ റിപ്പോട്ടെർസ് ടി വി ക്കു എതിരെ നിരവധി നിയമപരമായ വിലക്കുകൾ ഉണ്ടായി . ഒരു പൊതു ജന പ്രക്ഷോഭം തന്നെ നിർമാതാവും ന്യൂസ് ഗ്ലോബ് എന്ന ഫേസ്ബുക്ക് ചാനൽ നടത്തുന്ന ആളുമായ ബൈജു കൊട്ടാരക്കര സംഘടിപ്പിച്ചു . ഇതിനിടെ ബാർ കൌൺസിലിൽ തന്നെ പരാതികൾ ഉണ്ടായി . അന്വേഷകർക്ക് എതിരെ ഹോം സെക്രട്ടറിക്ക് അഭിഭാഷകനായ ഫിലിപ്പ് ടി മാത്യു പരാതി നൽകി. അന്വേഷണ ഉദ്യോഗസ്ഥർക്ക് എതിരെ .മീഡിയയിൽ ദിലീപ് അനുകൂലികൾ നടത്തുന്ന പോരാട്ടത്തിനു പുറകെ ആയിരുന്നു ഇത് ..

**തെളിവുകളുടെ കൂമ്പാരം, പക്ഷെ തുള്ളി തെളിവില്ല ...**

പക്ഷെ 2022 ഒരിക്കലും വിസ്മരിക്കാനാവാത്ത തെളിവുകളുടെ കൂമ്പാരമാണ് ഈ കേസിൽ മുന്നോട്ട് വെച്ചത് . നമ്മൾ ആരാധിക്കുന്ന വിഗ്രഹങ്ങൾ കളിമണ്ണിൽ തീർത്തവയാണെന്ന് അത് ഒരിക്കൽ കൂടി വ്യക്തമാക്കി . യാഥാർത്യങ്ങളുമായി നമ്മുടെ രാഷ്ട്രീയം അകലുകയാണെന്നും ഇത് വ്യക്തമാക്കി. സ്ത്രീ പക്ഷമെന്നു പറയുന്നവർ തന്നെ ഒത്തു തീർപ്പിന്റെ രാഷ്ട്രീയത്തിൽ ആണെന്ന് ഇത് തെളിയിച്ചു .

ബാലചന്ദ്രകുമാർ പ്രധാനമായി നാല് ആരോപണങ്ങളാണ് മുന്നോട്ടു വെച്ചത് . അതിനു പിൻബലം നൽകുന്ന ഡിജിറ്റൽ തെളിവുകളും പോലീസിനു കൈമാറി . നടിയെ ആക്രമിച്ച ദൃശ്യങ്ങൾ അനധികൃത

മായി കൂട്ടാളി വഴി സംഘടിപ്പിച്ചു  ദിലീപ് അത് വീട്ടിൽ കൂട്ടാളികളുമൊപ്പം കണ്ടു . സഹോദരനും സഹോദരി ഭർത്താവും  അതിൽ ഉൾപെടുന്നു .ദൃശ്യങ്ങൾ  കാണാനുള്ള ക്ഷണം നിരസിച്ച അയാൾ അവയിലെ സ്വരങ്ങളും കാണുന്നവരുടെ പ്രതികരണങ്ങളും  റെക്കോർഡ് ചെയ്തു . താൻ കേട്ട സ്വരങ്ങൾ അദ്ദേഹം അന്വേഷണ ഉദ്യോഗസ്ഥർക്ക് കൈ മാറി. ആ ദൃശ്യങ്ങൾ അടങ്ങിയ ഡിജിറ്റൽ തെളിവ്  കാവ്യ മാധവൻ ഏറ്റു വാങ്ങി രണ്ടാമതായി താൻ അനുഭവിച്ച ശിക്ഷ വീട്ടിൽ ഉള്ള ഒരാൾക്ക് വേണ്ടിയാണെന്ന് വീട്ടിന്റെ അകത്തളത്തിലേക്ക്  ചൂണ്ടി പറഞ്ഞു. മൂന്നാമതായി അന്വേഷണ ഉദ്യോഗസ്ഥരെ ഇല്ലാതാക്കാൻ ഗൂഡാലോചന നടത്തി . വേണമെങ്കിൽ ഒന്നര കോടി അതിനും ചെലവഴിക്കാമെന്നു പറഞ്ഞു. .  കുറ്റം ചെയ്താൽ യാതൊരു വിധ റെക്കോർഡ് ഉണ്ടാകരുതെന്നും ഒരാളെ തട്ടുകയാണെങ്കിൽ ഗ്രൂപ്പിൽ ഇട്ടു തട്ടണമെന്നും പറഞ്ഞു. നാലാമതായി ചേട്ടൻ കുറ്റകൃത്യത്തിന്  ശിക്ഷ അനുഭവിച്ചു എന്ന് അനുജൻ തന്നെ പറഞ്ഞുവെന്നും .

ഇതേ തുടർന്നു രെജിസ്ടർ ചെയ്ത വധശ്രമക്കേസ് വീണ്ടും തെളിവുകളുടെ ഒരു കൂമ്പാരം സൃഷ്ടിച്ചു . ദിലീപും കൂട്ടാളികളും ഫയൽ ചെയ്ത മുൻകൂർ ജാമ്യ ഹർജിയുടെ  വിചാരണ വേളയിൽ ബാലചന്ദ്ര കുമാറിന്റെ വെളിപ്പെടുത്തലിന്റെ വെളിച്ചത്തിൽ ദിലീപിന്റെ മൊബൈൽ ഫോണുകൾ പരിശോധിക്കാൻ കോടതി അനുമതി നൽകിയെങ്കിലും അതിനു നൽകിയ ഇടവേള ഉപയോഗിച്ചു നിർണ്ണായകമായ വിവരങ്ങൾ സൈബർ വിദഗ്ദൻ സായി ശങ്കർ വഴിയും ബാക്കിയുള്ളവ മുംബയിൽ ഒരു സ്ഥാപനത്തിൽ എത്തിച്ചും മായ്ച്ചു കളഞ്ഞു.

നാല് അഭിഭാഷകർ അതിനു വേണ്ടി മുംബൈക്ക് പോയി എന്ന് പോലിസ് കോടതിയിൽ അറിയിച്ചു . പക്ഷെ മായ്ച്ച വിവരങ്ങൾ സായിശങ്കറും മുംബൈ സ്ടാപനവും തിരിച്ചെടുത്തു എങ്കിലും ഇതിൽ  നിർണ്ണായകമായ 12 ചാറ്റുകൾ മായ്ച്ചു കളഞ്ഞു. മുംബയിൽ നിന്ന് മായ്ച്ച രേഖകളിൽ നടിയെ ആക്രമിച്ച ദൃശ്യങ്ങൾ ദിലീപും  കൂട്ടരും പുനസൃഷ്ടിക്കുന്ന വീഡിയോയും ഉണ്ടെന്നു റിപ്പോർട്ടെർസ് ടി വി റിപ്പോർട്ട് ചെയ്തു . എന്തിനു വേണ്ടിയായിരുന്നു അതെന്ന സംശയം ബാക്കി നിൽക്കുന്നു .

ഇതിനിടെയാണ് നടിയെ ആക്രമിച്ച സംഭവത്തിനു പിന്നിൽ നടികൾ തമ്മിലുള്ള പകയാണെന്നും കാവ്യ ഒരു പണി തിരിച്ചു കൊടുത്തതാണെന്നും പറയുന്ന ദിലിപിന്റെ സഹോദരി ഭർത്താവ് സൂരജും അഭിഭാഷകനും തമ്മിലുള്ള ഓഡിയോ പുറത്തു വന്നത് . ഒരു ഡോക്ടറെ മൊഴി മാറ്റാൻ സഹായിക്കുന്ന ഒരു ഓഡിയോയും ഇതോടൊപ്പം പുറത്തായി .

പക്ഷെ ഇരുനൂറു മണിക്കൂർ ദൈർഘ്യമുള്ള ഡിജിറ്റൽ തെളിവുകൾ ആക്കാൻ ഏറെ നാൾ വേണം .അതെ പോലെ തെളിവുകൾ ചോദ്യം ചെയ്തും ശാസ്ത്രീയ പരിശോധന നടത്തിയും ഭദ്രമാക്കണം .അന്വേഷണ മേൽനോട്ടം ശ്രീജിത്തിൽ നിന്ന് മാറിയതോടെ അന്വേഷണത്തിലെ ഗതിവേഗം നഷ്ടമായി .വിവരങ്ങൾ ചോർന്നു പോകരുതെന്ന് കർശനമായ നിർദേശം ഉണ്ടായതോടെ അവ പുറത്തു വന്നാൽ  ഉണ്ടാകുമായിരുന്ന പൊതു വിചാരണ ഇല്ലാതായി . കാവ്യയെ ചോദ്യം ചെയ്യുകയും ശരത്തിനെ അറെസ്റ്റ് ചെയുകയും ചെയ്തുവെങ്കിലും അതൊക്കെ എന്തിനു എന്ന സംശയം മാത്രം നിർത്തി . ഇതിനിടെ സിനിമ സ്റ്റൈലിൽ അന്വേഷണ ഉദ്യോഗസ്ഥരെ മന്ത്രിയുടെ മുൻപിൽ വെച്ചു രണ്ടു പറയുമെന്ന് പറഞ്ഞിരുന്ന വി ഐ പി എല്ലാം നിഷേധിച്ചു  ജാമ്യത്തിൽ പോയി . ഉന്നതരായ രണ്ടു രാഷ്ട്രീയ നേതാക്കന്മാർക്ക്  മൂന്നു കോടി വീതം നൽകിയെന്ന ഓഡിയോ ആരോപണവും ഒരു നുണബോംബ് പോലെ പൊട്ടിത്തെറിച്ചു . .ഇതൊക്കെ പ്രശ്നം ആക്കേണ്ട പ്രതിപക്ഷം  തൃക്കാക്കര ഉപതെരഞ്ഞെടുപ്പിൽ പാവം ഒരു പട്ടിയുടെ മേൽ കുതിര കയറുകയായിരുന്നു .

**നടിയെ ആക്രമിച്ച കേസിന്റെ പര്യവസാനം എന്ത് തന്നെയും ആകാം .പന്തം കൊളുത്തി  പ്രകടനങ്ങൾ നടക്കാം . അധാർമിക സിനിമകളുടെ പുത്തൻ പരമ്പരകൾ ജനങ്ങളെ ത്രസിപ്പിക്കാം .പക്ഷെ പണവും അധികാരവും ഉള്ളവർക്ക് നേരെ കൈ അനക്കാൻ കേരളത്തിൽ സാധ്യമല്ല എന്ന് ഒരിക്കൽ കൂടി തെളിയിക്കപ്പെട്ടിരിക്കുകയാണ് . കുറ്റവാളികളെ കൊണ്ടാടുന്ന ഒരു സമൂഹത്തിൽ ചെറിയ ഒരു ധാർമിക വ്യതിയാനം വലിയ പ്രശ്നം ഒന്നുമാകില്ല .**

നടിയെ ആക്രമിച്ച കേസിന്റെ പര്യവസാനം എന്ത് തന്നെയും ആകാം .പന്തം കൊളുത്തി  പ്രകടനങ്ങൾ നടക്കാം . അധാർമിക സിനിമകളുടെ പുത്തൻ പരമ്പരകൾ ജനങ്ങളെ ത്രസിപ്പിക്കാം .പക്ഷെ പണവും അധികാരവും ഉള്ളവർക്ക് നേരെ കൈ അനക്കാൻ കേരളത്തിൽ സാധ്യമല്ല എന്ന് ഒരിക്കൽ കൂടി തെളിയിക്കപ്പെട്ടിരിക്കുകയാണ് .കുറ്റവാളികളെ കൊണ്ടാടുന്ന ഒരു സമൂഹത്തിൽ ചെറിയ ഒരു ധാർമിക വ്യതിയാനം വലിയ പ്രശ്നം ഒന്നുമാകില്ല .

സച്ചിദാനന്ദൻ പറഞ്ഞ് പോലെ നാടു മുഴുവൻ കാഞ്ഞിരം വെച്ചാലും നമ്മുടെ പാപം  തീരില്ല . ഇര കാത്തു ഭൂമിയുടെ അറ്റത്തു എവിടെയോ ആ കഴുകൻ ചുറ്റിത്തിരിയുന്നുണ്ട്  ഇവിടെ ഇര ഒരു പരിധി വരെ അതിജീവിതയായി എന്ന് നമുക്ക് ആശ്വസിക്കാം. പക്ഷെ ഈ കേസ് കേരള സമൂഹത്തിലെ എത്രയോ ഉന്നതരുടെ മേലാണ് കരി വാരി തേച്ചിരിക്കുന്നത്.  അത് ഒരിക്കലും മായാൻ പോകുന്നില്ല .

കഥ

ഗ്രേസി



# ഗവേഷണം

ഈ ലോകത്ത് നീ ഏറ്റവും കൂടുതൽ വെറുക്കുന്ന ആൾ ആരെന്ന് നിങ്ങൾ ചോദിച്ചാൽ ഉറക്കത്തിലായാൽപ്പോലും ഞാൻ പറയും, എന്റെ അപ്പനാണെന്ന്.

അപ്പനെ നിങ്ങൾ കണ്ടിട്ടില്ലല്ലോ? ദാ, ഞാനൊരു ചിത്രം വരയ്ക്കാം. ആറടി പൊക്കം, ഒത്ത തടി, കഴുകൻ കണ്ണുകൾ , വല്ലപ്പോഴും ഇര തേടി പതുങ്ങിയെത്തുന്ന നിശ്ശബ്ദമായ ചിരി. എന്റെ ഒരേയൊരു കൂടപ്പിറപ്പായ ചേട്ടായിക്ക് മൂന്നു വയസ്സുള്ളപ്പോൾ അപ്പന്റെ കൂടെയുള്ള പൊറുതി മതിയാക്കി അമ്മ ഓണാട്ടുകരയിലെ സ്വന്തം വീട്ടിലേയ്ക്ക് മടങ്ങിപ്പോയതാണ്. നസ്രാണികൾ കെട്ടിച്ചുവിട്ട പെണ്ണിന് ചെല്ലും ചെലവും കൊടുക്കാൻ കൂട്ടാക്കാത്തവരായതുകൊണ്ട് അമ്മയ്ക്ക് പോയവഴിയത്രയും തിരികെ താണ്ടേണ്ടിവന്നു. പിന്നെ ഓർക്കാപ്പുറത്ത് എന്നെ പെറ്റു എന്റെ ആറാം വയസ്സിലാണ് അമ്മ മരിച്ചത്. അതൊരു ആത്മഹത്യയായിരുന്നോ അപ്പൻ ചവിട്ടിക്കൊന്നു കെട്ടിത്തൂക്കിയതാണോ എന്ന ചർച്ച ഇപ്പോഴും പുകഞ്ഞു തീർന്നിട്ടില്ല.

പത്തുവരെ ചേട്ടായി സർക്കാർ സ്ക്കൂളിലാണ് പഠിച്ചത്. തുടർന്നു പഠിക്കാൻ കാൽക്കാശ് ചെലവാക്കില്ലെന്ന് അപ്പൻ പറഞ്ഞപ്പോൾ ചേട്ടായി പോയി തെമ്മാടിക്കൂട്ടത്തിൽ ചേർന്നു . ഒരു രാത്രിയിൽ അപ്പന്റെ കാൽപ്പെട്ടി തലയിലേറ്റി പുഴ കടന്ന ചേട്ടായി പിന്നെ തിരിച്ചു വന്നില്ല. ശേഷം രാത്രികളിൽ അപ്പൻ ഉറക്കത്തിന്റെ പായ് വഞ്ചിയിൽ ഏതോ അജ്ഞാത കേന്ദ്രത്തിലെത്തി. 'വെയ്യ് രാജാ ! വെയ്യ് ! ഒന്നു വെച്ചാൽ രണ്ടു കിട്ടും !' എന്ന് നോട്ടുകെട്ടുകൾ കശക്കുകയും വീശിയെറിയുകയും വാരിയെടുത്ത് നെഞ്ചോടു ചേർത്ത് എന്റെ അഞ്ചു ലക്ഷം എന്നു പൊട്ടിച്ചിരിക്കുകയും ചെയ്തു.

ഒടുവിൽ കൈ കഴയ്ക്കുകയും വായ് കയ്ക്കുകയും ചെയ്തപ്പോൾ വേറൊരു കാൽപ്പെട്ടി പണിയാൻ മൂത്താശാരിയെ വരുത്തി. പെട്ടി തുറക്കുമ്പോഴും അടയ്ക്കുമ്പോഴും പള്ളിമണിയുടെ ഒച്ച മുഴങ്ങുന്ന ഒറ്റത്താക്കോൽ പ്പൂട്ടിന് ഏർപ്പാടാക്കി. പക്ഷേ, എന്റെ കണ്ണീരിലുരുകി മൂത്താശാരി ഇരട്ടത്താക്കോൽ തീർപ്പിച്ചു. ഒറ്റത്താക്കോലേയുള്ളു എന്ന് അപ്പനെ ബോധ്യപ്പെടുത്തി രണ്ടാം താക്കോൽ എനിക്കു രഹസ്യമായി കൈമാറുകയും ചെയ്തു. ഇരട്ടയിലൊന്ന് അപ്പന്റെ അരഞ്ഞാച്ചരടിൽ തൂങ്ങി ഒന്നാന്തരം ഗൃഹസ്ഥനായി. മറ്റൊന്ന് എന്റെ അരഞ്ഞാച്ചരടിൽ തൂങ്ങി കള്ളക്കാമുകനായി.

പന്ത്രണ്ടാംക്ലാസുവരെ ഞാനും സർക്കാർസ്കൂളിൽത്തന്നെയാണു പഠിച്ചത്. തുടർന്ന് കോളേജിൽ ചേരാനൊരുങ്ങിയ എന്നോട് അപ്പൻ പറഞ്ഞു.

'മതി പഠിച്ചത്. ഇനി വീട്ടുകാര്യങ്ങള് നോക്കിക്കോ. കോളേജില് ചേർക്കാനൊന്നും എന്റേല് കാശില്ല.'

ഒരു ഗൂഢസ്മിതത്തിൽ ഞാൻ പൊട്ടിത്തെറിച്ചു.

'ഓ! എന്റെ അപ്പാ ! കാശൊണ്ടാക്കാനൊള്ള വഴി എന്റെ അരേലൊണ്ട്!'

അപ്പന്റെ നോട്ടം ഒരു നിമിഷം വന്യമായ നിശ്ചലതയിൽ വട്ടച്ചു നിൽക്കുകയും നിന്റെ ജീവിതം നിന്റെ കാര്യം എന്ന് മുഖംതിരിക്കുകയും ചെയ്തു. അപ്പോഴാണ് അപ്പനെ എങ്ങനെയൊക്കെ കലക്കിക്കളയാം എന്ന ഗവേഷണ വഴിയിലേക്ക് ഞാൻ വലതുകാലൂന്നിയത്.

കോളേജിൽ ചേർന്ന് അധികം വൈകാതെ ഞാൻ നിത്യം സഞ്ചരിക്കുന്ന ലൈൻബസ്സിലെ കിളിയെ പിടിച്ച് കൂട്ടിലാക്കി. എന്റെ വെളുപ്പും കോളേജ് പഠിപ്പും ആദ്യം അവനെ ഭയപ്പെടുത്തി. കുറെ പണിപ്പെട്ടിട്ടാണെങ്കിലും തത്തമ്മേ! പൂച്ച! പൂച്ച ! എന്നു പറയാൻ പഠിപ്പിച്ചു. പിന്നെ ജീവപര്യന്തം നമ്മൾ ഒരേ കൂട്ടിലായിരിക്കുമെന്ന് ഉറപ്പുകൊടുക്കുകയും ചെയ്തു. അപ്പനെ വെറി പിടിപ്പിക്കാനായി ഞാൻ വിവരം നേരിട്ടു പറഞ്ഞു. മുറ്റത്തെ വെയിലിൽ വിരിച്ച പനമ്പിൽനിന്ന് കുരുമുളകുവാരി ചാക്കിൽ നിറയ്ക്കുന്നതിനിടെ അപ്പൻ എന്തെങ്കിലും കേട്ടതായി ഭാവിച്ചതുതന്നെയില്ല. അപ്പോൾ ഞാൻ പറഞ്ഞു.

'അവനൊരു ദളിത കിളിയാണപ്പാ ! അപ്പോ ഒരഭിമാനക്കൊലയ്ക്ക് വകേണ്ടല്ലോ ! എന്നാപ്പിന്നെ ഞങ്ങളങ്ങ് ഒളിച്ചോടിയാലോന്ന് ഒരാലോചന !'

അപ്പൻ കുരുമുളകിൽനിന്നു കണ്ണെടുക്കാതെ പറഞ്ഞു.

'ആയ്ക്കോട്ടെ !'

ചെറഞ്ഞു വരുന്ന പകയോടെ ഞാൻ പിന്തിരിഞ്ഞു.

പിറ്റേന്ന് അവൻ എന്നോട് ചോദിച്ചു.

'അതേയ്, എന്നാ നമ്മടെ കല്യാണം ?'

ഞാൻ പല്ലു ഞെരിച്ചു.

'അപ്പൻ സമ്മതിച്ചു ! അതുകൊണ്ട് നീയും ഞാനും തമ്മിലിനി ഒരു ബന്ധവുമില്ല , മനസ്സിലായോ?'

വായ് പൊളിച്ചുനിൽക്കുന്ന അവനെ അങ്ങനെത്തന്നെ ഉപേക്ഷിച്ച് ഞാൻ എന്റെ ഗവേഷണം കുറെക്കൂടി കടുപ്പത്തിലാക്കി എന്നു പറഞ്ഞാൽ നിങ്ങൾക്കു കാര്യം പിടികിട്ടിക്കാണുമല്ലോ?

# നിങ്ങൾക്ക് ഹോം ലോൺ അല്ലെങ്കിൽ ഇൻവെസ്റ്റ്മെന്റ് ലോൺ

## ആവശ്യമെങ്കിൽ ബന്ധപ്പെടുക



loanDepot

#1 Retail Lender in Volume | Per Scotsman Guide

**Dhan Thomas**

**NMLS# 1987022**

**Loan Consultant**

**(267) 475-3410**

Dhanmt@gmail.com

dhanthomas@loandepot.com

https://www.loanDepot.com/dhanthomas

Scan QR Code

ഇംഗ്ളീഷിലും മലയാളത്തിലും എഴുതുന്ന പുരസ് കാരജേതാവായ എഴുത്തുകാരിയാണ് ചന്ദ്രമതി.

കല്പനാസൃഷ്ടികൾക്ക് പുറമെ (fiction ) പരിഭാഷ, നിരൂപണം, ഗ്രന്ഥരചന എന്നിവ നിർവഹിച്ചിട്ടുണ്ട്. ഇംഗളീഷിൽ നാല് പുസ്തകങ്ങളും, ഇരുപത് പുസ്തകങ്ങൾ മലയാളത്തിലും അവർ എഴുതിയിട്ടുണ്ട്,. ഇതിൽ പന്ത്രണ്ടോളം ചെറുകഥാസമാഹാരങ്ങളും, ഒരു നോവലെറ്റും,



മധ്യകാല മലയാള കവിത എന്ന സമാഹാരവും, രണ്ടു ഓർമ്മകുറിപ്പുകളും, ഇംഗളീഷിൽ നിന്നും വിവർത്തനം ചെയ്ത അഞ്ചോളം പുസ്തകങ്ങളും, രണ്ടു ലേഖന സമാഹാരങ്ങളും, ഉൾപ്പെടുന്നു. തിരുവനന്തപുരത്തെ വെള്ളായണിയാണ് അവരുടെ ജന്മസ്ഥലം. ഔദ്യോഗിക നാമം. ഡോക്ടർ ബി ചന്ദ്രിക. ഇംഗളീഷ് സാഹിത്യത്തിൽ ബിരുദാനന്തബിരുദം ഒന്നാം ക്ലാസ്സിൽ പാസ്സായി. പിന്നീട് പി. എച്. ഡി യും ചെയ്തു. ആൾ സൈന്റ്സ് കോളേജിൽ പ്രൊഫസ്സർ ആയി വിരമിച്ചു. സാഹിത്യസംഭാവനകൾക്ക് ധാരാളം അവാർഡുകൾ കരസ്ഥമാക്കി. ഏറ്റവും വിശിഷ്ഠയായ അധ്യാപിക എന്ന ഉന്നത സ്ഥാനം നൽകികൊണ്ട് പ്രൊഫസ്സർ ശിവപ്രസാദ് ഫൗണ്ടേഷൻ അവാർഡ് ഇവർക്കു ലഭിച്ചിട്ടുണ്ട്. കൂടാതെ ഏറ്റവും നല്ല കോളേജ് അധ്യാപിക എന്ന സെന്റ് ബെർക്ക്മാൻസ് അവാർഡും കിട്ടിയിട്ടുണ്ട്. കേന്ദ്ര സാഹിത്യ അക്കാദമിയുടെ കൾച്ചറൽ എക്സ് ചെയ്ഞ്ച് പ്രോഗ്രാമിൽ പത്തു ഇന്ത്യൻ എഴുത്തുകാർക്കൊപ്പം സ്വീഡൻ സന്ദർശിച്ച്. കൂടാതെ യു എസ എ, കാനഡ, ആസ്‌ട്രേലിയ, ഗൾഫ് കൺട്രീസ് എന്നിവ സന്ദര്ശിച്ചിട്ടുണ്ട്.

ഭർത്താവ് പരേതനായ ശ്രീ സി.ജി. ബാലൻ. അദ്ദേഹം ഐ എസ് ആർ ഓ ISRO യിൽ LPSC യുടെ അസ്സോസിയേറ്റ് ഡയറക്ടർ ആയിരുന്നു.. രണ്ടു മക്കൾ - ദേവിപ്രിയ ടെക് ലീഡ്, ആർ ബി എസ് യു കെ, ഗണേശ് എഞ്ചിനീയർ ഐ എസ് ആർ ഓ,

(ചന്ദ്രമതിയെ വായനക്കാർക്ക് പരിചയപ്പെടുത്തേണ്ട കാര്യമില്ല. എന്നാൽ ഇ മലയാളിയിൽ അവരുടെ കന്നി രചനയായതുകൊണ്ട് ചുരുക്കമായി ഒരു introduction നൽകുന്നു. എഡിറ്റർ)

# നുകം

**(Frank Bidart ന്റെ കവിത -വിവർത്തനം ചന്ദ്രമതി)**

വിഷമിക്കരുതേ എനിക്കറിയാം നീ മരിച്ചുപോയെന്ന്
എന്നാലിന്നുരാത്രി

നിന്റെ മുഖമൊന്നുകൂടി
തിരിക്കുമോ എന്റെനേരേ


നിൻ ശബ്ദം കേൾക്കുമ്പോഴിന്നെനി-
ക്കറിയില്ലയെങ്ങോട്ടുതിരിയേണമെന്ന്

ഞാനുറങ്ങുന്നുണരുന്നുറങ്ങുന്നുണരുന്നു-
റങ്ങുന്നുണരുന്നു

പക്ഷേയീരാവിലൊന്നുകൂടി
ത്തിരിക്കൂ നിന്മുഖം

എന്റെനേരേ

കാണുക, ഉണ്ടെന്റെ ചുമലിന്മേലൊരു നുകം
നുകമല്ലാ നുകം
വിഷമിക്കരുതേ
എനിക്കറിയാം നീ മരിച്ചുപോയെന്ന്
എന്നാലുമിന്നുരാവിൽ തിരിക്കുക നിന്മുഖം
ഒന്നുകൂടെന്റെനേർക്കായ്.



*don't worry I know you're dead*
*but tonight*

*turn your face again*
*toward me*

*when I hear your voice there is now*
*no direction in which to turn*

I sleep and wake and sleep and wake and sleep and wake and

but tonight
turn your face again

toward me

*see upon my shoulders is the yoke*
*that is not a yoke*

don't worry I know you're dead
but tonight

turn your face again



# ലെസ്ബിയനിസത്തെക്കുറിച്ച് ഇനിയും ഞങ്ങൾ സംസാരിക്കും; യുദ്ധം ജയിക്കുന്നതു വരെ

**ശ്രീ പാർവതി**

രണ്ടു പെൺകുട്ടികൾക്ക് തമ്മിൽ പ്രണയിക്കാമോ? അതെങ്ങനെ നടക്കും? പ്രണയം ആണും പെണ്ണും തമ്മിലല്ലേ?

ഇപ്പോഴും ഈ ചോദ്യം ചോദിയ്ക്കാൻ ഒരു മടിയുമില്ല മലയാളികൾക്ക്. നാല് വർഷം മുൻപ് മീനുകൾ ചുംബിക്കുന്നു എന്ന പെൺ പ്രണയങ്ങളുടെ പുസ്തകമെഴുതുമ്പോൾ, ഞാൻ എന്നോട് തന്നെ ചോദിച്ചിരുന്നു, പ്രണയം ആർക്കായാലെന്ത്, ആണായാലും പെണ്ണായാലും എന്ത്, പ്രണയിച്ചാൽപ്പോരേ? പക്ഷെ ആ പുസ്തകത്തിന്റെ തുടക്കം മുതൽ വിവാദങ്ങളുണ്ടായിരുന്നു. നഗരത്തിലെ പ്രശസ്തമായ ഒരു കലാലയത്തിൽ ആയിരുന്നു അതിന്റെ പ്രകാശനം വച്ചിരുന്നത്. എന്നാൽ വിഷയം പെൺ പ്രണയം ആണെന്നറിഞ്ഞതും കോളേജിന്റെ ഉന്നത തലങ്ങളിൽ നിന്ന് വിളിയെത്തി. അവിടെ പഠിക്കുന്ന കുട്ടികൾ വഴി തെറ്റും അതുകൊണ്ട് ഇതിവിടെ നടക്കില്ല! അങ്ങനെ ആ പ്രകാശനവേദി മാറ്റേണ്ടി വന്നു. പ്രണയത്തോടു തന്നെ ഭീതിയുള്ള ഒരു കൂട്ടം മനുഷ്യർ ഹോമോസെക്ഷ്വാലിറ്റിയെ ഭയപ്പെടുന്നതിൽ അതിശയോക്തിയില്ലല്ലോ. പക്ഷെ ചിന്തകളിൽ പുരോഗമനം സൂക്ഷിക്കുന്ന മനുഷ്യർ കൂട്ടുണ്ടായി.

വിവാദം അവിടം കൊണ്ടും അവസാനിച്ചില്ല. പുസ്തകത്തിലെ പ്രണയികളായ താരയെയും ആഗ്നസിനെയും വായിച്ച ശേഷം പലരുടെയും സംശയം അവരിലൊരാൾ സ്വയം എഴുത്തുകാരി തന്നെ ആണോന്നായിരുന്നു! എഴുത്തുകാർ എഴുതുന്നതെല്ലാം സ്വന്തം ജീവിതമാണെന്ന കപട ധാരണയും ചോദ്യം ചെയ്യലും അവിടെയുണ്ടായി. സംശയം തീരാതെ സ്ത്രീ സുഹൃത്തുക്കളൊക്കെ ആ ചോദ്യം നേരിട്ടു, -നിങ്ങളാണോ താര?-

-അവരുടെ കാമുകി നീയാണോ-

ഉത്തരവാദിത്തമുള്ള ഒരുകൂട്ടം മനുഷ്യരെ മറ്റെവിടെയും കാണാൻ കിട്ടില്ല എന്നതാണ് സത്യം. വളരെ രസകരമായ ഈ ചോദ്യങ്ങളെയൊക്കെയും എടുക്കാൻ തോന്നിയത്. ഒരു പുസ്തകമെഴുതി എന്നതുകൊണ്ട് മാത്രം പലരുടെയും മനസ്സിൽ ലെസ്ബിയൻ ആക്കപ്പെട്ട ഒരാളെന്ന നിലയിൽ പെൺ പ്രണയത്തെക്കുറിച്ചെനിക്ക് പറയാനാകും.

ഇപ്പോൾ ആദില എന്നും നൂറ എന്നും പേരുള്ള രണ്ടു പെൺകുട്ടികൾ തങ്ങൾ ലെസ്ബിയൻ ആണെന്ന് ഉറക്കെ പ്രഖ്യാപിക്കുമ്പോൾ അവർക്കെതിരെ ഉറഞ്ഞു തുള്ളുകയാണ് സോഷ്യൽ മീഡിയയിലെ കഴിഞ്ഞ നൂറ്റാണ്ടുകളിൽ നിന്നും ബസ് കയറാത്ത ചിലർ. ലെസ്ബിയനിസം ഒരു മാരക രോഗമാണെന്നും അവർക്ക് ചികിത്സയാണു ആവശ്യമെന്നും ചിലർ ഉപദേശിക്കുമ്പോൾ നല്ല ചുട്ട അടിയാണ് വേണ്ടതെന്നു വേറെ ചിലർ പറയുന്നു. നമ്മുടെ സങ്കല്പങ്ങൾക്കനുസരിച്ച് പരമ്പരാഗത രീതികൾക്കനുസരിച്ച് ജീവിക്കാത്തവർ എല്ലാം മാനസിക വിഭ്രാന്തിയുള്ളവരാണെന്ന ബോധം ഒരു ബോധമില്ലായ്മയാണ്. പൊതുബോധത്തിൽ നിന്ന് മാറിനടക്കുന്നവർ എല്ലാവരുടെയും കണ്ണിലല്ല, ചിലരുടെ കണ്ണിൽ മാത്രമാണ് വ്യത്യസ്തർ. അവരെ അങ്ങനെയല്ലാതെ സ്വാഭാവിക മനുഷ്യർ എന്ന് തന്നെ കരുതി ചേർത്ത് പിടിക്കുന്ന ഒരുപാട് പേരുണ്ട്. ലോകത്തെ എല്ലാവരെയും സന്തോഷപ്പെടുത്തി അല്ലെങ്കിലും എന്ത് കാര്യം ചെയ്യാനാണ്!

പ്രണയിക്കാൻ പല കാരണങ്ങളുമുണ്ടാകും. ആത്യന്തികമായി ഒരു കാരണവും അനുഭവപ്പെടാത്ത ഒന്നിച്ചു ജീവിക്കാൻ തക്ക ആഴത്തിൽ അങ്ങ് പ്രണയിക്കുക എന്നേയുള്ളൂ. അതിപ്പോൾ അപ്പുറത്ത് നിൽക്കുന്നത് ആണായാലും പെണ്ണായാലും പ്രണയത്തിലാവുക എന്നേയുള്ളൂ. അതുതന്നെയാണ് ആദിലയും നൂറയും ചെയ്തിരിക്കുന്നത്. അവരെ അവരുടെ വഴിക്ക് വിടുക, അവരുടെ സ്വകാര്യതകളിൽ ഇടപെടാതിരിക്കുക, അതാണ് സാമൂഹിക മര്യാദ.

മീനുകൾ ചുംബിക്കുന്നു പബ്ലിഷ് ചെയ്ത ശേഷം കുടുംബമായി ജീവിക്കുന്ന എത്ര പെൺകുട്ടികളാണ് അവരുടെ പെൺപ്രണയം പറഞ്ഞതെന്നോ! അവരിൽ ചിലർ തങ്ങളുടെ പുരുഷന്മാരായ പങ്കാളിയോട് സത്യം തുറന്നു പറഞ്ഞു വിവാഹത്തിൽ നിന്ന് പുറത്തിറങ്ങി വരാൻ തയ്യാറായി. സാമ്പത്തിക സമത്വമുള്ള ഒരുകാലത്ത് ഇത്തരം സ്വകാര്യ താൽപര്യങ്ങളിൽ ഒരു പെൺകുട്ടിക്ക് ഒറ്റയ്ക്ക് തീരുമാനമെടുക്കാൻ എളുപ്പമുണ്ട്. അതുകൊണ്ടു തന്നെ സാമ്പത്തികമായി ബലപ്പെടുത്തുക എന്നതാണ് ഓരോ സ്ത്രീയുടെയും പ്രാഥമിക കടമ. പല കാരണങ്ങളുണ്ടാവാം ഒരു പെൺകുട്ടിയോട് പ്രണയം തോന്നാൻ. അതൊന്നും കണ്ടെത്തേണ്ട കാര്യമില്ല, രണ്ടു പേർക്കും തോന്നിയാൽ അത് സ്വാഭാവിക പ്രണയമായിത്തന്നെ കാണാൻ പൊതുജനം തയ്യാറാകണം. സമൂഹത്തിലെ മുഖ്യധാരയിലേയ്ക്കും ഹോമോ സെക്ഷ്വാലിറ്റിയുള്ളവർ ഇറങ്ങി സംസാരിക്കണം. അത് സ്വാഭാവികമാണെന്ന് കരുതുന്ന ഒരു ജനത രൂപപ്പെടുന്ന കാലത്തോളം ഇങ്ങനെ പറഞ്ഞുകൊണ്ട് ഇരിക്കേണ്ടി വരും. സാരമില്ല, അതും ഒരു യുദ്ധമാണ്, സ്വകാര്യതയ്ക്കും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള യുദ്ധം.


**(കവി ജയദേവൻ മാഷ് കവിതയെക്കുറിച്ചു പറഞ്ഞത്. ഒപ്പം അദ്ദേഹത്തിന്റെ കവിതയും. ജീവിതം ഏറ്റവും അനായാസം ജീവിച്ചു മുന്നേറേണ്ട ഒന്നാണെന്നു സ്വജീവിതത്തില്ലടെയാണു മാഷ് നമുക്കു കാട്ടിത്തരുന്നത്. ഒറ്റമുണ്ടുടുത്ത കാവു പോലെ തോന്നുന്ന വീട്ടുപറമ്പിൽ പ്രകൃതിയിലെ സർവ്വതിനോടും മിണ്ടി പറഞ്ഞു മാഷ് ഒരു കുട്ടിയായി, ചിലപ്പോൾ വിരഹിയായ പ്രണയിയായി ജീവിക്കുന്നു. കവിതയെ ഇത്രമേൽ ആർദ്രമായ്ത്തൊടുമ്പോൾ ഉൾപ്പുളകത്തോടെയല്ലാതെ ആ വാക്കുകൾ കേട്ടിരിക്കാൻ നമുക്കാവില്ല.)**

# ജീവന്റെ സൂര്യരശ്മി കാലത്തെ തുളച്ചു കടക്കുമ്പോൾ...

ജീവിതത്തെ പുഴയെന്നു കാണുന്ന നോട്ടമാണ് എനിക്കുമിഷ്ടം. ഉറവതൊട്ടു കടലോളമുള്ള നദിയുടെ ഒഴുക്കിൽ അത് ഒഴുകും ഭൂമിയോട് എങ്ങനെ പെരുമാറിയോ അങ്ങനെയൊക്കെ ജീവിതവും കാലത്തോടു പെരുമാറുന്നു. നദി ഭൂമിയോടെന്ന പോലെ ജീവിതം കാലത്തോടും യുദ്ധം ചെയ്യുന്നില്ല. തടസ്സങ്ങൾ മുന്നിൽ കാണുമ്പോൾ വഴിമാറിയൊഴുകുന്നു. ഉയരത്തിൽനിന്ന് നിർഭയം താഴേയ്ക്കു ചിതറിവീഴുന്നു. ആ വീഴ്ചയിൽ നിന്ന് അനാദിയായ സംഗീതം ആവിർഭവിക്കുന്നു. ഇടയ്ക്കു വീതിയേറിയും ചെരിവുകളിലൂടെ വർദ്ധിത വേഗത്തിലും സമതലങ്ങളിലൂടെ പതിഞ്ഞ താളത്തിലും ജീവിതവും പുഴയും ഒഴുകുന്നു. പുഴയെന്നപോലെ ജീവിതവും പലേടത്തും മുറിച്ചു കടക്കാനാവാത്തവിധം ആഴമേറിയതായിരിക്കുന്നു.

ജീവിതത്തെ പുഴയെന്നു കല്പിച്ചുള്ള നോട്ടം രണ്ടു തരത്തിൽ പറ്റും. ഓരത്തെ പൂമരയായി നിന്നു കൊണ്ടുള്ളത് ആദ്യത്തെത്. വേരുകൾ പുഴ നനവിൽ അമർത്തിവെച്ച് പൂത്തും തളിർത്തും ആനന്ദ സന്യാസിയായുള്ള നിൽപ്. ഋതുക്കൾക്കൊത്തു നദിയുടെ ആലാപനസ്വരത്തിൽ വരുന്ന അർഥവ്യത്യാസങ്ങളറിഞ്ഞും ആ അർഥസവിശേഷതകളെ മനനം ചെയ്തും ധ്യാനിയായുള്ള ഒരേ നിൽപ്. ആ നിൽപിൽ കണ്ണടഞ്ഞു പോകുമ്പോൾ നദിയൊഴുകുന്നത് പുറത്തുകൂടെയല്ല അകത്തുകൂടെയും ആണെന്ന് പൂമരം അറിയും. എല്ലാ ഞരമ്പുകളിലൂടെയും കടലിലേയ്ക്കും ആകാശത്തിലേയ്ക്കും നദിയൊഴുകുന്നു. ജീവിതത്തെ പുഴയെന്നു കല്പിച്ചുള്ള രണ്ടാമത്തെ നോട്ടപ്രകാരം ആൾ നദിയിലടർന്നു വീണ പഴുക്കിലയോ പൂവിതളോ ആണ്.  അതിൽ ജീവന്റെ കുഞ്ഞുറുമ്പ് പറ്റിച്ചേർന്നിരിക്കുന്നു. അതിന്റെ വേഗം പുഴയുടെ വേഗം. പുഴയെപ്പോലെ അതും കടലിലേയ്ക്കു പോകുന്നു. അനാദിയായ ജലസഞ്ചയത്തിലേയ്ക്ക്.

ഒരു പൂമരത്തിൽ പൂക്കളുണ്ടാകുന്നപോലെ സ്വാഭാവികമായി ഒരു മനുഷ്യനിൽനിന്ന് കവിതയുണ്ടാകുന്നു. മരം വേരുകൊണ്ടനുഭവിച്ചത് ആകാശത്തോടു പറയാനുള്ള ഭാഷകണ്ടെത്തുമ്പോഴാണ് ഒരു മരം പൂവണിയുന്നത്, ഒരാളിൽ നിന്ന് ഒരു കവിതയുണ്ടാകുന്നത്. സൂര്യരശ്മി ജലബിന്ദുവിലൂടെ കടന്നുപോകുമ്പോൾ എന്നപോലെ ജീവന്റെ പ്രാർഥന കാലബിന്ദുവിനെ തുളച്ചു കടക്കുമ്പോഴും മഴവില്ലുണ്ടാകുന്നു. ഇപ്പറഞ്ഞതിലെ രണ്ടാമത്തെ മഴവില്ലാകുന്നു കവിത.



## ബുദ്ധത

സന്തോഷമാവാൻ ഹേതു
ഒന്നുമേ വേണ്ടാത്തവർ
ശരിക്കും ഉദ്ബുദ്ധന്മാർ
അവർക്കെൻ നമോവാകം.

എങ്ങിരുന്നാലും അതേ
സ്വസ്ഥാനമെന്നുള്ളവർ
പൂർണരാം ഉദ്ബുദ്ധന്മാർ
അവർക്കെൻ നമോവാകം.

ആരൊപ്പമുണ്ടോ അയാൾ
പ്രേമിയായ് തോന്നുന്നവർ
ശരിക്കും ഉദ്ബുദ്ധന്മാർ
അവർക്കെൻ നമോവാകം.

അപരന്റെ കണ്ണിൽ തന്നെ
കാണുവാൻ കെല്പുള്ളവർ
ശരിക്കും ഉദ്ബുദ്ധന്മാർ
അവർക്കെൻ നമോവാകം.

ഒഴിഞ്ഞേയിരിപ്പിലും
നിറഞ്ഞു തോന്നുന്നവർ
ശരിക്കും ഉദ്ബുദ്ധന്മാർ
അവർക്കെൻ നമോവാകം.

സ്ഥിതവും പ്രവാഹവും
എന്നൊരാൾ തന്നെത്തന്നെ
അറിയും ഉദ്ബുദ്ധത-
യ്ക്കെന്നെന്നും നമോവാകം.

SHIJU ABRAHAM FINANCIAL SERVICES



**www.ShijuFinancial.com**

**Off : 972-455-4371**

**sabraham@financialguide.com**

# Achieve Your Goals

| | |
|---|---|
| **Saving & Investment Strategies** | **Life Insurance & Annuities** |
| **College Saving Strategies** | **Disability & Long Term Care Insurance** |
| **Tax Reduction Strategies** | **IRA, Roth IRA & SEP IRA** |
| **Retirement Plans & Mutual Funds** | **401(k) Set Up & Rollovers** |

13455 Noel Rd, 20th Floor, Dallas, TX 75240

*Securities offered through qualified registered representatives of MML Investors Services, LLC. Member www.sipc.org. Shiju Abraham Financial Services is not a subsidiary or affiliate of MML Investors Services, LLC, or its affiliated companies*

*CRN202110-255789*

കവിത

കിളിമാനൂർ ദിവാകരൻ



# എനിക്ക് വേണ്ടാത്തതൊന്നും തരരുത്

ആരുമെന്നെ
സ്നേഹിക്കരുത്!
വെറുപ്പു കൊണ്ടു
എന്റെ ചിതയ്ക്ക്
തീ കൊളുത്തുക!

ആരുമെന്നെ ഊട്ടരുത്,
വിഷവും കീടനാശിനിയും
അലങ്കരിച്ചു
എന്റെ തീൻമേശയിൽ
നിരത്തുക!

ആരുമെന്നെ കൊല്ലരുത്,
നുണയും ചതിയും കൊണ്ടെന്നെ
കൊല്ലാക്കൊല ചെയ്യുക!

ആരുമെന്നെ
ബഹുമാനിക്കരുത്,
അവഗണനയും
പരിഹാസവും കൊണ്ടെന്നെ
അപമാനത്തിന്റെ മാലിന്യക്കുഴിയിൽ
വലിച്ചെറിയുക!

ഞാൻ നട്ടുവളർത്തിയ
മരത്തിൽ നിന്നും
നിങ്ങളെന്റെ വേരുകൾ
അറുത്തു മാറ്റുക!

ഞാൻ സ്വപ്നം കൊണ്ടു
അലങ്കരിച്ച എന്റെ വീട്ടിൽ
എന്നെ വാടകക്കാരനാക്കുക!

ഞാൻ കൊത്തിയെടുത്ത
ശില്പത്തിൽനിന്നും
എന്റെ ദൈവത്തെ നിങ്ങൾ
ഒളിച്ചുകടത്തുക!

ഒടുവിൽ,
നിങ്ങളുടെ വിരുന്നു മേശയിൽ
എന്നെ വറുത്തു വിളമ്പുക!

നിങ്ങളെ സ്നേഹിച്ചതിനു
അത്താഴത്തിനു ശേഷം
നിങ്ങളെനിക്ക്
വിലയിടുക!

---

**കിളിമാനൂർ ദിവാകരൻ**
തിരുവനന്തപുരം ജില്ലയിൽ കിളിമാനൂരിൽ ഇരട്ടച്ചിറയിൽ ജനിച്ചു. 1943 ൽ ആണ് ജനനം. കുട്ടിക്കാലത്തേ കവിതയെഴുതുന്നുണ്ട്. പല ആനുകാലിക പ്രസിദ്ധീകരണങ്ങളിലും എഴുതിയിട്ടുണ്ട്.

# ഇ-മലയാളി

# കഥാമത്സരം

## 2022-ലേക്ക് കഥകൾ ക്ഷണിക്കുന്നു



സാഹിത്യ പ്രേമികളുടെ പ്രിയപ്പെട്ട ഓൺലൈൻ മാധ്യമം ഇ-മലയാളി www.emalayalee.com ലോക മലയാളികൾക്കായി സംഘടിപ്പിക്കുന്ന രണ്ടാമത്തെ കഥാമത്സരത്തിലേക്ക് കഥകൾ ക്ഷണിക്കുന്നു. കഴിഞ്ഞ വർഷം നടത്തിയ മത്സരത്തിനു ലോകമെങ്ങു നിന്നും വലിയ പ്രതികരണമാണ് ലഭിച്ചത്. സമ്മാനാർഹരെ നിഷ്പക്ഷമായി തെരഞ്ഞെടുക്കാനും അവർക്ക് പ്രഖ്യാപിച്ച സമ്മാനങ്ങൾ യഥാസമയം നൽകുവാനും കഴിഞ്ഞു.

ഈ വർഷവും ഒന്നാം സമ്മാനാർഹമായ കഥക്ക് 50,000 രൂപ സമ്മാനമായി നൽകും. 10,000 രൂപ വീതം അഞ്ച് രണ്ടാം സമ്മാനങ്ങളാണ് ഇത്തവണത്തെ പ്രത്യേകത.

അയച്ചു തരുന്ന കഥകൾ പ്രസിദ്ധീകരിക്കുന്ന പക്ഷം പ്രതിഫലം നൽകും.

കഥകൾ 10 പേജിൽ കവിയരുത്. യൂണി കോഡ് ഫോർമാറ്റിൽ mag@emalayalee.com എന്ന വിലാസത്തിൽ അയക്കുക. കഥയോടൊപ്പം കഥാകൃത്തിനെ സംബന്ധിച്ച ചെറു വിവരണവും ഫോട്ടോയും അയക്കണം.

**കഥകൾ ലഭിക്കേണ്ട അവസാന തീയതി ജൂലൈ 31**

പ്രായപരിധി പതിനെട്ട് വയസുമുതൽ;
കഴിഞ്ഞ തവണ അയച്ച കഥകൾ അയക്കരുത്.

സമ്മാനാർഹരെ ഓഗസ്റ്റ്-സെപ്റ്റംബറിൽ പ്രഖ്യാപിക്കും.

Contact: editor@emalayalee.com; 9173244907; 9176621122

നാടൻപാട്ട്

## ഗോപകുമാർ ജി എസ്



# മാൻമിഴിയാൾ

ചന്തത്തിലുള്ളൊരു ചന്ദന പൊട്ടിട്ട് ചന്ദ്രികയായോളെ
ഇന്നെന്റെ ചന്ദ്രികയായോളെ...
തുടുതുടുപ്പാട്യേ നീയെന്നിൽ പെടപെടപ്പാട്യേ....
തുടുതുടുപ്പാട്യേ നീയെന്നിൽ പെടപെടപ്പാട്യേ....

ചന്ദനമിട്ടെന്റെ കൺമുന്നിലെത്തി നീ
ചങ്ക് കവർന്നോട്യേ...
ഇന്നെന്റെ ചങ്കിൽ നിറഞ്ഞോട്യേ...,
തുടുതുടുപ്പാട്യേ നീയെന്നിൽ പെടപെടപ്പാട്യേ....
തുടുതുടുപ്പാട്യേ നീയെന്നിൽ പെടപെടപ്പാട്യേ....

അക്കരെക്കാവിലെ വേലയ്ക്ക് പോയപ്പോൾ കണ്മഷി വാങ്ങിത്തന്നു....
കരിവള കയ്യിലേയ്ക്കിട്ടു തന്നു...
തുടുതുടുപ്പാട്യേ നീയെന്നിൽ പെടപെടപ്പാട്യേ....
തുടുതുടുപ്പാട്യേ നീയെന്നിൽ പെടപെടപ്പാട്യേ....

കസ്തൂരി മാൻ മിഴി കൊണ്ടു നീ ഇന്നെന്നിൽ മഴവില്ല് തീർത്തതല്ലേ....
ഉള്ളിലെ ഇഷ്ടം പറഞ്ഞതല്ലേ...
തുടുതുടുപ്പാട്യേ നീയെന്നിൽ പെടപെടപ്പാട്യേ....
തുടുതുടുപ്പാട്യേ നീയെന്നിൽ പെടപെടപ്പാട്യേ....

ഓണത്തിന്റന്നു നീ ഊഞ്ഞാലിലാടുമ്പോൾ
ഉണ്ട ഞാനിട്ടു തന്നു
എന്റെ ഉള്ളം പകുത്തു തന്നു....
തുടുതുടുപ്പാട്യേ നീയെന്നിൽ പെടപെടപ്പാട്യേ....
തുടുതുടുപ്പാട്യേ നീയെന്നിൽ പെടപെടപ്പാട്യേ....

പൂമരക്കൊമ്പിലെ പൂക്കളിറുത്തു നാം
പൂക്കളമിട്ടില്ലേ.... അന്നൊരു പൂക്കളമിട്ടില്ലേ..
തുടുതുടുപ്പാട്യേ നീയെന്നിൽ പെടപെടപ്പാട്യേ....
തുടുതുടുപ്പാട്യേ നീയെന്നിൽ പെടപെടപ്പാട്യേ....

മേലേക്കൊമ്പിലെ മാമ്പഴമെത്രഞാൻ
പൊട്ടിച്ചു തന്നു പെണ്ണേ
നിന്റെ കൊതിയെത്ര മാറ്റി പെണ്ണേ...
തുടുതുടുപ്പാട്യേ നീയെന്നിൽ പെടപെടപ്പാട്യേ....
തുടുതുടുപ്പാട്യേ നീയെന്നിൽ പെടപെടപ്പാട്യേ....

ചേറ്റിൽ വിരിഞ്ഞോരാ ആമ്പലിനായി നീ നീട്ടികരഞ്ഞപ്പോൾ...
പൊട്ടിച്ചു തന്നില്ലേ ഞാനന്ന് ചേറ്റിൽ കുളിച്ചില്ലേ....
തുടുതുടുപ്പാട്യേ നീയെന്നിൽ പെടപെടപ്പാട്യേ....
തുടുതുടുപ്പാട്യേ നീ യെന്നിൽ പെടപെടപ്പാട്യേ...

**ഗോപകുമാർ ജി എസ്**
വയലേലകളെയും കൃഷിയേയും സ്നേഹിക്കുന്ന ഒരു കൊല്ലത്തുകാരൻ. ഇപ്പോൾ ദുബായിൽ



Blue Ocean Wealth Solutions
2200 Northern Blvd. Suite 200
East Hills, NY 11548
Ph: 516-326-7033
Cell: 516-902-4300
Fax: 516-326-7055
Slukose@financialguide.com
www.sabulukose.com

NAIFA

Member MDRT®

Blue Ocean Wealth Solutions
A member of the MassMutual Financial Group

# SABU LUKOSE, MBA

Financial Services Representative
Financial Advisor
Registered Representa5ve
Platinum Conference
Member Million Dollar Round Table (MDRT)

Retirement Planning
Investment Strategies
Life Insurance


Education Funding
Business Solutions
Estate Conservation Strategies

☎ : 516-902-4300

MassMutual Financial Group is a marketing name for Massachusetts Mutual Life Insurance Company (MassMutual) and its affiliated companies and sales representatives. Sabu Lukose is a registered representative of and offers securities and investment advisory services through MSI Financial Services, Inc. Member SIPC. Some health insurance products offered by unaffiliated insurers. L0916477867[exp0717][AZ,IL,IN,KS,MA,MD,MI,NJ,NY,PA,TX] .

കഥ

**രാഘവ വർമ**



# തെക്കോട്ടിറക്കം

കാറ്റ് നെടുകെ കീറി എന്തോ ഒന്ന് പാഞ്ഞുവരുന്നതായിട്ടാണ് അവനു തോന്നിയത്. അത് വല്ലാത്ത ശബ്ദത്തോടെ ഭിത്തിയിലിടിച്ചു കുമ്മായച്ചീളുകൾ മേലാകെ വീണപ്പോൾ ബേണി ചാടിയെണീറ്റു.

കരുണൻ വിറക് എറിഞ്ഞതാണ്.

'ഡാ, എണീറ്റ് ഒരു മൂന്നു റൌണ്ട് ഓടീട്ടു വാടാ ചുമ്മാ കെടന്നു പഴുക്കാതെ...'

കരുണൻറെ ചീത്തവിളി പതിവുള്ളതാണ്. അയാൾ തോർത്ത് തലയിൽ മുറുകെ കെട്ടി മൺവെട്ടി തോളിൽ തൂക്കി പറമ്പിൻറെ മൂലയിലേക്ക് നടന്നു മറയുന്നത് നോക്കി ബേണി നിന്നു.

ഈയിടെയായി കണ്ണുകൾ എപ്പോഴും പാതി അടഞ്ഞാണ്. ചുറ്റും ഈച്ചയുടെ ശല്യം സഹിക്കാൻ വയ്യാതായിരിക്കുന്നു. പകല് ഉണങ്ങിത്തുടങ്ങിയതറിയാതെ ബേണി ഉറങ്ങിപ്പോയി. വരാന്തയിലെ അമ്മിക്കല്ലിൻറെ ചോട്ടിൽ ചെറിയൊരു ഇരുട്ട് എപ്പോഴുമുള്ളതുകൊണ്ട് രാത്രി നീണ്ടുപോകും. തെറിവിളിയാണ് അവൻറെ അലാറം

മൂന്നല്ല മുന്നൂറു റൌണ്ട് ഓടിയാലും തളരാത്ത മുസിലുകള് ദേഹത്തിന്നുമുണ്ട്. പക്ഷേ തളർന്നു പോയി. ബേണിയുടെ കുതിപ്പും കിതപ്പും, അവന്റെ വേഗവും ഉശിരും കണ്ടിട്ടില്ല കരുണനും കുടുംബവും, ഈ നാട്ടുകാരും, ഈ നാട്ടിലെ നായ്ക്കളും ആരും.  പറഞ്ഞിട്ട് കാര്യമില്ല. ഒരു ഗ്രഹണ പകലിന്റെ തളർന്ന ഉച്ച നിഴലിലാലായിപ്പോയി.

വാസ്തവത്തില് എങ്ങിനെ ഇരിക്കേണ്ടവനായിരുന്നു ബേണി ഈ വിരസമായ സമതലത്തിലെ വിശന്നു  മുഷിഞ്ഞ രാപ്പകലുകൾക്ക് മുൻപ് ഹരിത സുന്ദരവും സുഖശീതളവുമായ രാവിലെകളും മൂടൽമഞ്ഞിന്റെ സന്ധ്യകളും തഴുകിയൊരു ജീവിതം ഇവനുണ്ടായിരുന്നു എന്ന് ഇവിടെ ആർക്കറിയാം! അറിയാന് ആര് മെനക്കെട്ടിരിക്കുന്നു!

ഫേൺഹിൽ താഴ്വരയിലെ ഫിലിപ്പ് മാത്തൻ തേക്കുംമൂട്ടിലിന്റെ പച്ചപുതച്ച  ഇപീരിയൽ ഫാമിൻറെ നടുവിലൂടെ നീളുന്ന ഡ്രൈവ് വേയുടെ അറ്റത്തെ ബംഗ്ളാവും അതിനുചുറ്റുമുള്ള തോട്ടവും സർവ്വതും ബേണിയുടെ സാമ്രാജ്യമായിരുന്നെന്ന് ഈ ജീവനില്ലാ സമതലത്തിലെ ഊരും പേരുമില്ലാത്ത ഒരല്പൻറെ വീട്ടിലെ  ആർക്കും ഇന്നറിയില്ല. അവരത് മറന്നുപോയി!

വാസ്തവത്തില് എങ്ങനെ കുരക്കേണ്ടവനായിരുന്നു ബേണി ഇവന്റെ ഗർജനം കേട്ട് മലഞ്ചെരിവുകള് ഞെട്ടി വിറച്ചിട്ടുണ്ട്! ബംഗ്ളാവിന് എതിർവശത്ത്, റിസോർട് വാച്ച്മാന് ആ കുര കേട്ട് എത്ര തവണ ഇവനെ പ്രാകിയിരിക്കുന്നു

അത് കേട്ട് ഫ്രെഡി ഉറക്കെ ചിരിക്കുമായിരുന്നു. ഫിലിപ്പച്ചായൻതന്നെ പറയുമായിരുന്നു: 'സെന്റ് ബെർണാഡ് കുലത്തിന്റെ അഭിമാനമാടാ നീ...!'

ബേണിയുടെ തട്ടകം അതായിരുന്നു. ഫ്രെഡി അവനെ 'ഡാ, ദളപതീ' ന്നുവിളിച്ചാൽപിന്നെ അവന് ലോകം മുഴുവൻ കാൽക്കീഴിലായിരുന്ന കാലം. രണ്ടും ഒരമ്മ പെറ്റ മക്കളാണെന്ന് പറഞ്ഞു ഫിലിപ് ഉറക്കെ ചിരിക്കുമ്പോൾ മേരിയും വാത്സല്യം പങ്കുവെച്ചു ചിരിച്ചുപോകും.

* * *

നിശ്ശബ്ദതയാണിന്നു ബേണിയുടെ ചുറ്റും. ദേഹത്ത് വീണ കുമ്മായച്ചീളുകൾ കുടഞ്ഞെറിഞ്ഞു അവൻ വരാന്തയിൽനിന്ന് മുറ്റത്തേക്ക് ചാടി അലസമായി വീടിൻറെ തെക്കുവശത്തേക്ക് നടന്നു. പറമ്പാകെ ഉണങ്ങി കിടന്നു. അങ്ങിങ്ങു ചില പച്ചക്കറി തൈകളും പാവലിൻറെ ഒരു പന്തലും അല്ലാതെ മറ്റൊന്നുമില്ല. കുരുമുളക് വള്ളികളെല്ലാം കാറ്റിൽ വാടിയാടുന്നു. കരുണൻറെ നല്ലകാലം പഴങ്കഥയായിരിക്കുന്നു. വീടിനുമുന്പിൽ കട്ടപ്പുറത്തിരുന്ന തുരുമ്പെടുത്ത വില്ലിസ് ജീപ്പിൻറെ തണലിലേക്ക് ബേണി നൂണുകേറി. വേറെ ഒന്നും ചെയ്യാനില്ലല്ലോ.

ജീപ്പിനടിയിലൂടെ ദൂരെ ഇരുമ്പു ഗേറ്റ് കാണാം. ആകെ തുരുമ്പായിട്ടും അതുമാറ്റാൻ കരുണന് ആവേശമൊന്നുമില്ല. അടഞ്ഞ ഗേറ്റിനു വെളിയിൽ പതിവുപോലെ ലോക്കൽ കൂട്ടം അകത്തേക്ക് നോക്കി നിൽക്കുന്നത് അവൻ കണ്ടു. ഇവിടെ എത്തിപ്പെട്ട നാളുകളിൽ ചെയ്തിരുന്നതുപോലെ അതുങ്ങളെ കുരച്ചു വിരട്ടാൻ തോന്നിയില്ല. അതിനുള്ള ആരോഗ്യം ഇല്ലെന്ന രഹസ്യം ലോക്കൽസി

നറിയില്ല, പക്ഷെ അവനറിയാം. വിശന്നൊട്ടിയ വയറിനു എന്ത് കുര!

ബേണി അവരെ നോക്കി കിടന്നു. സ്ഥിരമായുള്ള നാലഞ്ചു കക്ഷികളാണ്. തെരുവിനു സ്വന്തമായ നായ്ക്കൂട്ടം. കൂട്ടത്തിൽ കണ്ട ചെറുതിനെ അവൻ തലപൊക്കി നോക്കി. അതൊരു പുതുമുഖമാണല്ലോ. ആരോ കുടുംബമായതോ അതോ ഏതോ കുടുംബം ഉപേക്ഷിച്ചതോ. ഒരുകാര്യം പ്രത്യേകം ശ്രദ്ധിച്ചു. അവരാരും ഇപ്പൊ അവനെ നോക്കി കുരച്ചു വെല്ലുവിളിക്കുന്നില്ല! നിശ്ശബ്ദരാണ്. വന്നന്നൊക്കെ ഇങ്ങനെയല്ലായിരുന്നു, അവനോർത്തു. വെളിയിൽ വന്നു നോക്കുന്നവരെ അവൻ പഴയ ഫേൺഹിൽ ശൗര്യത്തിൽ കുരച്ചു വിരട്ടുമായിരുന്നു. തിരിച്ചും സംഘമായി കുരച്ചു വെല്ലുവിളിച്ചു, ചുറ്റുവട്ടത്തെ മതിലുകൾക്കു മീതെ അയൽക്കാരുടെ അന്വേഷണത്തിൻറെ തലകൾ പൊങ്ങുമ്പോൾ 'ഇവനാരെടാ വരത്തൻ' എന്നൊന്ന് നോക്കി അവറ്റകൾ ഗേറ്റിൽനിന്നു പിൻവാങ്ങുമായിരുന്നു.

തലയ്ക്കു മീതെ തണലായിരിക്കുന്ന കട്ടപ്പുറത്തെ വില്ലിസ് ജീപ്പ് ബേണിക്ക് എങ്ങനെ മറക്കാൻ കഴിയും! അവനെ അവർ കെട്ടിവരിഞ്ഞു മലയിറക്കി കൊണ്ടുവന്ന ദുശ്ശകുനം! കരുണന് ഇടയ്ക്കൊന്നു തെളിഞ്ഞ നല്ലകാലത്തിൻറെ അഹങ്കാരം! ഇടവേള കഴിയുകയും അഹങ്കാരം അടങ്ങുകയും ചെയ്തപ്പോൾ അവനെപ്പോലെ അതും ഇന്ന് തുരുമ്പെടുക്കുന്നു, അവസ്ഥ പങ്കുവയ്ക്കാൻ അവനു തണൽ കൊടുക്കുന്നു.

* * *

ഒന്നാലോചിച്ചാൽ കരുണൻ എന്തുപിഴച്ചു! നല്ലകാലം വന്നു എന്ന് തോന്നിയപ്പോഴാണ് വടക്കേ പറമ്പിലെ ഈപ്പച്ചൻറെ മകൻ ഷിജു പറഞ്ഞപോലെ ഫേൺഹില്ലിൽ ചെന്ന് ബേണിയെയും കൊണ്ട് വന്നത്. സെയിന്റ് ബെർണാഡ് ഒരു ഉന്നത നായ് കുലമാണെന്നൊന്നും കരുണന് അറിയില്ലായിരുന്നു. നല്ല വില ആണെന്ന് കേട്ടപ്പോൾ മോശമാകില്ലെന്നു വിചാരിച്ചു! കൊടുക്കാൻ കാശുണ്ടായിരുന്നു, മുറ്റത്ത്, അന്നത്തെ തന്നെപ്പോലെ അന്തസ്സുള്ളൊരു പട്ടിയെ വേണമെന്ന് മോഹവും ഉണ്ടായിരുന്നു. കരുണനോ പറമ്പിനോ പ്രത്യേകിച്ച് ഒരു പ്രയോജനവും ഇല്ലാത്ത മകൻ സന്തോഷിനെ ഷിജുവിനോപ്പം വിട്ടു, ബേണിയെ ഇങ്ങു കൊണ്ടുപോന്നു. കുറച്ചൊരു ബലപ്രയോഗം വേണ്ടിവന്നു എന്ന് പിള്ളേര് പറഞ്ഞു. പട്ടിയ്ക്ക് ആ തോട്ടം വിടാൻ ഒട്ടും ഇഷ്ടമല്ലായിരുന്നു പോലും. അങ്ങനെ പട്ടീടെ ഇഷ്ടമൊക്കെ നോക്കാൻ പറ്റുമോ. പിടിച്ചു വലിച്ചിങ്ങു കൊണ്ടുപോന്നു.

നല്ല ഉദ്ദേശ്യമേ ഉണ്ടായിരുന്നുള്ളു. കാലം പൊതുവെ കൊള്ളാമായിരുന്നു. കരുണനിൽ ഒരു ഉത്തമ കൃഷിക്കാരനെ കണ്ടെത്തിയ ചെറിയാച്ചൻ പ്രവചിച്ചതുപോലെ വാനിലാ വിലസി ആടുന്ന കാലം. ആകെയുള്ള കുറച്ചു ഏക്കറുകളിൽ ഉണ്ടായിരുന്ന ഏലവും കുരുമുളകും വെറുതെ സ്ഥലം മെനക്കെടുത്തുക മാത്രമായിരുന്നു. ഇല്ലാത്ത ശ്രദ്ധയൊക്കെ കൊടുത്ത് കണ്ണേ പൊന്നേ എന്നൊക്കെ വളർത്തി, പറിച്ചു കൊടുത്താലും കാൽക്കാശിന്റെ ഗുണമില്ലാതിരുന്ന കാലത്തായിരുന്നല്ലോ 'വാനിലയിലേക്കു തിരിയൂ, ലക്ഷങ്ങൾ കൊയ്യൂ' എന്നൊക്കെ കാർഷിക വിദഗ്ദ്ധർ പ്രത്യേക ടീവി പരിപാടികളിൽ ഉദ്ഘോഷിച്ചത്! ചെറിയാച്ചനും പറഞ്ഞു തിരിഞ്ഞോളാൻ! കിലോയ്ക്ക് ആയിരത്തി അറുന്നൂറിനപ്പുറം വരെ വാനിലാ തലമറന്നാടിയുലഞ്ഞു. എന്ത് അർമാദമായിരുന്നു നാട്ടിൽ! കേട്ടപാതി കേൾക്കാത്ത പാതി പറമ്പിൽ ഉണ്ടായിരുന്നതൊക്കെ പിഴുതെറിഞ്ഞു അയാളും ആഘോഷിച്ചു. അതിനെങ്ങനെ കരുണനെ കുറ്റം പറയും!

അങ്ങനെയാണ് കോഴികൾ ചികയുന്ന കരുണന്റെ കടുത്തുരുത്തിയിലെ മുറ്റത്ത് ഫേൺഹില്ലിലെ ഇംഗ്ലീഷ് കാലാവസ്ഥയിൽ വളരുകയും, ഇംഗ്ലീഷിൽ ആഹാരം കഴിച്ചു, ഇംഗ്ലീഷ് ഷാംപൂവിൽ കുളിച്ചു മാന്യമായി കുരച്ചു കഴിഞ്ഞുപോന്ന ബേണി എന്ന സെൻറ് ബെർണാഡ് കുലജാതൻ എത്തിയത്! ആരെയും കുറ്റം പറയാനാവില്ല.

വന്നന്നുമുതലേ ബേണിയ്ക്ക് ഒന്നും പിടിക്കുന്നുണ്ടായിരുന്നില്ല. താൻ അർഹിക്കുന്നത് ഇതൊന്നുമല്ലാ എന്ന് അവന് തോന്നിയിരുന്നു. ഏറ്റവും അസഹനീയമായി തോന്നിയത് അവരെല്ലാംകൂടെ അവൻറെ പേര് മാറ്റിയതാണ്. പട്ടിയെ കാണാൻ വന്ന ഈപ്പച്ചനാണ് അവനെ 'ബേണിച്ചൻ' എന്ന് ആദ്യമായി വിളിച്ചത്.

ബേണി ഞെട്ടിപ്പോയി! അവനു ഓക്കാനം വന്നു. ഫേൺഹിൽ ബംഗ്ളാവിൻറെ ലോണിൽ സർവ്വതും മറന്ന് ആഘോഷിക്കുമ്പോളൊക്കെ അവനെ ഫ്രെഡി 'ബേണി ബോയ്' എന്നാണു വിളിച്ചിരുന്നത്. അതൊരു ത്രസിക്കുന്ന ഗാങ് ആയിരുന്നു. ഫ്രെഡിയുടെ ഫ്രണ്ട്സ് അലക്സ്, റോണി, ആൻസി, ഫ്രെഡിയുടെ പെണ്ണ് നിമ്മി...അവരുടെ ബൈക്കുകൾ, ടോപ് മാറ്റിയ റാങ്ഗ്ലറിലെ ഡ്രൈവുകൾ, ക്ളൗഡ്സ് എൻഡിലെ അസ്തമയങ്ങൾ...

* * *

'ബേണിച്ചോ...' ഇത്തവണ വിളിച്ചത് സന്തോഷായിരുന്നു. അവർ തീരുമാനിച്ചു, ഫിലിപ്പച്ചായൻറെ തോട്ടത്തിലെ പട്ടിയും 'ച്ചൻ' ആയാൽ മതി. അവൻ ഉറക്കെ കുരച്ചു കലിപ്പ് തീർത്തു.

കിട്ടുന്ന ആഹാരമൊന്നും ബേണിയ്ക്ക് ഇഷ്ടമായിരുന്നില്ല. വൃത്തികെട്ട ചൗ അതിലും വൃത്തികെട്ട പിഞ്ഞാണത്തിൽ! പുതിയ യജമാനൻ അല്പനും പുതുപ്പണക്കാരനും മാത്രമാണെന്ന് അവനറിഞ്ഞു. തുരുമ്പിൽ ഞരങ്ങിയുരഞ്ഞു അടയുകയും തുറക്കുകയും ചെയ്യുന്ന ഗേറ്റിനു പുറത്തു മറഞ്ഞും പതുങ്ങിയും ചാഞ്ഞും ചെരിഞ്ഞും മടിച്ചും ഭയന്നും വന്നുനിന്നു തന്നെനോക്കി അന്തം വിടുന്ന ലോക്കൽ കൂട്ടുകക്ഷികളോടായിരുന്നു ദേഷ്യം മുഴുവൻ. ബേണിയുടെ പ്രകടമായ ആഢ്യത്തം കണ്ട് അമ്പരന്ന അവർ ദൂരെനിന്ന് അവനെ നോക്കി കുരയ്ക്കുമായിരുന്നു. പൊതുവെ അവൻറെ ശരീരഭാഷ അവർക്ക് സ്വീകാര്യമായിരുന്നില്ല. അവരുടെ നിലവാരത്തിലുള്ള അകലം അവനും സഹിച്ചില്ല. അവൻറെ ഗർജ്ജനത്തിൽ അവർ പിൻവാങ്ങും. എന്തായാലും കരുണന് പണം വന്നുകയറുന്നത് ബേണിയ്ക്ക് മനസ്സിലാകുന്നുണ്ടായിരുന്നു. അല്ലെങ്കിൽ

പഴയ വില്ലിസിനെ കട്ടപ്പുറത്തേക്കു മാറ്റി ക്വാളിസ് വന്നു കയറുമോ. വീടിനടിച്ച പുതിയ പെയിന്റിൻറെ മണം പോകാതെ നിന്നു.

സന്തോഷിനെ ഡ്രൈവറാക്കി അയാളും ഭാര്യയും ക്വാളിസിൽ എറണാകുളത്തൊക്കെ പോയി സിനിമ കണ്ട് ഇഷ്ടംപോലെ റെഡിമേഡ് ഷർട്ടുകളും ജീൻസും സാരികളും വാങ്ങി ഗേറ്റ് ഇടിച്ചുതുറന്ന് സ്പീഡിൽ പാഞ്ഞുവന്നു ബ്രേക്കിടുന്നത് അവൻ പലതവണ കണ്ടു. ഈപ്പച്ചൻറെ കൂടെ കുടിച്ചാഘോഷിച്ചു വാനിലയെ പുകഴ്ത്തി പാട്ടൊക്കെ പാടുന്നതും അവൻ കേട്ടു. അവൻറെ ആഹാരം മാത്രം അന്നും പഴകിയ ഇറച്ചിയുടെ ശേഷിപ്പായിരുന്നു.

പിൻവശത്തെ വരാന്തയിൽ വിരിച്ച ചാക്കിൻറെ പുറത്തു കിടക്കുമ്പോൾ ബേണിയുടെ മനസ്സിൽ ബംഗ്ളാവും തോട്ടവും ഫ്രെഡിയുമൊക്കെ തെളിയും. ആ ദിവസങ്ങളൊക്കെ എന്നെന്നേക്കുമായി പോയല്ലോന്ന് ഓർക്കുമ്പോൾ അവൻ ഞരങ്ങിപ്പോകും.

ക്ളൗഡ്സ് എൻഡിലെ ഒരു അസ്തമയമായിരുന്നു അവൻറെ നല്ല നാളുകളുടെ അവസാന സീൻ. അന്ന് ഫ്രെഡിയും നിമ്മിയും ബേണിയും മാത്രമേ ഉണ്ടായിരുന്നുള്ളു. ഫ്രെഡിക്കു പിറ്റേന്ന് ബാംഗ്ലൂർ പോകേണ്ടിയിരുന്നു. അടുത്ത വീക്കെൻഡിൽ വരുമ്പോൾ റിപ്പയർ ചെയ്ത നിക്കോൺ ക്യാമറ കൊണ്ടുവരുമെന്ന് അവൻ നിമ്മിക്ക് ഉറപ്പുകൊടുത്തതാണ്. അവളും ഫ്രണ്ട്സും ഒരു ട്രിപ്പ് പോകുന്നു, അതിനു നിക്കോൺ വേണം.

ഫ്രെഡി വന്നില്ല. അവൻ പോയി. എട്ടാം വളവിലെ മൂടൽമഞ്ഞിൻറെ മറവിൽ ഒളിച്ചിരുന്ന മരണം അവനെയും ബൈക്കിനെയും പാതാളത്തിലേക്ക് കൊണ്ടുപോയി. പിറ്റേന്ന് ബംഗ്ളാവിൻറെ മുന്നിലെ ആൾക്കൂട്ടം കണ്ട് ബേണി ആദ്യം ഒന്നും മനസ്സിലാകാതെ കുരച്ചുകൊണ്ട് തോട്ടത്തിലാകെ ഓടി. അവനു പിന്നെ ഒരിടത്തും കിടക്കാനേ കഴിഞ്ഞില്ല. കുര നിർത്താതെ, ഭ്രാന്തുപിടിച്ചവനെപ്പോലെ തോട്ടമാകെ പാഞ്ഞുനടന്നു. ഫിലിപ്പും മേരിയും എന്തുചെയ്യണമെന്നറിയാതെ തകർന്നു നിന്നു. ബേണിയെ കാണുമ്പോളൊക്കെ മേരിയുടെയും നിമ്മിയുടെയും മനസ്സിൽ ഫ്രെഡി ജീവൻ വച്ചു വന്നു. അത് സഹിക്കാവുന്നതിനും അപ്പുറമായപ്പോളാണ് ബേണിയെ വേറേ ആരെയെങ്കിലും ഏൽപ്പിക്കാമെന്ന് മനസ്സില്ലാമനസ്സോടെ തീരുമാനമായത്. ഒടുവിൽ ഒരു പഴഞ്ചൻ വില്ലിസ് ജീപ്പിൻറെ പിറകിലെ സീറ്റിന്റെ ഇടയിൽ ബേണിയെ കെട്ടിവരിഞ്ഞു കൊണ്ടുപോകുന്നത് കാണാൻ വയ്യാതെ അവർ ഉള്ളിലേക്ക് മാറിക്കളഞ്ഞു.

* * *

രണ്ടു ഞാറ്റുവേല കഴിയുന്നതിനു മുമ്പേ വാനിലാ അതിൻറെ പാട്ടിനുപോയി. വില നിന്നനിൽപ്പിൽ കൂപ്പുകുത്തി തകർന്നു. ഇതെന്താണ് സംഭവം എന്നുപോലും കരുണനും സംഘത്തിനും പിടികിട്ടിയില്ല. ഇത് ഇങ്ങനെയും സംഭവിക്കാം എന്നായിരുന്നു വിദഗ്ദ്ധ പുംഗവന്മാരുടെ വിശകലനം. കരുണൻ പറമ്പു നോക്കി അന്തംവിട്ടു. വാനിലാ ഒരു ഫലിതമായി. പറിച്ചു കളഞ്ഞ കുരുമുളക് വള്ളികൾ അരൂപികളായി കാറ്റിൽ തലയറഞ്ഞു ചിരിച്ചു.

ഉണ്ടായിരുന്ന കാശൊക്കെ ഖണ്ഡശ്ശ തീർന്നപ്പോൾ ആദ്യം ക്വാളിസ് ഈപ്പച്ചന് വിറ്റു. കുറേയധികം പണിയുണ്ട്, വില്ലിസിനെ വർക്ഷോപ്പില് എങ്ങനെയെങ്കിലും എത്തിച്ചാല് ഒന്ന് നോക്കാമായിരുന്നു എന്ന് സന്തോഷ്. കരുണൻ മകനോട് ചൂടായി. 'മിണ്ടിപ്പോകരുത്.'

അൽപം കുരുമുളക് നടാൻ പറമ്പ് ഒരുക്കുന്ന തിരക്കിലായിരുന്നു അയാൾ.

'ബേണിച്ചനു വല്ലോം കൊടുത്താരുന്നോ?,' കുത്തിനോവിക്കാനെന്നവണ്ണം ഭാര്യ ചോദിച്ചു. അവർക്ക് തുടക്കം മുതലേ അവനെ കണ്ണിനു കണ്ടൂടായിരുന്നു.

'ആ, ആർക്കറിയാം ! ആ ചെറുക്കനോട് ചോദീര്. അവനല്ലാരുന്നോ ഊട്ടീലെ പട്ടി ഇല്ലാത്തതിന്റെ കൊറവ്. എനിക്ക് വേറെ പണിയോണ്ട്!'

അന്നുമുതൽ അവൻറെ പട്ടിണി ആരംഭിച്ചു. പിന്നെയെന്നും വിശപ്പിൻറെ കൂടെ തെറിവിളിയും.

* * *

ബേണി അമ്മിക്കല്ലിന് അടിയിലെ ഇരുട്ടിലേക്ക് മടങ്ങി. അവനെ കാത്തിരുന്നതുപോലെ കണ്ണീച്ചക്കൂട്ടം പറന്നിറങ്ങി.

ഒടുവിൽ ഒരു വെള്ളിയാഴ്ച, പാടത്തിനക്കരെ അമ്പലത്തിലെ ഉത്സവത്തിന് കരുണൻ ഭാര്യയെയും കൂട്ടി പോയ ഒരുച്ചയ്ക്ക്, ബേണി വിശപ്പ് സഹിക്കാതെ പതുക്കെ മുൻവശത്തേക്ക് നടന്നു. അവനു മടുത്തിരുന്നു. വെറുതെ ഗേറ്റ് നോക്കി വില്ലിസിനു താഴെ കിടന്നപ്പോൾ പതിവ് ലോക്കൽ സംഘം ഗേറ്റിലെത്തി അകത്തേക്ക് നോക്കി നിന്നു, പിന്നെ പോയി. ഈച്ചപ്പട പിന്നെയും പൊതിഞ്ഞപ്പോൾ അവൻ മെല്ലെ എണീറ്റ് ഗേറ്റിലേക്ക് നടന്നു.

തുരുമ്പിൽ ഞരങ്ങി ഉരഞ്ഞു അടയുകയും തുറക്കുകയും ചെയ്യുന്ന ഗേറ്റ് അവൻ മൂക്കുകൊണ്ട് മെല്ലെ തള്ളി, ഇടവഴിയിലേക്ക് ഇറങ്ങി തെക്കോട്ടു നടന്നു. ദൂരെ, കടവിലേക്കുള്ള ഇറക്കം തുടങ്ങുന്നിടത്തെ ചായക്കടയുടെ കുപ്പത്തൊട്ടിക്കുചുറ്റും സ്ഥിരമായി കൂടുന്ന ലോക്കൽസ് ഞെട്ടി. അവർ വാലാട്ടം നിർത്തി, ചെവി വട്ടംപിടിച്ച് അമ്പരന്നു നോക്കുന്നതൊന്നും ബേണി കണ്ടില്ല. അവൻ മെല്ലെ നടന്നു, ആളിക്കത്തുന്ന വിശപ്പിൽ മലമുകളും ബംഗ്ളാവും മൂടൽ മഞ്ഞുമൊക്കെ മറന്ന് കുപ്പത്തൊട്ടിയിലേക്ക് ചാടി. എച്ചിലിലകൾക്കിടയിൽ ബേണിച്ചന്റെ വിശപ്പ് ഭ്രാന്തായി. തൊട്ടിയിൽ നിന്ന് ചാടി ഇറങ്ങിയ ബേണിച്ചന്റെ വിശപ്പടങ്ങിയ കണ്ണുകൾക്ക് മുന്നിൽ ലോക്കൽസ് നിശബ്ദരായി നിന്നു. ഉള്ളിൽ കനിവ് നിറഞ്ഞ വാലുകൾ തിരിച്ചറിവിൻറെ താളത്തിൽ ഇളകി.

പിന്നീട്, മുന്നിൽ പോയവൻറെ പിന്നാലേ നീങ്ങിയ ലോക്കൽ പടയുടെ ഏറ്റവും പിന്നിലായി ബേണിച്ചൻ നടന്നു...

**രാഘവ് വർമ**
നാലു ദശാബ്ദങ്ങളായി ജേർണലിസ്റ്റാണ്. എഴുത്തും വായനയും യാത്രകളും സംഗീതവും മുവികളുമൊക്കെയായി മുന്നോട്ടു പോകുന്നു.

ATTORNEY AT LAW

# VINOD KEARKE
(KIDANGIL)



- Accident Cases
- Criminal Matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills & Estates

**PERSONAL ATTENTION AT REASONABLE FEE**

1611 Hilside Ave

New Hyde Park, New York 11040

Phone. 516-326-3350; 516-621-5381

Fax: 516-326-3353; Cell: 516-633-5208

മിനിക്കഥ

ജയൻ പി രാമകൃഷ്ണൻ





# നാലുമണിപ്പൂക്കൾ

ഒരു നാലുമണിപ്പൂവിന്റെ കഥ എഴുതിയിട്ടുമെഴുതിയിട്ടും

തീരാതെ കിടക്കുന്നുണ്ട്.

മറ്റൊന്നും കൊണ്ടല്ല,

അതിൽ കഥാനായികയ്ക്കൊപ്പം

കട്ടക്ക് സഞ്ചരിച്ചു കൊണ്ടിരുന്നതും കഥാഗതിയിലെല്ലായിടത്തും നിർണ്ണായക സ്വാധീനം ചെലുത്തുന്നയാളുമായ ഒരു ബംഗാളി കഥാപാത്രമുണ്ട്.

അയാളെ കഥയുടെ വഴിത്തിരിവിലൊരിടത്ത് വെച്ച് പറഞ്ഞു വിടേണ്ടതുണ്ട്.

പക്ഷേ എത്ര ശ്രമിച്ചിട്ടും അതിനു കഴിയുന്നില്ല.

എഴുതിയെഴുതി മിക്കവാറും അതൊരു നോവലിലേക്ക് പോകുമോയെന്ന് എഴുത്തുകാരന് ആശങ്കയില്ലാതെയുമില്ല.

അങ്ങനെയിരിക്കെ ഒരു ദിവസം മേൽ പറഞ്ഞ ബംഗാളിയെ പറഞ്ഞു വിടാതിരുന്ന കഥാകൃത്തിന്റെയടുത്തേക്ക് കഥാനായിക വന്ന് ഇപ്രകാരം ചോദിച്ചു;

'നിങ്ങൾക്ക് ഞാനാണോ വലുത്. അതോ എന്റെ കഥയാണെന്ന് വീമ്പിളക്കി കൊട്ടിഘോഷിച്ച് തുടങ്ങിയിട്ട് കുറച്ചു നാളത്തേക്കെങ്കിലും എന്റെ ജീവിതത്തിൽ കരിവാരിത്തേച്ച ആ മനുഷ്യനാണോ വലുത് ? '

കഥാകൃത്ത്

അടുത്തു തന്നെ അയാളെ പറഞ്ഞു വിടാം എന്ന് പറഞ്ഞിട്ടും നായിക ഒട്ടും തൃപ്തി വരാതെ വീണ്ടും എന്തൊക്കെയോ പറഞ്ഞ് പടിയിറങ്ങിപ്പോയി.

കഥാകൃത്ത് വീണ്ടും

അന്തമില്ലാതെ

തന്നെ വട്ടം കറക്കിക്കൊണ്ടിരിക്കുന്ന

- കഥയ്ക്കും നോവലിനുമിടയിൽ അരിക്കും ചോറിനുമിടയിലെ അവസ്ഥയിലെന്നപോലെ കിടക്കുന്ന -

കഥയുടെ രത്നച്ചുരുക്കം പിന്നെയുമോർത്ത് തുടങ്ങി.

താമസസ്ഥലത്തു നിന്ന് അഞ്ച് കിലോമീറ്ററപ്പുറമുള്ള നഗരത്തിലെ ജോലി സ്ഥലത്തേക്ക് നായികയെ എന്നും ഓട്ടോറിക്ഷയിൽ എത്തിക്കുന്ന ഡ്രൈവറായിരുന്നു അധീർ ഘോഷ് എന്ന ബംഗാളി ഭായി.

കാലങ്ങളായി വിശ്വസ്തൻ.

ഓട്ടോയിൽ പുറകിലിരിക്കുന്നവരുടെ മനസ്സറിഞ്ഞെന്ന പോലെ സഞ്ചരിക്കുന്ന മനുഷ്യൻ.

അയാളുടെ ആത്മാർത്ഥതയും വിശ്വാസ്യതയും കഥാനായികയുടെ വീട്ടിലും ഓഫീസിലും ചർച്ചയായിട്ടുമുണ്ട്.

ബംഗാളി ഭാഷയേക്കാൾ നന്നായി മലയാളം പറയുന്ന അയാൾ മലയാളി തന്നെയാണെന്നാണ് പലരും കരുതിയിരിക്കുന്നത്. അധികം നീട്ടാതെ കഥയുടെ പോയിന്റിലേക്ക് വരാം.

ഓഫീസിലേക്കും തിരിച്ചുമുള്ള യാത്രയിലെ പാതയിലൊരിടത്ത്, കാടുപിടിച്ച്

വള്ളികൾ വഴിയറിയാതെ വളർന്നുപൊങ്ങി

തുരുമ്പിച്ച് ദ്രവിച്ച ഗേറ്റും കടന്ന് പുറത്തേക്ക് തല നീട്ടി നിൽക്കുന്ന ഒഴിഞ്ഞ ഒരു പറമ്പുണ്ട്.

ആ പറമ്പിനുള്ളിൽ ഒരരികിലായി കട്ടകുത്തി വളർന്നു നിൽക്കുന്ന നാലുമണിച്ചെടികൾ...

അതിൽ നിറയെ, എന്നും മടക്കയാത്രയിൽ വിരിഞ്ഞു നിൽക്കുന്ന നാലുമണിപ്പൂക്കളെ കാണാം...

നായിക എങ്ങനെയെങ്കിലും, പണ്ട് മുതലേ തനിക്കിഷ്ടമായ ആ നാലുമണിച്ചെടികളെ വീട്ടിലേക്ക് പുനരധിവസിപ്പിക്കണമെന്ന് അതിയായി ആഗ്രഹിച്ചു.

പക്ഷേ, എങ്ങനെ പറിക്കും.

പാമ്പും എലിയുമൊക്കെ സ്വൈരവിഹാരം നടത്തുന്ന പറമ്പായിരിക്കുമത്.

എങ്കിലും എന്നും അവിടെയെത്തുമ്പോൾ വണ്ടി അല്പം വേഗത കുറച്ച് പോകാൻ അധീറിനോട് പറഞ്ഞിട്ടുള്ളതിനാൽ അയാൾ അതുപോലെ തന്നെ പിന്നീടെന്നും അങ്ങനെ ചെയ്യുമായിരുന്നു.

കഴിഞ്ഞ ദിവസം മടങ്ങിവന്നപ്പൊഴാണ് നാലുമണിപ്പൂക്കളുടെ ഒരു ബാഹുല്യം ശ്രദ്ധയിൽ പെട്ടത്.

വണ്ടി ഒന്നു നിർത്താൻ പറഞ്ഞു.

തല പുറത്തേക്ക് നീട്ടി കുറച്ചുനേരം നോക്കി നിന്നു;

'മാഡത്തിന് അത് വേണോ'

അധീർ തിരക്കി.

'അയ്യോ വേണ്ട, പാമ്പും എലിയുമൊക്കെ ഓടി നടക്കുന്ന പറമ്പാണ്. വരൂ നമുക്ക് പോകാം'

വണ്ടി തിരിച്ച്

വീട്ടിലേക്ക് യാത്ര തുടർന്നു.

പിറ്റേന്ന് നേരം വെളുത്തപ്പോഴാണ് രസം.

അവിടെക്കണ്ട മുഴുവൻ നാലുമണിച്ചെടികളുമായി ചിരിച്ചു കൊണ്ട് മുന്നിൽ നിൽക്കുന്ന അധീർ...

നായിക

ഭർത്താവിനോടും മക്കളോടും ആ കഥ മുഴുവൻ പറഞ്ഞു. ചൂടുള്ള ഒരു കാപ്പി കുടിച്ചിറക്കിയ ശേഷം അധീർ മടങ്ങിപ്പോയി.

അന്ന് അവധി ദിവസമായിരുന്നതിനാൽ വീട്ടുകാരെല്ലാവരും ചേർന്ന് ആ നാലുമണിച്ചെടികളെ ഭംഗിയായി നിരത്തി നിർത്തി നട്ടു വെച്ചു.

പിറ്റേന്ന് ഓട്ടോയിൽ കയറി ആ പറമ്പിനു മുന്നിലെത്തിയപ്പോൾ അധീർ വണ്ടി നിർത്തി.

'എന്തേ,

ഇനി എനിക്ക് വേണ്ട'

നായിക പറഞ്ഞു.

'അതല്ല മാഡം'

'പിന്നെ ? '

'ഒന്നും വിചാരിക്കരുത്.

എനിക്ക് മാഡത്തിനെ

ഭയങ്കര ഇഷ്ടമാണ്.

ഒരുപാടൊരുപാടൊരുപാടിഷ്ടമാണ് '

നായിക ഒരു നിമിഷം

സ്തബ്ധയായി നിന്നു പോയി.

ഈ മനസ്സുമായായിരുന്നോ ഇയാളിത്രയും കാലം വിശ്വസ്തനെപ്പോലെ നിന്നത്...

മറുപടി ഒന്നും പറയാതെ വണ്ടി ഓഫീസിലേക്ക് വിടാൻ പറഞ്ഞു.

തന്റെ മുഖഭാഷ അയാൾ തിരിച്ചറിഞ്ഞിട്ടുണ്ടെന്ന് ആ ചലനങ്ങളിൽ നിന്ന് വ്യക്തമായി.

അയാളെ പറഞ്ഞയച്ച് ക്യാബിനിലേക്കു കയറി ഒരു ദീർഘ നിശ്വാസത്തിനൊടുവിൽ രാജീവേട്ടനെ വിളിച്ച് കാര്യം പറഞ്ഞു.

കലങ്ങിയ മനസ്സോടെ പുറത്തിറങ്ങി ഒരു ഓട്ടോ വിളിച്ച് വീട്ടിലേക്ക് മടങ്ങി.

പിറ്റേന്ന് അധീർ വന്നില്ല.

അതിനു പിറ്റേന്നും വന്നില്ല.

പിന്നീടൊരിക്കലും വന്നില്ല.

.......................................

കഥ ഇവിടെ തീരുന്നില്ല.

അധീർ വരാതായിട്ടും കഥ തീർക്കാത്തതെന്തെന്നാണ് കഥാകൃത്തിനോട് നായികയുടെ ചോദ്യം.

കഥാകൃത്ത് തിരിച്ചു ചോദിച്ചു;

'ഒരു ദിവസം

നേരം പുലരുമ്പോൾ

ഞാൻ കഷ്ടപ്പെട്ട് പറിച്ചു തന്ന

നാലുമണിച്ചെടികളെല്ലാം

എനിക്ക് തിരിച്ച് തരണമെന്ന് പറഞ്ഞ്

അയാൾ വന്നാലോ?'

നായിക,

കഥാകൃത്തിനെ

രൂക്ഷമായൊന്ന് നോക്കി

പുറത്തേക്കിറങ്ങിപ്പോയി.

**ജയൻ പി രാമകൃഷ്ണൻ**

സ്വദേശം : കൊച്ചി പള്ളുരുത്തി. തദ്ദേശ സ്വയം ഭരണ വകുപ്പിൽ ക്ലർക്ക്. ഭാര്യ സ്മിത. മക്കൾ, ശ്രേയസ്സ്. ശ്രീയന്ത്.

കവിത

സുനീഷ് ആചാര്യ



# അഗ്നിതേജസ്സ്

അല്ലയോ അർക്കകിരണങ്ങളേ
ബ്രഹ്മാണ്ഡ മണ്ഡലത്തിലെ
തീഗോളത്തിൽ പിറവി കൊണ്ട
ഊർജ്ജ പ്രവാഹമേ....

എന്റെ ശിരസ്സിൽ തഴുകിത്തലോടി
ഭൂമിയിൽ പതിച്ചാലും,ജ്ഞാന മണ്ഡലത്തെയും
സർപ്പ രൂപിണിയാം കുണ്ഡലിയുമുണർത്തിയാലും.

എന്റെ തൂലികയിൽ വിടരും
അക്ഷരങ്ങളായി, അറിവിന്റെ
അക്ഷയഖനികളായ് മാറിയാലും
നാടിനു നിത്യപ്രകാശമേകിയാലും

പകലോന്റെ തിരുസന്നിധിയിൽ
ഗാന്ധാരിക്കച്ച മുറുക്കിയിരിക്കും
ന്യായ പീഠങ്ങൾക്ക് നീതിയോതുവാൻ
ഉൾക്കാഴ്ച്ചയേകും പ്രകാശമായാലും.

മാനവ ചിത്തത്തിലുരുണ്ട് കൂടും
തിന്മയാം കാർമേഘങ്ങളെ
മഞ്ഞുരുക്കും പോലലിയിച്ച്
നന്മയാം തീർത്ഥജലമാക്കിയാലും.

അറിവ് അഗ്നിയാണ്
സത്യവും അഗ്നിയാണ്
അല്ലയോ അഗ്നി തേജസ്സേ
കരുണ ചൊരിഞ്ഞാലും.

**സുനീഷ് ആചാര്യ**
കവി, കഥാകൃത്ത്. കോട്ടയം ജില്ലയിൽ വൈക്കം സ്വദേശിയാണ്. ഇറ്റാലിയൻ മെർച്ചന്റ് നേവിയിൽ ഓഫീസറായി ജോലി ചെയ്യുന്നു. നവസമൂഹ മാധ്യമങ്ങളിലും ഓൺലൈൻ പ്രസിദ്ധീകരണ ങ്ങളിലും കഥകളും കവിതകളും എഴുതുന്നു.

Allstate®
You're in good hands.

Auto | Home | Business
Life | ATV | Boat




Joseph Mathew

6449 Market St, Upper Darby, PA 19082 (610) 713-0111

കഥ

സന്തോഷ് ആറ്റിങ്ങൽ



# തോരണയുദ്ധം

സ്ഥലത്തെ പ്രധാനിയാവാനുള്ള മോഹം ആർക്കാണില്ലാത്തത്.അങ്ങനെ നോക്കിയാൽ ഈ ചെറുപ്പക്കാരെ തെല്ലും കുറ്റപ്പെടുത്താൻ കഴിയില്ല. അത്തരം മോഹങ്ങൾ സ്വാഭാവികം മാത്രം.അവർ ആറേഴു പേരുണ്ട്. പേരുകൾക്ക് കഥയിൽ പ്രസക്തിയില്ലാത്തതു കൊണ്ട് പറയുന്നില്ല. അല്ലെങ്കിലും പേരിലും ലുക്കിലുമൊന്നുമല്ലല്ലോ കാര്യമിരിക്കുന്നത്? 'കർമ്മണ്യേവാധികാരസ്തേ, മാഫലേഷു കദാചന', എന്നല്ലേ കൃഷ്ണൻകുട്ടി പോലും പറഞ്ഞേക്കണത്. തൽസമയത്തെ ട്രെൻറ് വച്ചു നോക്കിയിട്ട് സ്ഥലത്തെ പ്രധാന ദിവ്യന്മാരാവാനുള്ള എളുപ്പവഴി ഷോർട്ട് ഫിലിമിലൂടെയാണ് നീണ്ടു വളഞ്ഞു കിടക്കുന്നത് എന്നാണ് ചെറുപ്പക്കാർ കണ്ടെത്തിയിരിക്കുന്നത്. അതിൽ തെല്ലു പരമാർത്ഥമില്ലാതെയുമില്ല. സാഹിത്യരചന ,സംഗീതം മുതലായ സർഗ്ഗ ശക്തികളെക്കാൾ സുഗമമാണ് അഭിനയം; വിശിഷ്യാ ഹ്രസ്വചിത്രത്തിലെ നടനം . സാഹിത്യമെഴുതാൻ അപാരമായ ക്ഷമയും തലേലാളു താമസോം വേണം. സംഗീതത്തിനാണെങ്കിൽ സ്വരത്തിൽ ശുദ്ധിയും ഗന്ധർവ സേവയും അത്യാവശ്യമാണ് . ഷോർട്ടനാവുമ്പോൾ ആ വക ടെൻഷനുകളൊന്നുമില്ല. ഒരു മൊബൈൽ ഫോണിൽ പോലും കാര്യം നടത്താം. ക്യാമറയുടെ മുന്നിൽ ചുമ്മാ അങ്ങ് നിന്ന് കൊട്ത്തേച്ചാ മതിയത്രെ. കാട്ടാനക്കു മുന്നിൽ പെട്ടു പോയാൽ നമ്മളൊന്നും പ്രത്യേകിച്ച് ചെയ്യേണ്ടതില്ല, ഒക്കെ ആന ചെയ്തോളുമെന്ന് പറയുന്നപോലെ കാര്യങ്ങളെല്ലാം ക്യാമറ തന്നെ ചെയ്തോളുമെന്ന് സാരാംശം .മുഖത്തെ അഭിനയക്കുറവ് പരിഹരിക്കാൻ എഡിറ്റിംഗാദികളിൽ വകുപ്പുമുണ്ട് പോൽ . കാര്യസാധ്യത്തിനായി, മൊബൈലിൽ ധാരാളം പടങ്ങളെടുത്ത് വിജയിപ്പിച്ചിട്ടുള്ള സംവിധായകനും നാട്ടു പ്രതിഭയുമായ മിസ്റ്റർ സാബുലാലിനെ സമീപിച്ചിരിക്കയാണ് ചെറുപ്പക്കാർ. കാര്യമായ വർക്കുകളൊന്നുമില്ലാതെ തന്റെ പഴയ കാല ചിത്രങ്ങളുടെ ആത്മരതിയിൽ അർമാദിച്ചിരിക്കുമ്പോഴാണ് ലാൽ സമക്ഷം ചെറുപ്പക്കാരുടെ എഴുന്നള്ളത്തുണ്ടാവുന്നത്. ആദ്യമൊക്കെ അല്പം ബലം പിടിച്ചെങ്കിലും സംവിധായക പ്രതിഭ ദൗത്യമേറ്റെടുത്തത് ചെറുപ്പക്കാരുടെ ഭാഗ്യം .

കഥ ,തിരക്കഥ ,സംഭാഷണം എല്ലാം ശ്രീമാൻ സംവിധായകൻ തന്നെ നിർവഹിക്കുന്നു. പുരാണ ചരിത്ര സമകാലിക വിഷയമാണ് .... ഞെരിപ്പായിരിക്കും!. ഒരേ ഒരു പ്രശ്നമുള്ളത് സാമ്പത്തികമാണ്. അതിനുള്ള വഴി അഭിനേതാക്കൾ തന്നെ കണ്ടെത്തിക്കൊടുക്കണമെന്നത്രെ. കാസ്റ്റിംഗ് ,ചിത്രീകരണം , ഇത്യാദികളിൽ നോ കസ്റ്റ്യൻസ് ,നോ കോംപ്രൊമൈസ്. സാബുലാൽ മംഗളം പാടിയയിടത്ത് ചെറുപ്പക്കാർ പണി തുടങ്ങി. പണത്തിനായി പലതും ചിന്തിച്ച് തല പുണ്ണും ,പരുവുമാക്കി. ഒടുവിൽ അറ്റകൈ പ്രയോഗം തന്നെ നടത്താൻ തീരുമാനിക്കുന്നു.ഗതികെട്ടാൽ പുലിക്ക് എന്തും തിന്നാം എന്ന തത്വത്തിലും ,ലക്ഷ്യമാണ് പ്രധാനം ...മാർഗ്ഗമല്ല എന്ന മാക്കിയവല്ലിയൻ പറച്ചിലനുസരിച്ചും ,ഉത്തമ ലക്ഷ്യങ്ങൾക്കായി അല്പം സാഹസവും ,വളഞ്ഞ വഴിയുമൊക്കെ പരീക്ഷിക്കുന്നതിൽ അപാകതയില്ലെന്നുള്ള സിദ്ധാന്തത്തിലെത്തിയിരിക്കുകയാണ് ചെറുപ്പക്കാർ. യുദ്ധത്തിനായുള്ള ലക്ഷ്യസ്ഥാനവും അവർ കണ്ടു വെച്ചു കഴിഞ്ഞു . അല്പം അകലെയുള്ളൊരു ഭൂപണയ ബാങ്ക്. ഇനിയുള്ളതു പരമരഹസ്യമാണ് .... കൗടില്യവചനമനുസരിച്ച് വാർ പ്ലാനിംഗ് ഒരിക്കലും വെളിപ്പെടുത്തിക്കൂടല്ലൊ ... അത് കൊണ്ട് വായനക്കാർ തല്ക്കാലമതറിയണ്ട....

പ്രശാന്തസുന്ദരമായൊരു കവല .കവലയുടെ വിളക്കായി പരിലസിക്കുന്ന അളവന്നൂർ സ്വയം പോഷിണി ഭൂപണയബാങ്ക്. സമയം 11 മണി. ബാങ്ക് പ്രവർത്തന സമയത്തിന്റെ പീക് അവറിലാണ്. ഏഴു ചെറുപ്പക്കാർ മൂന്നു ബൈക്കുകളിലായി ബാങ്കിന്റെ പരിസരത്തേക്ക് ഓടിച്ചു വരുന്നത് മുന്നിൽ സ്ഥാപിച്ചിട്ടുള്ള സീ .സീ .ടീ വിയുടെ ക്യാമറയിൽക്കൂടി ബാങ്കിനകത്തെ സ്ക്രീനിൽ പച്ച

വെള്ളം പോലെ തെളിയുന്നു. ... വരാനിരിക്കുന്ന ഒരത്യാഹിതത്തിന്റെ നാന്ദിയെന്നോണം ബാങ്ക് മാനേജരുടെ തലമണ്ടയിൽ ഒരു തുടിപ്പും പെരുപ്പും അനുഭവപ്പെടുന്നു. ആറാമിന്ദ്രിയത്തിന്റെ പ്രലോഭനം പോലെ.... അദ്ദേഹം ചാടിഎഴുന്നേറ്റ് ക്യാബിനിനിൽ അങ്ങോട്ടുമിങ്ങോട്ടും രണ്ടു റൗണ്ട് ഉലാത്തുന്നു .അനന്തരം പോക്കറ്റിൽ നിന്നും വിഷാദശമനി ചൂർണ്ണമായ ശംഭുവിന്റെ പാക്കറ്റെടുത്ത് പൊട്ടിച്ച് ഇടംവലം ,വലംഇടം ചെരിഞ്ഞൊന്നു നോക്കീട്ട് ഒരു നുള്ള് തോണ്ടിയെടുത്ത് മേൽച്ചുണ്ടിനടിയിലേക്ക് വച്ച് സീറ്റിലേക്ക് ചരിഞ്ഞു വീണ് ആനന്ദത്തിന്റെ ഗുണകോഷ്ഠം ചൊല്ലാൻ തുടങ്ങി. അന്നേരം ഏഴു ചെറുപ്പക്കാരും കൂടി ബാങ്കിനു മുന്നിലെത്തിയിരുന്നു. രണ്ടു പേർ ബാങ്കിലേക്ക് കടക്കാനുള്ള ഇടനാഴിയിൽ ഗാർഡ് ഓഫ് ഓണർ സ്റ്റാറ്റസിൽ ഘടാഘടിയൻമാരായി നിന്നു. അവരുടെ കൈകളിൽ കറുത്ത സഞ്ചികൾ .കറുത്ത സഞ്ചികളിൽ കറുത്ത കൈത്തോക്കുകൾ. സഞ്ചിയിൽ തോക്കുള്ള കാര്യം തൽക്കാലം വായനക്കാർ മാത്രമറിഞ്ഞാൽ മതി.... (കഥയൊന്നു കൊഴുക്കുമ്പോൾ പിന്നീട് സൗകര്യം പോലെ വെളിപ്പെടുത്താം) .ബാക്കി വന്ന നാലു റോബിൻഹുഡൻമാരും കൂടി ഇപ്പോൾ ത്തന്നെ ബാങ്കിനകത്തേക്ക് ഇരമ്പിക്കയറുമെന്നും ഇടപാടുകാരെ മുൾമുനയിൽ നിർത്തുമെന്നൊക്കെ, ബാറ്റൺ ബോസിന്റെ നോവലുകൾ വായിച്ചു വശപ്പെട്ടിരിക്കുന്ന വായനക്കാർ വിചാരിച്ചു വശായെങ്കിൽ തെറ്റി. ഇവിടെ അങ്ങനെയൊന്നും സംഭവിക്കുന്നില്ല. എന്തെന്നാൽ ഇത് ന്യൂ ജെൻ ശൈലിയാകുന്നു. രണ്ടു യുവാക്കൾ മന്ദം മന്ദം അടിവച്ചടിവച്ച് അസിസ്റ്റന്റ് മാനേജറുടെ ക്യാബിനിലിരിക്കുന്ന കൊലുന്നു പെണ്ണിന്റെ ക്യുബിക്കിളിലേക്ക് നൂണ്ടു കയറുന്നു. കസ്റ്റമറാണെന്ന് തെറ്റിദ്ധരിച്ച് ലവൾ മൃദുമന്ദഹാസിനിയായി എതിരേൽക്കാനൊരുമ്പെടവെ ,ഒരു വൻ നൂണ്ട് ചെന്ന് അവളുടെ കാതിൽ ക്ലബ് എങ ലെ കവലച്ചോദ്യം മാതിരി ഒറു ചോദ്യം ഓതുന്നു. ചാവി കൊടുങ്കോ? എന്നതാ ...? ഭാ .... തിരുട്ടുപയലെ സ്ട്രോംങ്ങ് റൂമുടെ ചാവി കൊടുങ്കോ? ...... തിരുവന്തോരംകാരി പെണ്ണിന്റെ മുഖത്തെ മന്ദഹാസം അതിദ്രുതം മങ്ങി .... അവിടെ രുദ്രഹാസം തിളങ്ങി.... പയ്യൻമാരുടെ സർവ കണക്കുകൂട്ടലുകളെയും തെറ്റിച്ചു കൊണ്ട് ആ ചെഞ്ചുണ്ടിൽ നിന്നും ഭീകരമായൊരു പുലയാട്ട് തെറിച്ചു.. 'പോടെർക്കാ .... എന്നാ നെനച്ചു നീ ... ങ്ഹ ... ഇപ്പത്തരാം നെനക്ക് ചാവി ... നെറയെ പണീള്ള പീക് അവറിലാ എടേക്കേറി അവന്റെ ഒരു സാറ്റ്കളിങ്ഹും... ' വീരാംഗനയുടെ യാതൊരു ബഹുമാനവുമില്ലാതെയുള്ള താറ്റൽ കേട്ട് ഏർക്കൻമാർടെ മുഖം മങ്ങി. കിളി പോയി . എങ്കിലും പെട്ടെന്ന് തന്നെ സംയമനം വീണ്ടെടുത്തു. സ്ട്രഗിൾ ഫോർ എക്സിസ്റ്റൻസാണല്ലോ ..വിട്ടു കൊടുത്തു കൂടാ... തെറിച്ചു ഭീഷണമാം വാക്കുകൾ ....' ' ചാവി തന്നില്ലേൽ എല്ലാറ്റിനേം ശുട്ടിടുവേൻ .... വക്കടാ വെടി ...ഫയർ !'ഐസേ ... ഫയർ!'. ക്യാപ്റ്റന്റെ ഫയർ ഓർഡർ ഇടനാഴിയിൽ ഗാർഡു നിന്നിരുന്ന സിപാഹിമാർ കേട്ടു . തിടുക്കപ്പെട്ട് അവർ കറുത്ത തോക്കുകൾ പുറത്തെടുത്തു ... ആകാശത്തേക്കു ചൂണ്ടി .... ട്ടോ ..... ട്ടോ ... ട്ടോ ... ന്ന് പൂച്ചു വെടി മുമ്മൂന്നെണ്ണം കാച്ചി .... മച്ചേലുറപ്പിച്ചിരുന്ന ഘള്ളഉ ബൾബുകളിൽ മൂന്നെണ്ണം ഡപോന്ന് താഴെ വീണതൊഴിച്ചാൽ എയർ ഗണ്ണിൽ നിന്നുള്ള വെടിയാൽ മറ്റൊന്നും സംഭവിച്ചില്ല. പൊതു ജനത്തിന്റെ സമയോചിതമായ ഇടപെടൽ ഉടനുണ്ടാവുകയും ,കൊച്ചിൻ ആർമറിയിൽ നിന്നു സമ്പാദിച്ച നല്ല വെട്ടമുള്ള, പൂച്ചു വെടി മാത്രമുതിർക്കുന്ന ഗണ്ണുകൾ തടവിലാവുകയും ചെയ്തു. ... രണ്ടു വെടിയൻമാരുടെയും ഗളങ്ങൾ ഇടപാടുകാരുടെ കൈകളിൽ അതി ശീഘ്രം ഭദ്രമായി !. ഉക്രയിനിൽ അറ്റാക്കിയ പുഡ്ഡിന്റെ സ്ഥിതിയിലായി പയ്യൻസിന്റെ കാര്യങ്ങൾ .അളിക്കാനും വയ്യാ മൂടാനും വയ്യളിയോ .. എന്ന അവസ്ഥ. .ഇതിനിടെ പുറത്തു നിന്നിരുന്ന ഘടാഘടിയൻമാർ മൂവരും ശീഘ്രം ബൈക്കെടുത്ത് അബ്സ്കോണ്ടിംഗാവുകയും ചെയ്തു.

പിറ്റേന്നത്തെ പത്രങ്ങളിൽ ,കിളിയെ വെടിവയ്ക്കുന്ന തുപ്പാക്കി കാട്ടി ബാങ്ക് റോബറി നടത്താൻ മുതിർന്ന ബല്യ വീട്ടിലെ പുള്ളാരുടെ ത്രസിപ്പിക്കുന്ന വാർത്തയായിരുന്നു വെണ്ടക്ക. മധ്യവർഗ്ഗത്തിൽപ്പെട്ട യുവാക്കളുടെ മനസ്സുകളിൽ ആഗോളവൽക്കരണമേൽപ്പിക്കുന്ന ആഘാതത്തെപ്പറ്റി സാമാന്യം വലിയൊരു കുറിപ്പും അകമ്പടിയായുണ്ടായിരുന്നു.സമ്മദിദായകരേ ...യൂ പി യെ കേരളമാക്കരുതേ എന്ന പ്രസ്താവനയോട് വിയോജിച്ചു കൊണ്ടുള്ള ചില ചോദ്യങ്ങൾ ഗുരുവിനോട് ചോദിക്കാൻ പാകത്തിൽ സങ്ങതികളും, കാര്യങ്ങളും അപ്പോഴേക്കും ചെങ്കോട്ടയോളം വളർന്നിരുന്നു. ഇടിവെട്ട് സംവിധായകരത്നം സാബുലാൽ ,വളരെക്കാലത്തിനു ശേഷം പുതിയൊരു ത്രെഡു കിട്ടിയ സന്തോഷത്താൽ ഒരു ബ്ലാക് ലേബലിന്റെ തൊപ്പി യാതൊരു കാരുണ്യവും കൂടാതെ ഛേദിച്ചിട്ട് , മുറ്റത്ത് ,സ്വഛമാം ഗഗനത്തിൻ കീഴെ, ചില്ലു ഗ്ലാസ്സിനു മുന്നിൽ അമർന്നിരുന്ന് പുതിയ പടത്തിന്റെ എഴുത്താരംഭിച്ചു.

സന്തോഷ് ആറ്റിങ്ങൽ .16 വർഷം ആർമിയിലായിരുന്നു. ഇപ്പോൾ ജുഡിഷ്യൽ സർവീസിൽ. കഥാകൃത്താണ്. കവിതകളും എഴുതാറുണ്ട്. ആനുകാലികങ്ങളിൽ എഴുതിവരുന്നു. ' തോക്കു പുരാണം' എന്ന ആദ്യ പുസ്തകം അടുത്തു പുറത്തിറങ്ങും.

**സന്തോഷ് ആറ്റിങ്ങൽ**

16 വർഷം ആർമിയിലായിരുന്നു. ഇപ്പോൾ ജുഡിഷ്യൽ സർവീസിൽ. കഥാകൃത്താണ്. കവിതകളും എഴുതാറുണ്ട്. ആനുകാലികങ്ങളിൽ എഴുതിവരുന്നു. ' തോക്കു പുരാണം' എന്ന ആദ്യ പുസ്തകം അടുത്തു പുറത്തിറങ്ങും.

കഥ

ഡോ.സേതുലക്ഷ്മി എം.എസ്



# വാടകയ്ക്ക് ഒരമ്മ



അന്ന് വൈകുന്നേരം ഞാനും മകളും വല്ലാത്ത മാനസികസംഘർഷമനുഭവിക്കുകയായിരുന്നു . പരസ്പരം മനസിലാക്കാൻ കഴിയാത്ത തലമുറയുടെ അന്തരമെന്ന കാരണമായിരുന്നു കൗമാരക്കാരിയായ മകൾക്ക് പറയാനുണ്ടായിരുന്നത് . നിശബ്ദമായിരുന്ന പ്രകൃതിയും നിമിഷനേരംകൊണ്ട് ഞങ്ങളുടെ ഉള്ളിലെ കാറ്റും കോളും ഏറ്റുപിടിച്ചു . അവളുടെ കൊലുസിന്റെ ഒച്ച എന്റെ അരികിലെവിടെയോ കേട്ടപ്പോൾ ഞാൻ തലയുയർത്തി .'നമുക്ക് ഒന്നു പുറത്തു പോകാം ....' അലക്ഷ്യമായ അവളുടെ ചോദ്യം എന്നോടുതന്നെയായിരുന്നോ ? ആ.... അറിയില്ല. പക്ഷെ 'പോകാം' എന്ന് ഞാൻ മറുപടി പറഞ്ഞുകഴിഞ്ഞിരുന്നു. കാറുമെടുത്ത് നേരെ പോയത് ഗാന്ധി പാർക്കിലായിരുന്നു യാത്രയിലുടനീളം കാറിലെ സ്റ്റീരിയോയിൽ പാട്ടുകളിൽ സംതൃപ്തയാകാതെ അവൾ ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് സഞ്ചരിച്ചുകൊണ്ടേയിരുന്നു. ഗാന്ധിപാർക്കിലെത്തിയിട്ടും ഞങ്ങൾ പരസ്പരം സംസാരിച്ചില്ല. ജീവിതത്തിന്റെ ഫ്ളാറ്റിന്റെ ഇടുങ്ങിയ ചുറ്റുപാടുകളിൽ ശ്വാസംമുട്ടിയുറങ്ങിയിരുന്ന ഒരു കിളികുഞ്ഞിന് സ്വാതന്ത്ര്യം കിട്ടിയതുപോലെ അവൾ പാർക്കിൽ പറന്നുനടന്നു. ഹാലജൻ ബൾബിന്റെ വെളിച്ചത്തിൽ പാർക്കിലെ ഒരു ബെഞ്ചിൽ രണ്ടറ്റത്തായി ഞങ്ങളിരുന്നു.

ഞാനവളെത്തന്നെ വീക്ഷിക്കുകയായിരുന്നു. എന്നിൽ വേരുപിടിച്ചവൾ, എന്റെ മകൾ.... തെറ്റ് ആരുടെ ഭാഗത്താണ് എന്ന് കണ്ടെത്താൻ എനിക്കായില്ല.... അല്ലെങ്കിൽത്തന്നെ എന്ത് തെറ്റാണുള്ളത്? കൗമാരക്കാരായ പെൺമക്കൾക്ക് അമ്മമാരോടുണ്ടാകുന്ന... സഹജമായുണ്ടാകുന്ന പ്രശ്നങ്ങൾ മാത്രമേ ഞങ്ങൾക്കിടയിലുമുണ്ടായിരുന്നോള്ളൂ. ആ നേരത്താണ് അവളുടെ ഒരു ബാല്യകാലസുഹൃത്ത് ഞങ്ങൾക്കരികിലേക്ക് വന്നത്. 'പ്രിയേ' എന്ന് വിളിച്ച് അവൾ എഴുന്നേറ്റു. എന്തൊക്കെയോ സംസാരിച്ചുകൊണ്ട് അവർ ഏറെനേരം എന്റെ കണ്മുന്നിലങ്ങനെ നിന്നു. കുറച്ച് മുന്നോട്ട് നടന്ന

ശേഷം അവൾ തിരികയെത്തി 'പത്ത് രൂപ തരുമോ കടല വാങ്ങാനാ...' അവൾ എന്നോടാവശ്യപ്പെട്ടു. കുഞ്ഞായിരുന്നപ്പോൾ അവളുടെ മുഖത്തുണ്ടായിരുന്ന നിഷ്കളങ്കത ഒരു നിമിഷം അവളിൽ വീണ്ടും പ്രതിഫലിച്ചു. ഞാൻ പേഴ്സ് തുറന്ന് ഇരുപത് രൂപയെടുത്ത് കൊടുത്തു.

പോകുംവഴി കൂട്ടുക്കാരിക്കുട്ടി എന്നെനോക്കിയൊന്നു പുഞ്ചിരിച്ചു. ഒപ്പം 'അമ്മേ' യെന്നൊരു വിളിയും. ഞാനും തിരികെ പുഞ്ചിരിച്ചു. അവർ കടല വാങ്ങി വീണ്ടും മുൻപോട്ട് നടന്നു. അവരെന്റെ കാഴ്ചയുടെ പരിധി ലംഘിച്ചപ്പോൾ എന്റെ ശ്രദ്ധ പാർക്കിനുള്ളിലേക്കായി. കയ്യിൽ ഒരു പ്ലാസ്റ്റിക് കവറും മുഷിഞ്ഞ സാരിയും പാറിപ്പറന്ന മുടിയുമായി മുടന്തുള്ള ഒരു സ്ത്രീ എന്റെ സമീപത്തുള്ള മറ്റൊരു ബഞ്ച് ലക്ഷ്യമാക്കി നടന്നു. ആ ബഞ്ചിൽ സുമുഖനായ ഒരു ചെറുപ്പക്കാരൻ അവരുടെ മടിയിലേക്ക് കിടന്നു.

മനുഷ്യന്റെ മനസിന് കാറ്റിനേക്കാൾ വേഗതയുണ്ടെന്ന് പറയുന്നതിനെ സത്യമാക്കിക്കൊണ്ട് എന്റെ ശ്രദ്ധമുഴുവൻ പിന്നീട് അവരിലേക്കായി. ഞാൻ അവരെ ശ്രദ്ധിക്കുന്നത് മനസിലാക്കിയിട്ടാകും ആ സ്ത്രീ എന്നെ രൂക്ഷമായി നോക്കി.... 'എന്തിരെടീ നോക്കണത് ?.... അമ്മയ്ക്കും മകനും ഒരു സ്ഥലത്ത് വന്നിരുന്നുകൂടെ?.... നീയെന്താണ് നോക്കണത് ....' ആ സ്ത്രീ പെട്ടന്ന് പ്രതികരിച്ചു. എന്റെ അഭിമാനം എന്നെ വ്രണപ്പെടുത്തി. ഞാൻ തലകുനിച്ചു. അൽപ്പനേരം കഴിഞ്ഞ് ഞാൻ വീണ്ടും അവരെ ശ്രദ്ധിച്ചു. അവർ ആ ചെറുപ്പക്കാരന്റെ മുടിയിൽ തലോടുകയും അയാളുടെ കൈകളിൽ താളം പിടിക്കുകയും ചെയ്തുകൊണ്ടിരുന്നു. അവർ വീണ്ടും എന്നെ ശ്രദ്ധിക്കുന്നുവെന്ന് എനിക്ക് തോന്നി. ഞാൻ നോട്ടം മാറ്റി.

ഏകാന്തതയിൽ തപസിരിക്കാനൊന്നും എന്റെ മനസിനറിയില്ല. ഞാൻ പാർക്കിലെ ഓരോരോയിടത്തേക്കും എന്റെ ദൃഷ്ടി പതിപ്പിച്ചു. പക്ഷെ ഒടുവിൽ അവരിലേക്ക് തന്നെ ഞാൻ എത്തിപ്പെട്ടു. ആ സ്ത്രീ വളരെ പരുഷമായി വീണ്ടും എന്നെ ശകാരിച്ചു. 'എന്തിരെടീ നീ നോക്കണത്.... നിനക്കെന്തോ വേണം ? അമ്മയും മകനും ഒരുമിച്ചിരിക്കുന്നത് കണ്ടിട്ട് നിനക്ക് സഹിക്കണില്ലേടീ....?' അവരുടെ ശബ്ദം കൂടുതൽ പരുഷമാകാൻ തുടങ്ങിയപ്പോ എനിക്കൊരു ബുദ്ധിതോന്നി.... 'അമ്മയെ നല്ല പരിചയം തോന്നി അതാ നോക്കിയത്....' എന്റെ പെൺബുദ്ധി പ്രവർത്തിച്ചു. പിന്നീട് അവരൊന്നും മിണ്ടിയില്ല. മകൾ തിരിച്ചെത്തി പോകാം എന്നറിയിച്ചു. ഞാൻ വീണ്ടും ആ ബഞ്ചിലേക്ക് നോക്കി. അയാൾ ബാഗുമെടുത്ത് റോഡിലേക്ക് നടന്നുതുടങ്ങിയിരുന്നു. ആ സ്ത്രീ എന്റടുത്തേക്കു വന്നു 'ഭഗവാനേ ഇനി അടുത്തത് എന്തുതരം പ്രതികരണമാണോ' എന്ന് എന്റെ മനസൊന്ന് ആളി. 'നീ എന്തരാണ് ഇങ്ങനെ നോക്കണത്?' എന്നായി അവരുടെ ചോദ്യം. 'ഒന്നുമില്ലമ്മേ അമ്മേ കണ്ടപ്പോ നല്ല പരിചയം തോന്നി.... അതാ നോക്കിയത്.' ഞാൻ പറഞ്ഞു എന്നിട്ട് അദ്ധ്യാപികയാണെന്ന് സ്വയം പരിചയപ്പെടുത്തി. അവരുടെ കണ്ണുകളിൽ ഒരു തിളക്കം പ്രത്യക്ഷപെട്ടു. 'അദ്ധ്യാപകരോട് എനിക്ക് ബഹുമാനമാണ്. എന്റെ മക്കളിൽ ആരെങ്കിലും ഒരാൾ അങ്ങനെയാകണമെന്നെനിക്ക് ആഗ്രഹമുണ്ടായിരുന്നു. പക്ഷെ നടന്നില്ല.' അവരുടെ ശബ്ദത്തിൽ നിരാശ നിറഞ്ഞു. 'അതാരാ അമ്മയുടെ മകനാണോ?' ഞാൻ ചോദിച്ചു. 'അല്ല .... അതൊരു ബാങ്ക് മാനേജരാ.... അയാൾ ഇടയ്ക്കിടെ എന്നെ അന്വേഷിച്ച് വരും ഇതുപോലെ കുറേനേരം എന്റെ മടിയിൽ തലവെച്ച് കിടക്കും. ഭാരങ്ങളൊക്കെ ഒഴിഞ്ഞു കഴിയുമ്പോൾ അയാൾ പോകും. പോകുന്നതിനു മുൻപ് അൻപതോ നൂറോ എനിക്ക് തരും....'ഞാനവരെ ഒന്നുകൂടി വീക്ഷിച്ചു.... 'നീ വീണ്ടും നോക്കണ്ടടി പെണ്ണേ ... ഈ നഗരത്തിൽ കിട്ടാത്ത ഒന്നന്വേഷിച്ചാണ് അയാൾ എന്റടുത്ത് വരുന്നത്.... അമ്മയുടെ മടിത്തട്ട് .... കുറച്ചുനേരത്തേക്ക് ഞാൻ അയാൾക്ക് ഒരമ്മയാകും വാടകക്കാരിയായ അമ്മ....' അത്രയും പറഞ്ഞ് അവർ എന്നെ മറികടന്നുപോയി. എന്റെ കണ്ണുകൾ നിറഞ്ഞു. ഞാൻ എന്റെ മകളെയും ആ സ്ത്രീയെയും മാറിമാറി നോക്കിക്കൊണ്ടിരുന്നു. അവൾ വലതുകൈകൊണ്ട് എന്നെയൊന്ന് ചേർത്തു പിടിച്ചു. 'പോകാം അമ്മേ....' അവളുടെ മുഖത്തേക്ക് നോക്കിയപ്പോൾ എനിക്ക് ചിരിയും കരച്ചിലും ഒരുപോലെ വന്നു. ആകാശം തൂകിയ സന്തോഷത്തിൽ കണ്ണ് നനഞ്ഞ് ഞങ്ങൾ മടങ്ങി.


**ഡോ.സേതുലക്ഷ്മി.എം.എസ്**

തിരുവനന്തപുരം സർക്കാർ വനിതാ കോളേജിലെ മലയാളം അദ്ധ്യാപികയാണ്. എം.എ., എം.ഫിൽ .പി .എച്ച് ഡി., ബി.എഡ് ബിരുദങ്ങൾ.

*പതിതകളും രാത്രിമഴകളും* എന്ന കവിതാപഠനഗ്രന്ഥത്തിന്റെ രചയിതാവ്.

ആനുകാലികങ്ങളിൽ ലേഖനങ്ങളും കഥകളും എഴുതാറുണ്ട്.

ഹൈസ്കൂൾ, ഹയർ സെക്കന്ററി തലങ്ങളിലും അദ്ധ്യാപികയായി പ്രവർത്തിച്ചിട്ടുണ്ട് .

കവിത

ഇടക്കുളങ്ങര ഗോപൻ



# വീടില്ലാത്തവൻ

വീടൊഴിയുമ്പോൾ, വിളക്കെടുക്കാൻ മറന്നു പോയി.
വിയർപ്പാറ്റിയ തിണ്ണയിൽ, തെറുത്തു വെച്ച തഴപ്പായ,
നിലംപറ്റെ മുറ്റത്തായ് കിളുർത്തു നിന്ന
മുക്കുറ്റികൾ,
നിലവറയിൽ ഒച്ചയില്ലാതെ പാർത്തിരുന്ന കുറ്റിരുട്ട്,
കാൽ കഴുകാൻ നടപ്പടിയിൽ അമ്മ വെച്ച വാൽക്കിണ്ടി,
കാരണോരും, കാര്യക്കാരും കളിചിരി പടർത്തിയ പൂമുഖം,
തൊടിയിലെ കുറുന്തോട്ടി, കരിങ്കുറിഞ്ഞി നാട്ടുവൈദ്യക്കൈപ്പുണ്യം,
നീട്ടി നിൽക്കും കൂവയിലത്താളുകളിൽ മുഴക്കങ്ങൾ,
വീടിറങ്ങിപ്പോയവനെ വിരൽ ഞൊടിച്ചു വിളിക്കുമ്പോൾ,
വീടകത്തെ വെളിച്ചത്തിൽ നാടു കാണാൻ കൊതിക്കുന്നു.
വീടുവിട്ടു പോയവന് വഴിതെറ്റി, വക തെറ്റി.
വാടകയ്ക്കൊരു മുറി തേടി നാടുനീളെയലയുന്നു.
വീടില്ലാതലയുന്നോന് നാട്ടിലെങ്ങും മുറിയില്ല.
വിലാസത്തിൽ വിരിയാത്ത വീണ പൂവിൻ ജഢമല്ലോ.
വീറില്ല, വൈര്യമില്ല, വിശക്കാത്ത നേരമില്ല.
വിയർപ്പിലായ് കുളിച്ചോന്റെ വില കെട്ടുപോയിരിക്കുന്നു.
വീടില്ലാത്തവന്റെ വിലാസത്തിൽ വിളക്കുതെളിക്കാതെ,
കാലത്തിൻ ഇരവുപകലുകൾ കാഴ്ചയൂതിക്കെടുത്തുന്നു.

---

കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി ഇടക്കുളങ്ങരയിൽ ജനിച്ചു. കുറച്ചു കാലം പത്രപ്രവർത്തകൻ. ഇപ്പോൾ തിരുവിതാംകൂ ദേവസ്വം ബോർഡിൽ എൻജിനീയർ.പതിനൊന്ന് കവിതാ സമാഹാരങ്ങളും ഒരു നോവലും ഉൾപ്പെടെ 15 ഓളം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. തത്വമസി – സുകുമാർ അഴീക്കോട് പുരസ്ക്കാരം, ഡി.വിനയചന്ദ്രൻ സ്മാരക പുരസ്കാരം തുടങ്ങി നിരവധി പുരസ്ക്കാരങ്ങൾ നേടി. ഭാര്യ: ഡോ.എസ്.ജയവേണി. മക്കൾ: ഗോവിന്ദ്, ഗോകുൽ .


Now Open to Serve You!
Newly Redesigned Restaurant Interior
We Specialize Indoor and Outdoor Catering
Dilbar
INDIAN RESTAURANT
In An Elegant Atmosphere
Authentic Indian Cuisine
248-08 UnionTpke, Bellrose, NY
Tel:1-718-347-3900 | Cel: 1-646-500-2057



ലേഖനം

വിജയ് സി. എച്ച്

# പ്രകൃതിക്കൊരു പര്യായം

'പരിസ്ഥിതിയുടെ നേർക്കുള്ള ഓരോ കടന്നുകയറ്റത്തിന്റെയും അനന്തരഫലം നാം അനുഭവിച്ചേ മതിയാകൂ! ഓരോ മരവും വെട്ടിവീഴ്ത്തുമ്പോൾ എത്രയെത്ര പക്ഷിക്കുഞ്ഞുങ്ങളെയും, മറ്റു ജീവികളെയുമാണ് അനാഥരാക്കുന്നതും, പട്ടിണിയാക്കുന്നതും, മരണത്തിലേക്ക് തള്ളിവിടുന്നതുമെന്നും നാം എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഇവയെല്ലാം ഉൾക്കൊള്ളുന്ന പരിസ്ഥിതിയാണ് മനുഷ്യന്റെ സ്വാഭാവികമായ ആവാസ വ്യവസ്ഥ,' പ്രകൃതി സ്നേഹിയും, പരിസ്ഥിതി പ്രവർത്തകയും, എഴുത്തുകാരിയും, അദ്ധ്യാപികയുമായ ഡോ. പ്രമീള നന്ദകുമാർ ഓർമ്മപ്പെടുത്തുന്നു.





ഭൂമിയെന്നത് അല്പം മണ്ണുമാത്രമല്ല, മനുഷ്യജീവൻ സാധ്യമാക്കിയെടുക്കുന്ന ഒരു പരിപൂർണ്ണ ആവാസ വ്യവസ്ഥയുമാണെന്നു തിരിച്ചറിഞ്ഞു, നാമെത്രപേർ ഭൂമിയോട് ശ്രദ്ധയോടെ ഇടപെടുന്നുണ്ടെന്ന്, 'നാനി'യെന്ന പരിസ്ഥിതി ചിത്രത്തിലൂടെ, ഈയിടെ പ്രഖ്യാപിച്ച കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങളിൽ മൂന്നെണ്ണം നേടിയ ഡോ. പ്രമീള ചോദിക്കുന്നു.

ഒരു പൂ വിരിയുന്നത് നിയതി അതിനു നൽകിയ കാലം ചെടിയിൽ ജീവനോടെ നിലനിന്നുകൊണ്ട് അതിനു ചുറ്റും സൗരഭ്യം പരത്താനാണ്. ഒരു മാമ്പഴം തിന്നാൻ മനുഷ്യന് ധാർമ്മികമായ അവകാശം ലഭിക്കുന്നത്, അതിനകത്തുള്ള കുരു പാകി പുതിയൊരു മാവിന് ഇവിടെ വളരാൻ അവസരമൊരുക്കുമ്പോൾ മാത്രമാണെന്നതാണ് നമ്മുടെ സംസ്കൃതി. ഡോ. പ്രമീളയുടെ വിശ്വാസമാണിത്.

'മഴക്കാടുകളുടെ സൂക്ഷ്മമായ പ്രകൃതം നാം നിഷ്ഠൂരമായി അവഗണിച്ചു. ഫലമോ? സർവ വിനാശകരമായ കാലാവസ്ഥാ വ്യതിയാനവും, ആഗോളതാപനവും! ആമസോണും, മധ്യ ആഫ്രിക്കൻ വനങ്ങളും കത്തിയെരിയുന്നു! ഹാ, കഷ്ടം, കേരളത്തിൽ വാർഷികങ്ങൾ എത്തുന്ന പ്രളയം! മനുഷ്യൻ തന്റെ മേൽക്കോയ്മ പ്രകൃതിയോടും അതിൽ സഹവസിക്കുന്ന ഇതര ജീവജാലങ്ങളോടും എന്നു



കാണിക്കുവാൻ തുടങ്ങിയോ, അന്നു മുതൽ ഈ ഭൂമിയുടെ സന്തുലിതാവസ്ഥ അപകടത്തിലാണ്,' ഡോ. പ്രമീള വ്യാകുലപ്പെട്ടു.

സഹസ്ഥിതി താളം തെറ്റിച്ചുകൊണ്ടുള്ള മനുഷ്യന്റെ കടന്നാക്രമണം അവരെ ഏറെ അസ്വസ്ഥയാക്കുന്നുണ്ട്. അതിശയോക്തിയില്ലാതെ പറയാം, ഡോ. പ്രമീളക്ക് പ്രകൃതിയുമായുള്ളത് രക്തബന്ധമാണ്! അവർ പറയുന്നതും പ്രവർത്തിക്കുന്നതും ശ്രദ്ധിച്ചാൽ വളരെ വ്യക്തമാകുന്നതാണ് ഈ ബാന്ധവം. എന്തിനേറെ, കാറ്റിൽ ഞെട്ടിയറ്റു ഒരു പൂ താഴെ വീഴുന്നതു പോലും അവരെ വേദനിപ്പിച്ചു.

'ഹാ, പുഷ്പമേ, അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ! നീ
ശ്രീ ഭൂവിലസ്ഥിര-അസംശയം-ഇന്നു നിന്റെ-
യാഭൂതിയെങ്ങു പുനരിങ്ങു കിടപ്പിതോർത്താൽ...'

ഈ വരികൾ മലയാള ഭാഷയിലെ പ്രഥമ സിംബോളിക് കവിതയാണെന്നോ, ഈ ഖണ്ഡകാവ്യം രചിച്ചത് മഹാകവി കുമാരനാശാനാണെന്നോ അറിയാതിരുന്ന കുട്ടിക്കാലത്തു പോലും, ഡോ. പ്രമീള പതിത പുഷ്പങ്ങളെ നോക്കി ഏറെ വിലപിച്ചു. അവ പെറുക്കിയെടുത്തു വേർപ്പെട്ട ഞെട്ടികളിൽ തന്നെ ചേർത്തുവെച്ചു.



'ഞാൻ ശുഭയിൽ എന്നെ കണ്ടു,' ഡോ. പ്രമീളയുടെ കണ്ണുകളിൽ ആയിരം പൂത്തിരി ഒരുമിച്ചു കത്തുന്ന തിളക്കം! 'ഒന്നാം വർഷം ഡിഗ്രിക്കു പഠിക്കാനുണ്ടായിരുന്നു, 'ശുഭ'. രബീന്ദ്രനാഥ ടാഗോറിന്റെ പ്രസിദ്ധമായ കഥ.'

'ഒരു അരുവിയും, ഒട്ടനവധി വൃക്ഷങ്ങളും, മുളകൊണ്ടു വേലി കെട്ടിയ ഒരു വളപ്പും, അതിലൊരു വീടും. അമ്മയില്ലാത്ത ശുഭ അവളുടെ കണ്ണുകൾ നിറയുമ്പോഴെല്ലാം ഭൂമിയുടെ മാറിൽ കമിഴ്ന്നു കിടന്നു തന്റെ ദുഃഖങ്ങൾ അമ്മയോട് പറയാതെ പറയുമായിരുന്നു,' ശുഭയുടെ കഥ പറയുവാൻ ടാഗോർ സൃഷ്ടിച്ച ബംഗാളിലെ നാട്ടിടവഴികളിലൂടെ ഡോ. പ്രമീള നടന്നു നീങ്ങി.

'ശുഭക്കു സംസാരശേഷിയില്ല. അവളുടെ ഏറ്റവും അടുത്ത കൂട്ടുകാരികൾ രണ്ടു പശുക്കളായിരുന്നു -- സർബസിയും പാംഗുലിയും. വാക്കുകൾ ഉച്ചരിക്കാൻ കഴിവില്ലാത്ത ഈ രണ്ടു ഗോക്കളും, ശുഭയും, എന്നാൽ മൂകമായി എല്ലാ വിശേഷങ്ങളും പങ്കുവെച്ചു.'

വീട്ടു ജോലികൾക്കിടയിൽ വീണുകിട്ടുന്ന വിലയേറിയ നിമിഷങ്ങൾ ശുഭ ഈ കൂട്ടുകാരികളോടൊപ്പം ചിലവിട്ടു. അവളുടെ കാലൊച്ച കേൾക്കാൻ, വാത്സല്യത്തോടെയുള്ള തലോടൽ ഏൽക്കാൻ, സർബസിയും പാംഗുലിയും തൊഴുത്തിൽ കാത്തു നിൽക്കുമായിരുന്നു.

'എന്നും ശുഭ എനിയ്ക്കു പ്രചോദനം,' ഡോ. പ്രമീള കൂട്ടിച്ചേർത്തു. 'ഗാന്ധിജിയിൽ നിന്നും ടാഗോർ ഉൾക്കൊണ്ട പ്രകൃതി സ്നേഹത്തിന്റെ പ്രതിരൂപമാണ് ശുഭ.'

ശുഭയുടെ ചാന്ദിപ്പൂരിലെ ഗ്രാമത്തിന്റെ ശരിപ്പകർപ്പാണ് ഡോ. പ്രമീളക്ക് തെക്കൻ തൃശ്ശൂരിലെ കല്ലൂർ. രണ്ടു ചെറു കുന്നുകൾക്കിടയിൽ നെൽവയലുകളോടു ചേർ

ന്നുള്ള വിശാലമായ പുരയിടത്തിലെ മരങ്ങളും, ചെടികളും, പുല്ലും പൂവും, അണ്ണാനും, തുമ്പിയും, പൂമ്പാറ്റയും, പക്ഷികളും ചേർന്നത് പ്രമീളയുടെ ഉൾനാടൻ ആവാസ വ്യവസ്ഥ.

'പുഴയേയും, പച്ചപ്പിനേയും, പശുക്കളേയും സ്നേഹിച്ച ശുഭയെപ്പോലെ ഞാനും തൊടിയിലെ മണ്ണിൽ പതിഞ്ഞു കിടന്നിട്ടുണ്ട്, ഭൂമിയോട് സംവദിക്കാൻ. ധരിത്രിയുടെ ആധികൾ ചോദിച്ചറിയാൻ,' ഡോ. പ്രമീള ഉള്ളു തുറന്നു.

'ഓരോ സമാഗമത്തിലും ഭൂമാതാവിന്റെ വിങ്ങിപ്പൊട്ടലുകൾ എനിയ്ക്കു നേരിട്ട് അനുഭവപ്പെട്ടു. തന്റെ ബോധത്തെയും, ഹൃദയത്തെയും പ്രതിനിധാനം ചെയ്യുന്ന ജൈവസമൂഹവും, പരിസ്ഥിതിയും തമ്മിലുള്ള ബന്ധം ദുർബ്ബലമായിക്കൊണ്ടിരിക്കുന്നുവെന്ന് ഭൂമി എന്നോടു മന്ത്രിച്ചുകൊണ്ടിരുന്നു...'

പരിസ്ഥിതി ലോല പ്രദേശങ്ങളിലും, ഭൂമിയുടെ അതീവ ലോല മേഖലകളിലും ദൂരക്കാഴ്ച്ചയില്ലാത്ത മനുഷ്യന്റെ സ്വാർത്ഥനിഷ്ഠത ഏകശാസനം നടത്തുന്നു. ഈ ഭൂമി തന്റെ മാത്രമാണെന്ന് അവൻ അഹങ്കരിക്കുന്നു! പ്രമീള പൃഥിവിന്റെ നൊമ്പരങ്ങൾ ആരാഞ്ഞറിയാറുണ്ട്.



'അടുത്ത ദിവസം സ്കൂളിലെത്തിയാൽ ഞാൻ വിദ്യാർത്ഥികളെ വിളിച്ച് കൂടുതൽ, കൂടുതൽ വൃക്ഷത്തൈകൾ നടാൻ ഓർമ്മപ്പെടുത്തും. മരം ഒരു വരമാണെന്ന് ആവർത്തിക്കും,' എറണാകുളം ജില്ലയിലെ പാറക്കടവ് ചടട ഹയർസെക്കണ്ടറി സ്കൂൾ സംസ്കൃതം അധ്യാപികയുടെ വാക്കുകളിൽ ഭൂമിയോടുള്ള അവരുടെ പ്രതിബദ്ധത അസന്ദിഗ്ദ്ധമായി പ്രതിധ്വനിച്ചു.

വൃക്ഷങ്ങളുടെ പാരിസ്ഥിതിക പ്രാധാന്യം ഓരോ പൗരനും കുട്ടിക്കാലം മുതലേ തിരിച്ചറിയണമെന്ന് ഡോ. പ്രമീള ഊന്നിപ്പറയുന്നു.

'ഒരു മാസം ശരാശരി നൂറു പുതിയ തൈകളെങ്കിലും എന്റെ കുട്ടികൾ നടുന്നുണ്ട്. മുന്നെ നട്ടതിന്റെ വളർച്ച ഫോട്ടോകൾ എടുത്ത് എന്നെ ഇടക്കിടെ അവർ അറിയിച്ചുകൊണ്ടിരിക്കുന്നു. അത് അവർക്കൊരു ജോലിയായി തോന്നുന്നേയില്ല. അവർ അത് ആസ്വദിക്കുകയാണ്. പതിനെട്ടു വർഷം മുന്നെ ഈ വിദ്യാലയത്തിൽ അദ്ധ്യാപികയായി ചേർന്നതു മുതൽ ഈ പദ്ധതിയുമായി ഞാൻ മുന്നോട്ടു പോകുന്നു,' തന്റെ കർമ്മ പരിപാ ടികളിലൊന്നിനെക്കുറിച്ച് ഡോ. പ്രമീള വിവരിച്ചു.

2018-ലെ പ്രളയത്തിൽ കേരളം കണ്ടതിൽ ഏറ്റവും വലിയ രക്ഷാപ്രവർത്തനങ്ങളിലൊന്നിന് വേദിയായതും 1937-ൽ പ്രവർത്തനം ആരംഭിച്ച പാറക്കടവ് NSS വിദ്യാലയമാണ്.

'പ്രളയ ജലത്താൽ ചുറ്റപ്പെട്ടു, ഒരുമാസത്തിലേറെ കാലം ഒറ്റപ്പെട്ടുകിടന്ന ഈ ഉൾനാടൻ പ്രദേശത്തെ ഏക അഭയ കേന്ദ്രം ഈ സ്കൂളായിരുന്നു. മൂവ്വായിരത്തിൽപരം മനുഷ്യർക്ക് അവലംബം. ആറ് ഹെലികോപ്റ്ററുകളാണ് ഭക്ഷണവും, മറ്റു അവശ്യ സാധനങ്ങളും എത്തിക്കാൻ പതിവായി ഓപ്പറേറ്റ് ചെയ്തുകൊണ്ടിരുന്നത്,' പ്രമീള വിശദീകരിച്ചു.

സ്വന്തം കുഞ്ഞുങ്ങളായ ബാലഭാസ്കറിനേയും ശിവഭാസ്കറിനേയും അവരുടെ അച്ഛനെ ഏൽപ്പിച്ച്, ബൃഹത്തായ ഈ സുരക്ഷാ ദൗത്യത്തിന്റെ അമരത്തിരുന്നവരിൽ ഒരാളും പ്രകൃതിയുടെ പര്യായമായ പ്രമീള തന്നെയായിരുന്നു.

സംസ്കൃത സാഹിത്യത്തിൽ മാസ്റ്റർ ഡിഗ്രിയും, 'മനുഷ്യനും പരിസ്ഥിതിയും അർത്ഥശാസ്ത്രത്തിൽ' എന്ന വിഷയത്തിൽ PhDയുമുള്ള ഡോ. പ്രമീളയുടെ കവിതകളും മറ്റു ലേഖനങ്ങളും കുറച്ചു പേരുടെയെങ്കിലും പ്രകൃതി സംസ്കാരം ഉയർത്താൻ സഹായകരമായിട്ടുണ്ടെങ്കിൽ അത് നിറം പകർന്നത് തന്റെ സ്വപ്നങ്ങൾക്കാണെന്ന് ഡോ. പ്രമീള കരുതുന്നു.

'മനം നിറയെ മരം വേണം, മരം നൽകും മഴ വേണം...' എന്നു തുടങ്ങുന്ന ഡോ. പ്രമീളയുടെ കവിത പ്രകൃതി സ്നേഹികളുടെയിടയിൽ ദേശീയ ഗാനമാണ്. വരികളും സംഗീതവും നൽകി പല ചലച്ചിത്ര സംരംഭങ്ങളുമായി പ്രമീള സഹകരിച്ചിട്ടുണ്ടെങ്കിലും, അവർ ഒടുവിൽ കഥയും, സംഭാഷണവും, ഗാനവുമെഴുതിയ 'നാനി' അവരെ കൂടുതൽ പ്രശസ്തയാക്കി. സിങ്ക് സൗണ്ട് രീതിയിൽ ചിത്രീകരിച്ച ഈ പരിസ്ഥിതി ചിത്രം ഇതിനകം തന്നെ നിരവധി അന്താരാഷ്ട്ര ചലച്ചിത്രോത്സവങ്ങളിൽ പ്രദർശിപ്പിക്കപ്പെട്ടു.

മനുഷ്യൻ തന്റെ അത്യാർത്തി പൂരണത്തിനായി വെട്ടിവീഴ്ത്തിയ ഒരു ഇളം മരത്തിന്റെ ആത്മാവ് അമ്മു എന്ന ഒരു ബാലികയുടെ രൂപത്തിലെത്തി തന്റെ നൊമ്പരങ്ങൾ കരുണയറ്റ ഈ ലോകത്തെ അറിയിക്കുന്നതാണ് പ്രമീള രചിച്ച 'നാനി'യുടെ പ്രമേയം. ക്രൂരനായ മനുഷ്യൻ പിഴുതെറിഞ്ഞ ആ കൊച്ചു വൃക്ഷത്തിന്റെ

പുനർജനിയാണ്, ആമസോൺ മഴമരങ്ങൾ കത്തിച്ചാമ്പലാവുന്നതു ദൃശ്യമാധ്യമങ്ങളിൽ കണ്ടു തേങ്ങിക്കരഞ്ഞ അമ്മുവെങ്കിൽ, ആ കേന്ദ്ര കഥാപാത്രം തന്നെയാണ് ഈ കഥയെഴുതിയ ഡോ. പ്രമീളയെന്ന് പ്രേക്ഷകർക്ക് തിരിച്ചറിയാൻ പ്രയാസമുണ്ടാകില്ല.



കേരളത്തിൽ അങ്ങോളമിങ്ങോളം നടത്തിവരാറുള്ള കാർഷിക പ്രദർശനങ്ങളുടെയും, മഴോത്സവങ്ങളുടെയും, മഴയോർമകളുടെയും, നിളാ സംസ്കൃതി സംരക്ഷണത്തിന്റെയും, മാലിന്യ വിമുക്ത നദി ബോധവൽക്കരണ പ്രസ്ഥാനങ്ങളുടെയും സജീവ പ്രവർത്തക കൂടിയാണ് ഡോ. പ്രമീള.

പൂക്കൾ ഏറിയും കുറഞ്ഞുമിരുന്ന വസന്തങ്ങളും, പുഴകൾ നിറഞ്ഞും നിറായാതെയും ഒഴുകിയ കാലവർഷങ്ങളും കുറെ കടന്നു പോയി. അനുഭവങ്ങളാണ് പരിവർത്തനങ്ങൾക്കു പ്രേരകം. ഡോ. പ്രമീളയുടെ ശബ്ദത്തിലിപ്പോൾ ധൈര്യത്തോടൊപ്പം ധൈഷണികതയുമുണ്ട്. കൊയ്ത്തു കഴിഞ്ഞ പാടവരമ്പത്ത് ഏന്തിവലിച്ചു നടക്കുന്ന കൊറ്റികളെ വെടിവെച്ചു കൊല്ലുന്നതിൽ ഹരംകൊണ്ട അഭിനവ വേടന്മാരെ, ഈ ഭൂമിയുടെ അവകാശികൾ നിരുപദ്രവകാരികളായ ആ 'ക്രൌഞ്ചപ്പക്ഷികൾ' കൂടിയാണെന്ന് പ്രമീള ബോധ്യപ്പെടുത്തി. എന്നാൽ, ഒരു ഏക്റ്റിവിസ്റ്റിനെപ്പോലെ പ്രമീള ഒന്നും ആക്രോശിച്ചില്ല, സ്നേഹം നിറഞ്ഞ അപേക്ഷകൾ മാത്രം മുന്നോട്ടു വച്ചു. എല്ലാ കാടന്മാർക്കും കവികളായി മാനസാന്തരം വന്നില്ലെങ്കിലും, പ്രമീളയുടെ 'മാ നിഷാദ' അർത്ഥന പിന്നീടു കണ്ടത് എയർ ഗണ്ണും രാക്ഷസീയതയും ഉപേക്ഷിച്ചു പ്രകൃതി സംരക്ഷണത്തിനിറങ്ങുന്ന നിരവധി ചുറുചുറുക്കുള്ള ചെറുപ്പക്കാരെയാണ്!



പ്രമീളയും, ഭർത്താവ് നന്ദകുമാറും ജനിച്ചത് ഒരേ നാളിൽ. ഞങ്ങൾ പരിചയപ്പെട്ടയിടയ്ക്ക് ഡോ. പ്രമീള ഈ ലേഖകനോടൊരു ജന്മദിന സമ്മാനം ആവശ്യപ്പെട്ടിരുന്നു. എന്റെ മക്കൾ പോലും എന്നോടിങ്ങനെയൊന്ന് അതുവരെ ആവശ്യപ്പെട്ടില്ലായിരുന്നതിനാൽ, ഡോ. പ്രമീളയുടെ അഭ്യർത്ഥനയിൽ എനിക്കെന്തോ വിസ്മയം തോന്നി. എന്താണ് വേണ്ടതെന്ന് ചോദിച്ചപ്പോൾ, ഡോ. പ്രമീള അപേക്ഷിച്ചു, 'ഞങ്ങൾക്കുവേണ്ടി ഒരു തൈ നടുമോ?'

തൃശ്ശൂർ നഗരത്തിൽ വലിയൊരു കോൺക്രീറ്റു കെട്ടിടത്തിന്റെ ചെറിയൊരു ഭാഗത്തു മാത്രം താമസിക്കുന്ന എനിയ്ക്ക്, സ്വന്തമായി മണ്ണുള്ളത് ഗുരുവായൂരിലാണ്. താമസിയാതെ ഞാനവിടെപ്പോയി ഒരു മാവിൻ തൈ നട്ടു. അതിന് പ്രകൃതിയുടെ പര്യായമായി നിഘണ്ടുവിൽ ചേർക്കേണ്ടതാണെന്ന് എനിയ്ക്ക് പലപ്പോഴും തോന്നിയിട്ടുള്ള, 'പ്രമീള' എന്നു പേരിട്ടു.

ആ മാവിൻ തൈയ്യിൽ കിളിർത്ത മൃദുവായ പുതിയ ഇലകളെ ആത്മസംതൃപ്തിയോടെ അടുത്തിടെ ഒരു നാൾ നോക്കി നിൽക്കേ, പെട്ടെന്നെത്തിയ ഇളങ്കാറ്റിന്റെ ഈണത്തിൽ എവിടെയോ സുഗതകുമാരി ടീച്ചറുടെ ചേലുള്ള വരികൾ തങ്ങിനിന്നു:

ഒരു തൈ നടാം നമുക്കമ്മയ്ക്കു വേണ്ടി,
ഒരു തൈ നടാം കൊച്ചുമക്കൾക്കു വേണ്ടി,
ഒരു തൈ നടാം നൂറു കിളികൾക്കു വേണ്ടി,
ഒരു തൈ നടാം നല്ല നാളേയ്ക്കു വേണ്ടി...

നമ്മുടെ പരിസ്ഥിതിയെ നമുക്ക് കാത്തുരക്ഷിക്കാം. ഈ മണ്ണിൽ ഇനിയും പ്രളയങ്ങൾ സംഭവിക്കാതിരിക്കട്ടെ, ഉരുൾ പൊട്ടാതിരിക്കട്ടെ, മേഘവിസ്ഫോടനങ്ങൾ ഉണ്ടാകാതിരിക്കട്ടെ. പ്രകൃതിയും, പരിസ്ഥിതിയുമാണ് ആത്യന്തിക യാഥാർത്ഥ്യം!



# നമ്പിനാരായണൻ: ഫീനിക്സ് പക്ഷിയെപ്പോലെ

മാധ്യമങ്ങളും പോലീസും വില്ലനായപ്പോൾ നമ്പി നാരായണന്റെ ജീവിതം കുട്ടിച്ചോറായി. ക്രയോജനിക് എൻജിനിലൂടെ ഇന്ത്യ കൈവരിക്കുമായിരുന്ന ബഹിരാകാശ പുരോഗതികളും കൈമോശം വന്നു. അതേ മാധ്യമങ്ങൾ ഇന്ന് അദ്ദേഹത്തെ വാഴ്ത്തുന്നു. രാജ്യം പത്മഭൂഷൺ നൽകി അദ്ദേഹത്തെ ആദരിച്ചു.

സിനിമയ്ക്ക് പറ്റിയ കഥ തന്നെ. പക്ഷെ നടൻ ആർ മാധവൻ (3 ഇഡിയറ്റ്സ്, ഗുരു, മെയ്ഡ് ഇൻ യു.എസ്.എ ) നമ്പി നാരായണന്റെ ജീവിതം സിനിമയാക്കാനിറങ്ങിയത് ഒരു സന്ദേശം നൽകാനാണ്– ഇനി ആർക്കും ഇതുപോലെ സംഭവിക്കരുത്.

വിവിധ ഭാഷകളിൽ നടനായി തിളങ്ങുന്ന മാധവൻ നിർമ്മാതാവും സംവിധായകനും തിരക്കഥാകൃത്തുമായി വേഷമിടുന്ന 'റോക്കട്രി' ജൂലൈ ഒന്നിനു തീയേറ്ററുകളിലെത്തുന്നു. സിനിമയുടെ പ്രമോഷനുമായി ബന്ധപ്പെട്ട് നമ്പി നാരായണനോടൊപ്പം ന്യൂജേഴ്സിയിലെ എഡിസണിൽ റോയൽ ആൽബർട്സ് പാലസിൽ ഇന്ത്യൻ സമൂഹവുമായി സംവദിക്കവേ ഇരുവരും പ്രമാദമായ ചാരക്കേസിലെ ഉള്ളുകള്ളികളിലേക്കും വിരൽചൂണ്ടി.

മാധ്യമങ്ങൾ മുഴുവൻ എതിരായി കഥകൾ മെനഞ്ഞപ്പോൾ ഏഷ്യാനെറ്റിലെ അന്തരിച്ച ടി.എൻ. ഗോപകുമാർ അദ്ദേഹത്തിന്റെ 'കണ്ണാടി' എന്ന പരിപാടിയിൽ തന്നെ നല്ല രീതിയിൽ അവതരിപ്പിച്ചത് നമ്പി നാരായണൻ ഓർത്തു. അന്ന് മാധ്യമങ്ങളെ കാണാൻ താത്പര്യമില്ലായിരുന്നു. എന്നാൽ ഉള്ളത് പറഞ്ഞില്ലെങ്കിൽ കഥകൾ ഇനിയും അതേപടി തുടരുമെന്നു ഗോപകുമാർ പറഞ്ഞപ്പോൾ വഴങ്ങി. എല്ലാം കേട്ട് കഴിഞ്ഞ് ഇതൊരു സിനിമാക്കഥ പോലുണ്ടല്ലോ എന്നു പറഞ്ഞത് ഓർക്കുന്നു. പക്ഷെ സിനിമയാകുമെന്ന് കരുതിയില്ല. ഇന്ത്യാ ടുഡേയും അന്ന് ചാരക്കഥ തള്ളിക്കളഞ്ഞിരുന്നു.

തന്റെ പഠനകാലത്ത് ചാരക്കേസിനെപ്പറ്റി (1994 95) കേട്ടത് മാധവൻ അനുസ്മരിച്ചു. പിന്നീട് നമ്പി നാരായണനെ കാണുകയും വിവരങ്ങൾ മനസിലാക്കുകയും ചെയ്തപ്പോഴാണ് ഇത്ര വലിയ ഒരു ജീനിയസിനോട് ചിലർ കാട്ടിയ ദുഷ്പ്രവർത്തിയുടെ ആഴം മനസിലായത്.

എഡിസണിൽ നിന്ന് ഏറെ അകലയല്ലാത്ത പ്രിൻസ്ടൺ യൂണിവേഴ്സിറ്റിയിൽ നിന്ന് നമ്പി നാരായണൻ ഉന്നത വിദ്യാഭ്യാസം നേടിയിരുന്നു. 1969-ൽ. അന്ന് ജെ.എഫ് കെന്നഡിയേക്കാൾ സുന്ദരനായിരുന്നു അദ്ദേഹമെന്ന് ഫോട്ടോ കാട്ടി മാധവൻ പറഞ്ഞു. അകാലത്ത് അമേരിക്കയിൽ തങ്ങുക നിഷ്പ്രയാസം. എൻജിനീയറിംഗ് ബിരുദമുള്ളവർക്ക് കയ്യോടെ ഗ്രീൻ കാർഡ് കൊടുക്കുന്ന കാലമാണ്. എന്നാൽ രാജ്യസ്നേഹിയായ അദ്ദേഹം ഇന്ത്യയിലേക്ക് മടങ്ങി. അദ്ദേഹം രൂപംകൊടുത്ത വികാസ് സാങ്കേതികവിദ്യ ഇന്നും ഉപയോഗിക്കുന്നു. ലോകത്തിലേറ്റവും ചെലവ് കുറഞ്ഞ ബഹിരാകാശ പര്യവേക്ഷണത്തിനു അത് ഇന്ത്യയെ പ്രാപ്തമാക്കി.

നമ്പി നാരായണനെ മഹത്വവത്കരിക്കുകയല്ല സിനിമയെന്ന് മാധവൻ പറഞ്ഞു. തെറ്റുകുറ്റങ്ങളുള്ള സാധാരണ വ്യക്തിയായാണ് അദ്ദേഹത്തെ അവതരിപ്പിക്കുന്നത്. ചാരക്കേസ് മാത്രമല്ല റൊമാൻസും വിഷയമാക്കുന്നതാണ് ചിത്രം. ആട്ടവും പാട്ടും ഇല്ലാതെയുള്ള റൊമാൻസ് പുതിയ തലമുറയ്ക്ക് അത്ര പരിചിതമല്ലായിരിക്കാം. പക്ഷെ അങ്ങനെയും റൊമാൻസ് ആകാം എന്ന് സിനിമ തെളിയിക്കും. നൃത്തം ഇല്ലെങ്കിലും സിനിമയിൽ ഗാനങ്ങളുണ്ട്.

തമിഴ്, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിലാണ് ഒരേസമയം സിനിമ ചിത്രീകരിച്ചത്. ഒരു രംഗം ഒരു ഭാഷയിൽ ചിത്രീകരിച്ചശേഷം മറ്റേ ഭാഷയിൽ വീണ്ടും എടുക്കും. ഡബ്ബിംഗ് അല്ല എന്ന് അർത്ഥം. എന്നാൽ മലയാളം അടക്കം ദക്ഷിണേന്ത്യൻ ഭാഷകളിലേക്ക് സിനിമ മൊഴിമാറ്റിയിട്ടുണ്ട്. അതിനാൽ ഇഷ്ടമുള്ള ഭാഷയിൽ സിനിമ കാണാൻ മാധവൻ അഭ്യർഥിക്കുന്നു.

യാഥാർത്ഥ്യത്തോട് പൂർണമായും നീതിപുലർത്താൻ ശ്രമിച്ചിട്ടുണ്ടെന്നും മാധവൻ പറഞ്ഞു. നമ്പി നാരായണന്റെ പല പ്രായം അവതരിപ്പിച്ച താൻ വണ്ണം വയ്ക്കുകയും കുറയ്ക്കുകയും ചെയ്തു. താടിയും മുടിയും വെളുപ്പിക്കാൻ 18 മണിക്കൂർ വരെ ഒരേ ഇരുപ്പിൽ ഇരിക്കേണ്ടിവന്നു. വിഗ് ഉപയോഗിക്കാൻ തയാറായില്ല.

ഇത്രയധികം ത്യാഗങ്ങൾ സഹിക്കുന്നത് അതിശയമായി തോന്നിയെന്ന് നമ്പി നാരായണനും പറഞ്ഞു. മറ്റു സിനിമകളിൽ അദ്ദേഹം മാധവനായിട്ടാണ് വേഷമിടുന്നത്. ഇവിടെ മറ്റൊരാളായും.

'ബയോപിക്' ആണെങ്കിലും റോക്കറ്റ് സയൻസുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം സിനിമയിലുണ്ട്. അത് മനസിലാക്കാൻ പ്രത്യേക അറിവൊന്നും ആവശ്യമില്ല.

മാലിയിൽ നിന്ന് ചാര വനിതകൾ വഴി ബഹിരാകാശവിദ്യയുടെ രഹസ്യങ്ങൾ പാക്കിസ്ഥാന് ചോർത്താൻ ശ്രമിച്ചെന്നായിരുന്നു നമ്പി നാരായണനെതിരായ കുറ്റം. കസ്റ്റഡിയിലെടുത്ത അദ്ദേഹം ക്രൂരമായ മർദ്ദനത്തിനിരയായി.



പഠനവും ജോലിയുമായി ബന്ധപ്പെട്ട് നമ്പി നാരായണൻ പോയ രാജ്യങ്ങളിലെല്ലാം ചിത്രീകരണം നടത്തി. ജോർജിയ, കാനഡ, സ്കോട്ട്ലൻഡ്, ഫ്രാൻസ്, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിലാണ് സിനിമ ചിത്രീകരിച്ചത്. സിനിമ വലിയ അവാർഡുകൾ വാരിക്കൂട്ടുമെന്ന് നമ്പി നാരായണൻ പറഞ്ഞു.

ഒരാളോട് ചെയ്ത തെറ്റ് ഒരു രാജ്യത്തോട് ചെയ്ത തെറ്റായി മാറിയെന്ന് മാധവൻ ചൂണ്ടിക്കാട്ടി. അമേരിക്കയിൽ വിവിധ മേഖലകളിൽ പ്രാഗത്ഭ്യം നേടിയവരുണ്ട്. അവരെപ്പറ്റി സിനിമ എടുക്കാം. എന്നാൽ പ്രതിഭ ചവിട്ടിമെതിക്കപ്പെട്ട ജീനിയസിന്റെ കഥയാണ് താൻ തെരഞ്ഞെടുത്തത്.

ശാരീരിക പീഡനത്തേക്കാൾ മാനസിക പീഡനമായിരുന്നു അസഹനീയമെന്ന് നമ്പി നാരായണൻ പറഞ്ഞു. ആദ്യം പിന്തുണയ്ക്കാൻ ആരും തയാറായില്ല. കുറച്ച് സത്യം കാണുമെന്ന് പലരും കരുതി. തുടർന്ന് നീണ്ട പോരാട്ടത്തിലൂടെയാണ് സത്യം തെളിയിച്ചത് .

ഫെസ്റ്റിവലിൽ സിനിമ കണ്ടവർ അവസാനം എഴുന്നേറ്റ് നിന്ന് ദീർഘനേരം കയ്യടിച്ചത് അവിസ്മരണീയമായ അനുഭവമായിരുന്നെന്ന് നമ്പി നാരായണൻ പറഞ്ഞു. ഈ സിനിമയ്ക്ക് ഒരു സന്ദേശമുണ്ട്. 27 വർഷമാണ് താൻ നീതിക്കുവേണ്ടി പോരാടിയത്. നിങ്ങളുടെ ഭാഗം സത്യമെന്ന് ഉറച്ചു വിശ്വസിക്കുന്നെങ്കിൽ അതിനായി അവിരാമം പോരാടണം. അത് വിജയം കാണുമെന്നതാണ് തനിക്ക് ഈ സിനിമ വഴി നൽകാനുള്ള സന്ദേശം.

അഭിനയ ജീവിതം 24 വർഷം പിന്നിടുമ്പോഴും കോളജ് കാന്റീനിലെ കുട്ടി എന്ന ഇമേജ് നിലനിർത്താൻ

തനിക്ക് കഴിയുന്നതിൽ സന്തോഷമുണ്ടെന്ന് മാധവൻ പറഞ്ഞു. ഈ സിനിമയിൽ ഏറ്റവും വിഷമംപിടിച്ച കാര്യം 29 വയസുമുതൽ 79 വയസുവരെയുള്ള ജീവിതം ചിത്രീകരിക്കുന്നതിനുള്ള വേഷപ്പകർച്ചയായിരുന്നു. കറുത്ത താടിയിൽ തുടങ്ങി നര കയറിയ താടിയും ആകെ വെളുത്ത താടിയും മുടിയുമായിട്ടുള്ള മാറ്റം എളുപ്പമായിരുന്നില്ല. എങ്കിലും യാഥാർത്ഥ്യത്തോട് നീതി പുലർത്താൻ ശ്രമിച്ചു.

സിനിമ കണ്ടപ്പോൾ ഏറെ വികാരവിക്ഷോഭമുണ്ടായതായി നമ്പി നാരായണൻ പറഞ്ഞു. അനുഭവിച്ച ദുരിതങ്ങൾ വീണ്ടും അനുഭവിക്കുന്നതായി തോന്നി. ആരാണത് ആഗ്രഹിക്കുക?

പേര് ശാസ്ത്രവുമായി ബന്ധപ്പെട്ടതായിരിക്കണമെന്ന് തനിക്ക് നിർബന്ധമുണ്ടായിരുന്നുവെന്ന് മാധവൻ പറഞ്ഞു. അതിനാലാണ് റോക്കറ്ററി-ദി നമ്പി എഫെക്ട് എന്ന പേര് സ്വീകരിച്ചത്. രണ്ട് സന്ദേശങ്ങളാണ് തനിക്ക് നൽകാനുള്ളത്. ഒന്ന് രാജ്യസ്നേഹത്തിന്റേത്. ഭാരത് മാതാ വിളിക്കുന്നവർ മാത്രമല്ല നിശബ്ദമായി പ്രവർത്തിക്കുന്നവരും രാജ്യസ്നേഹികളാണ്. രണ്ടാമത്തേത് നമ്മുടെ സിനിമകൾ പലതും പഴയകാലത്തെ നേട്ടങ്ങളും കഥകളും അവതരിപ്പിക്കുന്നവയാണ്. എന്നാൽ ഇന്ന് എത്രയോ വലിയ നേട്ടങ്ങൾ കൈവരിച്ചവരുണ്ട്. അവരേയും അവതരിപ്പിക്കണമെന്ന സന്ദേശവുമുണ്ട്.



പല കാര്യങ്ങളിലും തന്റെ നേട്ടങ്ങൾ തന്റേതെന്ന് പറയാൻ നമ്പി നാരായണൻ തയാറായില്ല. ജോലിയുടെ ഭാഗമായി ചെയ്ത കാര്യങ്ങളാണ് അവയെന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്.

സിനിമ തന്റെ ജീവിതത്തോട് നീതി പുലർത്തിയെന്ന് നമ്പി നാരായണൻ ഏഷ്യാനെറ്റിലെ ഡോ. കൃഷ്ണ കിഷോറിന്റെ ചോദ്യത്തിന് മറുപടിയായി പറഞ്ഞു. സിനിമ കണ്ടപ്പോൾ താൻതന്നെ വീണ്ടും ആ കാലഘട്ടത്തിലൂടെ കടന്നുപോകുന്നതായി തോന്നി. അത് സിനിമയാണെന്ന് കരുതാനായില്ല.

ചാരക്കഥയുണ്ടാക്കുന്നതിൽ മീഡിയ വലിയ പങ്കുവഹിച്ചിട്ടുണ്ടെന്ന് നമ്പി നാരായണൻ പറഞ്ഞു. നമ്പി നാരായണന്റെ സൗന്ദര്യവും ചാരക്കേസിൽ ഒരു പങ്കുവഹിച്ചിട്ടുണ്ടെന്ന് മാധവൻ പൊതുജനങ്ങളുമായുള്ള സംവാദത്തിൽ പറഞ്ഞു. ഇത്രയും സുന്ദരനായ ഒരാൾക്ക് പരസ്ത്രീബന്ധം എങ്ങനെ ഇല്ലാതിരിക്കും എന്നും അവർ ചിന്തിച്ചിരിക്കാം.

സിനിമയുടെ സ്ക്രിപ്റ്റ് തയാറാക്കാൻ താൻ ഏഴുമാസമെടുത്തു. വികാസ് എൻജിന്റെ സാങ്കേതിക വിദ്യയുടെ പിതാവാൻ നമ്പി നാരായണൻ. അത് ഒരിക്കലും പരാജയപ്പെട്ടിട്ടില്ല. ഇപ്പോഴും ഉപയോഗത്തിലുണ്ട്.

ചാരക്കേസ് നടക്കുന്നത് തൊണ്ണൂറുകളിലാണെങ്കിലും അര നൂറ്റാണ്ട് മുമ്പുള്ള ജീവിതവും സിനിമയിൽ ചിത്രീകരിക്കുന്നതായി മാധവൻ പറഞ്ഞു. അക്കാലത്തെ പ്രിൻസ്റ്റൻ ഒക്കെ സിനിമയിലുണ്ട്.


ആരെയെങ്കിലും കുറ്റപ്പെടുത്താനോ, ആർക്കെതിരെയെങ്കിലും വിരൽ ചൂണ്ടാനോ സിനിമയിൽ ശ്രമിച്ചിട്ടില്ല.

നാമത്തിന്റെ ആഭിമുഖ്യത്തിലായിരുന്നു പരിപാടി സംഘടിപ്പിച്ചത്. നാമം സാരഥി മാധവൻ ബി. നായർ, കെ.എച്ച്.എൻ.എ പ്രസിഡന്റ് ജി.കെ. പിള്ള, ഫൊക്കാന നേതാവ് പോൾ കറുകപ്പള്ളി തുടങ്ങിയവർ ആശംസകൾ അറിയിച്ചു. കെ.എച്ച്.എൻ.എയുടെ ഹൂസ്റ്റൺ കൺവൻഷനിൽ ഇരുവരും പങ്കെടുക്കുമെന്ന് ജി.കെ. പിള്ള പറഞ്ഞു. രഞ്ജിത് പിള്ളയായിരുന്നു മോഡറേറ്റർ.

ന്യൂജേഴ്സി സെനറ്റർ വിൻ ഗോപാൽ ഇരുവരേയും സ്റ്റേറ്റ് സെനറ്റും ഹൗസും ആദരിക്കുന്നതായുള്ള പ്രൊക്ലമേഷൻ നൽകി. ഇരുവരുടേയും നേട്ടങ്ങൾ പ്രൊക്ലമേഷനിൽ ചൂണ്ടിക്കാട്ടി. ഡോ. രേഖാ മേനോനാണ് പ്രൊക്ലമേഷൻ നൽകുന്നതിന് മുൻ കൈ എടുത്തത്

# MUKKUT MONUMENTS INC.

**PHONE (C) 972-342-0041**
**E-mail: mukkutmonuments@gmail.com**
**www.mukkutmonuments.com**









**We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches. We Serve in USA, Canada and India**

US PROFILES



# ഡോ.എം.വി.പിള്ള



# ഡോ.എം.വി.പിള്ള:

## വാഗ്മി, എഴുത്തുകാരൻ, ഭിഷഗ്വരൻ, ക്രാന്തദർശി മലയാളികളുടെ 'സ്വകാര്യ അഹങ്കാരം'

**◉ മീട്ടു റഹ്മത്ത് കലാം**

ഡോ. എം.വി. പിള്ളയെ ഏതെങ്കിലും സ്റ്റേജിൽ പരിചയപ്പെടുത്തുമ്പോഴോ ബ്രോഷറിൽ പേര് വയ്ക്കുമ്പോഴോ സാധാരണ ഉപയോഗിക്കാറുള്ള ഒരു വിശേഷണമാണ് 'അമേരിക്കൻ മലയാളിയുടെ സ്വകാര്യ അഹങ്കാരം.' വ്യക്തി എന്ന നിലയിൽ വിനയാന്വിതനെങ്കിലും സമൂഹം കല്പിച്ചു തന്ന ഈ അംഗീരത്തിൽപരം മറ്റെന്താണ് ഒരാൾക്ക് നേടാനാകുക?

കലയും സാഹിത്യവും കൈമുതലായ കൈനിക്കര കുടുംബത്തിൽ നിന്ന് വരുന്നതിനാൽ അദ്ദേഹത്തെ മികവുറ്റ ഭിഷഗ്വരനായി കാണുമ്പോൾ തന്നെ എഴുത്തുകാരനും വാഗ്മിയുമായി സമൂഹം വിലയിരുത്തുന്നു. രണ്ട് മലയാളം പുസ്തകം പ്രസിദ്ധീകരിക്കുകയും മാധ്യമങ്ങളിൽ തുടർച്ചയായി ലേഖനങ്ങളും മറ്റും എഴുതുകയും ചെയ്യുമ്പോഴും താൻ സാഹിത്യകാരനൊന്നുമല്ലെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. പക്ഷെ ജനം അത് അംഗീകരിക്കുന്നില്ല.

നാലു പതിറ്റാണ്ട് പിന്നിട്ട പ്രവാസജീവിതത്തിനിടയിലും കേരളത്തിന്റെ സംസ്കാരത്തെയും ഭാഷയെയും നെഞ്ചോട് ചേർക്കുന്ന അദ്ദേഹം, സ്വതസിദ്ധമായ നർമ്മം കൊണ്ട് രോഗികൾക്കും ഉറ്റവർക്കും പകരുന്ന സാന്ത്വനം ചികിത്സാവൈദഗ്ധ്യം പോലെ തന്നെ പേരുകേട്ടതാണ്.

കാൻസർ ചികിത്സാവിദഗ്ധനും തോമസ് ജെഫേഴ്സൺ യൂണിവേഴ്സിറ്റി ഓങ്കോളജി ക്ലിനിക്കൽ പ്രൊഫസറും ലോകാരോഗ്യസംഘടനയുടെ ബ്രെസ്റ്റ് കാൻസർ ഇനിഷ്യേറ്റീവ് കൺസൾട്ടന്റുമായ ഡോ.എം.വി.പിള്ള ഏതൊരു സമ്മേളനത്തിലും മുഖ്യ പ്രാസംഗികനാകാൻ സംഘാടകർ ആഗ്രഹിക്കുന്ന വാഗ്മിയാണ്. ഒരർത്ഥത്തിൽ അമേരിക്കൻ മലയാളികൾക്കിടയിലെ ഒരേ ഒരാൾ.

നടി മല്ലികാസുകുമാരന്റെ സഹോദരൻ, നടന്മാരായ പൃഥ്വിരാജിന്റെയും ഇന്ദ്രജിത്തിന്റേയും അമ്മാവൻ, മോഹൻലാലിന്റെ ബാല്യകൗമാരങ്ങളെക്കുറിച്ച് ആധികാരികമായി പറയാൻ കഴിയുന്ന കുടുംബസുഹൃത്ത് എന്നീ വിശേഷണങ്ങൾ കേരളത്തിലെ സാധാരണക്കാർക്ക് അദ്ദേഹത്തെക്കുറിച്ച് കൂടുതൽ അറിയാനുള്ള ജിജ്ഞാസ വളർത്തുന്ന ഘടകങ്ങളാണ്.

ചങ്ങനാശേരി സ്വദേശിയായ കൈനിക്കര മാ





ധവൻ പിള്ളയുടെയും ഹരിപ്പാട് സ്വദേശിനി ജി. തങ്കമ്മയുടെയും പുത്രനായ എം.വി. പിള്ള (മാധവൻ വേലായുധൻ പിള്ള) വളർന്നതും പഠിച്ചതുമെല്ലാം തിരുവനന്തപുരത്താണ്. 1950 ൽ കുടുംബം തിരുവനന്തപുരത്തേക്ക് താമസം മാറ്റിയിരുന്നു.

ഇന്ത്യയിൽ കാൻസറിന് ഏകീകൃത ചികിത്സ രീതി ടാറ്റാ മെമ്മോറിയൽ ഹോസ്പിറ്റലിന്റെ കീഴിൽ നടപ്പാക്കാനുള്ള പ്രോജക്ടിന് നേതൃത്വം നല്കിയതിനുള്ള അംഗീകാരമായി പ്രസിഡന്റ് എ.പി.ജെ. അബ്ദുൽ കലാമിൽ നിന്ന് അവാർഡ് ലഭിച്ചത് അവിസ്മരണീയ അനുഭവമായി ഡോ. പിള്ള കരുതുന്നു.

മെഡിസിനിൽ 1990 –ലെ നൊബേൽ സമ്മാന ജേതാവായ ഡോ.ഇ. ഡൊനാൽ തോമസും അദ്ദേഹത്തിന്റെ പത്നിയും (ഡോറത്തി തോമസ്) ആയിരുന്നു ജീവിതത്തിലും കരിയറിലും ഏറ്റവും വലിയ മെൻറോർ. ബോൺ മാരോ ട്രാൻസ്പ്ലാന്റേഷന്റെ പിതാവായാണ് അദ്ദേഹം അറിയപ്പെടുന്നത്. 'മഹാത്മാഗാന്ധിയുടെ ആരാധകനായ അദ്ദേഹം ഇന്ത്യാക്കാരനായ എന്നെ സഹോദരനെപ്പോലെ സ്നേഹിച്ചു. ഡോറത്തിയും അതുപോലെ തന്നെ. എന്റെകൂടെ ഇന്ത്യയിലും കേരളത്തിലും വരാനിരുന്ന വർഷം സ്ട്രോക്ക് വന്ന് അദ്ദേഹം നിര്യാതനായി. ഉറച്ച വ്യക്തിബന്ധങ്ങൾ കേരളവുമായി നിലനിർത്താൻ കഴിഞ്ഞതാണ് ജീവിതത്തിലെ ഭാഗ്യം.'

മൂന്നു കേരള മുഖ്യമന്ത്രിമാരുമായി വ്യക്തിബന്ധമുണ്ടായിരുന്നു. അമേരിക്കയിൽ മുഖ്യമന്തി കെ. കരുണാകരന്റെ ചികിത്സക്ക് നേതൃത്വം കൊടുത്തു. ഇടക്കിടെ അദ്ദേഹം വീട്ടിൽ അതിഥിയായി എത്തുകയും ചെയ്തിരുന്നു. പിണറായി വിജയൻ മുഖ്യമന്ത്രിയാകും മുൻപേ ചികിത്സ സംബന്ധിച്ച് ബന്ധപ്പെട്ടിരുന്നു.

സാഹിത്യകാരന്മാരായ എം.ടി., ഓ.എൻ.വി തുടങ്ങിയവരുടെ സന്ദർശനത്തിലാണ് ഭാഷക്കൊരു ഡോളർ എന്ന ആശയം രൂപം കൊണ്ടത്. അത് ഫൊക്കാന ഏറ്റെടുത്തു നടപ്പാക്കി.

പ്രേംനസീർ മുതൽ ഒട്ടേറെ നടന്മാരുമായി വ്യക്തിബന്ധങ്ങളുണ്ടായിരുന്നു. ഇപ്പോഴാകട്ടെ അനന്തരവന്മാർ പ്രമുഖ താരങ്ങളായി

ഹാസ്യ സാഹിത്യകാരൻ സുകുമാർ അതിഥിയായി എത്തിയപ്പോൾ ചിരി അരങ്ങ് എന്ന ആശയം രൂപം കൊണ്ടു . അതും ഫൊക്കാനയിലും ഫോമയിലും മികച്ച പരിപാടിയായി.

തിരുവിതാംകൂർ ഇളയരാജയിൽ നിന്ന് ലഭിച്ച ബഹുമതിയും കേരള ഗവർണർ ആദരപൂർവം നൽകിയ ഡിന്നറും രാഷ്ട്രപതിയുടെ അവാർഡുമൊക്കെ ജന്മനാട്ടിൽ നിന്നു ലഭിച്ച ഏറ്റവും വലിയ അംഗീകാരങ്ങളായി കാണുന്നു.

ജീവിത ദർശനവും കർമ്മമേഖലകളും അദ്ദേഹം ഇ-മലയാളിയോട് വിശദീകരിക്കുന്നു.

**കോവിഡിനെ നേരിട്ടത് എങ്ങനെ?**

വാസ്തവത്തിൽ മറ്റെല്ലാ മനുഷ്യരെയും പോലെ, കോവിഡ് ഓർക്കാപ്പുറത്ത് കിട്ടിയ ഒരടിയായിട്ടാണ് എനിക്കും എന്റെ കുടുംബാംഗങ്ങൾക്കും അനുഭവപ്പെട്ടത്. 2019 ഡിസംബർ ഒടുവിൽ നാട്ടിലേക്ക് പോയി. ഞാൻ എല്ലാ കൊല്ലവും ഡിസംബർ മുതൽ ഫെബ്രുവരി പകുതി വരെ നാട്ടിലായിരിക്കും. കാലാവസ്ഥകൊണ്ട് കേരളത്തിൽ തങ്ങാൻ അനുയോജ്യം ആ സമയമാണെന്ന് തോന്നിയിട്ടുണ്ട്. ക്രിസ്മസ്–ന്യൂഇയർ എന്നിങ്ങനെ ധാരാളം അവധികളും ആ സീസണിൽ ലഭിക്കുമല്ലോ. അപ്പോഴാണ് കോവിഡിന്റെ തേർവാഴ്ച ആരംഭിക്കുന്നത്.

ഓരോ ദിവസവും പുതിയ പുതിയ വാർത്തകൾ കേൾക്കുമ്പോൾ മറ്റെല്ലാവരിലും ഉണ്ടായതുപോലെ ഞങ്ങളിലും ഒരുപാട് സംഭ്രമമുണ്ടായി. ഫ്ളൈറ്റുകളൊക്കെ റദ്ദാക്കി. മടക്കയാത്ര അനിശ്ചിതത്വത്തിലേക്ക് നീങ്ങി. ആർക്കും എപ്പോൾ വേണമെങ്കിലും പിടിപെടാവുന്ന ഒരു രോഗം. അന്ന് വാക്സിനൊന്നും ഇറങ്ങിയിട്ടില്ലെന്നോർക്കണം. എല്ലാവരും അനുവർത്തിച്ച നയം തന്നെയാണ് ഞങ്ങളും കൈ



ക്കൊണ്ടത്. ഗവണ്മെന്റും ശാസ്ത്രലോകവും നിർദ്ദേശിച്ച മാർഗ്ഗങ്ങൾ പിന്തുടരുക മാത്രമാണ് നമുക്ക് ചെയ്യാനുണ്ടായിരുന്നത്. മാസ്ക് ധരിച്ചും കൈകഴുകിയും സാമൂഹിക അകലം പാലിച്ചും വലിയ കൂട്ടങ്ങളിലൊന്നും ചെന്നുപെടാതെ ശ്രദ്ധിച്ചും ചെറിയ അസുഖമായാലും നിസാരമായി തള്ളാതെ കോവിഡാണോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയും പൊതുവായി എല്ലാവരും അംഗീകരിച്ച കുറേ കാര്യങ്ങൾ ഞങ്ങളും ചെയ്തു.

ഏതായാലും, നമ്മളെയൊക്കെ ഭൂമിയിലേക്ക് അയച്ച ശക്തി മുകളിലുണ്ടല്ലോ. പല പേരിൽ നമ്മൾ വിളിക്കുന്ന ആ ശക്തി, നമ്മളെ തിരിച്ചുവിളിക്കുമ്പോൾ പോകാതെ തരമില്ല. അതിനിടയിൽ, നമുക്ക് ചെയ്യാൻ കഴിയുന്നത് ചെയ്തു തീർക്കുക."Tie the camel and pray to Allah"എന്ന് പറയുംപോലെ ഒട്ടകത്തെ കെട്ടിയിട്ട ശേഷം ദൈവത്തോട് പ്രാർത്ഥിച്ചു. കോവിഡ് എന്ന രോഗത്തിന്റെ പ്രധാന സവിശേഷത അതിന്റെ 'അൺപ്രെഡിക്റ്റബിളിറ്റി' ആണ്. തികച്ചും പ്രവചനാതീതം. എങ്ങനെ എപ്പോൾ എവിടേക്ക് പോകുമെന്ന് പ്രവചിക്കാൻ സാധിക്കില്ല.

2022 ന്റെ ആദ്യ പാദം പിന്നിട്ടിട്ടും ഈ പ്രവചനാതീത സ്വഭാവത്തിൽ കാര്യമായ മാറ്റം വന്നിട്ടില്ല. ഇതു സംബന്ധിച്ച് ഹാർവാർഡിലെ ഒരു ശാസ്ത്രജ്ഞൻ സിഎൻഎന്നിൽ പറഞ്ഞ തമാശ ഓർക്കുന്നു. 'നിങ്ങളെന്നെ ആറ് മാസം കഴിഞ്ഞ് ഇതേ പരിപാടിയിലേക്ക് ക്ഷണിക്കണം, ഇപ്പോൾ പറഞ്ഞതൊക്കെ എനിക്കന്ന് മാറ്റിപ്പറയേണ്ടി വരും' എന്നായിരുന്നു അദ്ദേഹം പറഞ്ഞത്.

കോവിഡിനെത്തുടർന്ന് ആറേഴ് മാസം ഞങ്ങൾ നാട്ടിൽ തങ്ങിപ്പോയി. അമേരിക്കയിൽ തിരികെ എത്തിക്കഴിഞ്ഞാണ് ആശ്വാസം തോന്നിയത്. എന്തൊക്കെ കുറ്റം നമ്മൾ യുഎസിനെക്കുറിച്ച് പറഞ്ഞാലും, ഇവിടെ ഇപ്പോഴും ചില വ്യവസ്ഥാപിതമായ രീതികളുണ്ട്. വാക്സിനുകൾ ഉടനെ പുറത്തുവരുമെന്നും ഇവിടെ എത്തിയ ഉടനെ അറിഞ്ഞു. ആശുപത്രി സജ്ജീകരണങ്ങളും കുറച്ചുകൂടി മെച്ചപ്പെട്ടതാണെന്ന ആശ്വാസവും ഉണ്ടായിരുന്നു. എല്ലാംകൊണ്ടും  കൂടുതൽ സുരക്ഷിതത്വം അനുഭവപ്പെട്ടു.

ആദ്യ വാക്സിൻ ഡോസും രണ്ടാം ഡോസും എടുത്തതോടെ കൂടുതൽ ധൈര്യമായി. വാക്സിൻ എടുക്കാൻ പോകുമ്പോൾ  നമ്മളെ സഹായിക്കണം എന്നുള്ള താല്പര്യത്തോടെയാണ് ഇവിടുള്ളവരുടെ പെരുമാറ്റം. മരുന്ന് സൗജന്യമാണെന്നും ഇൻഷുറൻസ് കാർഡ് കയ്യിൽ കരുതണമെന്നും അടക്കമുള്ള കാര്യങ്ങൾ ഭവ്യതയോടെയാണവർ വിശദീകരിക്കുന്നത്. അവ കയ്യിൽ ഇല്ലെങ്കിൽ കൂടി ഒരിക്കലും നമ്മളെ നിരാശപ്പെടുത്തി  വിടില്ല. 2021 ൽ പ്രത്യേക സംഭവവികാസമൊന്നും ഉണ്ടായില്ല. 2022 ൽ ബൂസ്റ്റർ ഡോസെടുത്തപ്പോൾ കുറച്ചുകൂടി സംതൃപ്തി തോന്നി. എന്തോ ഭാഗ്യംകൊണ്ട് ഞങ്ങൾക്കാർക്കും കോവിഡ് ഇതുവരെ വന്നില്ല. വാക്സിന്റെയും ബൂസ്റ്ററിന്റെയും ഗുണംകൊണ്ടാണോ നമ്മുടെ തനത് പ്രതിരോധ ശേഷികൊണ്ടാണോ അതോ രോഗികളുടെ അടുത്ത് പോകാതിരുന്നതുകൊണ്ടാണോ എന്നറിഞ്ഞുകൂടാ. 'ഇന്നലെയോളമെന്തെന്നറിഞ്ഞീല ഇനി നാളെയുമെന്തെന്നറിഞ്ഞീല' എന്നേ പറയാനാകൂ.

കോവിഡ് വാക്സിൻ എടുത്ത സർട്ടിഫിക്കറ്റ്, ആന്റിജൻ ടെസ്റ്റ്, ആർടിപിസിആർ ഉൾപ്പെടെയുള്ള നൂലാമാലകൾ ആദ്യമാദ്യം ബുദ്ധിമുട്ടായിരുന്നു. ഇപ്പോൾ അവയോടൊക്കെ പൊരുത്തപ്പെട്ടു. കവി പാടിയതുപോലെ 'ഒരുവേള പഴക്കമേറിയാൽ ഇരുളും മെല്ലെ വെളിച്ചമായ് വരാം'. കോവിഡ് എന്ന ഇരുളുപോലും മെല്ലെ വെളിച്ചമായി വരുന്ന കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. കുറച്ച് ശുഭാപ്തിവിശ്വാസവും ജന്മനാ ആർജ്ജിച്ച ദൈവവിശ്വാസവും പ്രായം തരുന്ന പക്വതയും ഈ അവസ്ഥയെ നേരി

# ജീവിത പാതയിലെ ചില നാഴികക്കല്ലുകൾ

1994–95 ൽ ഓൾ കേരള മെഡിക്കൽ ഗ്രാഡ്വേറ്റ്സിന്റെ (എ.കെ.എം.ജി.) പ്രസിഡന്റ് ആയിരുന്നു. 2019–ൽ എ.കെ.ജി.എം. ഹ്യൂമാനിറ്റേറിയൻ അവാർഡ് നൽകി ആദരിച്ചു.

2020–ൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ഡിസ്റ്റിംഗ്വിഷ്ഡ് അലുംനസ് അവാർഡ് നൽകി ആദരിച്ചു.

**നിലവിലെ പ്രവർത്തനങ്ങൾ**

1. ഫിലാഡൽഫിയയിലെ തോമസ് ജെഫേഴ്സൺ യൂണിവേഴ്സിറ്റി ഓങ്കോളജി ക്ലിനിക്കൽ പ്രൊഫസർ.

2. ഇന്റർനാഷണൽ നെറ്റ്‌വർക്ക് ഫോർ കാൻസർ ട്രീറ്റ്മെന്റ് ആൻഡ് റിസേർച്ചിന്റെ (INCTR-U.S.A.) പ്രസിഡന്റ്. ഇന്ത്യയിലെയും യു.എസ്.എയിലെയും കാൻസർ ഗവേഷണം ഏകോപിപ്പിക്കുന്നു.

3. ഗ്ലോബൽ വൈറസ് നെറ്റ്‌വർക്കിന്റെ മുതിർന്ന ഉപദേഷ്ടാവ്. കേരളത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി സ്ഥാപിച്ചു.

4. ലോകാരോഗ്യസംഘടനയുടെ(ഡബ്ലിയു എച്ച് ഒ) ഗ്ലോബൽ ബ്രെസ്റ്റ് കാൻസർ ഇനിഷ്യേറ്റീവ് (ഏആഇക) കൺസൾട്ടന്റ് . ഇന്ത്യയുടെ സ്തനാർബുദ പ്രതിരോധ പദ്ധതികളെ സഹായിക്കുന്നു.


**പ്രൊഫഷണൽ**

ഇന്റേണൽ മെഡിസിൻ, ഹെമറ്റോളജി, മെഡിക്കൽ ഓങ്കോളജി എന്നിവയിൽ ബോർഡ് സർട്ടിഫിക്കേഷൻ.

അമേരിക്കൻ കോളേജ് ഓഫ് ഫിസിഷ്യൻസിലെ ഫെലോ. ബോൺ മാരോ ട്രാൻസ്‌പ്ലാന്റേഷൻ പരിശീലിക്കുകയുണ്ടായി.

എം.വി.പിള്ളയുടെ സേവനങ്ങളെ അഭിനന്ദിച്ച് തോമസ് ജെഫേഴ്സൺ യൂണിവേഴ്സിറ്റിയിൽ ഗ്യാസ്ട്രിക് ക്യാൻസർ ഗവേഷണത്തിനായി ജെഫ്രി കിം–ഫൗണ്ടേഷൻ സ്ഥാപിച്ചു.

ഓങ്കോളജിസ്റ്റായ പിള്ളയെ പുകഴ്ത്തുന്ന കവിത, അമേരിക്കൻ കവി വാൻഡ ഷോർട്ടറിഡ്ജ് ‘ഡോ.എം.വി. പിള്ള’ എന്ന പേരിൽ തന്റെ കവിതാസമാഹാരത്തിൽ പ്രസിദ്ധീകരിച്ചു.



ലോകപ്രശസ്ത എന്റർടെയ്നറും എഴുത്തുകാരനുമായ സതി ആച്ചത് ‘Twelve qualities of highly successful people' എന്ന പുസ്തകത്തിൽ ഡോ. പിള്ളയെ ഫീച്ചർ ചെയ്തു.

**കേരളത്തിലെ നിലവിലെ സ്ഥാനങ്ങൾ**

1. ഗവേണിംഗ് കൗൺസിൽ ഓഫ് റീജിയണൽ കാൻസർ സെന്ററിലെ (തിരുവനന്തപുരം) അംഗം.

–മിനസോട്ടയിലെ മയോ ക്ലിനിക്കുമായി സഹകരിച്ച് ആർസിസിയിൽ മൾട്ടിപ്പിൾ മൈലോമയിൽ സെന്റർ ഓഫ് എക്സലൻസ് സ്ഥാപിച്ചു.

2. ചെങ്ങന്നൂരുള്ള കെ.എം. ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉപദേശക സമിതി ചെയർമാൻ.

**പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ**

നിരവധി മെഡിക്കൽ/സയന്റിഫിക് പുസ്തകങ്ങൾ. കൂടാതെ മലയാളത്തിൽ സ്നേഹചൊവ്വ (ഡി.സി.ബുക്ക്സ്), പെൺജന്മ പുണ്യങ്ങൾ (മാതൃഭൂമി പബ്ലിക്കേഷൻസ്)

**മറ്റു സാഹിത്യ സംഭാവനകൾ**

ഫൊക്കാനയുടെ ഭാഷയ്ക്കൊരു ഡോളറിന്റെ ഉപജ്ഞാതാവാണ്. മലയാളം–ഇംഗ്ലീഷ് വിവർത്തനമത്സരത്തിന് തുടക്കമിട്ടു. ആദ്യ ജേതാവ് എ.ജെ. തോമസിനെ അമേരിക്കയിൽ കൊണ്ടുവരികയും ബെഥേസ്ഡായിൽ നടന്ന ട്രാൻസ്‌ലേഷൻ വർക്ക്ഷോപ്പിൽ അദ്ദേഹം ഒരുമാസം പങ്കെടുക്കുകയും ചെയ്തു. അദ്ദേഹം തിരിച്ചു പോയി ഓ.എൻ.വി.യുടെ ‘ഉജ്ജയിനി’ ഇംഗ്ലീഷിലേക്കു തർജമ ചയ്തു. അതിനു ശേഷമാണ് ഓ.എൻ.വിക്ക് ജ്ഞാനപീഠം ലഭിക്കുന്നത്.

എകെഎംജിക്ക് വേണ്ടി കേരള ഗാന മത്സരം സംഘടിപ്പിച്ചു. പാലാ നാരായണൻ നായർ ആയിരുന്നു വിജയി. എം.ജി.രാധാകൃഷ്ണൻ അതിനു ഈണം പകർന്നു. യേശുദാസും കെ.എസ്.ചിത്രയും കെന്നഡി സെന്ററിൽ അതിമനോഹരമായ ചടങ്ങിൽ അത് പാടി.



ടാൻ സഹായിച്ചു. ഇത്രയും ജീവിച്ചില്ലേ, ഇനിയും ഈ ഭൂമിയിൽ തുടരാൻ പറഞ്ഞാൽ തുടരും; വിളിച്ചാൽ അങ്ങ് പോകും എന്നാണെന്റെ മനോഭാവം.

**കോവിഡ് കാലത്തെ അനുഭവങ്ങൾ എന്തൊക്കെ?**

കോവിഡ് സമയത്ത് രണ്ട് വലിയ പാഠങ്ങൾ നമ്മൾ പഠിച്ചു. ആനയ്ക്കും അടി തെറ്റാമെന്നും അമ്പുകൊള്ളാത്തവരില്ല ഗുരുക്കളിലെന്നും നമുക്ക് ബോധ്യപ്പെട്ടു. ശാസ്ത്രസാങ്കേതിക വിദ്യയിലെ പതാകാവാഹകരെന്ന് നമ്മൾ കരുതിയ അമേരിക്ക, ഫ്രാൻസ്, ഇംഗ്ലണ്ട്, ജർമ്മനി, ഓസ്ട്രേലിയ, ജപ്പാൻ ഒക്കെ അടിപതറി വീഴുന്ന കാഴ്ചയാണ് നമ്മൾ കണ്ടത്. ലോകത്തിലെ ഏറ്റവും മികച്ച ആരോഗ്യപ്രവർത്തനങ്ങൾ നിലനിൽക്കുന്ന സ്കാൻഡിനേവിയൻ രാജ്യങ്ങൾ പോലും ശവശരീരങ്ങൾ കൊണ്ട് നെട്ടോട്ടമോടുന്ന കാഴ്ച നമ്മൾ കണ്ടു. വാർപ്പുമാതൃകകളൊന്നുമില്ല. സമ്പന്നരാഷ്ട്രങ്ങൾ എന്ന പേരും രാഷ്ട്രപുരോഗതി കൈവരിച്ചെന്ന ഖ്യാതിയുമൊന്നുംകൊണ്ടും പ്രയോജനമില്ല. മറ്റൊരു രാജ്യത്തെയും കണ്ണടച്ചു വിശ്വസിക്കേണ്ടതില്ലെന്നും സ്വന്തമായ നിലപാട് ഉണ്ടായിരിക്കണമെന്ന കാര്യവും നമ്മൾ മനസ്സിലാക്കി.

സൗത്ത് ഈസ്റ്റ് ഏഷ്യയിലെ വിവിധ രാജ്യങ്ങളും ആഫ്രിക്കയും വാക്സിൻ ഉത്പാദനത്തിന്റെ കാര്യത്തിൽ അടിപതറി നിന്നപ്പോഴും 135 കോടി ജനങ്ങളുള്ള ഇന്ത്യ വാക്സിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത നേടിയതും ബഹുഭൂരിപക്ഷം പേരെയും വാക്സിനേറ്റ് ചെയ്തതും തികച്ചും അഭിനന്ദനാർഹമാണ്. അത് കണ്ടില്ലെന്ന് നടിക്കരുത്. ഇന്ത്യയുടെ ദീർഘവീക്ഷണത്തിന്റെ ഫലമാണിത്. Think globally, but act locally: ആഗോളതലത്തിൽ ചിന്തിച്ചാലും പ്രാദേശിക തലത്തിൽ വേണം പ്രവർത്തനങ്ങളെന്ന് സാരം. ഇതാണ് ഇന്ത്യയും കേരളവും ചെയ്തത്.

ലോകമെമ്പാടും നടക്കുന്ന ഗതിവിഗതികൾ നമ്മൾ സൂക്ഷ്മമായി നിരീക്ഷിക്കുന്ന സമയത്തുതന്നെ സ്വന്തം നാടിനെന്താണ് വേണ്ടതെന്ന് അറിഞ്ഞ് തയ്യാറെടുത്തു. ആ വിജയം നമുക്ക് തീർച്ചയായും ആത്മവിശ്വാസം പകർന്നുതരുന്ന നേട്ടമാണ്. ഗവണ്മെന്റിനെ വിമർശിക്കണമെങ്കിൽ ഒരുപാട് കാര്യങ്ങളുണ്ട്. പക്ഷേ, പ്രവചനാതീതമായ ഒരു രോഗംകണ്ട് ലോകത്തെ വൻശക്തികൾ പോലും അടിപതറിനിൽക്കുമ്പോൾ, കഷ്ടിച്ച് 70 കൊല്ലംകൊണ്ട് പടുത്തുയർത്തിയ നമ്മുടെ രാജ്യം, 135 കോടി ജനങ്ങളെയും കൊണ്ട് പിടിച്ചുനിന്നു എന്നത് ഒട്ടും നിസാരമായ കാര്യമല്ല. അതിൽ രാഷ്ട്രീയം കലർത്തരുത്. കേരളത്തിലെ മരണസംഖ്യ കൂടുതലാണെന്നാണ് ചിലർ പറയുന്ന ആക്ഷേപം. ആയിരിക്കാം, അവരെ ആരെയും നമ്മൾ തല്ലിക്കൊന്നതല്ല. ചികിത്സിച്ച് ഭേദപ്പെടുത്താൻ കഴിയാത്തൊരു രോഗം കുറേ ആളുകളുടെ ജീവൻ കവർന്നെടുത്തു. ലോകത്തിന്റെ പല ഭാഗത്തും ഇതുതന്നെ സംഭവിച്ചു. അത് കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകളുടെ പിടിപ്പുകേടായിട്ട് വ്യാഖ്യാനിക്കുന്നതിൽ യാതൊരു യുക്തിയും ഞാൻ കാണുന്നില്ല. All is fair in war and love എന്നാണല്ലോ. രാഷ്ട്രീയം വാസ്തവത്തിൽ ഒരു പ്രാദേശിക യുദ്ധം തന്നെയാണ്.

**കോവിഡിൽ നിന്ന് പഠിച്ച പാഠം എന്ത്?**

അന്തർദ്ദേശീയ പ്രശസ്തിയാർജ്ജിച്ച വൈറോളജിസ്റ്റുകളായ ഡോ.റോബർട്ട് സി ഗാലോയും ഡോ. വില്യം ഹോളും 2011 ൽ വലിയൊരു പ്രവചനം നടത്തി. ഇനിയുള്ള കാലം ഭൂകമ്പമോ സുനാമിയോ ന്യൂക്ലിയർ യുദ്ധമോ ഒന്നുമല്ല മനുഷ്യരാശിയെ തുടച്ചുനീക്കാൻ പോകുന്നത്; വൈറസുകൾ പരത്തുന്ന മഹാമാരികളായിരിക്കുമെന്നായിരുന്നു അവരുടെ പ്രവചനം. ലോകരാഷ്ട്രങ്ങൾ ഒത്തുനിന്നെങ്കിലേ അവയെ നേരിടാൻ കഴിയൂ എന്നും ഒരതിർത്തിയും സുരക്ഷിതമല്ലെന്നും അവർ മുന്നറിയിപ്പ് നൽകി. ഇതിനായി ഗ്ലോബൽ വൈറസ് നെറ്റ്‌വർക്ക് എന്നൊരു സംഘടനയും രൂപീകരിച്ചു. ഇപ്പോൾ 66 രാജ്യങ്ങൾ ഈ സംഘടനയുമായി ചേർന്ന് പ്രവർത്തിക്കുന്നുണ്ട്. ലോകത്തെ ഒട്ടുമിക്ക രാജ്യങ്ങളിലും ഇതിന്റെ കേന്ദ്രങ്ങളുണ്ട്. ഇന്ത്യയിൽ സെന്റർ തുടങ്ങും മുൻപ് അതുമായി ചേർന്ന് പ്രവർത്തിക്കാമോയെന്ന് എന്നോട് ഇതിന്റെ സ്ഥാപകൻ റോബർട്ട് ഗാലോ ചോദിച്ചിരുന്നു. ഞാനിവിടെ അമേരിക്കയിലാണെന്നും വല്ലപ്പോഴും മാത്രമേ നാട്ടിൽ പോകൂ എന്നും അദ്ദേഹത്തോട് പറഞ്ഞു. ധാരാളം സുഹൃത്തുക്കളും ബന്ധുക്കളും അവിടെ ജോലി ചെയ്യുന്നുണ്ടെന്നും അവരോട് ചോദിച്ചുനോക്കാമെന്നും സൂചിപ്പിച്ചിരുന്നു.

അന്ന് മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടിയെ ചെന്നുകണ്ട് കാര്യം പറഞ്ഞപ്പോൾ വളരെ താല്പര്യം പ്രകടിപ്പിക്കുകയും ചെയ്തു. എന്തുകൊണ്ടോ അദ്ദേഹത്തിനുള്ള താല്പര്യം താഴെക്കിടയിലുള്ള രണ്ടുദ്യോഗസ്ഥരിൽ നിന്നുണ്ടായില്ല. ഞാൻ അവരുടെ പേര് പറയുന്നില്ല. അതോടെ അത് നടക്കാതായി. പിന്നീട് ഡൽഹിയിലും ശ്രമിച്ചു. ഓൾ ഇന്ത്യ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടും പൂനെയിലെ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടും





ആദ്യം കാണിച്ച താല്പര്യം പിന്നീട് കാണിച്ചില്ല. പിന്നീട്, കേരളത്തിൽ പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ വന്നു. കേരളത്തിലെ പ്രമുഖർ അമേരിക്കയിൽ ക്യാൻസർ ചികിത്സ നടത്തുന്നതുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് മലയാളി കൂടിയായ അമേരിക്കയിലെ ഓങ്കോളജിസ്റ്റ് എന്ന നിലയിൽ എന്നെ സമീപിക്കാറുണ്ട്. പിണറായി വിജയനും മുഖ്യമന്ത്രി ആകുന്നതിന് മുൻപേ എന്നോട് ഇത്തരത്തിൽ ബന്ധപ്പെട്ടിട്ടുണ്ട്. കേരളത്തിൽ ഒരു വൈറോളജി സ്ഥാപനം തുടങ്ങാൻ ഞാൻ മുൻപ് ശ്രമിച്ചിരുന്നതറിഞ്ഞ് മുഖ്യമന്ത്രി നേരിട്ടെന്നെ വിളിച്ചുവരുത്തി. എന്തുകൊണ്ടാണത് നടക്കാതെ പോയതെന്നും ചോദിച്ചു. ഉമ്മൻ ചാണ്ടി താല്പര്യം കാണിച്ചെങ്കിലും ചില ഉദ്യോഗസ്ഥർ ഇടപെട്ട് നടക്കാതെ വന്നതാണെന്ന് ഞാൻ പറഞ്ഞു.

കേരളത്തിനെന്ത് വേണമെന്ന് തീരുമാനിക്കേണ്ടത് ജനങ്ങൾ തിരഞ്ഞെടുക്കുന്ന ജനപ്രതിനിധികളാണെന്നും അത് നടപ്പിലാക്കേണ്ട ഉത്തരവാദിത്തം മാത്രമാണ് ഉദ്യോഗസ്ഥർക്കുള്ളതെന്നുമായിരുന്നു പിണറായിയുടെ മറുപടി. അത് തിരിച്ചുകൊണ്ടുവരാൻ സാധിക്കുമോ എന്ന ചോദ്യത്തിന് ശ്രമിക്കാമെന്ന് ഞാൻ പറഞ്ഞു. ഇതിനായി അതിമനോഹരമായ കെട്ടിടവും ധാരാളം സ്ഥലവും പ്രകൃതി രമണീയമായ പരിസ്ഥിതിയും ഒരുക്കി ഡിപ്പാർട്മെന്റ് ആരംഭിച്ചു. റിക്രൂട്ട്മെന്റ് നടന്നുവരികയാണ്. കുറച്ചുകൂടി വേഗതയിൽ ആകാമായിരുന്നെന്ന് എനിക്ക് തോന്നാറുണ്ട്. പക്ഷേ,ഒരു സർക്കാർ സംവിധാനത്തിന്റെ പരിമിതികൾ എന്താണെന്ന് അതിൽ ഇടപെടുമ്പോഴേ നമുക്കറിയാൻ പറ്റൂ. സ്വകാര്യ മൾട്ടി സ്പെഷ്യലിറ്റി ആശുപത്രികളിൽ നിയമിതരാകുന്നവരുടെ പ്രവർത്തനങ്ങളിൽ അതൃപ്തി തോന്നിയാൽ അവർക്കവരെ പിരിച്ചുവിടാൻ ഒരു പ്രയാസവുമില്ല. എന്നാൽ, സർക്കാരിന്റെ കാര്യം അങ്ങനെയല്ല. സാമുദായിക ഘടകങ്ങൾ അടക്കം പലവിധ വശങ്ങൾ നോക്കിയായിരിക്കും നിയമനം. സംസ്ഥാന ബജറ്റിൽ അനുവദിച്ച തുക കിട്ടാൻ പല ഡിപ്പാർട്മെന്റുകളിൽ കയറിയിറങ്ങേണ്ടി വരും.

എന്റെ ചുമതലകൾ കഴിഞ്ഞു എന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. കുതിരയെ വെള്ളത്തിനരികിൽ എത്തിക്കാനേ സാധിക്കൂ, എപ്പോൾ അത് വെള്ളം കുടിക്കുമെന്ന് പറയാൻ കഴിയില്ല. ഐഎസ്ആർഒ അടക്കം എല്ലാ സ്ഥാപനങ്ങളും തുടങ്ങിയത് മന്ദഗതിയിലായിരുന്നു. അതുപോലെ ഇതും പച്ചപിടിച്ചുവരും. അഹല്യയെപ്പോലെ ഒരു ശിലയായി കിടക്കുന്ന വൈറോളജി ഇൻസ്റ്റിട്യൂട്ട്, രാമപാദം ഏൽക്കുന്നതോടെ സുന്ദരിയായ സ്ത്രീയായി മാറുന്ന കാലം അത്ര വിദൂരമല്ല. ഐഎസ്ആർഒ യിൽ എ പി ജെ അബ്ദുൽ കലാമും സതീഷ് ധവാനും വന്നപ്പോൾ ഉണ്ടായതുപോലെ അത്ഭുതാവഹമായ മാറ്റങ്ങൾ ഇവിടെയും സംഭവിക്കും.

**അമേരിക്കയിൽ വരണമെന്ന് ആഗ്രഹിച്ചിരുന്നോ?**

ഒട്ടുമില്ല. പ്രീ-യൂണിവേഴ്സിറ്റി കഴിഞ്ഞാണ് പ്രൊഫഷണൽ കോളജിലേക്ക് അപേക്ഷിക്കുന്നത്. എങ്ങനെയോ കാണാതെ പഠിച്ച് നല്ല മാർക്ക് ലഭിച്ചിരുന്നു. പരീക്ഷയുടെ മാർക്കും അറിവുമായിട്ട് യാതൊരു ബന്ധവുമില്ലെന്ന് ജീവിതം പഠിപ്പിച്ച ഒരുപാഠമാണ്. കുത്തിയിരുന്ന് കാണാതെ പഠിച്ചത് ഉത്തരക്കടലാസിൽ പോയി ഛർദ്ദിച്ചതുകൊണ്ട് ലഭിച്ച ഉയർന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ എവിടെ അപേക്ഷിച്ചാലും പ്രവേശനം ലഭിക്കുമായിരുന്നു. എഞ്ചിനീയറിംഗ് കോളജിലും മെഡിക്കൽ കോളജിലും പ്രവേശനം ലഭിച്ചു. അക്കാലത്ത് അറ്റോമിക് എനർജി ഫിസിക്സ് പഠിക്കുന്നവർക്ക് മാസം 75 രൂപ സ്കോളർഷിപ് ലഭിക്കുമായിരുന്നു. പത്തോ പതിനഞ്ചോ രൂപ മാത്രം പോക്കറ്റ് മണി കിട്ടുന്ന എന്നെ സംബന്ധിച്ച് അതൊരു പ്രലോഭനമായിരുന്നു. സ്റ്റേറ്റ് മെറിറ്റ് എന്നുപറഞ്ഞ് അക്കാലത്ത് പത്രത്തിൽ പേരൊക്കെ വന്ന മിടുക്കൻ കുട്ടികളിൽ ഒരാളായതുകൊണ്ട് മെഡിക്കൽ സീറ്റും മാടിവിളിച്ചു. കയ്ച്ചിട്ടിറക്കാനും മധുരിച്ചിട്ട് തുപ്പാനും വയ്യാത്ത അവസ്ഥ. ആ സമയത്താണ് അമ്മയ്ക്ക്

പ്രമേഹമുണ്ടെന്ന് തിരിച്ചറിയുന്നത്. വയസുകാലത്ത് ജനറൽ ആശുപത്രിയിൽ പോയി ക്യൂ നിൽക്കാതിരിക്കണമെങ്കിൽ മകൻ ഡോക്ടറാകുന്നത് നല്ലതാണെന്ന് അമ്മയ്ക്ക് വെളിപാടുണ്ടായി. വേറൊന്നും ആലോചിക്കാനില്ല, മെഡിസിന് ചേർന്നാൽ മതിയെന്ന് അമ്മ തറപ്പിച്ചുപറഞ്ഞു.

ഇത് തീരുമാനിച്ച ദിവസം ബാബു പോൾ വീട്ടിൽക്കയറി വന്നു. എന്നെക്കാൾ നാല് വയസ്സ് മൂത്തയാളാണ് അദ്ദേഹം. 'അനിയാ, യാതൊരു കാരണവശാലും നീ മെഡിക്കൽ കോളജിൽ ചേരരുത്. രാവിലെ മുതൽ വൈകിട്ട് വരെ ഒരു സ്വസ്ഥതയില്ലാത്ത ജീവിതമാണവിടെ. എഞ്ചിനീയർമാരാണ് രാഷ്ട്രത്തിന്റെ ശിൽപികൾ. നീ അവിടെ ചേരൂ. ആരും റാഗ് ചെയ്യാനൊന്നും വരില്ല. അഡ്മിഷന്റെ കാര്യം ഞാൻ നോക്കിക്കോളാം' ഇതായിരുന്നു അദ്ദേഹം പറഞ്ഞത്. ശരിയാണെന്ന് എനിക്കും തോന്നി. പുതിയ എഞ്ചിനീയറിംഗ് കോളജ് തുടങ്ങിയതേയുള്ളു. സ്കൂട്ടർ ഒക്കെയായിട്ട് ബാബു പോൾ എന്നെ കൊണ്ടുപോകാൻ വന്നു. അദ്ദേഹം കോളജിൽ ഇലക്ഷന് നിൽക്കുന്നുണ്ടെന്നും ഞാൻ അവിടെ ചേർന്നാൽ ഒരു വോട്ട് കൂടുതൽ കിട്ടുമെന്നതാണ് ലക്ഷ്യമെന്നും ഇതിനിടെ അറിയാൻ സാധിച്ചു. അമ്മയുടെ കണ്ണുനീർ തന്നെ വിജയിച്ചു. ഞാൻ മെഡിക്കൽ കോളജിൽ ചേർന്നു. യാതൊരു കാരണവശാലും തിരുവനന്തപുരം വിട്ടുപോകില്ലെന്നൊരു ദൃഢപ്രതിജ്ഞ എടുക്കുകയും ചെയ്തിരുന്നു. എങ്ങനെയോ ജീവിതം ഉരുണ്ടുരുണ്ട് ന്യൂസീലൻഡിലും തുടർന്ന് അമേരിക്കയിലുമെത്തി. അന്ധവിശ്വാസമായി തോന്നുമെങ്കിലും റലശേി്യ എന്നൊരു വാക്കുണ്ട്.



വിചാരിക്കാത്ത സ്ഥലങ്ങളിൽ വിചാരിക്കാത്ത സമയത്ത് അത് നമ്മളെ എത്തിക്കും. വിചാരിക്കാത്ത നേട്ടങ്ങളും കോട്ടങ്ങളും ഏറ്റുവാങ്ങിയേ പറ്റൂ. ഇവിടെ എത്തിപ്പെട്ടതിൽ ഒരിക്കലും നിരാശ തോന്നിയിട്ടില്ല. ഒരു വിദേശ ഡോക്ടർക്ക് ലഭിക്കാവുന്ന എല്ലാ പരിഗണനയും നേട്ടങ്ങളും ഈ രാജ്യം ഒരു വെള്ളിത്തളികയിൽ വച്ചുനീട്ടി എനിക്ക് തന്നതിൽ അങ്ങേയറ്റം നന്ദിയുണ്ട്. അമേരിക്കൻ സംവിധാനങ്ങളെ എത്ര പുകഴ്ത്തിയാലും അധികമാവില്ല.

അന്ന് അമേരിക്കയിൽ ഒരു വിദേശി വന്ന് ഫോറിൻ ഗ്രാഡ്വേറ്റ്സിനുള്ള ഇ.സി.എഫ്.എം.ജി. എന്ന പരീക്ഷ എഴുതി പാസാകുന്നതൊക്കെ വലിയ സംഭവമായിരുന്നു. ആദ്യമായി വിമാനത്തിൽ കയറാം, ഹോട്ടലിൽ താമസിക്കാം എന്നതൊക്കെയായിരുന്നു എന്റെ പ്രധാന ഉദ്ദേശം. മെഡിക്കൽ ഡിഗ്രി ഉണ്ടെങ്കിൽ നേരിട്ട് ഗ്രീൻ കാർഡിന് അപ്ലൈ ചെയ്യാം. മുഖത്ത് വന്ന മഹാലക്ഷ്മിയെ വലിച്ചെറിയരുതെന്ന ഉപദേശം കേട്ടാണ് അമേരിക്കയ്ക്ക് പോകാമെന്ന് കരുതിയത്.

വിർജീനിയയിലെ വീടിനടുത്ത് താമസിച്ചിരുന്നത് അമേരിക്കൻ എയർഫോഴ്സ് റിക്രൂട്ടർ ആയിരുന്നു. അദ്ദേഹത്തിനൊരു സ്പെഷ്യലിസ്റ്റ് ഡോക്ടറെ റിക്രൂട്ട് ചെയ്താൽ പ്രമോഷൻ ലഭിക്കുമെന്നതുകൊണ്ട് എന്നും വൈകുന്നേരം വീട്ടിൽ വന്ന് അമേരിക്കൻ എയർഫോഴ്സിന്റെ മഹത്വം വിവരിക്കും. പട്ടാളവും ഞാനും തമ്മിൽ ഒത്തുപോവില്ലെന്ന് അദ്ദേഹത്തോട് പറഞ്ഞൊഴിഞ്ഞു. ഡോക്ടർമാരെ യുദ്ധത്തിനൊന്നും അയയ്ക്കില്ലെന്നും ഒന്നും പേടിക്കാനില്ലെന്നും അദ്ദേഹം ആവർത്തിച്ചു. പുറത്തുപോയി ജോലി ചെയ്താൽ അതിനേക്കാൾ കൂടുതൽ ശമ്പളം കിട്ടുമല്ലോ എന്ന് പറഞ്ഞ് ഞാനെന്റെ ഡിമാൻഡ് കൂട്ടി. അമേരിക്കൻ മിലിറ്ററി എയർഫോഴ്സിൽ മൂന്ന് വർഷം ജോലിചെയ്ത് നാട്ടിൽ വരാൻ ആഗ്രഹിച്ചാൽ വിസ അലോട്ട് ചെയ്യുന്നതൊക്കെ വളരെ എളുപ്പമാകുമെന്നതടക്കം നിരവധി വേറെ ഗുണങ്ങൾ ഉണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞപ്പോൾ ചെറിയ ചാഞ്ചാട്ടം ഉണ്ടായി. നാട്ടിൽ നിന്ന് അഞ്ച് വർഷത്തെ ലീവിലാണ് ഞാൻ അമേരിക്കയിലെത്തിയത്. വിർജിനിയയ്ക്ക് അടുത്ത് പോസ്റ്റിങ്ങ് ലഭിച്ചാൽ ഒരുകൈ നോക്കാമെന്ന് ഞാൻ പറഞ്ഞു.

വാഷിംഗ്ടൺ ഡിസിയിൽ തന്നെ ഒഴിവുണ്ടെന്നും ആദ്യ പോസ്റ്റിങ്ങ് തന്നെ മേജറായിട്ട് ആയിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. മൂന്ന് കൊല്ലം കഴിഞ്ഞ് ലെഫ്റ്റനന്റ് കേണൽ ആകുമെന്നും അടുത്ത മൂന്ന് കൊല്ലത്തിൽ കേണലാകുമെന്നും മേജർ ജനറൽ സ്ഥാനത്തൊക്കെ എത്തുമെന്നും അദ്ദേഹം പുകഴ്ത്തി. ഞാൻ മനസ്സില്ലാമനസ്സോടെയാണ് ചേർന്നതെങ്കിലും ആ ജോലി ഏറെ ആസ്വദിച്ചു. True America is actually in the Military Air Force. അതിനെക്കുറിച്ച്



ഒരു പുസ്തകം എഴുതാൻ മാത്രം അനുഭവങ്ങളുണ്ട്. യാതൊരുവിധ വിവേചനവും നേരിട്ടിട്ടില്ല, എല്ലാവർക്കും തുല്യമായ അവസരം, അങ്ങേയറ്റത്തെ അംഗീകാരം, sky is the limit. എയർഫോഴ്സിന്റെ മോട്ടോ തന്നെ 'Aim high' എന്നാണ്. എത്ര ഉയർന്നു പോകാമോ അത്ര ഉയർന്ന് പൊയ്ക്കോണം. അഞ്ച് കൊല്ലം ഡോക്ടറായി സേവനമനുഷ്ഠിച്ച ശേഷം ഫൈറ്റർ പൈലറ്റാകാൻ തോന്നിയാൽ അതിനു ള്ള പരിശീലനം തരും, ലോയറാകാൻ തോന്നിയാൽ ലോ കോളജിൽ ചേർത്ത് പഠിപ്പിക്കും.

ഇത് രണ്ടും താല്പര്യമില്ലാത്തതുകൊണ്ട് ഞാൻ അഡ്മിനിസ്ട്രേഷൻ തിരഞ്ഞെടുത്തു. യാദൃച്ഛികമായാണ് അമേരിക്കയിൽ എത്തിച്ചേർന്നതെങ്കിലും പല രാജ്യങ്ങൾ ചുറ്റിക്കണ്ടറിഞ്ഞതിൽ നിന്ന് ഇവിടം വിട്ടുപോകാൻ തോന്നുന്നില്ല. എന്തൊക്കെ കുറവുകളും പരിമിതികളുമുണ്ടെങ്കിലും തമ്മിൽ ഭേദം തൊമ്മൻ എന്നു പറയുംപോലെ സ്വതന്ത്രമായി ജീവിക്കാനാഗ്രഹിക്കുന്ന മനുഷ്യന് ഈ ഭൂമുഖത്ത് ഏറ്റവും അനുയോജ്യം അമേരിക്ക തന്നെയാണ്. പരിശ്രമശാലിയായ വ്യക്തിക്ക് ഈ രാജ്യമൊരു അഭയകേന്ദ്രമാണ്.

**അമേരിക്കയിലെ ആദ്യകാല ജീവിതം എങ്ങനെ?**

കേരളത്തിൽ അസിസ്റ്റന്റ് പ്രൊഫസറാകാൻ എല്ലാം റെഡിയായിരിക്കെയാണ് ഇങ്ങോട്ട് വന്നത്. അമേരിക്കയിലെന്ത് പ്രശ്നം വന്നാലും ഇട്ടെറിഞ്ഞ് പോയാൽ നാട്ടിലെ ജോലി കിട്ടുമെന്ന ധൈര്യമുണ്ടായിരുന്നു. അതുകൊണ്ട് വലിയ ആകുലതകളോ ഉത്കണ്ഠയോ എനിക്കുണ്ടായിരുന്നില്ല. ഞാൻ വന്ന റിച്ച്മണ്ട്, വിർജിനിയയിൽ ധാരാളം മലയാളികളുള്ളതുകൊണ്ട് അതും പ്രശ്നമായില്ല. നാട്ടിൽ നിന്ന് ജീവിതത്തിന്റെ നാനാതുറകളിലുള്ളവർ ഞങ്ങളുടെ അതിഥികളായി ഇവിടേക്ക് വരുമായിരുന്നു. മിക്കവാറും കേരളത്തിൽ കഴിയുന്നതുപോലെയായിരുന്നു ജീവിതം. മലയാളി അസോസിയേഷനുകൾ ഉള്ളതുകൊണ്ട് ഒന്നും അങ്ങനെ മിസ് ചെയ്തതായിട്ട് തോന്നിയിട്ടില്ല. ആഹാരമായാലും ആഘോഷങ്ങളായാലും എല്ലാംകൊണ്ടും ആദ്യകാല ജീവിതം വളരെ സുഗമമായിരുന്നു. അച്ഛനമ്മമാരെ അമേരിക്കയിൽ കൊണ്ടുവന്ന് താമസിപ്പിക്കാൻ പറ്റിയതും ഭാഗ്യമായി കാണുന്നു.

**അന്നത്തെ പ്രശ്നങ്ങൾ, വിവേചനങ്ങൾ എന്തൊക്കെ?**

നാട്ടിൽ പ്രൊഫസറായോ പ്രിൻസിപ്പാളായോ വിരമിക്കാനുള്ള സാധ്യത ഒരുവശത്ത്. ഇവിടെ തുടർന്നാൽ സാമ്പത്തികമായി കൂടുതൽ നേട്ടങ്ങൾ ഉണ്ടാകുമെന്ന വസ്തുത മറുവശത്ത്. ഏത് വേണമെന്ന് തിരഞ്ഞെടുക്കാൻ ഏറെ പ്രയാസമായിരുന്നു. ബന്ധുക്കൾ അടുത്തില്ലെന്നതൊഴിച്ചാൽ എല്ലാംകൊണ്ടും നല്ല ജീവിതം അമേരിക്കയിലാണെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. മറ്റു പ്രശ്നങ്ങൾ ഒന്നും ഉണ്ടായിട്ടുമില്ല. വിവേചനങ്ങളെക്കുറിച്ച് എല്ലാവരും ചോദിക്കാറുണ്ട്. സത്യത്തിൽ അതില്ലാത്ത ഏത് നാടാണുള്ളത്? കേരളത്തിൽ തന്നെ ഒരു ബംഗാളിയെ കണ്ടാൽ നമ്മൾ 'ബംഗാളി' എന്ന് പരിഹസിക്കും. അത് മനുഷ്യസഹജമാണ്. ജീവിച്ചുവളർന്ന സാഹചര്യങ്ങളിൽ നിന്ന് വ്യത്യസ്തനായ ഒരു വ്യക്തിയെ കാണുമ്പോൾ 'fear of the unknown: അപരിചിതമായതിനോടുള്ള ഭീതി', അതാണ് വിവേചനങ്ങളുടെ എല്ലാം അടിസ്ഥാനകാരണം.

പ്രൊഫഷണൽ എന്ന നിലയിൽ ഒരിക്കലും വിവേചനം അനുഭവപ്പെട്ടിട്ടില്ല. റൂസ്‌വെൽറ്റ് പറഞ്ഞ ഒരു ഢരണിയുണ്ട്: 'Nobody can make you feel inferior without your consent'. നിങ്ങളുടെ അനുവാദം കൂടാതെ നിങ്ങളിൽ ഒരാൾക്ക് അപകർഷതാബോധം ജനിപ്പിക്കാൻ കഴിയുകയില്ല എന്നാണിതിനർത്ഥം. ഇതിനോളമോ ഇതിനെക്കാളും മികച്ചതോ ആയ രാജ്യത്തുനിന്നാണ് നമ്മൾ വരുന്നതെന്ന് ഉള്ളിൽ ഉറച്ചുവിശ്വസിച്ചാൽ തീരാവുന്ന പ്രശ്നമേയുള്ളു. നാളെ തോന്നിയാൽ ഇവിടെ നിന്ന് പടിയിറങ്ങാം. അവിടെയും ജനാധിപത്യവും മതേതരത്വവും ഉണ്ട്. ദാരിദ്ര്യത്തിന്റെ കാഠിന്യം സഹിക്കവയ്യാതെ ഇങ്ങോട്ട് വന്ന ആളൊന്നുമല്ലെന്നതും ഭയപ്പാടില്ലാതെ കാര്യങ്ങൾ നോക്കിക്കാണാനുള്ള ചങ്കൂറ്റം തന്നു. കുറച്ചുകൂടി നല്ല മേച്ചിൽപ്പുറങ്ങൾ തേടിയിറങ്ങിയപ്പോൾ കണ്ടിഷ്ടപ്പെട്ട സ്ഥലമാണ് അമേരിക്ക.

നമ്മളൊരു ക്യൂവിൽ നിൽക്കുമ്പോൾ വെള്ളക്കാരൻ മോശമായി പെരുമാറിയാൽ അതവന്റെ വിദ്യാഭ്യാസത്തിന്റെയോ സംസ്കാരത്തിന്റെയോ കുറവായേ കണക്കാക്കാവൂ. ഇവിടെ വന്ന കാലത്ത് കറുത്ത

വർഗ്ഗക്കാരോട് എനിക്ക് വലിയ അനുഭാവമായിരുന്നു. എത്രയോ വർഷക്കാലമായി വെളുത്തവർഗ്ഗക്കാരുടെ അവഗണനയും അനീതികളും ഒക്കെ സഹിച്ച് ജീവിക്കുന്നതോർത്തായിരുന്നു സഹതാപം. അടുത്ത വീടുകളിൽ നടക്കുന്ന നിരവധി മോഷണങ്ങളുടെ പേരിൽ കറുത്തവർ പിടിക്കപ്പെട്ടതോടെ ഏത് വർഗ്ഗത്തിലും നല്ലവരും മോശക്കാരുമുണ്ടെന്ന കാഴ്ചപ്പാടായി. ജാതി, വർണ്ണം, വർഗം ഒന്നുമൊരു മാനദണ്ഡമല്ല. നല്ലവരും അല്ലാത്തവരും എല്ലായിടത്തും എല്ലാക്കാലത്തും ഉണ്ട്. നമ്മുടെ ഗ്രഹപ്പിഴയ്ക്ക് നമ്മൾ പരിചയപ്പെടുന്ന ആൾ മോശമാണെങ്കിൽ തിക്താനുഭവം ഉണ്ടാകും. ഇതുകൊണ്ടാണ് 'You have to choose your company carefully' എന്നുപറയുന്നത്. വീട് വാങ്ങിക്കാൻ പോകുമ്പോൾ നമ്മൾ അന്വേഷിക്കുന്നത് എങ്ങനെയുള്ള ലൊക്കാലിറ്റിയാണെന്നല്ലേ? വർണ്ണമോ വർഗ്ഗമോ അല്ല നോക്കുന്നത്, ഏത് തരം ആൾക്കാരാണ് താമസിക്കുന്നത് എന്നുള്ളതാണ്.



**കേരളവുമായുള്ള ബന്ധം എങ്ങനെ? ആരൊക്കെയുണ്ട് നാട്ടിൽ?**

കേരളവുമായിട്ടുള്ള ബന്ധം സുദൃഢവും ഊഷ്മളവും സുന്ദരവുമാണ്. കുട്ടിക്കാലത്തേ എന്റെ താല്പര്യങ്ങളെല്ലാം ഭാഷയിലും പത്രങ്ങളിലും പ്രസിദ്ധീകരണങ്ങളിലും സാംസ്കാരിക വിഷയങ്ങളിലുമായിരുന്നു. അത്തരക്കാരോട് അന്നും ഇന്നും അതേപോലെ അടുപ്പം നിലനിർത്തുന്നുമുണ്ട്. ഇന്റർനാഷണൽ കോൾ ചീപ്പായതോടെ നാട്ടിലേക്ക് പലരെയും വിളിച്ച് ധാരാളം സംസാരിച്ച് ബന്ധം നിലനിർത്തും. അമേരിക്കയിലും ധാരാളം മലയാള പ്രസിദ്ധീകരണങ്ങൾ വന്നു. നാട്ടിൽ നടക്കുന്ന കാര്യങ്ങളൊക്കെ അതാത് സമയങ്ങളിൽ ഇവിടെ അറിഞ്ഞോണ്ടിരിക്കുന്നു. 1979 ലാണ് ഞാൻ ഇവിടെ വന്നത്. അന്നുമുതൽ ഇന്നുവരെ കേരളവുമായുള്ള ബന്ധം അരക്കിട്ടുറപ്പിച്ചാണ് കൊണ്ടുപോകുന്നതെന്ന് പറയാൻ അങ്ങേയറ്റം സന്തോഷമുണ്ട്. അതിന്നും തുടരുന്നു. അതിന്റെ സ്നേഹവായ്പുകൾ എനിക്ക് ലഭിക്കാറുമുണ്ട്, ഞാൻ നൽകാറുമുണ്ട്.

**നാട്ടിലെ ജീവിതവും അമേരിക്കയിലെ ജീവിതവും തമ്മിലൊരു താരതമ്യം?**

നാട്ടിലെ സാമ്പത്തിക സ്ഥിതി ഒരുപാട് മെച്ചപ്പെട്ടിട്ടുണ്ട്. പത്തനംതിട്ടയിലെ ബാങ്കുകളിൽ എത്രയോ കോടി രൂപ ഉടമസ്ഥരില്ലാതെ കെട്ടിക്കിടക്കുന്നു? ഇന്റർനെറ്റിന്റെ വരവോടെ ആളുകളുടെ ആവശ്യങ്ങളും അഭിരുചികളും പ്രതീക്ഷകളും മാറി. പണ്ടൊക്കെ ഒരു വീട്ടിൽ രണ്ടു കുട ഉണ്ടെങ്കിൽ മഴയുള്ളപ്പോൾ ഒന്ന് കൊടുത്തുവിടുന്ന പോലെ ഇന്ന് മലയാളിയുടെ മുറ്റത്ത് രണ്ടുകാറുണ്ടാകും. എന്നാൽ, കക്ഷിരാഷ്ട്രീയം നമ്മുടെ നാടിന്റെ സ്വാസ്ഥ്യം നശിപ്പിച്ചു. ഒരു പക്ഷേ, ഇന്ത്യ മിലിറ്ററി ഭരണാധികാരിയുടെ കീഴിലോ ഏകാധിപതിയുടെ കീഴിലോ ആയിരുന്നെങ്കിൽ നമുക്ക് കുറേക്കൂടി നല്ല ജാതി-മതി-സൗഹാർദ്ദം ഉണ്ടായേനെയെന്ന് ഞാൻ തമാശയ്ക്ക് പറയാറുണ്ട്. മതത്തിൽ കൂടി അധികാരത്തിലേക്കുള്ള കുറുക്കുവഴി സൃഷ്ടിക്കാനാണ് നമ്മുടെ പല മത-ജാതി സംഘടനകളും ശ്രമിച്ചു വരുന്നത്. അധികാരമാണവരുടെ ലക്ഷ്യമെന്ന് വന്നപ്പോൾ ജനങ്ങൾക്കിടയിൽ ഭിന്നതയുണ്ടായി.

പല ആവശ്യങ്ങൾക്കായി കേരളത്തിന്റെ അങ്ങോളം ഇങ്ങോളം പോകുന്നതിനിടയിൽ ഞാൻ ശ്രദ്ധിച്ചത്, യഥാർത്ഥ കേരളം നമ്മൾ പത്രങ്ങളിൽ കാണുന്നതിൽ നിന്ന് വിഭിന്നമാണെന്നാണ്. ജനങ്ങൾക്കിടയിൽ വലിയ സ്പർദ്ധയൊന്നുമില്ല. അതിനേറ്റവും വലിയ ഉദാഹരണമാണ് ഇക്കഴിഞ്ഞ ഇലക്ഷനിലെ വിജയം. മതസംഘടനകളിൽ നിന്ന് കഴിയുന്നത്ര അകന്നുനിന്നൊരു പാർട്ടിയാണ് അധികാരത്തിൽ വന്നത്. ഹിന്ദു-മുസ്ലിം-ക്രിസ്ത്യൻ മതമേധാവികളുടെ പിന്തുണകൊണ്ടല്ല ആ സ്ഥാനാർത്ഥികളൊന്നും വിജയിച്ചുകയറിയത്. ഇപ്പോഴത്തെ സർക്കാരിനുമേൽ മതമേലധ്യക്ഷന്മാർക്ക് വ്യക്തമായ സ്വാധീനമുണ്ടെന്ന് അവരുടെ ശത്രുക്കൾക്ക് പോലും പറയാനാകില്ല. കാര്യങ്ങൾ നന്നായി നടന്നുപോകണം, നീതി വേണം, ന്യായം വേണം, സമാധാനം വേണം ഇതൊക്കെയാണ് ശരാശരി മലയാളികൾ ആഗ്രഹിക്കുന്നത്. അത് നൽകാൻ ആർക്ക് സാധിക്കും എന്നതിൽ നിന്നാണ് കഴിഞ്ഞതവണ അധികാരത്തിൽ എത്തിയവർ മേൽക്കൈ നേടിയത്. അവർ ഒരിക്കലും പ്രത്യേക മതവിഭാഗത്തിന് മന്ത്രിസ്ഥാനം പകുത്തുകൊടുക്കുന്ന പേരിൽ അറിയപ്പെട്ടിരുന്നില്ല. കേരളത്തിന്റെ അടിസ്ഥാന ശിലകളിൽ ഇപ്പോഴും ഒരുപാട് നന്മ അവശേഷിക്കുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

**ജീവിതത്തിൽ ഏറ്റവും വലിയ തുണ ആരായിരുന്നു?**

എന്റെ കുടുംബം തന്നെയാണ്. ഈ വർഷമെന്റെ അൻപതാം വിവാഹ വാർഷികമാണ്. എല്ലാ നന്മയിലും കഷ്ടതകളിലും നേട്ടങ്ങളിലും കോട്ടങ്ങളിലും സമചിത്തതയോടുകൂടി സ്നേഹപൂർവ്വം എന്നെ ചേർത്തുനിർത്തുന്ന ഭാര്യയും മക്കളും തന്നെയാണ് എന്റെ ഏറ്റവും വലിയ തുണ. ന്യൂസീലൻഡിലായാലും അമേരിക്കയിലായാലും ഞാൻ എവിടെയൊക്കെ പോയോ അവിടൊക്കെ എന്നെ പിന്തുടർന്ന് എനിക്ക് തുണയായി നിന്ന ഭാര്യയ്ക്കും മക്കൾക്കും തന്നെയാണ് എല്ലാ ക്രെഡിറ്റും.

ഭാര്യ പദ്മജ പിള്ള (മിനി) തിരുവനന്തപുരം വിമൻസ് കോളജിൽ നിന്നാണ് ബിരുദമെടുത്തത്. പിതാവ് ബർമാ ഷെൽ കമ്പനിയിൽ സീനിയർ എക്സിക്യൂട്ടിവ് ആയിരുന്നു.

ഒരുപാട് നല്ല സുഹൃത്തുക്കളെയും ജീവിതത്തിന്റെ നാനാ മണ്ഡലങ്ങളിൽ നിന്നെനിക്ക് ലഭിച്ചിട്ടുണ്ട്. അതും ധന്യമായ അനുഭവമാണ്. അവരൊക്കെ അന്നുമിന്നും ഒരേതരത്തിൽ എന്നെ സ്നേഹിക്കുന്നു ബഹുമാനിക്കുന്നു ഞാൻ തിരിച്ചങ്ങോട്ടും.



ഒരു ഡസൻ പുസ്തകങ്ങൾക്കെങ്കിലും ഞാൻ അവതാരിക എഴുതിയിട്ടുണ്ട്. അതിനുള്ള അറിവോ ക്രെഡിബിളിറ്റിയോ ഒന്നും ഉണ്ടായിട്ടല്ല. പിന്നെ എന്തുകൊണ്ട് പ്രശസ്തരായ വ്യക്തികൾ അതെന്നെ ഏൽപ്പിച്ചു? മനോരമയുടെ എഡിറ്റോറിയൽ ബോർഡ് ഡയറക്ടർ ആയിരുന്ന തോമസ് ജേക്കബ് പോലും അദ്ദേഹത്തിന്റെ പുസ്തകത്തിന് അവതാരിക എഴുതാൻ എന്നെ ക്ഷണിച്ചപ്പോൾ ഞാൻ അന്തംവിട്ടു. ആ സ്നേഹവായ്പ്പിനു മുന്നിൽ നമ്രശിരസ്കനായി ഞാൻ അവതാരികയെഴുതി.

സമയം പ്രെഡിക്ട് ചെയ്യാൻ പറ്റില്ല എന്നുള്ളതാണ് എന്റെ തൊഴിലിന്റെ സ്വഭാവം. ഓങ്കോളജി എന്നു പറഞ്ഞാൽ 14 മണിക്കൂർ വരെ ഒരു ദിവസം ഡ്യൂട്ടി ഉണ്ടാകും. കഷ്ടിച്ച് ഞായറാഴ്ച ഉച്ചയ്ക്ക് ഒരവധി കിട്ടിയാലായി. അവധിയെടുത്താലും മനസ്സിൽ ജോലി സംബന്ധിച്ച കാര്യങ്ങൾ തന്നെയായിരിക്കും. എന്നിരുന്നാലും കടിച്ചുപിടിച്ച് പലർക്കും അവതാരിക എഴുതിക്കൊടുത്തിട്ടുണ്ട്. അവരുടെ പുസ്തകങ്ങളൊക്കെ നല്ലനിലയിൽ വന്നതിൽ ആഹ്ലാദമുണ്ട്.

**മക്കൾ എന്ത് ചെയ്യുന്നു?**

മകൾ പ്രീത പിള്ള ഗിസ്റ്റ് ഡ്യൂക്ക് യൂണിവേഴ്സിറ്റിയിൽ നിന്ന് സ്കോളർഷിപ്പോടെ ലോ പാസായി. ക്യാമ്പസിൽ നിന്ന് തന്നെ ബാങ്ക് ഓഫ് അമേരിക്ക അവളെ ലോയറായി നിയമിച്ചു. അവൾ അവരുടെ സീനിയർ വൈസ് പ്രസിഡണ്ടായിരുന്നപ്പോൾ തന്നെ ഏതോ ഒരു വലിയ ഫൈനാൻഷ്യൽ ലോ ഫേം പാർട്ണറായി റിക്രൂട്ട് ചെയ്തു. അമേരിക്കയിലെ ലീഡിങ് ഫൈനാൻഷ്യൽ ലോയേഴ്സിൽ ഒരാളാണ് മകൾ. രണ്ടുമാസം മുൻപ് ഫൈനാൻഷ്യൽ ടൈംസ് മാഗസിനിൽ അവളെക്കുറിച്ച് നല്ലൊരു റൈറ്റപ്പ് വന്നിരുന്നു. ഒരു വർക്കഹോളിക്കാണ്.

അതിപ്പോൾ എന്റെ അനന്തിരവൻ പൃഥ്വിരാജിനെക്കുറിച്ച് സഹോദരി മല്ലികയും ഇതേ പരാതി പറയാറുണ്ട്. തൊഴിലിനോട് അഭിനിവേശമുള്ള എല്ലാവരും അങ്ങനെയാണ്. മോഹൻലാലിന്റെ ഭാര്യ സുചിത്രയും ഇത് തന്നെ ലാലുവിനെക്കുറിച്ച് പറയും. ജോലി അവർക്കൊരു ലഹരിയായി മാറുന്നതുകൊണ്ടാണ് അവരതിൽ വ്യാപൃതരാകുന്നത്. ജോലിയിൽ അവർ വിജയം നേടുന്നതുകൊണ്ടും അവർക്കതിൽ ആത്മസംതൃപ്തി ഉള്ളതുകൊണ്ടും കുറ്റം പറയാനൊക്കില്ല. സാമ്പത്തികമായും ഉയർന്ന നിലയിലാണ്.

മകൻ വിനു പിള്ള ഒരു ലീഡിങ് ഹെൽത്ത് കെയർ ലോയറാണ്. അവന്റെ സിഇഒ ഒരു മെഡിക്കൽ മീറ്റിൽ എന്നെക്കണ്ട് 'പിള്ള' എന്നുള്ള എന്റെ സർനെയിം ശ്രദ്ധിച്ചു. അവർക്കൊപ്പവും ഒരു പിള്ള ജോലി ചെയ്യുന്നുണ്ടെന്ന് പറഞ്ഞു. കേരളത്തിൽ ഈ പേര് സാധാരണമാണല്ലോ, അതുകൊണ്ട് എന്റെ മകനെക്കുറിച്ചാണ് പറയുന്നതെന്ന് ആദ്യം മനസ്സിലായില്ല. അവരുടെ ഫേം നല്ല രീതിയിൽ മുന്നോട്ടു പോകുന്നത് അവൻ കാരണമാണെന്നും അവന്റെ സഹാനുഭൂതിയെയും ദീനാനുകമ്പയേയും കുറിച്ചൊക്കെയാണ് അയാൾ പറഞ്ഞത്. അതെന്റെ മകനെക്കുറിച്ചാണെന്നറിഞ്ഞ നിമിഷം അച്ഛനെന്ന നിലയിൽ വലിയ അഭിമാനം തോന്നി.

എനിക്കൊരു കൊച്ചുമകളുണ്ട്-റൈലി. സയൻസ് ആൻഡ് മാത്ത് ആണ് അവളുടെ സ്ട്രെങ്ത്. ജോൺസ് ഹോപ്കിൻസിൽ മെറിറ്റിൽ അവൾക്ക് അഡ്മിഷൻ കിട്ടി. മകന് മൂന്ന് ആൺകുട്ടികളാണ്-ട്രി




പ്ളെറ്റ്സ്. ഒറിയൻ പിള്ള, എഡ്രിയൻ പിള്ള, മാക്സ് പിള്ള. ഇപ്പോൾ പത്തുവയസ്സാകുന്നു.

ജാമാതാവ് റോബർട്ട് ഗിസ്റ്റ്. മരുമകൾ: Charene Pillai

ഇന്ത്യ മുഴുവൻ ഒന്ന് യാത്ര ചെയ്താലോ എന്ന് ഇടയ്ക്ക് തോന്നാറുണ്ട്. ഈ കുഞ്ഞുങ്ങളാണ് ഇവിടെ തന്നെ തുടരാൻ പ്രേരിപ്പിക്കുന്നത്. അവരുടെ മുഖത്തെ നിഷ്കളങ്കതയും സ്നേഹപ്രകടനങ്ങളും കൊണ്ടാണ് ഇവിടെ നിൽക്കുന്നത്.

**കുടുംബവും ബന്ധങ്ങളും**

അച്ഛൻ വലിയ ഫലിതപ്രിയനായിരുന്നു. കുഞ്ചൻ നമ്പ്യാരിൽ നിന്നാകാം വീട്ടിൽ കുഞ്ചൻ എന്നായിരുന്നു അദ്ദേഹത്തെ വിളിച്ചിരുന്നത്. യശ്ശശരീരനായ ആർ.എസ്.പി. നേതാവ് ആർ. ശ്രീകണ്ഠൻ നായരിൽ നിന്നാണ് ഞാൻ ആദ്യമായി അച്ഛന്റെ ഫലിതങ്ങൾ കേൾക്കുന്നത്. അവർ ക്ലാസ്മേറ്റ്സായിരുന്നു.

അച്ഛന് നാലു സഹോദരന്മാരുണ്ട്. എല്ലാവരുടെയും കൈപ്പട ഒരുപോലെയിരിക്കും. ഒരുതരത്തിലും വേർതിരിച്ചറിയാൻ പറ്റില്ല. സ്വഭാവിശേഷവും അങ്ങേയറ്റം അനുമോദനാർഹമായിരുന്നു. യാതൊരുവിധ ദുശ്ശാഠ്യങ്ങളോ ദുശീലങ്ങളോ ഉണ്ടായിരുന്നില്ല. അഥവാ ദുശീലമുണ്ടെങ്കിൽ ഒരാൾ നിർത്തിയാൽ, എല്ലാവരും നിർത്തും. വലിയച്ഛൻ സിഗരറ്റ് വലിച്ചിരുന്നപ്പോൾ മറ്റു സഹോദരങ്ങളും പുകവലിച്ചിരുന്നു. അദ്ദേഹം നിർത്തിയപ്പോൾ, അവരും നിർത്തി. സഹോദരസ്നേഹവും ഐക്യവുമുള്ള കുടുംബത്തിൽ ജനിച്ചുവളർന്നതിന്റെ സ്വാധീനം ഞങ്ങളിലുമുണ്ട്.

നാട്ടിൽ എനിക്ക് മൂന്ന് സഹോദരിമാരുണ്ട്. രണ്ട് സഹോദരിമാരുടെയും മക്കൾ അമേരിക്കയിലാണ്. ഏറ്റവും ഇളയ പെങ്ങളാണ് മല്ലിക സുകുമാരൻ. അവളുടെ മക്കൾ ഇന്ദ്രനും രാജുവും (നടന്മാരായ ഇന്ദ്രജിത്ത്, പൃഥ്വിരാജ്).

**ബാല്യകാല സ്മരണകൾ. ഒരിക്കലും മറക്കാത്ത ചില സ്മരണകൾ?**

അതൊരുപാടൊരുപാട് പറയാനുണ്ട്. ഹരിപ്പാടിനെ ച്ചുറ്റിപ്പറ്റിയാണെന്റെ ഓർമ്മകൾ. അന്നത്തെ ഹരിപ്പാട് തികച്ചും ഗ്രാമീണമായ ഒരു ഉൾനാടായിരുന്നു. ഓണാട്ടുകര എന്ന് പറയില്ലേ? നെല്ല് കൃഷി ചെയ്തുകഴിഞ്ഞ് അവിടെ രണ്ടാം വിളയായിട്ട് എള്ള് കൃഷി ചെയ്തിരുന്നു. മീനമാസത്തിലൊക്കെ സ്കൂളടച്ച് നാട്ടിൽ പോയി കഴിഞ്ഞാൽ എള്ള് വളർന്നുനിൽക്കുന്നതിനിടയിൽക്കൂടി നടന്നെത്തുന്നതാണ് വലിയ സന്തോഷം. മഴക്കാലമായിക്കഴിഞ്ഞാൽ മുട്ടറ്റം വെള്ളത്തിൽ വരമ്പത്തൂടെയും കണ്ടത്തിലൂടെയുമാണ് നടക്കുന്നത്. മൂവാണ്ടൻ മാങ്ങ എന്നൊരിനമുണ്ട് -നട്ടാൽ മൂന്നാം കൊല്ലം കായ് കിട്ടും. തേഡ് ഫോറത്തിൽ പഠിക്കുമ്പോൾ നട്ടാൽ എസ് എസ് എൽ സി ക്ക് പഠിക്കുമ്പോൾ മാങ്ങ പറിക്കാം-അതൊരു സംതൃപ്തിയാണ്.

എംടി, ഒ എൻ വി, പുനത്തിൽ കുഞ്ഞബ്ദുള്ള, സുഗതകുമാരി, യൂസഫലി കേച്ചേരി, ശ്രീകുമാരൻ തമ്പി, ടി.പത്മനാഭൻ തുടങ്ങിയവർ അമേരിക്കയിലെ സാഹിത്യസദസ്സുകളിൽ വരുമ്പോൾ ആതിഥേയത്വം വഹിക്കാൻ സാധിച്ചിട്ടുണ്ട്. ഇവരൊക്കെ എന്റെ വീട്ടിൽ വന്ന് താമസിച്ചിട്ടുണ്ട്. ഇവർക്കൊപ്പം സഞ്ചരിക്കുമ്പോഴും ചർച്ച സാഹിത്യത്തെക്കുറിച്ചായിരിക്കും.

ഹരിപ്പാട്ടുകാരനായ ശ്രീകുമാരൻ തമ്പി എന്നെ വിളിക്കുന്നത് മണി എന്നാണ്. തൊട്ടടുത്തായിരുന്നു അവരുടെ വീട്. തമ്പിയുടെ ഗാനങ്ങളിൽ എനിക്ക് ഏറ്റവും പ്രിയപ്പെട്ടത് 'ആ നിമിഷത്തിന്റെ നിർവൃതിയിൽ ഞാനൊരാവണി തെന്നലായി മാറി' എന്ന് തുടങ്ങുന്ന വരികളാണെന്ന് ഒരിക്കൽ ഞാൻ പറഞ്ഞപ്പോൾ അതിന്റെ കാരണം ചോദിച്ചു. തിരുവനന്തപുരത്തുനിന്ന് ഹരിപ്പാട്ടേക്ക് വേനലവധിക്കും ഓണാവധിക്കും എത്തുന്നത് വിരിപ്പ് നിലത്തിലൂടെയാണ്. അവിടെ വീശുന്ന ഒരു പ്രത്യേകതരം കാറ്റുണ്ട്- അതാണ് ആവണി തെന്നൽ. അതെത്ര മനോഹരമാണെന്ന് ഒരിക്കലും പറഞ്ഞുഫലിപ്പിക്കാൻ സാധിക്കില്ല, അതൊരു ഗാനത്തിന്റെ വരികളിൽ കണ്ട് ആഹ്ലാദംകൊണ്ട് തുള്ളിച്ചാടിയ അനുഭവം ഞാൻ തമ്പിയോട് പറഞ്ഞു. ഹരിപ്പാടിന്റെ മുഴുവൻ ഗ്രാമ്യഭംഗിയും ആവാഹിച്ച ഗാനം! അതിന്റെ അവസാന വരി ഇങ്ങനെയാണ്- ആ ഹൃദയത്തിന്റെ സ്പന്ദനങ്ങൾക്കെന്റെ താളം പകർന്നു ഞാൻ നൽകി. ഒരു ഉൾനാടിന്റെ ഹൃദയസ്പന്ദനങ്ങളുടെ താളമായിട്ട് മാറുകയാണ് എന്റെ ഹൃദയമിടിപ്പ്. ഒരു ഏകമയീഭാവം-ഒരു ഒത്തുചേരലിന്റെ അനുഭൂതി. അതനുഭവിച്ചറിഞ്ഞേ മതിയാകൂ.

എം.ജി.ശ്രീകുമാറിന്റെയും ഓമനക്കുട്ടിയുടെയും എം.ജി.രാധാകൃഷ്ണന്റെയും പിതാവ് മലബാർ

ഗോപാലൻ നായരാണ് എന്റെ അമ്മയെ സംഗീതം പഠിപ്പിച്ചുകൊണ്ടിരുന്നത്. അദ്ദേഹം അന്നൊക്കെ ഹാർമോണിയവുമായി വീട്ടിൽ വന്ന് അമ്മയെ പാട്ട് പഠിപ്പിക്കുന്നതൊക്കെ എനിക്ക് നല്ല ഓർമ്മയുണ്ട്. സിനിമാട്ടോഗ്രഫിയിൽ നോക്കിയാൽ ശിവൻ ഫാമിലി ഹരിപ്പാട് നിന്നാണ്-സന്തോഷ് ശിവൻ, സംഗീത് ശിവൻ, സഞ്ജീവ് ശിവൻ. നാടിന് പ്രത്യേകമായൊരു ചൈതന്യമുണ്ട്. അതിന്നും പോറലേൽക്കാതെ നിൽക്കുന്നു.

ഇതിനെക്കുറിച്ചൊക്കെ ഒരു പുസ്തകം തന്നെ എഴുതാം. മടികൊണ്ടും സമയക്കുറവുകൊണ്ടും അതങ്ങനെ നീണ്ടുപോകുന്നു എന്ന് മാത്രം.

**വിദ്യാഭ്യാസ കാലം**

തിരുവനന്തപുരം മോഡൽ സ്കൂളിൽ നിന്ന് പഠിച്ചിറങ്ങി പ്രീ-യൂണിവേഴ്സിറ്റിക്ക് ചേർന്നു. തുടർന്ന് എംബിബിഎസ് ചെയ്തു. കോളജിലെ എന്റെ സഹപാഠികളായിരുന്നു പിൽക്കാലത്ത് പ്രസിദ്ധനായി തീർന്ന കവി വിനയചന്ദ്രനും രാഷ്ട്രപതിയുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന പി.മാധവൻ നായരും. രസകരമായ ഒരോർമ്മ പറയാം. വൈ എം സി എ യിൽ ഒരു വേദിയിൽ ഞാനും ഡോ. ബാബു പോളും പങ്കെടുത്തിരുന്നു. അവിടേക്ക് ഏറെ വൈകിയാണ് വിനയചന്ദ്രൻ പ്രസംഗിക്കാൻ എത്തിച്ചേർന്നത്. ഒരുപാട് വർഷങ്ങൾക്ക് ശേഷമുള്ള കൂടിക്കാഴ്ച ആയതുകൊണ്ട് എനിക്ക് അദ്ദേഹത്തെ കണ്ടിട്ട് മനസ്സിലായിരുന്നില്ല. വിനയൻ എന്റെ അടുത്തുവന്ന് മനസ്സിലായോ എന്ന് ചോദിച്ചപ്പോൾ നാടുവിട്ടിട്ട് ഏറെക്കാലമായതുകൊണ്ട് പിടികിട്ടുന്നില്ലെന്ന് ഞാൻ പറഞ്ഞു. പ്രീ-യൂണിവേഴ്സിറ്റിക്ക് കൂടെ പഠിച്ച ഡി. വിനയചന്ദ്രൻപിള്ളയാണ് താനെന്ന് പരിചയപ്പെടുത്തിയിട്ട് ഒരു തമാശയും പറഞ്ഞു. 'ഞാനെന്റെ വാൽ മുറിച്ചു, ഡോക്ടർ ഇതുവരെ വാൽ മുറിച്ചില്ല' എന്ന്.

അമേരിക്കയിൽ ഗ്രീൻ കാർഡിന് അപ്ലൈ ചെയ്തപ്പോഴത്തെ പേര് പിന്നെ മാറ്റാൻ പാടായതുകൊണ്ടാണെന്ന് ഞാൻ മറുപടി നൽകി. പഠിക്കുമ്പോൾ കവിതാമത്സരത്തിൽ എനിക്ക് ഒന്നാം സമ്മാനവും,വിനയചന്ദ്രന് രണ്ടാം സമ്മാനവും കിട്ടിയ കാര്യവും ഓർത്തുവച്ചു പറഞ്ഞു. കേൾക്കാൻ നല്ല സുഖം തോന്നി. കേരളത്തിലെ ഒരു മുൻനിര കവിയാണത് പറഞ്ഞതെന്ന് ഓർക്കണം.

രാജസ്ഥാനിൽ വച്ചുനടന്ന ക്യാൻസർ കോൺഫറൻസിൽ എ.പി.ജെ അബ്ദുൽ കലാമാണ് മുഖ്യാതിഥിയായി വന്നത്. അദ്ദേഹമെനിക്കൊരു അവാർഡ് സമ്മാനിച്ചു. അന്ന് പി. മാധവൻ നായരായിരുന്നു അദ്ദേഹത്തിന്റെ സെക്രട്ടറി. എന്നെക്കണ്ടപ്പോൾ എത്ര വർഷങ്ങൾക്ക് ശേഷമാണ് കാണുന്നതെന്ന് ആ പഴയ സഹപാഠി സന്തോഷത്തോടെ പറഞ്ഞു.

**ഒരു എഴുത്തുകാരൻ ആകണമെന്ന് മോഹിച്ചിരുന്നോ?**

ഒരിക്കലുമില്ല. അതൊരു ഹോബി മാത്രമാണ്. അമേരിക്കയിൽ ഹെമറ്റോളജി, ഓങ്കോളജി എന്നീ ഡിപ്പാർട്മെന്റുകളിലാണ് ഞാൻ വർക്ക് ചെയ്യുന്നത്. ഇവിടത്തെ മെഡിക്കൽ വിദ്യാർത്ഥികൾക്ക് ക്ലാസ് എടുക്കുന്നത് നാട്ടിലേതുപോലെയല്ല. പ്രൊഫസറുടെ മുൻപിൽ നോട്ടെഴുതിയെടുക്കാൻ വരുന്നവരല്ല ആരും. അവർ ഒരുപാട് ചോദ്യങ്ങളും സംശയങ്ങളുമായിട്ടാണ് വരുന്നത്. എന്തെങ്കിലും കാമ്പുള്ള അദ്ധ്യാപകനാണോ എന്ന് ആദ്യ രണ്ടാഴ്ചയിൽ തന്നെ അവർ ഗ്രഹിക്കും. നമുക്ക് വിവരമില്ലെന്നുകണ്ടാൽ ക്ലാസ്സിൽ പോലും കയറില്ല. കമ്പൽസറി അറ്റൻഡൻസ് ഒന്നുമില്ലല്ലോ. ഈ രംഗത്ത് പിടിച്ചുനിൽക്കണമെന്നുണ്ടെങ്കിൽ നിരന്തരം വായിച്ച് പാരായണക്ഷമതയും അറിവും ഉന്നതമായ നിലയിൽ നിർത്തിയേ പറ്റൂ.

അതുകാരണം, സ്റ്റാമ്പ് കളക്ഷൻ എന്നൊക്കെ പറയുന്നപോലെ മാത്രമാണ് എന്റെ സാഹിത്യ താല്പര്യങ്ങൾ. ജീവിതത്തിലെ സ്ട്രെസ് കുറയ്ക്കാൻ ചിലർ കൃഷി ചെയ്യും. അതിനുവേണ്ടി തന്നെയാണ് ഞാനും മറ്റു മേഖലയിലേക്ക് എത്തിനോക്കുന്നത്. ആധുനിക മനഃശാസ്ത്രം അതിനെക്കുറിച്ച് ധാരാളം ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ചീഫ് സെക്രട്ടറി അതു പോലെ സ്ട്രെസ് കൂടിയ ജോലി ചെയ്യുന്നവർ അതിൽ നിന്ന് ആശ്വാസം കിട്ടാനാണ് കവിത എഴുതുന്നതും പടം വരയ്ക്കുന്നതുമെല്ലാം. മലയാറ്റൂർ രാമകൃഷ്ണൻ സെക്രട്ടറിയും ഗൗരിയമ്മ മന്ത്രിയുമായിരുന്ന കാലത്ത് അവർ തമ്മിൽ ഒരുപാട് തവണ പിണങ്ങിയിട്ടുണ്ട്. ഇത് അദ്ദേഹം തന്നെ പറഞ്ഞിട്ടുള്ളതാണ്. അഭിമാനക്ഷതമേറ്റ നിമിഷങ്ങൾ പോലും ഉണ്ടായിരുന്നു. ആ സ്ട്രെസ് കുറയ്ക്കാനാണ് അദ്ദേഹം 'യന്ത്രം' എന്ന നോവൽ എഴുതിയത്.

പിരിമുറുക്കങ്ങളും സംഘർഷങ്ങളും നിറഞ്ഞ അമേരിക്കൻ ജീവിതത്തിനിടയിൽ അതൊന്ന് ലഘൂകരിക്കാൻ വേണ്ടിയാണ് ഞാൻ എഴുതുന്നത്. സാഹിത്യം, സംഗീതം, ചിത്രകല, യാത്ര, ഫിഷിങ്, പത്രപാരായണം എല്ലാം അത്തരം ബഹിർഗമന മാർഗങ്ങളാണ്. ആരെങ്കിലും നിർബന്ധിക്കാതെ ഇതുവരെ ഞാൻ എഴുതിയിട്ടില്ല. എഴുതിയേ തീരൂ എന്ന് തോന്നുന്ന മുഹൂർത്തത്തിൽ മാത്രമേ നല്ല എഴുത്തുകാർ എഴുതുകയുള്ളു എന്ന് ആരോ പറഞ്ഞിട്ടുണ്ട്. 'പൂക്കാതിരിക്കാൻ എനിക്കാവതില്ലേ, കണിക്കൊന്നയല്ലേ വിഷുക്കാലമല്ലേ' എന്ന അയ്യപ്പപ്പണിക്കർ സാറിന്റെ കവിത പോലെ.

ഉദാഹരണം പറഞ്ഞാൽ, നമ്മുടെ ഹൃദയത്തെ ഒരുപാട് സ്പർശിച്ചയാൾ മരണപ്പെട്ടാൽ നമുക്ക്

എഴുതിയേ പറ്റൂ. അകത്തുതിളച്ചു മറിയുന്ന വോൾക്കാനിക് ലാവ പൊട്ടി ഒലിച്ച് പുറത്തേക്ക് പോയേ പറ്റൂ. അതിനുള്ള മാർഗമാണ് എഴുത്ത്. അതാകാം വിലാപകാവ്യങ്ങൾ മനോഹരമായി വരുന്നത്. എഴുതിയേ തീരൂ എന്ന മുഹൂർത്തം എന്റെ ജീവിതത്തിൽ ഉണ്ടായിട്ടില്ല. ഞാനൊരു അറിയപ്പെടുന്ന എഴുത്തുകാരൻ ആകാതെ പോയത് അതുകൊണ്ടായിരിക്കാം. അങ്ങനെ എഴുതുമ്പോൾ മാത്രമേ ഒരു ആർജ്ജവം വരികയുള്ളു, അതിനൊരു ലാവണ്യ ഭംഗി ഉണ്ടാവുകയുള്ളു,പാരായണക്ഷമത ഉണ്ടാവുകയുള്ളു,ഹൃദയംഗമമാകുകയുള്ളു.

**അമേരിക്കൻ മലയാള സാഹിത്യം എന്നൊന്നുണ്ടോ?**

ഇത്തരം വിഭജനങ്ങളൊക്കെ അക്കാഡമിക് കാര്യങ്ങൾക്കാണ് ഉപകരിക്കുക. അടുത്തിടെ വായിച്ചതിൽ എനിക്കേറെ ഇഷ്ടപ്പെട്ട പുസ്തകമാണ് ജോർജ്ജ് മണ്ണിക്കരോട്ട് എഴുതിയ 'അമേരിക്കൻ മലയാള സാഹിത്യ ചരിത്രം'. ഇങ്ങനെയൊരു ചരിത്ര പശ്ചാത്തലത്തെക്കുറിച്ച് പഠിക്കുമ്പോൾ ഇത്തരം വിഭജനങ്ങൾക്ക് പ്രസക്തിയുണ്ട്. അമേരിക്കയിലും ജർമനിയിലും ഗൾഫിലും ഓസ്‌ട്രേലിയയിലും വെസ്റ്റ് ഇൻഡീസിലും മലയാളത്തിൽ എഴുതുന്ന കവികളുണ്ടോ കഥാകൃത്തുക്കളുണ്ടോ എന്നറിയാൻ ഇത് ഉപകരിക്കും. അല്ലാതെ സാഹിത്യത്തിന്റെ ആസ്വാദനത്തിനോ അംഗീകാരത്തിനോ ഭൂമിശാസ്ത്രപരമായ വിഭജനങ്ങൾക്കൊന്നും ഒരു പ്രസക്തിയുമില്ല. പ്രത്യേകിച്ച് ഇന്നത്തെക്കാലത്ത്.

ഞാൻ ഇ-മലയാളിയിൽ വായിക്കുന്ന കഥ ഒരു പക്ഷേ എഴുതിയത് ജർമനിയിലോ ഇംഗ്ലണ്ടിലോ കേരളത്തിലോ ഉള്ളൊരാളായിരിക്കും. കഥയുടെ സൗന്ദര്യമോ ലാവണ്യഭംഗിയോ മാത്രമേ ഞാൻ ശ്രദ്ധിക്കുന്നുള്ളു. ആ സൃഷ്ടി എഴുതപ്പെട്ട സ്ഥലം എനിക്ക് വിഷയമേയല്ല. ആ കഥയെ വിലയിരുത്താനോ അംഗീകരിക്കാനോ ഉള്ള കമ്മിറ്റിയിലെ അംഗമല്ല ഞാൻ. അപ്പം തിന്നാൽ പോരേ, കുഴി എണ്ണണോ എന്നതാണ് മനോഭാവം. അങ്ങനെ നോക്കുമ്പോൾ അമേരിക്കൻ മലയാള സാഹിത്യമെന്നുള്ളത് സാഹിത്യ പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും താല്പര്യമുള്ളവർക്ക് മാത്രം പ്രസക്തമായ വിഭജനമാണ്. അല്ലാത്തവർക്ക് അതുകൊണ്ട് വലിയ പ്രയോജനമില്ല എന്നാണെന്റെ വിശ്വാസം.

**അമേരിക്കൻ മലയാളി എഴുത്തുകാരെ നാട്ടിലെ മുഖ്യധാരാ എഴുത്തുകാരും മാധ്യമങ്ങളും എങ്ങനെ കാണുന്നു?**

ഇത് നമ്മൾ കാര്യമായി ചർച്ച ചെയ്യേണ്ട വിഷയമാണ്. അടുത്തകാലത്തായിട്ട് ഞാൻ കാണുന്ന ചെറിയൊരു അസ്വാസ്ഥ്യം ഇവിടെയുള്ള എഴുത്തുകാർക്ക് നാട്ടിൽ അംഗീകാരം കിട്ടുന്നില്ല എന്നുള്ളതാണ്. ഇത് ശരിയല്ല. ഞാൻ എല്ലാക്കൊല്ലവും നാട്ടിൽപോയി ഒന്നൊന്നര മാസം തങ്ങുന്ന ആളാണ്. തന്നെയുമല്ല, ഇപ്പോൾ ഈ വാട്സാപ്പും ഇന്റർനാഷണൽ ഫോൺ കോളും ട്വിറ്ററും ഇമെയിലും എല്ലാം വന്നതുകൊണ്ട് എല്ലാദിവസവും എല്ലാവരുമായിട്ട് ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇന്നുരാവിലെയും കേരളത്തിൽ നിന്ന് പ്രഭാ വർമ്മ അയച്ചുതന്ന നല്ലൊരു കവിത ഞാൻ വായിച്ചു. അദ്ദേഹത്തിന്റെ കാവ്യജീവിതം അൻപത് വർഷത്തിൽ എത്തിനിൽക്കുകയാണ്. കഴിഞ്ഞയാഴ്ച ഇതുപോലെ സുഗതകുമാരിയുടെ മകൾ ലക്ഷ്മീദേവിയുടെ ഒരു കവിത ലഭിച്ചു. എനിക്ക് വളരെ ഇഷ്ടപ്പെട്ടു. ഒരുപാടാളുകൾ കേരളത്തിൽ നിന്നും രചനകൾ അയച്ചുതരുന്നുണ്ട്, അതുപോലെ തന്നെ ഇവിടെ നിന്ന് തിരിച്ച് അങ്ങോട്ടേക്കും അയയ്ക്കാറുണ്ട്. ധാരാളം പുസ്തകങ്ങൾ പലരുമെനിക്ക് കോംപ്ലിമെന്ററി കോപ്പിയായും നൽകാറുണ്ട്. കേരളത്തിൽ അങ്ങനെ അമേരിക്കൻ മലയാളി എഴുത്തുകാരെക്കുറിച്ച് മോശം അഭിപ്രായമില്ല ഇല്ല ഇല്ല എന്ന് ഞാൻ ആവർത്തിച്ചു പറയാം.

ഒരുപാടുപേരോട് അടുത്തിടപഴകുമ്പോൾ അവരൊക്കെ ഇവിടത്തെ രചനകളെയും രചയിതാക്കളെയും ശ്രദ്ധിക്കുന്നതായി മനസ്സിലായിട്ടുണ്ട്. അവരെ പുകഴ്ത്തിപ്പറയാൻ ആരും മടിക്കാറുമില്ല. പണ്ടത്തെപ്പോലെയല്ല, ഇന്നിപ്പോൾ ഭാഷാപോഷിണിയിലും മാതൃഭൂമിയിലും സമകാലിക മലയാളത്തിലും കലാകൗമുദിയിലുമൊക്കെ അമേരിക്കൻ മലയാളികളുടെ ധാരാളം രചനകൾ വരുന്നുണ്ട്. അമേരിക്കൻ മലയാളിയെന്ന് എടുത്തുപറയുന്നില്ലായിരിക്കും. പക്ഷേ, എനിക്കറിയാം അതാരാണെഴുതിയതെന്ന്. നല്ല രചനകളെ അഭിനന്ദിച്ചുകൊണ്ട് ധാരാളം ആളുകൾ സംസാരിക്കുന്നത് കേട്ടിട്ടുണ്ട്. നല്ല രചനകൾ മറുനാട്ടിൽ നിന്ന് വരുന്നു എന്ന് പലരും പ്രസംഗിക്കുന്നതും കേട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇത് അടിസ്ഥാനരഹിതമായൊരു ആരോപണമാണ്.

ഇവിടെയുള്ള എഴുത്തുകാർക്ക് നാട്ടിൽ അംഗീകാരം കിട്ടുന്നില്ലെന്ന് എനിക്ക് തോന്നിയിട്ടില്ല. വേറൊരു ചോദ്യമുള്ളത് എന്ത് അംഗീകാരമാണ് നമ്മൾ ഉദ്ദേശിക്കുന്നത് എന്നതാണ്. അവാർഡുകളാണെങ്കിൽ, അതിൽ യാതൊരു കാര്യവുമില്ലെന്ന് നമുക്കറിയാം. വൈക്കം മുഹമ്മദ് ബഷീറിന് പത്മശ്രീ കിട്ടാത്തതുകൊണ്ട് അദ്ദേഹത്തിന്റെ മഹത്വത്തിന് എന്തെങ്കിലും കുറവ് വന്നിട്ടുണ്ടോ? നമ്മുടെ അറിയപ്പെടുന്ന പല സാഹിത്യകാരന്മാർക്കും സാഹിത്യ അക്കാഡമി അവാർഡ് കിട്ടിയിട്ടില്ല. അംഗീകാരത്തിന്റെ മാനദണ്ഡം അവാർഡോ അക്കാഡമി പുരസ്കാരമോ ആണെന്ന് പറഞ്ഞുകൊണ്ട് അനർഹമായ രീതിയിൽ




അവ തട്ടിക്കൂട്ടുന്നതിൽ യാതൊരു കാര്യവുമില്ല. അവർക്ക് മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാണ് താൻ എന്നറിയിക്കാൻ വേണ്ടി ഉണ്ടാക്കിവച്ച മിഥ്യാധാരണ യാണത്.

ഇവിടെയാണ് പരസ്പര വിമർശനത്തിന്റെ അപക ടം പതിയിരിക്കുന്നത്. ഇ–മലയാളിയിൽ ഇവിടെയുള്ള എഴുത്തുകാരെ പരിഹസിച്ചുകൊണ്ടും പുച്ഛിച്ചുകൊ ണ്ടും ചില കത്തുകൾ കണ്ടിട്ടുണ്ട്. മറ്റുള്ളവരുടെ കയ്യിൽ നമ്മളെ അടിക്കാൻ വടി ഓടിച്ചുകൊടുക്കു ന്നതുപോലെയാണത്. കാരണം, ഇതുതന്നെയാണ് അവർക്ക് വേണ്ടത്. അമേരിക്കൻ മലയാളികളോട് നമു ക്കൊക്കെ അറിയാവുന്ന നിശബ്ദമായൊരു അസൂയ മി ക്കവർക്കുമുണ്ട്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. ആരുടേ യും കാലുപിടിക്കാതെയും ആരെയും പറ്റിക്കാതെയും ആരുടെയും കുതികാൽ വെട്ടാതെയും സാമാന്യം നന്നായി അധ്വാനിച്ച് നല്ലനിലയിൽ കഴിയുന്നവരാണ് ഇവിടെയുള്ളതിൽ ഭൂരിഭാഗവും. എത്രയോപേർ നല്ല സർഗ്ഗവൈഭവത്തോടെ നല്ല രചനകൾ നടത്തുന്നു.

ഇതിന്റെ മറ്റൊരു വശമുണ്ട്. അമേരിക്കയിലെ ചില എഴുത്തുകാർ ചോദിക്കുന്നത് കേരളത്തിൽ നിന്നുള്ള എഴുത്തുകാരെ നിങ്ങളെന്തിനാണ് ക്ഷണിച്ചുകൊ ണ്ടുവരുന്നത്, ഞങ്ങൾ ഇവിടെയില്ലേ എന്നാണ്. എന്നെസംബന്ധിച്ച് ഇത് വെറും ബാലിശമായൊരു ചോദ്യമാണ്. ഇതുതന്നെയല്ലേ നമ്മൾ നോക്കുകൂലി എന്നുപറയുന്നത്. ഞങ്ങളൊക്കെ തലയിൽകെട്ടും കെട്ടി മതിലിനരികിൽ നിൽക്കുമ്പോൾ, വെളിയിൽ നിന്ന് ആളെക്കൊണ്ടുവന്ന് ചുമടിറക്കിക്കഴിഞ്ഞാൽ പിന്നെ ഞങ്ങൾ എന്തിനാ എന്നാണ് നോക്കുകൂ ലി ജോലിക്കാർ പറയുന്നത്. നമ്മൾ നോക്കുകൂലി സമ്പ്രദായം ഇറക്കുമതി ചെയ്യരുത്. ഇരിക്കുന്നകൊമ്പ് മുറിക്കുന്നതുപോലെ അത് നമുക്കുതന്നെ വിനാശകര മായിത്തീരും. We have to command respect. ഇവിടെ നല്ല കവികളും കഥാകൃത്തുക്കളും ചെറുകഥാകൃത്തു ക്കളും ലേഖകരുമുണ്ട്. അമേരിക്കയിൽ കേരളത്തിലേ തിനേക്കാൾ മികച്ച രചയിതാക്കൾ ഉള്ളതായിട്ട് എനി ക്കറിയാം. ഞാൻ പേരുപറയാത്തത് അവർക്കൊരു പക്ഷപാതം തോന്നിപ്പിക്കേണ്ട എന്നുകരുതിയാണ്.

ചെറുകഥ, നോവൽ, കവിത, ലേഖനങ്ങൾ എന്നി വയിലെല്ലാം നല്ല നിലവാരം പുലർത്തുന്നവരുണ്ട്. പക്ഷേ, ഞങ്ങളെ ആദരിച്ചിട്ടേ നാട്ടിൽ നിന്ന് ആളെ ഇറക്കാവൂ എന്നുപറയുന്നത് കേൾക്കുന്നത് വീടിനടു ത്ത് യേശുദാസിനെപ്പോലെ പാടുന്നയാൾ ഉണ്ടായിട്ട് ആയിരക്കണക്കിന് ഡോളർ മുടക്കി ദാസേട്ടനെക്കൊ ണ്ടുതന്നെ പാടിക്കുന്നത് എന്തിനാണെന്ന് ചോദിക്കു ന്നതുപോലെയാണ്. ആ ചിന്ത നമ്മൾ അല്പന്മാരാ ണെന്നും അരക്ഷിതാബോധമുള്ളവരാണെന്നുമുള്ള തോന്നൽ ഉണ്ടാക്കും. മാത്രമല്ല, കേരളത്തിന്റെ മു ഖ്യധാരാ മാധ്യമത്തിലേക്ക് നമുക്ക് കടന്നുചെല്ലാൻ പ്രയാസം സൃഷ്ടിക്കുകയും ചെയ്യും.

കേരളത്തിലിരുന്ന് എഴുതുന്നവരുടെ അത്ര സമ യമോ സാവകാശമോ സംവിധാനങ്ങളോ ഇല്ലാത്ത താണ് ഇവിടത്തെ എഴുത്തുകാർക്കുള്ള പരാധീനത. നാട്ടിലുള്ളവർക്ക് ഒരു കഥ തന്നെ അഞ്ചോ ആറോ തവണ മാറ്റിയെഴുതാം. പബ്ലിക് ലൈബ്രറിയിൽ പോയിരുന്ന് തിരുത്താം.അതിന് വീണ്ടും പകിട്ടുണ്ടാ ക്കാം. ഒരറിവുള്ള ആളെക്കാണിച്ച് അതിന്റെ തെറ്റു കുറ്റങ്ങൾ മാറ്റാം. ഇതൊന്നും ഇവിടെ സാധ്യമല്ല. രാവിലെ മുതൽ വൈകുന്നേരം വരെ എന്നും ജോലി ചെയ്തിട്ട് ശനിയാഴ്ച ഉച്ചയ്ക്ക് ശേഷമോ ഞായറാഴ് ചയോ വീണുകിട്ടുന്ന അല്പസമയംകൊണ്ട് എഴുതു ന്നവരാണ് ഇവിടെയുള്ളത്. നൈസർഗികമായ സർഗ്ഗ സിദ്ധിയുടെ ഒരു ബഹിർസ്ഫുരണമാണ് ഇവിടുത്തെ കൃതികൾ. എന്നിട്ടും പല കൃതികളും കേരളത്തിലെ സമകാലിക സാഹിത്യവുമായി തട്ടിച്ചു നോക്കു മ്പോൾ ഒട്ടും പിന്നിലല്ലെന്ന് സധൈര്യം പറയാം. നമ്മൾ തന്നെ കുഴി കുഴിച്ച് നമ്മളെ വീഴിക്കാൻ നോ ക്കരുത്.

ലോജിക് എന്നൊരു ശാസ്ത്രമുണ്ട്, തർക്കശാ സ്ത്രം. അതിലെ ബാലപാഠം ഞാൻ പറയാം. ഒരു കടലാസിൽ ഒരു വര വരച്ചിട്ട് പെൻസിൽ നമ്മുടെ കയ്യിൽ തന്ന ശേഷം ഈ വരയുടെ നീളം കൂട്ടണമെ ന്ന് ആവശ്യപ്പെടും. എന്നാൽ, വരച്ച വരയിൽ തൊ ടാനും പാടില്ല. ഇതെങ്ങനെ സാധ്യമാകും? ഏവരും തലപുകഞ്ഞാലോചിച്ചപ്പോൾ ഒരു വിരുതൻ മുൻ പ് വരച്ച വരയ്ക്ക് തൊട്ടുതാഴെ അതിനേക്കാൾ ചെ റിയ വര വരച്ചു. കൊച്ചുവര വരയ്ക്കുമ്പോൾ മുകളി ലെ വരയുടെ നീളം സ്വാഭാവികമായും കൂടുമല്ലോ! ഈ പാഠം പറയുന്നത് സ്വയം നീളം വയ്ക്കാൻ കഴി

വില്ലെങ്കിൽ മറ്റുള്ളവരെ കൊച്ചാക്കി കാണിക്കുന്നു എന്നാണ്. മറ്റുള്ളവരെ കൊച്ചാക്കിക്കാണിക്കുമ്പോൾ ആപേക്ഷികമായി എനിക്ക് അല്പം വലിപ്പം തോന്നു മല്ലോ എന്നാണ് ധാരണ.

ഇതാണ് പല സ്ഥലത്തും കാണുന്ന പ്രവണത. വയോവൃദ്ധനായ മലയാളം വായനക്കാരൻ എന്ന നിലയിൽ, ഇതെന്റെ നിരീക്ഷണമാണ്. അമേരിക്കയി ലെ സഹൃദയർക്കു മുന്നിൽ ഞാനിത് അവതരിപ്പിക്കു ന്നു. ഈ നോക്കുകൂലി സമ്പ്രദായം നമുക്ക് നിർത്തണം. പരസ്പരം വിമർശിച്ച് കൊച്ചാക്കി നമ്മു ടെ വര വലുതാണെന്നുള്ള പ്രതീതി ജനിപ്പിക്കുന്ന പരിപാടി നമ്മൾ ഉപേക്ഷി ക്കണം. ധാരാളം അനുഭ വസമ്പത്തുള്ള ഒരുപാട് എഴുത്തുകാർ ഇവിടെയു ണ്ട്. നിർദ്ദേശരൂപത്തിലും എനിക്കൊരു കാര്യം പറയ ണമെന്നുണ്ട്- ജാപ്പനീസ് നോവലുകളും ജാപ്പനീസ് കഥകളും വായിച്ചാൽ നമ്മു ടെ അഭിരുചിയുമായി ഒരു പാട് ഒത്തുചേർന്നു പോകുന്നതായി തോന്നും. ലാറ്റിൻ അമേരിക്കൻ സാ ഹിത്യത്തിന്റെ കാര്യവും അങ്ങനെതന്നെ. ഇതിൽനി ന്ന് നമുക്കൊരുപാട് മുത്തു കൾ പൊഴിഞ്ഞ് കിട്ടും. സമയക്കുറവുമൂലം ഞാൻ വിശദീകരിക്കുന്നില്ല.



പക്ഷേ, അടുത്തകാലത്ത് എന്നെ ഞെട്ടിപ്പിച്ച ഒരു സംഭവമുണ്ടായി. സ്വവർഗ്ഗരതിയിൽ ഏർപ്പെടുന്ന രണ്ടു സ്ത്രീകൾ-ഒന്ന് മലയാളിയും മറ്റേതൊരു ഇറ്റാ ലിയനും. ഇവർ രണ്ടും വിവാഹം കഴിച്ചു. രണ്ടുപേരും ഹൈലി സക്സസ്ഫുൾ പ്രൊഫഷണൽസാണ്. കു ട്ടികൾ വേണമെന്ന് അവർ തീരുമാനിച്ചു. ഒരാളുടെ ഓ വവും സ്പേം ബാങ്കിൽ നിന്ന് ഒരു ബീജവും എടുത്ത് ഫെർട്ടിലൈസേഷൻ നടത്തുകയായിരുന്നു ലക്ഷ്യം. ലബോറട്ടറിയിൽ സ്ത്രീയുടെ അണ്ഡവും പുരുഷന്റെ ബീജവും സംയോജിപ്പിച്ച് കിട്ടുന്ന ഭ്രൂണം ഒരു സറോഗേറ്റ് മദറിന്റെ ഗർഭപാത്രത്തിൽ നിക്ഷേ പിച്ചു. സറോഗേറ്റ് മദർ എന്നുപറയുമ്പോൾ ആരോ ഗ്യമുള്ള ഒരു ചെറുപ്പക്കാരി ആയിരിക്കും. ആ ഭ്രൂണം വളർന്ന്, കുഞ്ഞിനെ അവർ പ്രസവിച്ചുകഴിയുമ്പോൾ ഇവർ രണ്ടുപേരും ആ കുട്ടിയുടെ അമ്മയാണ്. കാരണം ആരിൽ നിന്നാണ് ഓവം എടുത്തതെന്ന് രണ്ടുപേർക്കും അറിഞ്ഞുകൂടാ. സ്പേം ലഭിച്ചതാകട്ടെ സ്പേം ബാങ്കിൽ നിന്നും. കുഞ്ഞുവളർന്നതാകട്ടെ മൂന്നാമതൊരാളുടെ ഗർഭപാത്രത്തിലും! കുഞ്ഞ് വളർ ന്ന് നാലുവയസ്സായപ്പോൾ ഞാൻ ഇതിലെ മലയാളി സ്ത്രീയുടെ കുടുംബത്തിൽ പോയി.

അവിടെ മലയാളി സ്ത്രീയുടെ മാതാപിതാക്കൾ ആ കുഞ്ഞിനെ ലാളിക്കുന്നത് കണ്ടപ്പോൾ അതിശ യം തോന്നി. അവർക്ക് യാതൊരു ഉറപ്പുമില്ല ആ കു ഞ്ഞ് അവരുടെ മകളുടേതാണെന്ന്. എന്നിട്ടും അവർ ആ കുഞ്ഞിനെ ലാളിക്കുന്നത് അതിന്റെ നിഷ്കള ങ്കതയും നൈർമല്യവും പുഞ്ചിരിയും മാത്രം കണ്ടാ ണ്. Life is stranger than fiction എന്നത് വാസ്ത വമാണെന്ന് തോന്നിയ അവസരമാണത്. ഇതൊരു കഥയിൽ ആവിഷ്കരിച്ച് മലയാളി വായനക്കാരുടെ ആസ്വാദനക്ഷമതയിലേക്ക് ഉയർത്തിക്കൊണ്ടുവന്ന് അവരുടെ അഭിരുചി കൂടി കലർത്തി ഒരു നോവലാ ക്കി എടുക്കുക എന്നുപറ ഞ്ഞാൽ ഒരു പാട് പരിശ്രമം ആവശ്യ മാണ്. പരിശ്രമം കഥാകൃ ത്തിന്റേത് മാത്രമല്ല, വായ നക്കാരന്റെ ചിന്താതലവും അതിനോട് ഒത്തുചേരണം. എം.ടി പണ്ട് തുഞ്ചൻ സ്മാ രകപ്രസംഗത്തിൽ പറഞ്ഞ ത് ഓർക്കുന്നു: 'എന്റെ കുട്ടിക്കാലത്ത് എന്റെ നാട്ടു കാർ എന്ത് ആഗ്രഹിക്കു ന്നു എന്ത് ചിന്തിക്കുന്നു എന്തെല്ലാം മോഹഭംഗങ്ങൾ അനുഭവിക്കുന്നു എന്നൊക്കെ എനിക്കറിയാമായിരു ന്നു. അതുകൊണ്ടുതന്നെ ഞാൻ എഴുതുന്നതെന്തും അവരുടെ ഹൃദയങ്ങളിലേക്ക് ആഴ്ന്നിറങ്ങുമായിരുന്നു. ഇന്ന് നമ്മുടെ സമൂഹം ശിഥിലമായിരിക്കുന്നു. അവർ എന്ത് ചിന്തിക്കുന്നു,എന്ത് മോഹിക്കുന്നു, എന്ത് മോ ഹഭംഗങ്ങളാണ് അവരെ അലട്ടുന്നത്... ഒന്നും എനി ക്കറിയില്ല. അതുകൊണ്ട് ഞാൻ എഴുതുന്നതൊന്നും അവരുടെ ഹൃദയത്തെ സ്പർശിക്കാതെ പോകുന്നു.'

ഞാൻ പറഞ്ഞുവരുന്നത് കഥാകൃത്തും കവിയും നോവലിസ്റ്റും എന്താണോ പകർന്നുകൊടുക്കാൻ ആഗ്രഹിക്കുന്നത്, അതേറ്റുവാങ്ങാനുള്ള ചിന്താതലം വായനക്കാരിൽ ഉണ്ടാകുമ്പോൾ മാത്രമേ ഒരു സാഹി ത്യം നന്നായിട്ട് ക്ലിക്ക് ആവുകയുള്ളൂ. സമകാലിക കേരളം ജാപ്പനീസ് പരിസ്ഥിതികളിൽ കൂടിയാണ് കടന്നുപോകുന്നതെന്ന് പല ജാപ്പനീസ് നോവലു കളും വായിക്കുമ്പോൾ തോന്നിയിട്ടുണ്ടെന്ന് ഞാൻ പറഞ്ഞത് അതുകൊണ്ടാണ്. ലാറ്റിൻ അമേരിക്കൻ കഥകൾ നമുക്ക് പണ്ടേ പ്രിയപ്പെട്ടതാണ്. മാർക്കേസി

ന്റെയും പൗലോ കൊയ്‌ലോയുടെയും കഥകളിലെല്ലാം നമുക്കെന്തൊക്കെയോ താദാത്മ്യം അവരുടെ കഥാബിന്ദുക്കളുമായും കഥാരചനാസമ്പ്രദായവുമായും ഒക്കെ തോന്നുന്നുണ്ട്. ആ ഒരു തോന്നൽ സാക്ഷാൽ മെയിൻലാൻഡ് അമേരിക്കൻ എഴുത്തുകാരുടെ കൃതികളിൽ നിന്ന് കിട്ടുന്നില്ല. അതുകൊണ്ടാണ് ആ ചുവടുപിടിച്ചെഴുതിയാൽ നമുക്ക് കേരളത്തിലെ വായനക്കാരുടെ ആരാധന പിടിച്ചുപറ്റാൻ കഴിയാതെ വരുന്നതും. എന്നിരുന്നാലും, മികച്ച നോവലിസ്റ്റുകളും കഥാകൃത്തുക്കളും കവികളും ഇവിടെയുണ്ടെന്ന് സ്വാഭിമാനത്തോടെ പറയാൻ എനിക്ക് സന്തോഷമേ ഉള്ളു.

**അനന്തരവന്മാർ മലയാള സിനിമയിൽ തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിച്ചവരാണ്. അതിനെക്കുറിച്ച് എന്തുതോന്നുന്നു?**

മലയാള സിനിമയിൽ തങ്ങളുടേതായ ഒരു സ്ഥാനമുറപ്പിച്ച നടന്മാരാണ് ഇന്ദ്രജിത്തും പൃഥ്വിയും എന്നതിൽ സന്തോഷമുണ്ട്. സിനിമാ മേഖല കൂടാതെ ഏത് മേഖലയിലാണെങ്കിലും അവർ ഒന്നാമത് തന്നെ എത്തുമെന്നാണ് ഇരുവരുടെയും കുഞ്ഞുനാൾ മുതൽക്കുള്ള കഴിവ് മനസിലാക്കിയിട്ടുള്ള എനിക്ക് തോന്നുന്നത്. അമ്മാവൻ എന്ന രീതിയിൽ ഞാൻ ഒരു ഉപദേശവും പൃഥ്വിരാജിനും ഇന്ദ്രജിത്തിനും കൊടുത്തിട്ടില്ല. ഞങ്ങളുടെ കുടുബത്തിൽ ആരെയും അങ്ങനെ വിളിച്ചിരുത്തി ഉപദേശം കൊടുക്കാറില്ല. പക്ഷേ, ഞങ്ങളുടെ കുടുംബത്തിൽ നിന്ന് പല മൂല്യങ്ങൾ കാണാൻ കഴിയും. പൃഥ്വിരാജിനും ഇന്ദ്രജിത്തിനും എല്ലാ കുടുബാംഗങ്ങളോടും സ്നേഹവും അടുപ്പവുമുണ്ട്. അവരെ വഴക്ക് പറയേണ്ട ആവശ്യം ഒരിക്കലും എനിക്ക് വന്നിട്ടില്ല. അതിന്റെ ഒന്നാമത്തെ കാര്യം അവർ രണ്ട് പേരും ഞങ്ങളുടെ പ്രതീക്ഷയെ കവിഞ്ഞ് നന്നായി വന്നിട്ടുണ്ട് എന്നതുതന്നെയാണ്. ഞങ്ങൾ സഹോദരങ്ങളുടെ മക്കൾ എല്ലാം തന്നെ അവരവരുടെ മേഖലകളിൽ കഴിവ് തെളിയിച്ചവരാണ്. അമേരിക്കയിലെ ടോപ് ടെൻ ഫിനാൻഷ്യൽ ലോയേഴ്സിനെ എടുത്താൽ അതിലൊരാളാണ് എന്റെ മകൾ. മകൻ ഹെൽത്ത് കെയർ ലോയറാണ്. പഠനത്തിലെ മികവ് നോക്കിയാൽ, എന്റെ അനന്തരവന്മാർ, സത്യാനാദെല്ലയെപ്പോലെയോ സുന്ദർ പിച്ചൈയെ പോലെയോ ലോകത്തിന് തന്നെ മുതൽക്കൂട്ടാകുന്ന രംഗത്തേക്ക് എത്തിയിരുന്നെങ്കിൽ എന്ന് തോന്നിയിട്ടുണ്ട്.

രാജുവിന്റെയും ഇന്ദ്രന്റെയും മക്കളും വളരെ മിടുക്കികളാണ്. എനിക്ക് തോന്നുന്നു, ഇൻഫോർമേഷൻ ഓവർലോഡിന്റെ കാലത്താണ് അവർ ജീവിക്കുന്നത്.

ഈ ഇന്റർനെറ്റും ഇൻഫോർമെഷൻ ടെക്നോളജിയുമാണ് അവരെ മിടുക്കന്മാരാക്കുന്നത്. അവരോട് ഏത് വിഷയത്തെ കുറിച്ച് സംസാരിച്ചാലും അവർ വളരെ ശ്രദ്ധയോടെ കേട്ടിരിക്കും. രാജുവിന്റെ മകൾ



അലംകൃത നല്ല കുസൃതിയാണ്. എന്നാൽ, പുസ്തകങ്ങൾ വായിക്കുമ്പോൾ അവളുടെ ശ്രദ്ധ വേറെ ഒന്നിലേക്കും തിരിഞ്ഞ് പോകില്ല. അവൾക്ക് വായിക്കാനും എഴുതാനും ഒരുപാട് ഇഷ്ടമാണ്. ഒരു ആൾക്കൂട്ടത്തിൽ അവളെ കൊണ്ട് പോയി കഴിഞ്ഞാൽ എല്ലാവരെയും അവൾ സന്തോഷിപ്പിക്കും. അവൾ നന്നായി കവിത എഴുതും. സൈനിക സ്കൂളിൽ പഠിക്കുമ്പോൾ പൃഥ്വിരാജിന് കവിതാരചനയിൽ ഒന്നാം സ്ഥാനം ലഭിച്ചിരുന്നു, സുഗതകുമാരി ടീച്ചറുടെ സഹോദരി ഹൃദയകുമാരി ടീച്ചറായിരുന്നു അന്ന് ജഡ്ജ്. ആ കഴിവാകാം മകൾക്ക് പകർന്നുകിട്ടിയത്.

ചിട്ടയോടുകൂടിയ ജീവിതം നയിച്ചിട്ടും ചിലർക്ക് കാൻസർ പിടിപ്പെടുന്നു. മറ്റു ചിലർ മോശം രീതികൾ പിന്തുടർന്നിട്ടും രോഗം ബാധിക്കുന്നില്ല.എന്താണിതിന് കാരണം?

കാൻസറിന്റെ തുടക്കം നമ്മുടെ ജീനുകളിലാണ്, തന്മാത്രകളിൽ. അർബുദത്തെ തടയാനുള്ള ശക്തിയും അതുപോലെ അതിന് വിധേയപ്പെടാനുമുള്ള ശക്തിയും ആ തന്മാത്രകളിൽ തന്നെ ദൈവം ഉൾക്കൊള്ളിച്ചിട്ടുണ്ട്. വാഹനങ്ങളിൽ നിന്നുള്ള പുക, ആസ്ബസ്റ്റോസ്, ആൽക്കഹോൾ, ചിലതരം വൈറസുകൾ, ആർസനിക് പോലെ കാൻസറിന് കാരണമാകുന്ന പദാർത്ഥങ്ങൾ ഉള്ളൊരു പരിസ്ഥിതിയിലേക്ക് രോഗത്തോട് വിധേയപ്പെട്ട തന്മാത്രകളുള്ള ഒരാൾ ചെന്നുപെടുമ്പോൾ, സ്വാഭാവികമായും രോഗം പിടിപ്പെടും. അതായത് ജന്മനാ ഉള്ള സാധ്യതയ്ക്ക് പുറമേ അത്തരം സാഹചര്യങ്ങൾ കൂടി വന്നുചേരുമ്പോൾ രോഗം ഉണ്ടാകും. ശരീരത്തിന്റെ രാസപ്രവർത്തനങ്ങളിലെ വ്യത്യാസങ്ങൾ കൊണ്ടാണ് ജീവിതകാലം മുഴുവൻ മദ്യപിക്കുകയും പുകവലിക്കുകയും ചെയ്യുന്ന വ്യക്തിക്ക് ക്യാൻസർ വരാതിരിക്കുകയും അല്ലാത്തവർക്ക് വരുന്നതും. ശ്വാസനാളത്തിന് കാൻസറിന് കാരണമാകുന്ന പദാർത്ഥങ്ങളെ നിർവീര്യമാക്കാൻ കഴിയുന്നുണ്ടെങ്കിൽ ആ വ്യക്തിക്ക് രോഗം പിടിപ്പെടില്ല. കുടിവെള്ളത്തിൽ ആർസനിക്കിന്റെ അംശമുണ്ടെങ്കിൽ ബ്ലാഡറിന് കാൻസർ വരാം. എന്നാൽ, അതിനെ തടുക്കാൻ ജീനിന് കഴിവുണ്ടെങ്കിൽ രോഗം ബാധിക്കില്ല.

തന്മാത്രാതലത്തിൽ കാൻസർ ബാധിക്കാൻ

സാധ്യതയുണ്ടോ എന്ന് കണ്ടെത്തുന്ന സാങ്കേതി കവിദ്യ കേരളത്തിൽ എത്തിക്കഴിഞ്ഞു. കണിയാൻ കവിടി നിരത്തി പറയുന്നതുപോലെ ഒരാളുടെ ജനി തകരഹസ്യം അറിഞ്ഞാൽ അയാൾക്ക് ഏതൊക്കെ തരം അർബുദം ബാധിക്കാൻ സാധ്യതയുണ്ടെന്നും എങ്ങനെ അത് തടുക്കാമെന്നും കണ്ടെത്താം. ഉമിനീ രിന്റെയോ രക്തത്തിന്റെയോ സാമ്പിൾ എടുത്താണ് പരിശോധന. ആർ സി സി യിൽ ഇക്കൊല്ലം ഈ സാങ്കേതികവിദ്യ വരും. 'റിസ്‌ക് സ്ട്രാറ്റിഫിക്കേഷൻ' നടത്തി കൂടുതൽ രോഗസാധ്യത ഉള്ളവരെ പരിശോ ധനാവിധേയമാക്കാം.

**ഇന്ത്യയിലെയും അമേരിക്കയിലെയും ആശുപത്രി സംവിധാനങ്ങൾ താരതമ്യം ചെയ്യുമ്പോൾ ?**

കേരളത്തിലെ സംവിധാനങ്ങൾ ഹയരാർക്കി ക്ക് വലിയ പ്രാധാന്യം നൽകുന്നതായി കാണാം. മെഡിക്കൽ രംഗത്ത് ഒരു ടീമിന്റെ പ്രവർത്തനമാണ് വേണ്ടത്. അവിടെ ഏറ്റവും ജൂനിയറായ ഒരു മെഡി ക്കൽ വിദ്യാർത്ഥി മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശം ശരിയാണെങ്കിൽ അത് സ്വീകരിക്കണം. അധ്യാപകന് ഈഗോ തോന്നിക്കൂടാ. അമേരിക്കയിലെ രീതി അത്ത രത്തിലാണ്. ഹയറാർക്കി അല്ല കാര്യം നിർണയിക്കു ന്നത് .

**പ്രചോദിപ്പിച്ച വ്യക്തിത്വം?**

ഹാറോൾഡ് വാർമസ് എന്നെ അത്ഭുതപ്പെടു ത്തിയ വ്യക്തിയാണ്. ജയ്പൂരിലെ നടക്കുന്ന ദേശീയ സാഹിത്യ സമ്മേളനത്തിൽ പങ്കെടുക്കാൻ അദ്ദേഹം കൂടെക്കൂടെ വരും. അമേരിക്കയിൽ നിന്നൊരു സായി പ്പ് ഇന്ത്യയിൽ അത്തരത്തിലൊരു സമ്മേളനത്തിന് വരുന്നതിൽ കൗതുകം തോന്നാം. ഇംഗ്ലീഷ് സാഹി ത്യത്തിൽ മാസ്റ്റേഴ്‌സും പി എച്ച് ഡി യും പൂർത്തിയാ ക്കിയ ശേഷമാണ് അദ്ദേഹം മെഡിസിൻ പഠിക്കാൻ പോയത്. നാടൻ ഭാഷയിൽ പറഞ്ഞാൽ, അത്രയും പ ഠിച്ചിറങ്ങുമ്പോൾ മൂക്കിൽ പല്ല് കിളിർക്കും. എന്നാൽ, അദ്ദേഹം അവിടെയും പഠിപ്പ് നിർത്തിയില്ല. മോളിക്യൂ ലർ ബയോളജിയിൽ റീസേർച്ച് ചെയ്ത് പ്രോട്ടോ ഓ ങ്കോ ജീൻ എന്ന കണ്ടെത്തൽ നടത്തി. കാൻസറിന് കാരണമാകുന്ന ജീനുകളെ കണ്ടെത്തിയതിന് അദ്ദേ ഹത്തിന് നൊബേൽ സമ്മാനം ലഭിച്ചു. 'ദി ആർട് ആൻഡ് പൊളിറ്റിക്‌സ് ഓഫ് സയൻസ്' എന്നൊരു പുസ്തകവും അദ്ദേഹം എഴുതിയിട്ടുണ്ട്. അദ്ദേഹത്തെ നേരിൽ പരിചയപ്പെടാനും സാധിച്ചത് വലിയ അനുഭ വമാണ്.

**കേരളത്തിൽ നിന്നുള്ള പ്രമുഖരെ ചികിത്സിച്ച അനുഭവം?**

അത്തരത്തിൽ നിരവധി അനുഭവങ്ങളുണ്ടെങ്കിലും അവരുടെ വിവരങ്ങൾ പങ്കുവയ്ക്കുന്നത് എത്തിക് സിന് എതിരാണ്. രോഗബാധിതർ എന്നെത്തേടി എത്തുന്നത് അമേരിക്കയിലെ ഏറ്റവും നല്ല ഡോക്ടർ ആണെന്ന് കരുതിയൊന്നുമല്ല. മലയാളി എന്നതുകൊ ണ്ടാണ് അവർ എന്നെ പരിഗണിക്കുന്നത്. മാതൃഭാഷ പകരുന്ന സാന്ത്വന സ്വഭാവമാണ് ഇതിന്റെ കാരണം. ഒരു ഉദാഹരണം പറഞ്ഞാൽ, കാനഡയിലെ മൾട്ടിസ് പെഷ്യലിറ്റി ആശുപത്രിയിലെ ഐസിയു വിൽ കിട ക്കുന്ന മലയാളിയോട് 'ഇപ്പോൾ വേദന കുറഞ്ഞോ സാറേ' എന്നൊരു നഴ്‌സ് ചോദിച്ചാൽ അതോടെ അയാളുടെ വേദന പൂർണമായി മാറും. അത്രയും നേ രം കേട്ടിരുന്ന മറ്റൊരു ഭാഷയ്ക്കിടയിൽ സ്വന്തം ഭാഷ കേൾക്കുമ്പോൾ വരുന്ന ആശ്വാസമാണത്. നമ്മുടെ ഹൃദയത്തിന്റെ അഗാധ തലങ്ങളിലേക്ക് സ്പർശിക്ക ണമെന്നുണ്ടെങ്കിൽ നമ്മുടെ മാതൃഭാഷ വേണമെന്നാ ണ് ഇത് സൂചിപ്പിക്കുന്നത്.

**മോഹൻലാലുമായി താങ്കളുടെ ബന്ധം?**

മോഹൻലാലിന്റെ കുട്ടിക്കാലത്തെക്കുറിച്ച് ദീ പ്തമായ സ്മരണകളുള്ള ജീവിച്ചിരിക്കുന്ന അപൂർ വം ചിലരിൽ ഒരാളാണ് ഞാൻ. മോഹൻലാൽ എന്ന് നമ്മൾ കൊട്ടിഘോഷിക്കുന്ന മഹാനടൻ കുട്ടിക്കാല ത്ത് ശ്രീകൃഷ്ണനെ അതിശയിപ്പിക്കുന്ന കുസൃതിയും കൊണ്ട് നടന്ന ആളാണ്. ലാലുവിനെ പഠിപ്പിക്കാൻ തങ്ങൾക്ക് ആവില്ല എന്ന് അദ്ദേഹത്തിന്റെ അച്ഛനോട് പറയണം എന്ന് ലാലിന്റെ ട്യൂഷൻ മാസ്റ്റർമാരൊക്കെ എന്നോട് പരാതി പറയാറുണ്ടായിരുന്നു. അത്രയ്ക്ക് കുസൃതിയായിരുന്നു .

മോഹൻലാലിന്റെ അച്ഛനും അമ്മയും ഞങ്ങളുടെ കുടുംബത്തിലെ അംഗങ്ങളെ പോലെ തന്നെയായിരു ന്നു. സഹോദരൻ പ്യാരിലാലും കുട്ടികാലത്ത് വളർന്ന തൊക്കെ എന്റെ വീട്ടിലായിരുന്നു.

ഞാൻ ന്യൂസിലാന്റിൽ പോകുന്നതിന് മുമ്പ് ലാ ലും, ലാലിന്റെ അച്ഛനും അമ്മയും ഏട്ടനുമൊക്കെ എന്റെ വീട്ടിൽ വന്നിരുന്നു. അന്ന് ലാലിന് പതിന ഞ്ചോ പതിനാറോ ആണ് പ്രായം. അന്ന് വീട്ടിൽ ഒരു പൂച്ച പ്രസവിച്ചിട്ടുണ്ടായിരുന്നു. കുറെ പൂച്ച കുഞ്ഞു ങ്ങളുണ്ട്.

മണി ചേട്ടാ, മണി ചേട്ടാ, ആ പൂച്ച കുഞ്ഞുങ്ങളെ ഞാൻ കൊണ്ട് പോയിക്കോട്ടെ എന്ന് ചേച്ചിയോട് പറയാമോ എന്ന് ചോദിച്ച് എന്റെ പിറകേ ലാലു നട ന്നു. ഞങ്ങൾക്ക് അതിനെ കൊണ്ട് പോകുന്നതിൽ സന്തോഷമായിരുന്നു. എന്നിട്ടും ഡിമാന്റ് കൂട്ടാൻ വേണ്ടി എല്ലാ പൂച്ച കുഞ്ഞുങ്ങളെയും തരില്ല, ഒന്നോ രണ്ടോ തരാം എന്ന് പറഞ്ഞു. അയ്യോ അത് പറ്റില്ല എല്ലാം വേണമെന്ന് ലാലു പറഞ്ഞു. അങ്ങനെ വലിയ ഒരു വട്ടിക്കകത്ത് എട്ടൊമ്പത് പൂച്ചകളെയും തല യിൽ വെച്ച് കൊണ്ട് പോയ മോഹൻലാലിനെ പിന്നെ ഞാൻ അറിയുന്നത് ഒരു സൂപ്പർസ്റ്റാറായിട്ടാണ്.

ലാലിന്റെ ഒരുപാട് നല്ല സ്വഭാവ വിശേഷങ്ങൾ ഞാൻ അടുത്തിടേയും കണ്ടു. കുട്ടിക്കാലത്ത് എന്തെ ങ്കിലും ബുക്ക് വായിച്ച് കൊണ്ടിരിക്കുമ്പോൾ ആ

കഥയിൽ താൽപര്യം കൂടി കഴിഞ്ഞാൽ കസേരയിൽ നിന്ന് ചാടി തറയിൽ ചമ്രംപടഞ്ഞിരിക്കും. ആ സമയത്ത് വളരെ ആദരവോട് കൂടിയും സ്നേഹത്തോടെയും നമ്മളെ നോക്കും. കുറെ നാൾ മുമ്പ് ഞാൻ കാക്കനാടുള്ള സ്റ്റുഡിയോയിൽ ചെന്നപ്പോൾ ലാലിന്റെ ബറോസ് എന്ന സിനിമയുടെ കുറെ സീൻസ് എന്നെ കാണിച്ചു. അതിനെ കുറിച്ച് പറഞ്ഞ് ആവേശം കൂടിയതോടെ ലാൽ ഇരുന്ന കസേരയിൽ നിന്ന് തറയിൽ ഇറങ്ങിയിരുന്നു. എത്ര കാലം കഴിഞ്ഞാലും പഠിച്ചതേ പാടൂ എന്ന് പറയുന്നത് പോലെ ആ സ്വഭാവം ഇന്നും അദ്ദേഹത്തിനുണ്ട്. ഇത്ര വലിയ സ്റ്റാറായിട്ടും ഇപ്പോഴും ആ പഴയ ആറോ ഏഴോ വയസു കാരനായ ലാലിനെ പോലെ എന്റെ മുമ്പിൽ തറയിൽ ചമ്രംപടഞ്ഞിരിക്കുന്നത് കാണുമ്പോൾ എനിക്ക് അത്ഭുതമാണ്.



എങ്ങനെ ജീവിത വിജയവും മഹാഭാഗ്യങ്ങളും മഹാനേട്ടങ്ങളും നമ്മുടെ ശിരസ്സിനെ വീണ്ടും വീണ്ടും വിനയാന്വിതമാക്കണം എന്നത് യുവതലമുറ അദ്ദേഹത്തിൽ നിന്നും പഠിക്കേണ്ടതുണ്ട്. ഒരിക്കലും ലാലു തലക്കനമോ ജാടയോ ഒരിടത്തും കാണിച്ചിട്ടില്ല. അത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. കൂടുതൽ ഉയരങ്ങളിലേക്ക് കയറുമ്പോൾ ആത്മാർഥമായ സ്വതസിദ്ധമായ വിനയം നിലനിർത്തുക എന്ന് പറയുന്നത് അത്ര എളുപ്പം ഉള്ള കാര്യമൊന്നും അല്ല.

ഗൃഹലക്ഷ്മിയിൽ 'അന്നും ഇന്നും' എന്ന പേരിൽ ഞാനൊരു അനുഭവ പംക്തി എഴുതിയതിന് പിന്നിലും ലാലുവിന്റെ ഇടപെടൽ ഉണ്ടായിരുന്നു. അമേരിക്കയിലെ ഡോക്ടർമാരുടെ ജീവിതം തിരക്കേറിയതാണ്. എഴുതാൻ സമയം കണ്ടെത്തുക വലിയ പ്രയാസമാണ്. ആ പംക്തി തുടങ്ങിയ ശേഷം, ആദ്യ അഭിനന്ദന കത്ത് ലഭിക്കുന്നത് പ്രശസ്ത സാഹിത്യകാരൻ സി. രാധാകൃഷ്ണന്റെ പത്നി വത്സലയിൽ നിന്നാണ്. എന്നെങ്കിലും അതൊരു പുസ്തകമാക്കിയാൽ നല്ലൊരു ശീർഷകം നൽകണമെന്ന് അവരോട് പറഞ്ഞതു പ്രകാരം നിർദ്ദേശിക്കപ്പെട്ട പേരാണ് 'പെൺജന്മ പുണ്യങ്ങൾ' എന്നത്.

പുസ്തകമാക്കിയപ്പോൾ ഞാൻ തമാശയായി ലാലുവിനോട് പറഞ്ഞു 'എന്നെ ഇതിൽ പിടിച്ചിട്ടത് ലാലുവാണ്. ഒന്നുകിൽ ഇതിന്റെ പ്രകാശനകർമ്മം നിർവ്വഹിക്കുകയോ അവതാരിക എഴുതിത്തരികയോ വേണം'. വളരെ സന്തോഷത്തോടെ അവതാരിക എഴുതിത്തരാമെന്ന് ലാലു സമ്മതിച്ചു.

**ഭാവിപരിപാടികൾ?**


കേരളത്തിന് വേണ്ടി എന്തെങ്കിലും ചെയ്യണമെന്നാണ് ഇപ്പോൾ ആഗ്രഹിക്കുന്നത്. ശാസ്ത്രവിഷയങ്ങളെക്കുറിച്ച് എന്തെങ്കിലും പറഞ്ഞാൽ അത് പെട്ടെന്ന് മനസ്സിലാക്കുകായും നടപ്പാക്കുകയും ചെയ്യും എന്നതാണ് ഇപ്പോഴത്തെ മുഖ്യമന്ത്രി പിണറായി വിജയനിൽ ഞാൻ കണ്ട ഏറ്റവും വലിയ സവിശേഷത. നിപ്പ വരുന്നതിന് മുൻപ് തന്നെ ഇവിടൊരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് വരണം എന്ന നിർദ്ദേശം ഞാൻ പറഞ്ഞിരുന്നു. കേരളത്തിന്റെ പ്രശ്നങ്ങൾ ഇവിടെ തന്നെ പരിഹരിക്കാൻ കഴിയണമെന്നും ന്യൂഡൽഹിയെ ആശ്രയിക്കേണ്ടതില്ലെന്നും ഞാൻ പറഞ്ഞ ഉടനെ തന്നെ അദ്ദേഹമത് കാര്യമായി എടുത്തു. അങ്ങനെയാണ് ഇവിടെ അത്തരത്തിലൊരു ഇൻസ്റ്റിറ്റ്യൂട്ട് വന്നത്.

തിരുവനന്തപുരം മെഡിക്കൽ കോളജ് കെട്ടിടത്തിനോട് ചേർന്ന് ഒരുപാട് മരങ്ങൾ അവിടെ പോയവർ കണ്ടിട്ടുണ്ടാകും. ഞങ്ങളുടെ പ്രിൻസിപ്പാളായിരുന്ന എം. തങ്കവേലു സാറിന്റെ ശ്രമഫലമായാണ് ആ മാറ്റം വന്നത്. മൂന്നാർ ജനിച്ച തമിഴ് വംശജനാണ് അദ്ദേഹം. പ്രകൃതിയെയും ശാസ്ത്രത്തെയും ഒരുപോലെ ഹൃദയത്തോട് ചേർത്തായിരുന്നു അദ്ദേഹം ജീവിച്ചത്. കുടുംബത്തിന് കരുതിവച്ച 14 ഏക്കർ സ്ഥലമാണ് സാർ, പാലോട്ടെ ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡനുവേണ്ടി നൽകിയത്. അദ്ദേഹത്തിന് പ്രകൃതിയോടുള്ള സ്നേഹമാണ് ഇത് സൂചിപ്പിക്കുന്നത്. തങ്കവേലു സാറിന് ഒരു സ്മാരകം നിർമ്മിക്കുന്ന കാര്യം ഞങ്ങൾ ആലോചിക്കുന്നുണ്ട്.


അന്ന് വിട്ടുകൊടുത്ത 14 ഏക്കർ ഇപ്പോഴും വെറുതെ കിടക്കുകയാണെന്ന് അദ്ദേഹത്തിന്റെ മക്കൾ പറഞ്ഞറിഞ്ഞു. അതിന് നടുവിലായി ' സെന്റർ ഫോർ വൺ ഹെൽത്ത്' എന്ന പേരിൽ മനുഷ്യന്റെയും ചെടികളുടെയും മൃഗങ്ങളുടെയും പരിസ്ഥിതിയുടെയും ആരോഗ്യം സംരക്ഷിക്കുകയാണ് ലക്ഷ്യം. വൺ ഹെൽത്ത് എന്ന ഈ ആശയം ലോകാരോഗ്യ സംഘടനയും ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. അമേരിക്കയിലെ സെന്റർ ഫോർ ഡിസീസ് കൺട്രോളിന്റെ നല്ല വശങ്ങൾ സ്വാംശീകരിച്ചാണ് കേരളത്തിന്റെ പശ്ചാത്തലത്തിൽ ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. സയൻസും പ്രകൃതിയും ഇഴചേർന്ന ഒന്നിനേക്കാൾ മികച്ചതായി എന്തുണ്ട് തങ്കവേലു സാറിന് സമർപ്പിക്കാൻ?


പ്രവാസികളുടെ സ്വന്തം ചാനലിൽ
മലയാള സിനിമയിലെ താരങ്ങളുടെ ജന്മോത്സവം
MON-FRI 8 PM ET
SAT & SUN 1, 5 & 9 PM ET
ശ്രീകുമാരൻ തമ്പി
രാഹുൽ രാജ്
ഷീല
താരപ്പിറവി
അതിരുകൾ ഇല്ലാത്ത ആഘോഷം
on Pravasi Channel
www.pravasichannel.com
pravasi
CHANNEL HD
Tel: 917-900-2123
news@pravasichannel.com

# US PROFILES



## പ്രൊഫ. സോമസുന്ദരൻ

# പ്രൊഫ. സോമസുന്ദരൻ
# എഞ്ചിനിയറിംഗ് രംഗത്തെ അതുല്യ നേട്ടങ്ങൾ; നോബൽ സമ്മാനത്തിനരികെ

എഞ്ചിനീയറിംഗിൽ ലോകത്ത് നൽകുന്ന എല്ലാ മികച്ച അവാർഡുകളും നേടിയ മലയാളിയാണ് കൊളംബിയ യൂണിവേഴ്സിറ്റി പ്രൊഫസറായ ഡോ. പൊനിശേരിൽ സോമസുന്ദരൻ. എഞ്ചിനിയറിംഗിന് നോബൽ സമ്മാനമില്ലാത്തതു കൊണ്ട് അത് കിട്ടിയിട്ടില്ല. എന്നാൽ മൂന്ന് തവണ കെമിസ്ട്രിയിൽ നോബൽ സമ്മാനത്തിന് അദ്ദേഹത്തെ പരിഗണിച്ചുവെന്നത് എല്ലാ മലയാളിക്കും അഭിമാനം പകരുന്നു.

ചാലക്കുടിക്കടുത്ത പഴുക്കര അഷ്ടമിച്ചിറ സ്വദേശിയായ അദ്ദേഹം കൊളംബിയ യൂണിവേഴ്സിറ്റിയിൽ പ്രൊഫസറായിട്ട് 52 വർഷമായി. ഇപ്പോൾ 83 വയസിലേക്ക് കടക്കുന്ന അദ്ദേഹം വൈകാതെ ഔദ്യോഗിക ജീവിതം അവസാനിപ്പിക്കാനുള്ള തീരുമാനത്തിലാണ്.



ഈ കാലയളവിൽ എഞ്ചിനിയറിംഗിലെ ബഹുമതികൾക്ക് പുറമെ പുറമെ പദ്മശ്രീയും എല്ലിസ് ഐലൻഡ് മെഡലും അടക്കം ഒട്ടനവധി ബഹുമതികൾ. ഒരു പക്ഷെ പ്രൊഫ. സോമസുന്ദരന് തുല്യനായി അദ്ദേഹം മാത്രമേ കാണു.

എഞ്ചിനീയറിംഗിൽ തുടങ്ങി കെമിസ്ട്രിയിലും മറ്റു വിഷയങ്ങളിലും പാണ്ഡിത്യം നേടിയ അദ്ദേഹം അടുത്തകാലത് സ്പെയ്സ്, മൈനിംഗ് എന്നിവയിൽ വിദഗ്ദനാവുകയും അവ പഠിപ്പിക്കുകയും ചെയ്യുന്നു! 'ബഹിരാകാശ പര്യവേക്ഷണത്തിന്റെയും ഖനനത്തിന്റെയും മേഖലയിലായിരുന്നു എന്റെ സമീപകാല അധ്യാപനം. ഭൂമിയെ നമ്മൾ കുഴപ്പത്തിലാക്കുന്നതിനാൽ നമ്മുക്ക് മറ്റൊരു വീട് തേടേണ്ടി വന്നേക്കാം,' അദ്ദേഹം പറയുന്നു. ഈ വിഷയങ്ങൾ പഠിക്കാൻ ധാരാളം വിദ്യാർത്ഥികൾ എത്തുന്നു.

പുതിയ വിഷയങ്ങൾ പഠിക്കുന്നത് സംബന്ധിച്ച തന്റെ ചിന്ത അദ്ദേഹം പങ്കു വയ്ക്കുന്നു. 'വിദ്യാഭ്യാസം അല്ലെങ്കിൽ അറിവ് നേടുന്നത് ഒരിക്കലും അവസാനിക്കാത്ത ഒരു പ്രക്രിയയായിരിക്കണമെന്ന് ഞാൻ വിശ്വസിക്കുന്നു. ജീവിതകാലം മുഴുവൻ ഒരു വിദ്യാർത്ഥി ആയിരിക്കണം. അഞ്ച് വർഷം മുമ്പ്, ഭൂമിയിലെ കുറഞ്ഞുവരുന്ന പ്രകൃതി വിഭവങ്ങൾ നികത്താനുള്ള വഴികൾ കണ്ടെത്തുന്നതിൽ താല്പര്യം തോന്നി. കൂടാതെ ബഹിരാകാശത്ത് ഛിന്ന ഗ്രഹങ്ങൾ (asteroids) ഖനനം ചെയ്യുന്നതിലും



സ്വാഭാവികമായും താൽപ്പര്യമുണ്ടായി. ബഹിരാകാശത്തെ ഖനനത്തിന്റെ അനന്തരഫലങ്ങൾ മനസ്സിലാക്കാൻ പഠനം ആരംഭിച്ചു. അതിനെ 'തപസ്യ' എന്ന് വിളിക്കാം. അത് സംബന്ധിച്ചു ഒരു കോഴ്സ് ആരംഭിക്കുകയും ചെയ്തു. അത് നിരവധി വിദ്യാർത്ഥികളെ ആകർഷിക്കുന്നു.

പാഠം: പുതിയ കാര്യങ്ങൾ പഠിക്കാനും അത് കൈമാറാനും യുവ മനസ്സുകളെ പ്രചോദിപ്പിക്കാനും നിങ്ങളുടെ പ്രായം ഒരു പ്രശ്നമല്ല. അതാണ് ഇപ്പോൾ എന്റെ ജീവിതത്തിലെ ദൗത്യം'.

കൊറോണയുടെ വ്യാപനം പരിമിതപ്പെടുത്തുന്നതിനായി അദ്ദേഹത്തിന്റെ കണ്ടുപിടുത്തം 'കോവിഗൺ' സ്പ്രെയെക്കുറിച്ചു കൊളംബിയ യൂണിവേഴ്സിറ്റി അടുത്തിടെ ഒരു വാർത്താക്കുറിപ്പ് ഇറക്കുകയുണ്ടായി .

കൊവിഡ്-19 വൈറസിന്റെ വ്യാപനം തടയുന്നതിനായുള്ള അണുവിമുക്തമാക്കൽ ദിവസങ്ങളോളം നീണ്ടുനിൽക്കും. ഇത് ശ്വാസകോശത്തിന് ഹാനികരമായ പുക ശ്വസിക്കുന്നതിനു കാരണമാകാം. അത് ദോഷകരമാണ്.

നാഷണൽ സയൻസ് ഫൗണ്ടേഷൻ (NSF) ധനസഹായം നൽകുന്ന പ്രോജക്റ്റിൽ, പ്രൊഫ. സോമസുന്ദരൻ, കൂടുതൽ ഫലപ്രദമായി അണുക്കളെ നീക്കുന്നതിനുള്ള പത (foam) വികസിപ്പിക്കുന്നതിനു നേതൃത്വം നൽകി.

പ്ലാസ്റ്റിക് പ്രതലങ്ങളിൽ ഉള്ള അണുക്കൾക്കെതിരെ വരെ ഇത് ഉപയോഗിക്കാം. സീലിംഗിലെയും പരവതാനികളിലെയും വിള്ളലുകളിലേക്കു തുളച്ചുകയറാനും ഇതിനു കഴിയും.

ഈ ഫോർമുലേഷൻ ഉപയോഗിച്ചുള്ള 'കോവിഗൺ' നിലവിൽ യൂണിവേഴ്സൽ ഫോർമുലേഷൻസ് ഇൻക് നിർമ്മിച്ച് വിതരനാം ചെയ്യുന്നു. ഈ ഉൽപ്പന്നം ആൻറിവൈറൽ സംരക്ഷണം വർദ്ധിപ്പിക്കും. വ്യവസായ രംഗത്തും വീടുകളിലും ഇത് കൂടുതലായി ഉപയോഗിക്കാൻ സാധ്യത തെളിയുന്നു.

നാഷണൽ അക്കാദമി ഓഫ് ഇൻവെന്റേഴ്സ് ഫെല്ലോ ആയി അദ്ദേഹം തെരെഞ്ഞെടുക്കപ്പെടുന്നത് സഹപ്രവർത്തകർ സമർപ്പിച്ച നാമനിർദ്ദേശത്തിൽ നിന്നാണ്.


ജീവിതനിലവാരം, സാമ്പത്തിക വികസനം, സമൂഹത്തിന്റെ ക്ഷേമം എന്നിവയിൽ പ്രത്യക്ഷമായ സ്വാധീനം ചെലുത്തിയ അക്കാദമിക് കണ്ടുപിടുത്തക്കാർക്ക് നൽകുന്ന ഉയർന്ന ബഹുമതിയാണ് എൻഎഐ ഫെല്ലോ .

പേറ്റന്റുകൾ, ലൈസൻസിംഗ്, നൂതന കണ്ടുപിടിത്തം, സാങ്കേതികവിദ്യ, സമൂഹത്തിൽ കാര്യമായ സ്വാധീനം, നവീകരണത്തിന്റെ പിന്തുണയും മെച്ചപ്പെടുത്തലും തുടങ്ങിയ മേഖലകളിലെ മികച്ച സംഭാവനകൾ നൽകിയതിന്റെ അടിസ്ഥാനത്തിലായിരുന്നു തെരെഞ്ഞെടുപ്പ്.

റോയൽ സൊസൈറ്റി ഓഫ് കാനഡയിലെ അംഗമായ പ്രൊഫ. സോമസുന്ദരൻ നിരവധി മേഖലകളിലെ അക്കാദമിക്, ഗവേഷണ മേഖലകളിൽ മുൻനിരക്കാരനാണ്.

1970 മുതൽ കൊളംബിയ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ആൻഡ് അപ്ലൈഡ് സയൻസിലെ ഫാക്കൽറ്റി അംഗമായ ഡോ. സോമസുന്ദരൻ, 1983-ൽ ആദ്യത്തെ ലാ വോൺ ഡഡിൽസൺ ക്രംബ് പ്രൊഫസറായി. 1985-ൽ നാഷണൽ അക്കാദമി ഓഫ് എഞ്ചിനീയറിംഗിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഏറ്റവും പ്രായം കുറഞ്ഞ അംഗങ്ങളിൽ ഒരാളായിരുന്നു. യുഎസിൽ അക്കാലത്ത് എഞ്ചിനീയറിംഗ് മേഖലയിൽ സാധ്യമായ ഏറ്റവും ഉയർന്ന നേട്ടമായിരുന്നു അത്. 1988 മുതൽ 1992 വരെ ഹെൻറി ക്രംബ് സ്കൂളിന്റെ ചെയർമാനായും 1992 മുതൽ 1997 വരെ കെമിക്കൽ എഞ്ചിനീയറിംഗ്, മെറ്റീരിയൽ സയൻസ്, മൈനിംഗ് ഡിപ്പാർട്ട്മെന്റ് എന്നിവയുടെ ചെയർമാനായും പ്രവർത്തിച്ചു. നിലവിൽ നോവൽ സർഫക്






റ്റന്റുകളിലും ലാംഗ്മുയറിലുമായി അഡ്വാൻസ്ഡ് സ്റ്റഡീസ് നാഷണൽ സയൻസ് ഫൗണ്ടേഷൻ ക/ഡഇഞ്ഞ സെന്റർ ഡയറക്ടറാണ്.

1990ൽ എല്ലിസ് ഐലൻഡ് മെഡൽ ഓഫ് ഓണറും 2010ൽ പത്മശ്രീയും ലഭിച്ചു

1961-ൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ നിന്ന് എഞ്ചിനീയറിംഗ് ബിരുദവും നേടിയ അദ്ദേഹം ഉപരിപഠനാർത്ഥമാണ് അമേരിക്കയിലെത്തുന്നത്. മാസ്റ്റേഴ്സ്, പി.എച്ച്.ഡി ബിരുദങ്ങൾ കാലിഫോർണിയ യൂണിവേഴ്സിറ്റിയിൽ നിന്നു (ബെർക്ക്‌ലി) നേടിയ അദ്ദേഹം കൊളംബിയ യൂണിവേഴ്സിറ്റിയിൽ ചേരുന്നതിന് മുമ്പ് ഇന്റർനാഷണൽ മിനറൽസ് ആൻഡ് കെമിക്കൽ കോർപ്പറേഷനിലും റെയ്നോൾഡ്സ് ഇൻഡസ്ട്രീസിലും ജോലി ചെയ്തു.

**നേട്ടങ്ങളിൽ സംതൃപ്തി**

''തിരിഞ്ഞ് നോക്കുമ്പോൾ എനിക്ക് അത്ഭുതം തോന്നുന്നു. അക്കാലത്ത് ആരും കോളേജിൽ പോലും പോയിട്ടില്ലാത്തൊരു കുഗ്രാമത്തിലെ ഇടത്തരം ഇന്ത്യൻ കുടുംബത്തിൽ നിന്ന് വന്ന ഞാൻ ഇത്രയും ദൂരം എത്തുമെന്ന് സ്വപ്നത്തിൽ പോലും കരുതിയതല്ല.

മാതാപിതാക്കളിൽ നിന്നും അധ്യാപകരിൽ നിന്നുമുള്ള നിരന്തരമായ പിന്തുണയും പ്രചോദനവും കഠിനാധ്വാനവും ഭാഗ്യവും കൂടിച്ചേർന്നാണ് എന്നെ ഇന്നത്തെ നിലയിൽ എത്തിച്ചതെന്ന് ഞാൻ വിശ്വസിക്കുന്നു. സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന അച്ഛനിൽ നിന്നാണ് അർപ്പണബോധത്തോടെയുള്ള പരിശ്രമത്തിലൂടെ ഏത് മലയും കീഴടക്കാമെന്ന പാഠം ഞാൻ പഠിച്ചത്. നിഷ്കാമ കർമ്മ സിദ്ധാന്തവും അദ്ദേഹം എന്നെ പഠിപ്പിച്ചു. മുതിർന്നവരിൽ നിന്ന് ഞാൻ സ്വായത്തമാക്കിയ അറിവുകൾ എന്റെ വിദ്യാർത്ഥികൾക്ക് കൈമാറാൻ കഴിഞ്ഞുവെന്ന് ഞാൻ കരുതുന്നു.

കാലിഫോർണിയ സർവകലാശാലയിൽ ഗ്രാഡ്വേറ്റ് പഠനത്തിന് സ്കോളർഷിപ്പിലാണ് അമേരിക്കയിലെത്തിയത്. അക്കാദമിയയിലോ വ്യവസായത്തിലോ ഉള്ള ഗവേഷണത്തിനു ഇന്ത്യയിൽ അത്രയധികം അവസരങ്ങളോ സ്വാതന്ത്ര്യമോ അക്കാലത്ത് ഉണ്ടായിരുന്നില്ലെന്ന കാരണം കൊണ്ടാണ് പ്രവാസം സ്വീകരിച്ചത്.

രണ്ട് വർഷം കഴിഞ്ഞ് തിരിച്ച് നാട്ടിലെത്തണമെന്നായിരുന്നു മനസ്സിൽ. പിന്നെ അത് അഞ്ച് ആയി. താമസിയാതെ കരിയറും കുടുംബവുമെല്ലാം പറിച്ചുനടാൻ കഴിയാത്തവിധം ഇവിടെ വേരൂന്നി. സ്വന്തം മേഖലയിലും ഇന്ന് നമ്മൾ അഭിമുഖീകരിക്കുന്ന ചില പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും ഒട്ടേറെ കാര്യങ്ങൾ ചെയ്യാനായി. എങ്കിലും നേട്ടങ്ങൾ എടുത്തുപറയാൻ ആവശ്യപ്പെട്ടാൽ പെട്ടെന്നൊരുത്തരം മനസ്സിൽ വരുന്നില്ല. എന്റെ വിദ്യാർത്ഥികൾ വലിയ-വലിയ ഉയരങ്ങൾ കീഴടക്കുന്ന കാഴ്ച അമൂല്യമായി കാണുന്നു, സോമസുന്ദരൻ മുൻപ് ഒരു അഭിമുഖത്തിൽ പറയുകയുണ്ടായി.

മോളിക്യുലാർ സെൽഫ് അസംബ്ലിയെ കുറിച്ചുള്ള തന്റെ പ്രവർത്തനവും അക്കാദമിയിലും വ്യവസായത്തിലും ഉന്നതസ്ഥാനങ്ങളിൽ എത്തിച്ചേർന്ന വിദ്യാർത്ഥികളെ പരിശീലിപ്പിച്ചെടുത്തതും ഒരു പക്ഷേ അദ്ദേഹത്തിന്റെ ഏറ്റവും വലിയ സംഭാവനയായി കണക്കാക്കാമെന്ന് അദ്ദേഹം കരുതുന്നു.

പ്രകൃതി പഠിപ്പിച്ച പാഠങ്ങളോട് താൻ വളരെയധികം കടപ്പെട്ടിരിക്കുന്നുവെന്നും അദ്ദേഹം പറയുന്നു.

നാനോ പ്രക്രിയകളും കാലാവസ്ഥയും പാരിസ്ഥിതിക നിയന്ത്രണവും പോലുള്ള പല മേഖല

കളിലും പ്രകൃതി ചെയ്യുന്ന ഏറ്റവും മികച്ച കാര്യങ്ങൾ സാധ്യമാകുമ്പോഴെല്ലാം അനുകരിക്കാൻ ശ്രമിക്കുക മാത്രമാണ് താൻ ചെയ്യുന്നതെന്നും സോമസുന്ദരൻ വിനയത്തോടെ കൂട്ടിച്ചേർത്തു.

നിരവധി മേഖലകളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച ഗവേഷകനെന്ന നിലയിൽ, ഇന്ത്യൻ ഗവേഷകർ ധൈര്യപൂർവം മുന്നിട്ടിറങ്ങാൻ പ്രൊഫ. പി സോമസുന്ദരൻ ഉപദേശിക്കുന്നു. ''അനുകരണം കൊണ്ട് യാതൊരു ഗുണവുമില്ല. ഉയർന്ന സാധ്യതയുള്ള മേഖലകളിലെ ഗവേഷണത്തിനായി ഇന്ത്യ സമ്പദ്ഘടനയുടെ പത്ത് ശതമാനമെങ്കിലും ചെലവഴിക്കണം. ചിലപ്പോൾ അത് ഒന്നും നൽകില്ലായിരിക്കാം. പക്ഷേ, അത് വിജയിച്ചാൽ വിളവും വലുതായിരിക്കും,'' പത്മശ്രീ ലഭിച്ചപ്പോൾ നൽകിയ അഭിമുഖത്തിൽ സോമസുന്ദരൻ പറഞ്ഞു.

ഇന്ത്യയിൽ പുറത്തിറക്കിയ ചെലവ് കുറഞ്ഞ വാട്ടർ പ്യൂരിഫയർ ഉദാഹരണമായി അദ്ദേഹം ചൂണ്ടിക്കാട്ടി. അദ്ദേഹത്തിന്റെ ഒരു വിദ്യാർത്ഥിയാണ് ഇത് വികസിപ്പിച്ചെടുത്തത്.


**പദ്മശ്രീ**

മറ്റ് ദേശീയ അന്തർദേശീയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിലും പത്മശ്രീയെ ഏറ്റവും വിലപ്പെട്ടതായി താൻ കണക്കാക്കുന്നു, കാരണം അത് എന്റെ സ്വന്തം നാട്ടുകാരിൽ നിന്ന് ലഭിച്ചതാണ്. ഇത് ലഭിച്ചതിൽ ഞാൻ ശരിക്കും അഭിമാനിക്കുന്നു. സ്വാതന്ത്ര്യസമരത്തിൽ പരിക്കേറ്റ സ്വാതന്ത്ര്യ സമരസേനാനിയായ എന്റെ പിതാവ്, അന്തരിച്ച എം.ജി. കുമാരപിള്ളയുടെ സ്മരണയ്ക്കായി ഈ ബഹുമതി സ്വീകരിക്കുന്നു.

ജീവിതത്തിൽ എന്ത് ചെയ്താലും, അത്കൊണ്ട് വ്യക്തിപരമായി എന്ത് കിട്ടുമെന്ന് ആശങ്കപ്പെടാതെ, കഴിവിന്റെ പരമാവധി പ്രവർത്തിക്കണമെന്ന് അദ്ദേഹം എന്നെ ഉപദേശിക്കാറുണ്ടായിരുന്നു. നിഷ്കാമ കർമ്മമായിരുന്നു അദ്ദേഹത്തിന്റെ വാക്ക്.

ഇത് എന്നും പാലിക്കുവാൻ ഞാൻ ശ്രമിയ്ക്കുകയും ചെയ്തു . വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിലായാലും എല്ലാവരുടെയും നന്മക്കായുള്ള ഗവേഷണങ്ങളിലായാലും എന്റെ കഴിവിന്റെ പരമാവധി ഉപയോഗിച്ചു. അതു പോലെ കൊളംബിയയിൽ ഏറ്റവും മികച്ച ധിഷണാശാലികൾ





ക്കൊപ്പം പ്രവർത്തിക്കാൻ എനിക്ക് അവസരം ലഭിക്കുകയുമുണ്ടായി. പലരും മികച്ച ശാസ്ത്രജ്ഞരോ അല്ലെങ്കിൽ വിജ്ഞാനത്തിന്റെ അതിർത്തികൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞവരോ ആയിരുന്നു. അതിനാൽ എന്നെ സംബന്ധിച്ചിടത്തോളം ഈ അംഗീകാരം എന്റെ പിതാവിന്റെ പഠിപ്പിക്കലുകളുടെ സ്ഥിരീകരണമാണ്. ഇത് എന്നെ ശരിക്കും വിനീതനാക്കുന്നു,'' അദ്ദേഹം അന്ന് പറയുകയുണ്ടായി.

അദ്ധ്യാപകൻ എന്ന നിലയിലും ശാസ്ത്രജ്ഞൻ എന്ന നിലയിലും സോമസുന്ദരൻ സമൂഹത്തിന് നൽകിയ സംഭാവനകൾ പല തരത്തിൽ അനന്യമായിരുന്നു. അദ്ദേഹത്തിന്റെ 60-ാം ജന്മദിനം പ്രമാണിച്ച് ഫ്ലോറിഡ സർവകലാശാലയിൽ (ഗെയിൻസ്സ്വിൽ) അദ്ദേഹത്തിന്റെ മുൻ വിദ്യാർത്ഥികൾ ഒരു സിമ്പോസിയം സംഘടിപ്പിച്ചപ്പോൾ, സ്നേഹപൂർവ്വം നൽകിയ തലക്കെട്ട് ഇതായിരുന്നു.' അധ്യാപകൻ, കൺസൾട്ടന്റ്, മോട്ടിവേറ്റർ, യൂണിവേഴ്സിറ്റി ആക്റ്റിവിസ്റ്റ്, ഡിപ്പാർട്ട്മെന്റൽ



ചെയർ, പിശാചിന്റെ അഭിഭാഷകൻ, അവസാനിക്കാത്ത ചോദ്യകർത്താവ്.'

സോം ഇതൊക്കെയുമോ അതിലേറെയുമോ ആണ് – ഫ്ലോറിഡ യൂണിവേഴ്സിറ്റി പ്രൊഫസറായ ബ്രിജ് എം മൗദ്ഗിൽ പറഞ്ഞു.

കൊളോയിഡ് കെമിസ്ട്രിയിലും നാനോടെക്നോളജിയിലും പോളിമർ സർഫാക്റ്റന്റിലും അദ്ദേഹം നടത്തിയ ഗവേഷണം പുതിയ പാതകൾ വെട്ടിത്തുറന്നു.

ഒരു അധ്യാപകൻ എന്ന നിലയിൽ തന്റെ ഏറ്റവും പ്രധാനപ്പെട്ട സംഭാവനയായി അദ്ദേഹം കണക്കാക്കുന്നത് അധ്യാപകനേക്കാൾ മുന്നേറാൻ തന്റെ വിദ്യാർത്ഥികളെ സഹായിച്ചു എന്നതാണ്. അദ്ദേഹത്തിന്റെ വിദ്യാർത്ഥികൾ നിലവിൽ ലോകമെമ്പാടുമുള്ള വലിയ കമ്പനികളിലും സ്ഥാപനങ്ങളിലും പ്രധാന സ്ഥാനങ്ങളിലുണ്ട്.

**കഠിനാധ്വാനത്തിന്റെ വക്താവ്**

കഠിനാധ്വാനത്തിന്റെ വക്താവാണ് അദ്ദേഹം. 'കഠിനാധ്വാനത്തിന് പകരം വയ്ക്കാൻ യാതൊന്നിനും കഴിയില്ല. ഒരാൾ ഉയർന്ന നേട്ടങ്ങൾ ലക്ഷ്യമിടണം,' അദ്ദേഹം ഉപദേശിക്കുന്നു.



വ്യത്യസ്ഥമായി ചിന്തിക്കാനും അദ്ദേഹം അവരോട് ആവശ്യപ്പെടുന്നു. നിങ്ങൾ ആൾക്കൂട്ടത്തിൽ ഒരാളാണെങ്കിൽ, നിങ്ങൾ ശ്രദ്ധിക്കപ്പെടില്ല. ഉയരണമെങ്കിൽ നിങ്ങൾ വ്യത്യസ്തനായിരിക്കണം, മറ്റുള്ളവരുടെ നേട്ടങ്ങളെ മറികടക്കണം, അദ്ദേഹം ചൂണ്ടിക്കാട്ടുന്നു

ശാസ്ത്രജ്ഞൻ എന്ന നിലയിൽ, ചില ബയോപോളിമർ തന്മാത്രകൾ ഇന്റർഫേസുകളിൽ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് മനസിലാക്കാനുള്ള അദ്ദേഹത്തിന്റെ ഗവേഷണം പ്രധാന വഴിത്തിരിവായി കണക്കാക്കുന്നു.

ഏറെക്കാലം അദ്ദേഹം നാനോ ടെക്നോളജിയിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. നാനോകണങ്ങൾ വിഷാംശമുള്ളതായിരിക്കാം. മനുഷ്യരാശിക്ക് പ്രയോജനപ്പെടാൻ ഇത് ജൈവ സൗഹൃദമാക്കണം, അദ്ദേഹം പറഞ്ഞു.

ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പൂർവ്വ വിദ്യാർത്ഥിയായ അദ്ദേഹം ഇന്ത്യയിൽ തുടർന്നിരുന്നെങ്കിലും ഒരുപാട് നേട്ടങ്ങൾ കൈവരിക്കുമായിരുന്നുവെന്നതിൽ അദ്ദേഹത്തിന് സംശയമൊന്നുമില്ല. ഇന്ത്യയിലും യുഎസിലും ജീവിക്കുന്നതിൽ ഒരുപോലെ സംതൃപ്തനാണ്. പക്ഷേ, തിരിഞ്ഞുനോക്കുമ്പോൾ ഇന്ത്യയിൽ തുടർന്നിരുന്നെങ്കിൽ യുഎസിൽ നടത്തിയ ഗവേഷണങ്ങൾ നടത്തുമെന്ന് കരുതുന്നില്ല. ഗവേഷണത്തിന് പ്രോത്സാഹജനകമായിരുന്നില്ല 60-കളിൽ ഇന്ത്യയിലെ സാഹചര്യം.

1970 മുതൽ കൊളംബിയ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ആൻഡ് അപ്ലൈഡ് സയൻസ് ഫാക്കൽറ്റി അംഗമായ അദ്ദേഹം ചൈനീസ് അക്കാദമി ഓഫ് എഞ്ചിനീയറിംഗ്, ഇന്ത്യൻ നാഷണൽ അക്കാദമി ഓഫ് എഞ്ചിനീയറിംഗ്, റഷ്യൻ അക്കാദമി ഓഫ് നാച്ചുറൽ സയൻസസ് എന്നിവയിലേക്കും തിരഞ്ഞെടുക്കപ്പെട്ടു.

16 പുസ്തകങ്ങളുടെയും 500-ലധികം ശാസ്ത്ര പ്രസിദ്ധീകരണങ്ങളുടെയും പേറ്റന്റുകളുടെയും രചയിതാവ്/എഡിറ്റർ ആയ അദ്ദേഹം കൊളോയിഡ്സ് ആൻഡ് സർഫേസസ് എന്ന അന്താരാഷ്ട്ര ജേണലിന്റെ ആദ്യ എഡിറ്റർ-ഇൻ-ചീഫും ദ എൻസൈക്ലോപീഡിയ ഓഫ് സർഫേസ് ആൻഡ് കൊളോയിഡ് സയൻസിന്റെ ചീഫ് എഡിറ്ററുമായിരുന്നു.


യു.എഎസ്. കോൺഗ്രസിന്റെ 28-ാമത് പരിസ്ഥിതി ഉപദേശക സമിതിയിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് അദ്ദേഹത്തെ 1990 ൽ ആദ്യത്തെ ബ്രഹ്മപ്രകാശ് ചെയർ ആയി നിയമിച്ചു ആദരിച്ചു.

മുംബൈയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, പൂനെയിലെ ടാറ്റ ഡിസൈൻ ആൻഡ് റിസർച്ച് സെന്റർ എന്നിവിടങ്ങളിൽ യുഎസ്-ഇന്ത്യ കോ-സ്പോൺസർഷിപ്പിന് കീഴിൽ നിരവധി നിർണായക ഇന്ത്യൻ പ്രശ്നങ്ങളെക്കുറിച്ച് അദ്ദേഹം ഗവേഷണ പ്രവർത്തനങ്ങൾ നടത്തി.

അന്റോയിൻ എം. ഗൗഡിൻ അവാർഡ് (1982), റോബർട്ട് എച്ച്. റിച്ചാർഡ്സ് അവാർഡ് (ഹ987), എഐഎംഇയുടെ മികച്ച പേപ്പറിനുള്ള ആർതർ എഫ്. ടാഗാർട്ട് അവാർഡ് (1987), എന്നിവ അദ്ദേഹത്തിന് ലഭിച്ച മറ്റ് അവാർഡുകളിൽ ചിലതാണ് .

1991-ൽ ന്യൂജേഴ്സി സെനറ്റിൽ നിന്നുള്ള സാക്ഷ്യപത്രം, എഞ്ചിനീയറിംഗ് ഫൗണ്ടേഷന്റെ 1992-ലെ ഫ്രാങ്ക് എഫ്. അപ്ലാൻ അവാർഡ് എന്നിവയും ലഭിച്ചു. മാരകമായ എബോള വൈറസിനെതിരെ പോരാടുന്നതിന് പ്രൊഫ. സോമസുന്ദരന്റെ നേതൃത്വത്തിലുള്ള സംഘം 12 ദിവസം കൊണ്ട് പുതിയ ഉപകരണം വികസിപ്പിച്ചത് അന്ന് വാർത്താപ്രാധാന്യം നേടി.

കേരളത്തിലെ മതസൗഹാർദ്ദത്തിന് കോട്ടം വന്നതായുള്ള റിപ്പോർട്ടുകളിൽ അദ്ദേഹം ഖിന്നനാണ്. അത്തരം ഭിന്നത താൻ കണ്ടിട്ടില്ലെന്ന് അദ്ദേഹം പറയുന്നു. 'എന്റെ അനുഭവം നേരെ മറിച്ചാണ്. ഞാൻ ജന്മം കൊണ്ട് ക്രിസ്ത്യാനി അല്ലെങ്കിലും എന്റെ പത്മശ്രീ ആഘോഷിച്ചത് എല്ലാ മതക്കാരുമാണ്. പ്രാദേശിക ക്രൈസ്തവ വൈദികൻ എയർ പോർട്ട് സ്വീകരണം ക്രമീകരിച്ചു. മുൻ ഹെഡ്മാസ്റ്റർ ജോസഫ് ടൗണിൽ സ്വീകരണം ഒരുക്കി. അഭിന





ന്ദനവുമായി ബിഷപ്പ് എന്റെ വീട്ടിൽ വന്നു. ഒന്നും ആവശ്യപ്പെട്ടതല്ല. . എന്റെ സ്വന്തം ആളുകൾ നാട്ടിലെ പള്ളിയിലും മസ്ജിദിലും പോയി മെഴുകുതിരികൾ കത്തിക്കുന്നു. എന്റെ അഭിപ്രായത്തിൽ, രാഷ്ട്രീയക്കാർ മാത്രമാണ് വോട്ട് പിടിക്കാൻ വിള്ളലുകൾ ഉണ്ടാക്കുന്നത്.'

**കുടുംബത്തെക്കുറിച്ച് ?**

ന്യൂയോർക്കിലെ പിയർമോണ്ടിൽ ഭാര്യ ഡോ. ഉഷ സോമസുന്ദരം, പുത്രി താമര എന്നിവർക്കൊപ്പം താമസിക്കുന്നു. ലേക്ക് ഹൗസിലെ താമസം ഞങ്ങൾ ആസ്വദിക്കുന്നു.

**എങ്ങനെയാണ് കോവിഡിനെ നേരിട്ടത്?**

വാക്സിനും ബൂസ്റ്ററും സ്വീകരിച്ചതുകൊണ്ട് കാര്യമായി ബാധിച്ചില്ല. മാത്രമല്ല, പാലിസേഡിലെ ഞങ്ങളുടെ ക്യാമ്പസിൽ നിന്ന് കൊളംബിയയിലേക്ക് കൊളംബിയ ഷട്ടിൽ കൊണ്ടുപോകുന്നതുകൊണ്ട് ഏറെക്കുറെ സുരക്ഷിതമായിരുന്നു. അടുത്തുള്ള സിറ്റാർ റെസ്റ്റോറന്റിൽ (ഓറഞ്ചബർഗ്) മസാല ദോശ കഴിക്കാൻ പോകുന്നത് മാത്രം അല്പം റിസ്കായിരുന്നു.

**ഇപ്പോഴും ജോലി ചെയ്യുന്നുണ്ടോ അതോ**
**വിരമിച്ചോ?**

ഇപ്പോൾ ജോലി ചെയ്യുന്നുണ്ടെങ്കിലും അടുത്ത വർഷം ഭാഗികമായി



വിരമിക്കാനാണ് ആലോചിക്കുന്നത്. എനിക്ക് അടുത്തുതന്നെ 83 വയസ്സാകും.

**കരിയറിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ, എന്ത് തോന്നുന്നു?**

വളരെ സംതൃപ്തി തോന്നുന്നു. ഭാഗ്യവും കഠിനാധ്വാനവും ചേരുമ്പോൾ പ്രതിഫലം ലഭിക്കുമെന്നാണ് ഞാൻ കരുതുന്നത്.

**ഏതെങ്കിലും തരത്തിലുള്ള വിവേചനം നേരിടേണ്ടി വന്നിട്ടുണ്ടോ?**

തീർച്ചയായും. കൊളംബിയയിൽ, ബ്രൗൺ നിറമുള്ളവർ രണ്ടാം തരം പൗരന്മാരാണ്. വൈവിധ്യം വർധിച്ചുവെന്ന് അവകാശപ്പെടുന്ന നിലവിലെ ഭരണകൂടം എന്നെയും പ്രഗത്ഭനായ പ്രൊഫ. ജഗദീഷ് ഭഗവതിയെയും ഇക്കാരണത്താൽ മാറ്റി നിർത്തി. ലിംഗവിവേചനത്തിനെതിരെ ഭരണകൂടം പ്രവർത്തിക്കുന്നുണ്ട്. പ്രൊവോസ്റ്റ് ഉൾപ്പെടെയുള്ള സ്ഥാനങ്ങളിൽ നിരവധി സ്ത്രീകൾ റിക്രൂട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

എന്നെ ദീൻ ആയും  മറ്റും നാമനിർദ്ദേശം ചെയ്തെങ്കിലും പരിഗണിച്ചില്ല. ഭരണപരമായ സ്ഥാനങ്ങളിൽ  ഞാൻ താൽപ്പര്യം കാണിക്കാത്തതും ഒരു കാരണമാകാം. വിവേചനം കുറയ്ക്കുന്നതിന്റെ ഭാഗമായി ഞങ്ങൾക്ക് ഒരു വൈസ് പ്രൊവോസ്റ്റ് ഉണ്ട്. പക്ഷേ അദ്ദേഹത്തിന് യഥാർത്ഥ അധികാരം നൽകിയിട്ടില്ല. എന്നാൽ, ദേശീയ അക്കാദമികൾ പോലെയുള്ള വിശിഷ്ട സമൂഹങ്ങൾ ഒരു വിവേചനവും കാണിക്കുന്നില്ല.

**70-കളിലെയും ഇപ്പോഴത്തെയും അമേരിക്കൻ ജീവിതം താരതമ്യം ചെയ്യാമോ?**

സോഷ്യൽ മീഡിയ നമ്മുടെ സമയം അനാവശ്യമായി കവർന്നെടുക്കുന്നതൊഴിച്ചാൽ വലിയ വ്യത്യാസമില്ല.പഴയതുപോലെ മിടുക്കരായ ഇന്ത്യൻ വിദ്യാർത്ഥികളെ ഇപ്പോൾ ലഭിക്കുന്നില്ല.









STUDIIS








# Save $ 894.* Combine Home & Auto.

**Michael Tharian**
**Agent**
1855 Victory Blvd
Staten Island, NY 10314
**Toll Free: 888-644-7222**

Save money and time when you combine your home and auto insurance. Just another way I'm her to help life go right. **CALL ME TODAY**

**SERVING NEW YORK & NEW JERSEY**

StateFarm®

*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company, State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL

# US PROFILES



## ഡോ. തോമസ് എബ്രഹാം







# ഡോ. തോമസ് എബ്രഹാം

# മുൻപേ നടന്ന വഴികാട്ടി, 'ഫാദർ ഓഫ് ദി കമ്യൂണിറ്റി'


ആദ്യകാല കുടിയേറ്റക്കാർ പറയുന്ന ഒരു കഥയുണ്ട്. പോക്കറ്റിൽ 8 ഡോളറുമായാണ് തങ്ങൾ അമേരിക്കയിൽ വന്നതെന്ന്. പക്ഷെ ഡോ. തോമസ് എബ്രഹാമിന്റെ പോക്കറ്റിൽ 75 ഡോളർ ഉണ്ടായിരുന്നു.

വേറെയുമുണ്ട് വ്യത്യാസം. ഇന്നൊവേറ്റീവ് റിസർച്ച് ആൻഡ് പ്രൊഡക്ട്സ് പ്രസിഡന്റും ഗ്ലോബൽ ഓർഗനൈസേഷൻ ഓഫ് പീപ്പിൾ ഓഫ് ഇന്ത്യൻ ഒറിജിന്റെ ചെയർമാനുമായ ഡോ. തോമസ് എബ്രഹാം കഴിഞ്ഞ അഞ്ച് പതിറ്റാണ്ടായി അമേരിക്കയിലാണ് താമസമെങ്കിലും ഇപ്പോഴും ഇന്ത്യൻ പൗരനാണ്. വേരുകളിൽ നിന്ന് വിട്ടകലാനോ സ്വന്തം അസ്തിത്വം മറന്നു ജീവിക്കാനോ അദ്ദേഹം ഇഷ്ടപ്പെടുന്നില്ല.

ലോകത്തിലെ ഏറ്റവും വലിയ ഇന്ത്യ ഡേ പരേഡ് ന്യൂ യോർക്കിൽ നടക്കുമ്പോൾ ഓർക്കുക അത് സംഘടിപ്പിക്കുന്ന ഫെഡറേഷൻ ഓഫ് ഇന്ത്യൻ അസോസിയേഷന്റ സ്ഥാപക പ്രസിഡന്റായിരുന്നു അദ്ദേഹം. ഇരുനൂറോളം ഇന്ത്യൻ സംഘടനകൾ അംഗങ്ങളായ നാഷണൽ ഫെഡറേഷൻ ഓഫ് ഇന്ത്യൻ അസോസിയേഷൻ (എൻ.എഫ്.ഐ.എ) സ്ഥാപക പ്രസിഡന്റുമായിരുന്നു.

''അന്ന്, അതായത് 1970 കളിൽ, വിദേശത്ത് യാ







ത്ര ചെയ്യുന്ന എല്ലാവർക്കും സർക്കാർ 8 ഡോളർ നൽകിയിരുന്നു. എനിക്ക് കുറച്ച് കൂടുതൽ ഡോളറിന് അനുമതി ലഭിച്ചു. അതുമായി ജെ.എഫ്.കെയിൽ വിമാനമിറങ്ങിയപ്പോൾ ടാക്സിക്കായി അതിൽ നിന്ന് പണം ചെലവഴിക്കാൻ എനിക്ക് തോന്നിയില്ല. അങ്ങനെ ഗ്രാൻഡ് സെൻട്രൽ സ്റ്റേഷനിലേക്കു ബസിലും അവിടെ നിന്ന് സബ്‌വേ വഴി ടൈംസ് സ്‌ക്വയറിലേക്കും പിന്നെ കൊളംബിയ യൂണിവേഴ്‌സിറ്റിയിലേക്കും പോയി. കയ്യിൽ ഒരു സ്യൂട്ട്കേസ് മാത്രം,' അമേരിക്കയിലെ വിവിധ സംഘടനകളുടെ തുടക്കക്കാരനായ ഡോ. തോമസ് എബ്രഹാം ആ ദിവസം ഓർത്തെടുത്തു.

കൊളംബിയ യൂണിവേഴ്‌സിറ്റിയിലെ ഹെൻറി ക്രംബ് സ്‌കൂൾ ഓഫ് മൈൻസ് എബ്രഹാമിന് 1973-ൽ അസിസ്റ്റന്റ്ഷിപ്പ് വാഗ്ദാനം ചെയ്തിരുന്നു. സ്‌കൂൾ ഓഫ് മൈൻസിലെ പ്രൊഫസർ ഡോ. പി. സോമസുന്ദരന് ഇപ്പോഴും അദ്ദേഹത്തിന്റെ അക്കാദമിക് റെക്കോർഡിനെക്കുറിച്ച് പറയുമ്പോൾ നൂറുനാവാണ്.

ഹിപ്പി പ്രസ്ഥാനം ശക്തമായിരുന്ന ആ കാലയളവിൽ ഹരേകൃഷ്ണ ഭക്തരായിരുന്നു എല്ലായിടത്തും. ന്യൂയോർക്കിലെ പല പ്രദേശങ്ങളിലും അനേകം കുറ്റകൃത്യങ്ങൾ നടന്നിരുന്നു. ടൈംസ് സ്‌ക്വയറിലെ ഷോപ്പുകളിൽ അശ്ലീല ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതോടൊപ്പം തത്സമയ സെക്സ് ഷോകളും നടന്നിരുന്നു. ഹാർലെം അമേരിക്കയുടെ കുറ്റകൃത്യ കേന്ദ്രമായിരുന്നെന്നും എബ്രഹാം ഓർക്കുന്നു.

**ആദ്യകാലജീവിതം**

കേരളത്തിൽ കോഴഞ്ചേരിയിലുള്ള കർഷക കുടുംബത്തിൽ നിന്നാണ് അദ്ദേഹത്തിന്റെ ജീവിതയാത്ര ആരംഭിക്കുന്നത്. തേവർവേലിൽ തെള്ളിരേത്ത് കുടുംബാംഗവും അഭിഭാഷകനുമായ പിതാവ് തൊഴിൽപരമായ സൗകര്യാർത്ഥം പത്തനംതിട്ടയിലേക്ക് കൂടുമാറി. എട്ട് മക്കളിൽ ഒരാളായതിനാൽ, എബ്രഹാമിനെ മികച്ച സ്‌കൂളിൽ അയയ്ക്കാൻ കുടുംബത്തിന് കഴിഞ്ഞില്ല. സമീപത്തെ ഏക പ്രാഥമിക വിദ്യാലയമായ മുസ്ലിം ലോവർ പ്രൈമറി സ്‌കൂളിലും മാർതോമ്മ ഹൈസ്‌കൂളിലുമായിരുന്നു ആദ്യകാല പഠനം.


പ്രീഡിഗ്രിക്ക് പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ. തുടർന്ന് മാളവ്യ റീജിയണൽ എഞ്ചിനീയറിംഗ് കോളേജിൽ (ഇപ്പോൾ മാളവ്യ നാഷണൽ എന്നറിയപ്പെടുന്ന ജയ്പൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി) നിന്ന് മെറ്റലർജിയിൽ ബിരുദം നേടി.

''അപ്പോഴേക്കും ഐഐടികൾ തുടങ്ങിയിരുന്നു. പക്ഷെ അവിടേക്ക് പ്രവേശന പരീക്ഷ എഴുതേണ്ടതുണ്ടെന്ന് എനിക്കറിയില്ലായിരുന്നു. REC ആയിരുന്നു മറ്റൊരു ഓപ്ഷൻ.

1966-ൽ ജയ്പൂരിൽ എത്തുമ്പോൾ ഇംഗ്ലീഷോ ഹിന്ദിയോ സംസാരിക്കാൻ അറിയില്ലായിരുന്നു. വശമുള്ള ഏകഭാഷ മലയാളമായിരുന്നു. എന്നാൽ ജയ്പൂരിലെ അഞ്ച് വർഷം അതെല്ലാം മാറ്റിമറിച്ചു. അവിടെ ഇന്ത്യയിലെമ്പാടുമുള്ള വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ആളുകളെക്കുറിച്ചും പ്രാദേശിക സംസ്കാരങ്ങളെക്കുറിച്ചും അറിയാനും മനസ്സിലാക്കാനും അതെനിക്ക് അവസരമൊരുക്കി.' എബ്രഹാം പറഞ്ഞു.

ഇന്ത്യൻ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് മെറ്റൽസ് സ്റ്റുഡന്റ് ചാപ്റ്ററിൽ സജീവമായതല്ലാതെ അദ്ദേഹം അതുവരെ പൊതുജീവിതത്തിൽ സജീവമായിരുന്നില്ല.

'ജയ്പൂരിലെ ജീവിതത്തെ എന്റെ പരിവർത്തന




കാലഘട്ടമായി വിശേഷിപ്പിക്കാം.മലയാളം മീഡിയം സ്കൂളുകളിൽ പഠിച്ച വിദ്യാർത്ഥി എന്ന നിലയിൽ നിന്നും ഇംഗ്ലീഷും ഹിന്ദിയും കൈകാര്യം ചെയ്യുന്ന അവസ്ഥയിലേക്കുള്ള പരിണാമം ചെറിയ കാര്യമായിരുന്നില്ല.1960-കളുടെ അവസാനത്തിലും 70-കളുടെ തുടക്കത്തിലും എഞ്ചിനീയർമാർ ജോലി ലഭിക്കുന്നതിൽ ബുദ്ധിമുട്ടുകൾ നേരിട്ടിരുന്നു. 1968-ൽ ഇന്ത്യൻ പാർലമെന്റിനു മുന്നിൽ എഞ്ചിനീയറിംഗ് കോളേജുകൾ നടത്തിയ പ്രകടനത്തിൽ ഞാനും പങ്കെടുത്തു. അതിൽ പങ്കെടുക്കാൻ ന്യൂഡൽഹിയിലേക്ക് പത്തിരുപത്തിയഞ്ച് വിദ്യാർത്ഥികൾ ഞങ്ങളുടെ കോളജിൽ നിന്ന് പോയി. നിരവധി പ്രതിഷേധക്കാരെ അറസ്റ്റ് ചെയ്ത് തിഹാർ ജയിലിൽ പാർപ്പിച്ചു

എങ്കിലും സമരം ഫലം കണ്ടു. താമസിയാതെ ഇന്ത്യ ഗവൺമെന്റ് തൊഴിൽരഹിതരായ എഞ്ചിനീയർമാർക്ക് സ്റ്റൈപ്പൻഡായി 250 രൂപ അനുവദിച്ചു,' എബ്രഹാം അഭിമാനത്തോടെ പറഞ്ഞു.

ബിരുദപഠനത്തിന് ശേഷം, അതെ കോളജിൽ ലക്ചററായി. ജോധ്പൂരിലെ അൽകോബെക്സ് മെറ്റൽസിൽ മെറ്റലർജിസ്റ്റായി ചേരുന്നതിന് മുമ്പ് നാല് മാസം അവിടെ ജോലി ചെയ്തു.

''നോൺ-ഫെറസ് മെറ്റൽ ഫൗണ്ടറിയും പ്രോസസ്സിംഗ് യൂണിറ്റും കൈകാര്യം ചെയ്യുന്ന പുതിയ ജോലിയിൽ

100-ലധികം തൊഴിലാളികളുടെ മേൽനോട്ടം വഹിച്ചതിലൂടെയാണ് എന്റെ മാനേജ്മന്റ് രംഗത്തുള്ള കഴിവുകൾ മെച്ചപ്പെട്ടത്. മിക്ക തൊഴിലാളികൾക്കും ഇംഗ്ലീഷ് എഴുതാനോ സംസാരിക്കാനോ അറിയുമായിരുന്നില്ല. തൊഴിലാളികൾ ഹിന്ദിയിൽ അവരുടെ കൈപ്പടയിൽ കുത്തിക്കുറിക്കുന്ന അപേക്ഷകളും മറ്റും സ്ഥിരമായി കണ്ടും വായിച്ചും ഹിന്ദിയിൽ നന്നായി ആശയവിനിമയം നടത്താനുള്ള കഴിവ് ഞാൻ സ്വായത്തമാക്കി. ഫാക്ടറിക്ക് സമീപം ഹോട്ടലുകൾ ഉണ്ടായിരുന്നില്ല. ജീവിതം പ്രയാസകരമായിരുന്നു.

കൊടുംവേനലിലും ബൈക്കിൽ താമസ സ്ഥലത്തു പോയി ഭക്ഷണം കഴിച്ച് ജോലിക്ക് മടങ്ങും. ഒരു തരത്തിൽ, അതായിരുന്നു പിനീടുള്ള കാലത്തേക്ക് ലഭിച്ച മികച്ച പരിശീലനം. ' അദ്ദേഹം കൂട്ടിച്ചേർത്തു.

**കൊളംബിയയിൽ**

കൊളംബിയയിൽ കാലെടുത്തുവയ്ക്കുമ്പോൾ തന്നെ ഇന്ത്യ ക്ലബ് ഓഫ് കൊളംബിയ യൂണിവേഴ്സിറ്റി എന്നറിയപ്പെടുന്ന വളരെ സജീവമായ ഒരു ഇന്ത്യൻ വിദ്യാർത്ഥി സംഘടന അവിടെ ഉണ്ടായിരുന്നു, വാരാന്ത്യങ്ങളിൽ എല്ലാ ഹിന്ദി സിനിമകളും ക്ലബ്ബിൽ പ്രദർശിപ്പിച്ചിരുന്നു. അന്ന് മിക്ക ഇന്ത്യക്കാർക്കും ഇന്ത്യയുമായുള്ള ഏക ബന്ധം ബോളിവുഡ് സിനിമകളും ചില റേഡിയോ പ്രോഗ്രാമുകളും മാത്രമായിരുന്നു. അതുകൊണ്ടുതന്നെ അവിടേക്ക് ധാരാളം ആളുകൾ ഹിന്ദി സിനിമകൾ കാണാൻ ഒഴുകിയെത്തി. സിനിമകൾ പ്രദർശിപ്പിച്ചുകൊണ്ടാണ് ക്ലബ് പണം കണ്ടെത്തിയിരുന്നത്.

1975ൽ എബ്രഹാം ഇന്ത്യാ ക്ലബ്ബിന്റെ പ്രസിഡന്റായി ചുമതലയേറ്റു. അപ്പോൾ ക്ലബ്ബിന്റെ അവസ്ഥ മോശമായിരുന്നു.

''ഞാൻ ക്ലബ്ബിൽ ചില മാറ്റങ്ങൾ അവതരിപ്പിച്ചു. ഏറ്റവും വലിയ ദീപാവലി ഉൾപ്പെടെയുള്ള മറ്റ് കമ്മ്യൂണിറ്റി പ്രോഗ്രാമുകൾ ചേർക്കുകയും ചെയ്തു,' അദ്ദേഹം പറഞ്ഞു.

മതപരമായും പ്രാദേശികമായും നിരവധി സംഘടനകൾ ഉയർന്നുവരുന്ന സമയമായിരുന്നു അത്.

ഇന്ത്യ ക്ലബ് ആതിഥേയത്വം വഹിക്കുന്ന ഇന്ത്യൻ അസോസിയേഷനുകളുടെ സംയുക്ത സമിതിയുടെ ബാനറിൽ ഈ സംഘടനകൾ ഇന്ത്യയുടെ സ്വാതന്ത്ര്യദിനവും റിപ്പബ്ലിക് ദിനവും ആഘോഷിച്ചു.

പൊതു ആവശ്യങ്ങൾക്കായി സമൂഹത്തെ സംഘടിപ്പിക്കേണ്ടതിന്റെയും കൊണ്ടുവരേണ്ടതിന്റെയും ആവശ്യകത എബ്രഹാം തിരിച്ചറിഞ്ഞത് അങ്ങനെയാണ്. എന്നാൽ, അദ്ദേഹത്തിന്റെ കീഴിലുള്ള സംയുക്ത സമിതി സാമ്പത്തികമായി മോശം അവസ്ഥയിലായിരുന്നു.

''കൊളംബിയ യൂണിവേഴ്സിറ്റിയിലെ ഞങ്ങൾ നാല് വിദ്യാർത്ഥികൾ, പുതിയൊരു സംഘടനക്കായി അക്കൗണ്ട് തുടങ്ങാൻ 100 ഡോളർ വീതം സംഭാവന നൽകി. 1976-ൽ നടക്കാനിരിക്കുന്ന ഇന്ത്യൻ സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ചിലവ് വഹിക്കുകയും സംഘടന രൂപീകരിക്കുകയും എന്നതായിരുന്നു ഞങ്ങളുടെ പ്രാഥമിക ലക്ഷ്യം,' ഡോ. എബ്രഹാം ഓർക്കുന്നു.


''എന്നാൽ ഇന്ത്യയിലെ അടിയന്തരാവസ്ഥയെ എതിർക്കുന്ന ഒരുകൂട്ടം ആളുകൾ ഞങ്ങളുടെ ആഘോഷം തടസ്സപ്പെടുത്താൻ ശ്രമിച്ചു. ഇന്ത്യയിലെ രാഷ്ട്രീയ സാഹചര്യം എന്തുതന്നെയായാലും, ഒരു കമ്മ്യൂണിറ്റി എന്ന നിലയിൽ ഒരു പക്ഷവും ചേർന്നുകൂടാ എന്നൊരു പ്രധാന തീരുമാനമായിരുന്നു ആ സമയത്ത് ഞങ്ങൾ കൈക്കൊണ്ടത്. മറ്റൊരു ഇന്ത്യൻ സംഘം ഇന്ത്യക്കാരുടെ ആഘോഷങ്ങൾ അമേരിക്കയിൽ നടത്താൻ പാടില്ലെന്ന് ശഠിച്ചു. അമേരിക്കയിൽ എത്തിയതോടെ അവർ അമേരിക്കക്കാരായി മാറി എന്നതായിരുന്നു വാദം.

**എഫ്.ഐ.എയുടെ തുടക്കം**

1977 ആയപ്പോഴേക്കും സ്ഥിതി മാറി. സാംസ്കാരികവും ഭാഷാ അടിസ്ഥാനത്തിലുള്ളതുമായ എല്ലാ ഇന്ത്യൻ ഗ്രൂപ്പുകളെയും പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും എല്ലാ സംഘടനകളെയും ഒരു കുടക്കീഴിൽ കൊണ്ട് വരികയും വേണമെന്ന ചിന്ത ഉണർന്നു. തുടർന്ന് കമ്മ്യൂണിറ്റി പ്രശ്നങ്ങളിൽ ഇടപെടാൻ പുതിയൊരു സംഘടന രൂപീകരിക്കാൻ 1977 ഡിസംബറിൽ കൊളംബിയ യൂണിവേഴ്സിറ്റിയിൽ വെച്ച് നടന്ന സംയുക്ത സമിതി തീരുമാനമെടുത്തു.

അങ്ങനെ ഫെഡറേഷൻ ഓഫ് ഇന്ത്യൻ അസോസിയേഷൻസ് (എഫ്ഐഎ) എന്ന പേരിൽ പുതിയ ഭരണഘടനയുമായി സംഘടന രൂപീകരിച്ചു. ഇത് 1978 മാർച്ചിൽ ന്യൂയോർക്ക് സ്റ്റേറ്റിൽ ഇൻകോർപറേറ്റ് ചെയ്തു .

1977 മുതൽ സംഘടന സ്വാതന്ത്ര്യദിന പരിപാടികൾ സംഘടിപ്പിക്കാൻ തുടങ്ങി. ആയിരങ്ങളാണ് ഇന്ത്യ ഡേ ഫെസ്റ്റിവലിൽ പങ്കെടുക്കാൻ എത്തിച്ചേർന്നിരുന്നത്,' ഡോ.എബ്രഹാം വിശദീകരിച്ചു.




ഈ സമയത്ത്,അമേരിക്കയിലെ എല്ലാ പ്രധാന നഗരങ്ങളിലും എഫ്ഐഎ ചാപ്റ്ററുകൾ ആരംഭിക്കുന്നതിനും അദ്ദേഹം പ്രവർത്തിച്ചു

1980-ൽ, അമേരിക്കയിലെ ഇന്ത്യക്കാരുടെ ആദ്യ ദേശീയ കൺവെൻഷൻ എകഅ സംഘടിപ്പിച്ചു. അവിടെ വച്ചാണ് നാഷണൽ ഫെഡറേഷൻ ഓഫ് ഇന്ത്യൻ-അമേരിക്കൻ അസോസിയേഷൻസ് (NFIA) പിറവിയെടുക്കുന്നത്. എബ്രഹാമിനെ പ്രസിഡന്റായി തിരഞ്ഞെടുത്തു. ഇന്ന് അമേരിക്കയിലെ ഏറ്റവും വലിയ സംഘടനയായ ഇതിൽ 200-ലധികം അംഗസംഘടനകളുണ്ട്.

1980 മുതൽ 88 വരെ ഡോ.എബ്രഹാം NFIA പ്രസിഡന്റായി സേവനമനുഷ്ഠിച്ചു; 1988 ലും 92 ലും അതിന്റെ ട്രസ്റ്റി ബോർഡിന്റെ ചെയർമാനായി.

1980-ലെ കൺവെൻഷന്റെയും മറ്റ് നിരവധി പ്രവർത്തനങ്ങളുടെയും വിജയത്തോടെ, FIA 1981ൽ ന്യൂയോർക്കിൽ ഇന്ത്യാ ഡേ പരേഡ് സംഘടിപ്പിക്കുക എന്ന ദൗത്യം ഏറ്റെടുത്തു. നേരത്തെ എഫ്ഐഎ സെക്രട്ടറിയായിരുന്നു സുരേശ്വർ സിംഗ് ആയിരുന്നു അപ്പോഴത്തെ പ്രസിഡന്റ്. പരേഡ് വൻ വിജയമായി. അത് ഇപ്പോഴും തുടരുന്നു.

1976-ൽ, ഇന്ത്യൻ കമ്മ്യൂണിറ്റി മറ്റ് വംശീയ വിഭാഗങ്ങളുമായി കൈകോർത്തുകൊണ്ട് അമേരിക്കൻ സ്വാതന്ത്ര്യത്തിന്റെ 200-ാം വാർഷികം ആഘോഷിക്കാൻ തീരുമാനിച്ചു. അതിനുശേഷമാണ് ഏഷ്യൻ

ഗ്രൂപ്പുകളുമായി ചേർന്നു ഒരേ ആവശ്യങ്ങൾക്കുവേണ്ടി പ്രവർത്തിച്ചുതുടങ്ങിയത് . മേയ് ഒന്നാം വാരം ഏഷ്യൻ-അമേരിക്കൻ വാരം ആയി പ്രഖ്യാപിക്കാനുള്ള പ്രചാരണം ഉൾപ്പെടെയുള്ള പല കാര്യങ്ങളും നടപ്പാക്കി.

**നഷ്ടപ്പെട്ട അവസരം**

ഇന്ത്യയിൽ ഏത് പദവിയും വഹിക്കാൻ എബ്രഹാമിന് യോഗ്യതയുണ്ട്. ഒരവസരം വന്നാൽ അത് സ്വീകരിക്കുമോ? ഇന്ത്യയ്ക്കും ഇന്ത്യക്കാർക്കും വേണ്ടി ദീർഘകാലം പ്രവർത്തിച്ച വ്യക്തി എന്ന നിലയ്ക്ക് തന്റെ യോഗ്യതയെക്കുറിച്ച് അദ്ദേഹത്തിന് സംശയമില്ല.

''1980-ൽ റൊണാൾഡ് റീഗൻ പ്രസിഡന്റായിരുന്നപ്പോൾ, ഇന്ത്യൻ-അമേരിക്കൻ സമൂഹം അദ്ദേഹത്തിന്റെ ഓഫീസുമായി ബന്ധപ്പെട്ട് ഏതാനും നിയമനങ്ങൾക്കുള്ള അവസരങ്ങൾ ഒരുക്കി. ഡോ. ജോയ് ചെറിയാനാണ് സബ് ക്യാബിനറ്റ് തലത്തിൽ ആദ്യമായി നിയമിതനായത്. വേറെയും നിയമനങ്ങൾ ഉണ്ടാകുമായിരുന്നു. അമേരിക്കൻ പൗരത്വം സ്വീകരിക്കാത്തത് മാത്രമായിരുന്നു എന്റെ അയോഗ്യത. സ്വാഭാവികമായും എന്നെ അതിനായി പരിഗണിക്കാൻ കഴിഞ്ഞില്ല. എന്നാൽ,അങ്ങനെ അവസരങ്ങൾ നഷ്ടപ്പെട്ടതിൽ എനിക്കൊരിക്കലും ഖേദം തോന്നിയിട്ടില്ല.,'' അദ്ദേഹം പറഞ്ഞു.

ഇന്ത്യയിലെ പൊതുജീവിതത്തിലെ മാനദണ്ഡമായ രാഷ്ട്രീയ പേമാരിയിൽ പിടിച്ചുനിൽക്കാനുള്ള തന്ത്രങ്ങളൊന്നും അദ്ദേഹത്തിന് വശമില്ല. ശശി തരൂരിന് പോലും ഇനിയും പൊരുത്തപ്പെടാനാകാത്ത സാഹചര്യമാണ് ഇന്ത്യയിലുള്ളത്.

60കളിലും 70കളിലും അദ്ദേഹത്തെപ്പോലുള്ളവർ ഇന്ത്യ വിട്ടപ്പോൾ അതിനെ 'ബ്രെയ്ൻ ഡ്രെയ്ൻ ( മസ്തിഷ്ക ചോർച്ച) എന്നാണ് വിശേഷിപ്പിച്ചിരുന്നത്. പക്ഷെ അക്കാലയളവിൽ ഇന്ത്യയിൽ എഞ്ചിനീയർമാർക്ക് അവസരങ്ങൾ കുറവായിരുന്നു.അമേരിക്കയാകട്ടെ അവരെ ഊഷ്മളമായി അവരെ വരവേൽക്കുകയും ചെയ്തു. എഞ്ചിനീയർ ആണെങ്കിൽ വിസ ലഭിക്കാൻ യുഎസ് കോൺസുലേറ്റിൽ പോയാൽ മതി എന്നതായിരുന്നു സ്ഥിതി.

അതിനാൽ കൂടുതൽ ചിന്തിക്കേണ്ടി വന്നില്ല. യുഎസിലേക്ക് കുടിയേറുക എന്നത് തന്നെയാണ് ജീവിതത്തിൽ എടുത്ത ഏറ്റവും മികച്ച തീരുമാനമെന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. ഇന്ത്യയിൽ ത്തന്നെ തുടർന്നിരുന്നെങ്കിൽ വടക്കേ ഇന്ത്യയിൽ എവിടെയെങ്കിലും സ്ഥിരതാമസമാക്കി പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ ജോലി ഏറ്റെടുക്കുമായിരുന്നു എന്നതിൽ കവിഞ്ഞ് പൊതുപ്രവർത്തനത്തിലേക്ക് കടക്കുമായിരുന്നോ എന്നകാര്യത്തിൽ ഉറപ്പില്ല.

**സേവനരംഗത്തേക്ക്**

അമേരിക്കയിൽവച്ചാണ്, പൊതുസേവനത്തോടുള്ള അഭിനിവേശം ഹൃദയത്തിൽ കയറിപ്പറ്റിയത്. അതിനെ ഉൾവിളി എന്നോ നിയോഗമെന്നോ പറയാം. ഇന്ത്യയ്ക്കുവേണ്ടിയും അമേരിക്കയിലുള്ള ഇന്ത്യക്കാർക്കു വേണ്ടിയും പ്രവർത്തിക്കാൻ അങ്ങനെ ഇറങ്ങിത്തിരിച്ചു.

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി പ്രവർത്തിച്ച ഗദ്ദർ പാർട്ടിയിലെ അംഗങ്ങളുടേതടക്കം നിസ്വാർത്ഥരായ മനുഷ്യരുടെ ഉദാഹരണങ്ങൾ, മാതൃരാജ്യത്തിനു വേണ്ടി എന്തെങ്കിലും ചെയ്യുന്നതിന് പ്രചോദനമായി.

പാമ്പാട്ടികളുടെയും പട്ടിണിപ്പാവങ്ങളുടെയും രാജ്യമല്ല ഇന്ത്യ എന്ന് മുഖ്യധാരാ അമേരിക്കക്കാരെ ബോധവൽക്കരിക്കുന്നതടക്കം പിന്നീട് നിരവധി കാര്യങ്ങൾ ഇന്ത്യൻ പ്രവാസി സമൂഹത്തിന് ചെയ്യേണ്ടിവന്നു. സമ്പദ്‌വ്യവസ്ഥയുടെ ഉദാരവൽക്കരണം പോലുള്ള പരിഷ്കാരങ്ങൾ ഇന്ത്യയിൽ കൊണ്ടുവരാൻ മുൻകൈ എടുത്തത്തതും പുറത്തുള്ള ആളുകളാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. എന്നിട്ടും, അത് യാഥാർത്ഥ്യമാകാൻ വർഷങ്ങൾ വേണ്ടിവന്നു.

വിശാലമായ മതേതര സംഘടനകൾ സ്ഥാപിക്കുന്നതിൽ പ്രധാന പങ്കു വഹിച്ചിട്ടുണ്ടെങ്കിലും അതൊരിക്കലും ഒറ്റയ്ക്കൊരു വ്യക്തിയെക്കൊണ്ട് കൈവരിക്കാവുന്ന നേട്ടമല്ലെന്നും വർഷങ്ങളായി അതിനു പിന്നിൽ സന്നദ്ധതയോടെ പ്രവർത്തിക്കുന്ന അനേകായിരം പേരുടെ കൂട്ടായ ശ്രമമുണ്ടെന്നും അദ്ദേഹം പറയുന്നു.

'70-കൾ മുതൽ കൂട്ടായി പ്രവർത്തിക്കുന്ന സംഘാംഗങ്ങളിൽ പലരും ഇപ്പോഴും സജീവമാണ്. യാ



തൊരു വിധ പ്രതിഫലവുമില്ലാതെ സ്വന്തം സമയവും പണവും ചെലവഴിച്ച് കടമയായി കണ്ടാണ് ഞങ്ങൾ ഇത് നിർവഹിച്ചുപോരുന്നത്.'




**ലോകമെങ്ങും സുഹൃത്തുക്കൾ**

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ നഗരങ്ങളിൽ കഴിയുന്ന നിരവധി ഇന്ത്യൻ വംശജരുടെ 'ഫസ്റ്റ് നെയിം' അറിയാവുന്ന ഒരേയൊരു ഇന്ത്യക്കാരൻ താനായിരിക്കുമെന്നും അദ്ദേഹത്തിന് വിശ്വാസമുണ്ട്.

''ഞാൻ പോകുന്നിടത്തെല്ലാം ആളുകളുമായി നന്നായി ഇടപഴകുകയും പരിചയം സ്ഥാപിക്കുകയും ചെയ്യാറുണ്ട്. വർഷങ്ങളായി അത്തരം ബന്ധങ്ങൾ നിലനിർത്തുന്നതിനായി ഗോപിയോ പോലൊരു സംഘടന തുടങ്ങുമ്പോൾ കൂടുതൽ പേരെ ഒരുകുടക്കീഴിൽ എത്തിക്കാൻ സാധിച്ചു. 1980-കളിൽ ആശയവിനിമയം എളുപ്പമായിരുന്നില്ല. എഴുപതുകളിൽ എൻ എഫ് ഐ എ സംഘടിപ്പിക്കാൻ വേണ്ടി അമേരിക്കയിലുടനീളം യാത്ര ചെയ്തിട്ടുണ്ട്,'' അദ്ദേഹം ഓർത്തെടുത്തു.

എന്നാൽ ഇപ്പോൾ ഇന്ത്യക്കാർ തമ്മിലുള്ള ബന്ധം മതപരവും ഭാഷാപരവുമായി ശിഥിലമായിരിക്കുകയാണെന്ന തിരിച്ചറിവ് അദ്ദേഹത്തിനുണ്ട്. ''പക്ഷേ, പ്രാധാന്യമുള്ള ഒരു പ്രശ്നം വരുമ്പോൾ നമ്മൾ ഒരുമിക്കുന്നു. അതേസമയം, രണ്ടാം തലമുറ ഈ ഭിന്നതയിൽ നിന്ന് മാറി നിൽക്കുന്നു. അവർ ഇന്ത്യൻ എന്ന ഐഡന്റിറ്റി മാത്രമാണ് നോക്കുന്നത്. ഭിന്നത ആദ്യ തലമുറയിലെ ഒരു പ്രതിഭാസമായിരിക്കാം. തെലുങ്കനോ ബംഗാളിയോ ഗുജറാത്തിയോ ഒരു കൺവെൻഷൻ സംഘടിപ്പിക്കുമ്പോൾ ആയിരക്കണക്കിന് ആളുകൾ പങ്കെടുക്കും. മത സംഘടനകളുടെ കാര്യവും ഇതുതന്നെ.

എന്നാൽ, NFIA യുടെയോ GOPIO യുടെയോ കൺവെൻഷൻ നടത്തുമ്പോൾ കഷ്ടിച്ച് നൂറ് പേർ മാത്രമേ എത്തിച്ചേരൂ. ഇത് സങ്കടകരമാണ്,'' ഡോ.എബ്രഹാം അഭിപ്രായപ്പെട്ടു. എങ്കിലും മതേതര സംഘടനകൾ പൊതുവായ നന്മയ്ക്കും ലക്ഷ്യങ്ങൾക്കും വേണ്ടിയാണ് പ്രവർത്തിക്കുന്നതെന്നും ഇപ്പോഴും അവ ആളുകളെ പ്രചോദിപ്പിക്കുന്നുണ്ടെന്നും അദ്ദേഹം വിലയിരുത്തി.

നീണ്ട കാലയളവിൽ തനിക്ക് അസ്വസ്ഥത തോന്നിയ രണ്ട് അവസരങ്ങളെക്കുറിച്ചും അദ്ദേഹം തുറന്നുപറഞ്ഞു. അയോധ്യയിൽ രാമക്ഷേത്രം നിർമ്മിക്കുന്നതിനുള്ള ധനസമാഹരണവുമായി ബന്ധപ്പെട്ട് ന്യൂയോർക്കിൽ ഒരു മീറ്റിംഗ് നടക്കുമ്പോൾ അദ്ദേഹത്തെ ക്ഷണിച്ചില്ല എന്നതാണ് ഒന്ന്. ഇന്ത്യക്കാർ എന്ന കൂട്ടായ വിശ്വാസത്തിൽ നിന്ന് പൊടുന്നനെ ക്രിസ്ത്യാനി എന്നു വേർതിരിച്ച് മാറ്റിനിർത്തിയതായാണ് അന്ന് തോന്നിയത്. ഇന്ത്യയിലെ ക്രിസ്ത്യൻ സമൂഹത്തിന് എതിരായ നിലപാടുള്ളവരുടെ ക്യാമ്പെയ്നിൽ അദ്ദേഹത്തെ ക്ഷണിക്കാതിരുന്നതാണ് മറ്റൊന്ന്.

ഇന്നിപ്പോൾ ഇന്ത്യയിലെ മതമൗലികവാദ പ്രസ്ഥാനങ്ങൾ തകർച്ചയിലാണെന്നാണ് എബ്രഹാം കരുതുന്നത്. തികഞ്ഞ മതവിശ്വാസികളാണെങ്കിൽ തന്നെയും ഇന്ത്യക്കാർ മതേതരമൂല്യങ്ങൾ കൂത്തുസൂക്ഷിക്കുന്നു. 80-കളിൽ തീവ്ര സിഖ് പ്രസ്ഥാനങ്ങൾ ശക്തമായിരുന്നെങ്കിലും വർഷങ്ങൾ മുന്നോട്ടു പോകേ അതും ഇല്ലാതായി. പിന്നീട് ബാബറി മസ്ജിദ് തകർത്തതും മറ്റ് വർഗീയ കലാപങ്ങളും നടന്നിട്ടും ഇന്ത്യ ഒരു മതേതര രാഷ്ട്രമായി തന്നെ തുടരുകയാണ്. പുതിയ ആശയവിനിമയ സാങ്കേതികവിദ്യകളും സമൂഹമാധ്യമങ്ങളും കൊണ്ട്, ഇന്ത്യ ഒരിക്കലും വർഗീയതയുടെയോ തീവ്രവാദത്തിന്റേയോ പാതയിൽ പോകില്ലെന്നും ആത്മപരിശോധനയും സന്തുലനവും ഇന്ത്യൻ സമൂഹത്തിനുള്ളിൽ എക്കാലവുമുണ്ടെന്നുമാണ് ഡോ. എബ്രഹാമിന്റെ വിശ്വാസം .

**ഗോപിയോ**

യുഎസിലെ ഇന്ത്യക്കാരെ ഒരുകുടക്കീഴിൽ അണിനിരത്തുക എന്ന ഉദ്ദേശത്തോടെയാണ് എഫ്ഐഎയും എൻഎഫ്ഐഎയും സ്ഥാപിച്ചതെങ്കിൽ, 'ഗോപിയോ' ലോകമെമ്പാടുമുള്ള ഇന്ത്യക്കാരെ ഒരുമിച്ച് കൊണ്ടുവരാനുള്ള ശ്രമമായിരുന്നു. ഏതൊക്കെ രാജ്യങ്ങളിൽ എവിടെയൊക്കെ ഇന്ത്യക്കാരുണ്ടെന്ന് കണ്ടെത്തുകയും അവർ നേരിടുന്ന പ്രശ്നങ്ങൾ ഏറ്റെടുക്കുകയും ചെയ്യുക എന്നതായിരുന്നു പ്രധാനം.

ഫിജി എടുത്തുപറയാവുന്ന ഏറ്റവും നല്ല ഉദാഹരണമാണ്. അവിടെ ഇന്ത്യൻ നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഗവണ്മെന്റിനെ സൈന്യം പുറത്താക്കിയ അവസരത്തിൽ അമേരിക്കയിൽ നിന്നുള്ള ഇന്ത്യക്കാർ നൽകിയ പിന്തുണ വലിയ ചലനം സൃഷ്ടിച്ചു. ഗോപിയോയുടെ ആശയത്തെയും പ്രവർത്തനങ്ങളെയും പിന്തുണയ്ക്കാൻ ഇന്ത്യൻ സർക്കാരും മുന്നോട്ട് വന്നു.

കൊളംബിയയിൽ ഇന്ത്യ ചെയർ സ്ഥാപിക്കാനുള്ള കാമ്പെയ്നിന്റെ കോ-ചെയർ എന്ന നില





യിലുള്ള തന്റെ പ്രവർത്തനത്തിലും അദ്ദേഹത്തിന് ചാരിതാർഥ്യമുണ്ട്.

''ഇത് സ്ഥാപിച്ച് രണ്ട് പതിറ്റാണ്ടുകൾക്ക് ശേഷം, പത്തിലധികം ഇന്ത്യ ചെയർസ് മറ്റ് യൂണിവേഴ്സിറ്റികളിൽ കാണാൻ സാധിച്ചു. അത് വളരെ സന്തോഷകരമായ അനുഭവമാണ്.' ഡോ.എബ്രഹാം പറഞ്ഞു.

ഇന്ത്യൻ കമ്മ്യൂണിറ്റിയിൽ നിന്ന് അമേരിക്കയിലെത്തിയ ആദ്യതലമുറയ്ക്ക് പ്രായമാകുകയും വാർദ്ധക്യ പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയും ചെയ്തു തുടങ്ങിയതോടെയാണ് നാഷണൽ ഇന്ത്യൻ അമേരിക്കൻ അസോസിയേഷൻ ഫോർ സീനിയർ സിറ്റിസൺസ് രൂപീകരിച്ചത്.

''യുഎസിൽ വന്നതിൽ ഞാൻ ഒരിക്കലും ഖേദിച്ചിട്ടില്ല. വർഷങ്ങളായി ഞാൻ ചെയ്ത സേവനങ്ങളിലും ഒരു ഖേദവുമില്ല. അതൊരു ഡ്യൂട്ടിയും കോളിംഗുമാണ്, ''അദ്ദേഹം പറഞ്ഞു.

**നാനോടെക്നോളജിയുടെ സാധ്യതകൾ**

ആളുകൾ സാധ്യതകൾ തിരിച്ചറിയുന്നതിന് വളരെമുൻപേ തന്നെ ഒരു മെറ്റീരിയൽ എഞ്ചിനീയർ എന്ന നിലയിൽ, നാനോടെക്നോളജിയെക്കുറിച്ച് അദ്ദേഹത്തിന് ആഴത്തിൽ അറിയാമായിരുന്നു.

'നാനോടെക്നോളജി ഇപ്പോൾ ലോകത്തെ മാറ്റിമറിക്കുകയാണ്. കമ്പ്യൂട്ടറിന്റെ വലിയൊരു ശതമാനം 15 nm വരെ കുറഞ്ഞ നാനോ പ്രവർത്തനക്ഷമമായ ചിപ്പുകളാണ്. ഇവ സെൽ ഫോണുകൾ, ടാബ്ലെറ്റുകൾ, ഐപാഡ്, പിസികൾ എന്നിങ്ങനെ എല്ലാ ആപ്ലിക്കേഷനുകളിലും ഉപയോഗിക്കുന്നു. മരുന്ന്, ഊർജ്ജ ഉൽപ്പാദനം, സംഭരണം, സാങ്കേതികവിദ്യകൾ എന്നിവ ഉൾപ്പെടെ എല്ലാ മേഖലയിലും സമീപഭാവിയിൽ നാനോ സാങ്കേതികവിദ്യയുടെ ഗുണഫലമുണ്ടാകും.' ഡോ.എബ്രഹാം വിശദീകരിച്ചു.

ഇന്ത്യ ശ്രദ്ധേയമായ കണ്ടുപിടുത്തങ്ങളൊന്നും നടത്താത്തതിൽ അദ്ദേഹത്തിന് അതൃപ്തിയുണ്ട്. ഗവേഷണ-വികസനത്തിനായി ഗണ്യമായ തുക ചെലവഴിക്കുന്നുണ്ടെങ്കിലും പലപ്പോഴും, ഇന്ത്യൻ ശാസ്ത്രജ്ഞർ പാശ്ചാത്യ കണ്ടുപിടുത്തങ്ങൾ പകർത്താനാണ് ശ്രമിക്കുന്നത്. യുഎസിൽ കോൾഡ് ഫ്യൂഷൻ കണ്ടെത്തിയതായി പ്രഖ്യാപിച്ചപ്പോൾ തങ്ങളും അത് കണ്ടെത്തിയതായി ഇന്ത്യയിലെ ചില ശാസ്ത്രജ്ഞർ അവകാശവാദം മുഴക്കിയിരുന്നു. ഉയർന്ന ഊഷ്മാവിലെ സൂപ്പർകണ്ടക്ടിവിറ്റിയെക്കുറിച്ച് പ്രഖ്യാപിച്ചപ്പോഴും, ഇന്ത്യയിൽ നിന്നൊരാൾ സമാനമായ അവകാശവാദവുമായി മുന്നോട്ടുവന്നു. യുഎസിലെയും ഇന്ത്യയിലെയും അവകാശവാദങ്ങൾ അടിസ്ഥാനരഹിതമാണെന്ന് പിന്നീട് കണ്ടെത്തി.

ഇന്ത്യൻ ശാസ്ത്രജ്ഞരും സാങ്കേതിക വിദഗ്ധരും വികസിത രാജ്യങ്ങളുടെ നേട്ടങ്ങൾ ശാസ്ത്രീയമായി ഉപയോഗിക്കണം. ഉപകരണങ്ങൾ വികസിപ്പിക്കുന്നതിന് പ്രായോഗിക ഗവേഷണം നടത്തുന്നതിനും വാണിജ്യവൽക്കരണത്തിനും വേണ്ടി പ്രവർത്തിക്കണം. നാനോ ടെക്നോളജിയിൽ ഒരുപാട് അവസരങ്ങളുണ്ട്. ഇന്ത്യൻ-അമേരിക്കൻ ശാസ്ത്രജ്ഞരും സംരംഭകരും മറ്റുരാജ്യങ്ങളുമായി കൈകോർത്താൽ പുതിയ സാങ്കേതിക വിദ്യകളിൽ ഇന്ത്യയ്ക്ക് അസാധാരണ മുന്നേറ്റം നടത്താനാകും. ഇൻഡസ് നാനോ ടെക്നോളജി അസോസിയേഷൻ (ടിന) ഈ ലക്ഷ്യത്തോടെ രൂപീകരിച്ചതാണ്.

'ഇന്ത്യൻ പ്രവാസികളുടെ കഴിവുകൾ പ്രയോജനപ്പെടുത്തുന്നതിലൂടെ, ഇന്ത്യക്ക് അത്ഭുതകരമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിയും' ഡോ.എബ്രഹാം അടിവരയിട്ടു. പലപ്പോഴും സർക്കാരുകളുടെ ഭാഗത്തുനിന്നുള്ള അത്തരം പദ്ധതികൾ പുസ്തകത്തിൽ ഒതുങ്ങുന്നതല്ലാതെ പ്രാവർത്തികമാകുന്നില്ല.

ഇന്ത്യയിലെ ഏറ്റവും മികച്ച സയൻസ് ആൻഡ് എഞ്ചിനീയറിംഗ് സ്കൂളുകളെയും അദ്ദേഹം വിമർശിക്കുന്നു. ഐഐടി, എംഐഎൻടി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എന്നിവയിലൂടെ സമർത്ഥരും മിടുക്കരുമായ ബിരുദധാരികൾ പുറത്തിറങ്ങുന്നു എന്നല്ലാതെ അത്തരം സ്ഥാപനങ്ങൾ വിദ്യാർത്ഥി

കൾക്ക്  ആഗോള ഉപഭോഗത്തിനായുള്ള സാങ്കേതികവിദ്യകളും ഗാഡ്ജെറ്റുകളും പരിചയപ്പെടുത്തുന്നില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ലോക സർവ്വകലാശാലകളുടെ അക്കാദമിക് റാങ്കിംഗ് പ്രകാരം ആദ്യ  500 സർവ്വകലാശാലകളിൽ പോലും ഐഐടികൾ ഇടം പിടിച്ചിട്ടില്ലെന്ന് കാണാം.

**ഇന്ത്യയുടെ യു.എൻ. അംഗത്വം**

യുഎൻ സെക്യൂരിറ്റി കൗൺസിലിലെ അംഗത്വം ഇന്ത്യ ഗൗരവത്തോടെ കാണുന്നുണ്ടെങ്കിൽ,

യുഎസ്-ഇന്ത്യ ആണവ കരാറിന്റെ മാതൃകയിൽ പല രാജ്യങ്ങളിലും തുടക്കം കുറിക്കാൻ അവിടുള്ള പ്രവാസികൾക്ക് കഴിയുമെന്നും ഡോ. എബ്രഹാം പറഞ്ഞു. അതിനുള്ള സംവിധാനം സർക്കാർ സൃഷ്ടിക്കണമെന്നാണ് മറ്റൊരു നിർദേശം. സാങ്കേതിക വിദഗ്ധരും പ്രൊഫഷണലുകളും ഇന്ത്യയുടെ വളർച്ചയ്ക്ക് നൽകുന്ന സംഭാവനകളും അദ്ദേഹം ചൂണ്ടിക്കാട്ടി .

പ്രവാസി ഭാരതീയ ദിവസിന്  എൻആർഐ/പിഐഒമാരെ ആകർഷിക്കാൻ സാധിക്കുന്നില്ലെന്നും ഈ പരിപാടിയിൽ പങ്കെടുക്കാൻ വിദേശ ഇന്ത്യക്കാരെ ആകർഷിക്കാൻ ചില പുതിയ ആശയങ്ങൾ വേണമെന്നും അദ്ദേഹം പറഞ്ഞു. വിദേശത്തുള്ള ഇന്ത്യക്കാരായ ഇളമുറക്കാരുമായി ബന്ധപ്പെടാൻ നല്ലൊരു വേദിയാണിതെന്നും എബ്രഹാം അഭിപ്രായപ്പെട്ടു. പിബിഡിയിലും മറ്റും പങ്കെടുക്കാൻ  വരുമ്പോൾ വിവിധ മേഖലകളിലുള്ള അവരുടെ കഴിവുകളും വൈദഗ്ധ്യവും ഇന്ത്യയുടെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കണമെന്ന നിർദ്ദേശവും മുന്നോട്ടുവച്ചു.

**സംഘടനകൾ**

പീപ്പിൾ ഓഫ് ഇന്ത്യൻ ഒറിജിൻ (പിഐഒ) എന്ന നാമധേയം ഡോ. എബ്രഹാമിന്റെ സംഭാവനയാണ്. ഗ്ലോബൽ ഓർഗനൈസേഷൻ  ഓഫ് പീപ്പിൾ ഓഫ് ഇന്ത്യൻ ഒറിജിൻ (ജി.ഓ.പിഐഒ) സംഘടനയുടെ  ആദ്യ കൺവെൻഷൻ 1989-ൽ നടന്നു. ഗോപിയോ  ഇന്റർനാഷണലിന്റെ സ്ഥാപക പ്രസിഡന്റും  എക്സിക്യൂട്ടീവ് ട്രസ്റ്റിയുമായ അദ്ദേഹം നിലവിൽ അതിന്റെ ചെയർമാനായി  സേവനമനുഷ്ഠിച്ചുവരുന്നു.

ഗോപിയോ  ഇന്റർനാഷണൽ ചേംബർ ഓഫ് കൊമേഴ്സ് (ജിഐസിസി) ആരംഭിക്കുന്നതിലും ലോകമെമ്പാടും കെട്ടിപ്പടുക്കുന്നതിനും അദ്ദേഹമാണ് മുന്നിട്ടിറങ്ങിയത്.

ദേശീയ, മതേതര സംഘടനകളിൽ പലതും അദ്ദേഹത്തിന്റെ ശ്രമഫലമായി ആരംഭിച്ചതാണ്.

ജീവിതത്തിലെ ഏറ്റവും വലിയ നേട്ടമായി തന്നെയാണ് അദ്ദേഹം ആ നിയോഗത്തെ കണക്കാക്കുന്നത്.




അത്തരത്തിൽ രൂപീകൃതമായ സംഘടനകൾ താഴെ കൊടുക്കുന്നു:

ഫെഡറേഷൻ ഓഫ് ഇന്ത്യൻ അസോസിയേഷൻ (എഫ്ഐഎ) ന്യൂയോർക്ക്, ന്യൂജേഴ്സി, കണക്റ്റിക്കട്ട് -1977

നാഷണൽ ഫെഡറേഷൻ ഓഫ് ഇന്ത്യൻ-അമേരിക്കൻ അസോസിയേഷൻസ് (എൻഎഫ്ഐഎ) - 1980

ഗ്ലോബൽ ഓർഗനൈസേഷൻ ഓഫ് പീപ്പിൾ ഓഫ് ഇന്ത്യൻ ഒറിജിൻ (ജിഒപിഐഒ) - 1989

ഇന്ത്യൻ അമേരിക്കൻ കേരള കൾച്ചറൽ ആൻഡ് സിവിക് സെന്റർ - 1993

കൊളംബിയ യൂണിവേഴ്സിറ്റിയിലെ ജഗദീഷ് ഭഗവതി  ഇന്ത്യൻ പൊളിറ്റിക്കൽ എക്കണോമി ചെയർ (4 മില്യൺ ഡോളർ എൻഡോവ്മെന്റ്) - 1992-2000

നാഷണൽ ഇന്ത്യൻ അമേരിക്കൻ അസോസിയേഷൻ ഫോർ സീനിയർ സിറ്റിസൺസ് (എൻഐഎഎഎസ്സി) - 1998

സൗത്ത് ഏഷ്യൻ കൗൺസിൽ ഫോർ സോഷ്യൽ സർവീസസ് (എസ്എസിഎസ്എസ് )  2000

ഇൻഡസ് നാനോ ടെക്നോളജി അസോസിയേഷൻ (ടിന) - 2011

ഈ സംഘടനകളിലൂടെ, ഇന്ത്യൻ-അമേരിക്കൻ സമൂഹത്തിനും വിവിധ രാജ്യങ്ങളിൽ വ്യാപിച്ചുകിടക്കുന്ന ഇന്ത്യൻ ഡയസ്പോറയ്ക്കും ഉറച്ച അടിത്തറ കെട്ടിപ്പടുക്കാൻ എബ്രഹാം സഹായിച്ചു.

സമാധാനം- അഹിംസ തുടങ്ങിയ ഗാന്ധിയൻ തത്വങ്ങളുടെ അനുയായിയായ അദ്ദേഹം നിരവധി സാമുദായിക സൗഹാർദ്ദ പരിപാടികൾ സംഘടിപ്പിക്കാൻ മുൻകൈ എടുത്തിരുന്നു.

മുൻ പ്രധാനമന്ത്രിമാരായ മൊറാർജി ദേശായി, ഇന്ദിരാഗാന്ധി, അടൽ ബിഹാരി വാജ്പേയി എന്നിവർക്കുവേണ്ടി എഫ്ഐഎയുടെയും എൻഎഫ്ഐഎയുടെയും പ്രസിഡന്റ്എന്ന നിലയിൽ, എബ്രഹാം വലിയ കമ്മ്യൂണിറ്റി മീറ്റിംഗുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

അദ്ദേഹം മുൻകൈയെടുത്തിട്ടാണ് ആദ്യത്തെ ഇന്ത്യൻ-അമേരിക്കൻ ഹോട്ടൽ ആൻഡ് മോട്ടൽ




സമ്മേളനം,1986–ൽ എൻഎഫ്ഐഎ യുടെ ദേശീയ ദ്വിവത്സര കൺവെൻഷനിൽ സംഘടിപ്പിച്ചത്. അത് പിന്നീട് ഏഷ്യൻ ഇന്ത്യൻ ഹോട്ടൽ ആൻഡ് മോട്ടൽ അസോസിയേഷനായി വളർന്നു. ഇന്ത്യയിലെ പല ഇൻസ്ടിട്യൂഷനുകളിലെയും ആളുകളുടെ സമാഗമത്തിന് അത് വഴിയൊരുക്കി. ഈ ഗ്രൂപ്പുകൾ തുടർന്ന് ശക്തിയാർജ്ജിച്ച് സ്വന്തം കൺവെൻഷനുകളും നടത്തി.

**മികച്ച സംഘാടകൻ**

സമൂഹത്തെ വിവിധ വേദികളിൽ അണിനിരത്താനുള്ള എബ്രഹാമിന്റെ കഴിവ് അപാരമാണ്.

1978–ൽ ഇന്ത്യയിലെ ചുഴലിക്കാറ്റ് ബാധിതരുടെ പുനരധിവാസത്തിനുള്ള അമേരിക്കൻ കമ്മിറ്റിയുടെ ദേശീയ കോർഡിനേറ്ററായും അദ്ദേഹം പ്രവർത്തിച്ചു

1978–ലും 1983–ലും ഇന്ത്യൻ പ്രധാനമന്ത്രിയെ ആദരിക്കുന്നതിനുള്ള കമ്മിറ്റിയുടെ ചെയർമാനായിരുന്നു.

1985–'87–ൽ ഫെസ്റ്റിവൽ ഓഫ് ഇന്ത്യയെ പ്രോത്സാഹിപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയ ഇൻഡോ–അമേരിക്കൻ കൗൺസിൽ വൈസ് പ്രസിഡന്റായും പ്രവർത്തിച്ചു. സ്റ്റാച്യു ഓഫ് ലിബർട്ടിയുടെയും എല്ലിസ് ദ്വീപിന്റെയും പുനരുദ്ധാരണത്തിന് ഏഷ്യൻ ഇന്ത്യൻസ് ഫോർ ലിബർട്ടി ഗണ്യമായ ഫണ്ട് ശേഖരിക്കുമ്പോൾ അദ്ദേഹമായിരുന്നു ദേശീയ കോർഡിനേറ്റർ.

ഡോ എബ്രഹാമിന്റെ നേട്ടങ്ങളുടെ പട്ടിക ഇതിൽ ഒതുങ്ങുന്നതല്ല.

1980–ന്റെ തുടക്കത്തിൽ അദ്ദേഹത്തെ സെലക്ട് കമ്മീഷൻ ഓൺ ഇമിഗ്രേഷൻ കുടിയേറ്റ നിയമത്തെ നിയന്ത്രിക്കുന്ന പുതിയ നിയമങ്ങൾ വിലയിരുത്താൻ അദ്ദേഹത്തെ ക്ഷണിച്ചിരുന്നു. മറ്റുള്ള സംഘടനകളുടെ ശ്രമങ്ങൾക്കൊപ്പം ഡോ.എബ്രഹാം മുൻകൈ എടുത്തതുകൊണ്ടുകൂടിയാണ് പുതിയ കുടിയേറ്റ നിയമത്തിൽ ഫാമിലി റീ യൂണിയൻ എന്ന നിലപാട് സംരക്ഷിക്കുന്നത് യുഎസ് കോൺഗ്രസ് അംഗീകരിച്ചത്.1988–ൽ, ഡോ. എബ്രഹാമിന്റെ നേതൃത്വത്തിൽ എൻഎഫ്ഐഎ സംഘം പാക്കിസ്ഥാനിലേക്ക് അത്യാധുനിക സൈനിക ഉപകരണങ്ങൾ വിതരണം ചെയ്യുന്നത് തടയണമെന്ന് യു.എസ് സെനറ്റ് യോഗത്തിൽ ആവശ്യപ്പെട്ടു

1992–ൽ കൊളംബിയ യൂണിവേഴ്സിറ്റിയിൽ ഇന്ത്യൻ പഠനത്തിന് ചെയർ സ്ഥാപിക്കാൻ ന്യൂയോർക്കിലെ ഇന്ത്യൻ സമൂഹവും ഇന്ത്യൻ എംബസിയും സംയുക്തമായി തീരുമാനമെടുത്തപ്പോൾ ഡോ.എബ്രഹാമായിരുന്നു അധ്യക്ഷൻ.

1997ൽ ജഗദീഷ് ഭഗവതി ഇന്ത്യൻ പൊളിറ്റിക്കൽ ഇക്കോണമിയുടെ പ്രഥമ ചെയർ ആയിരിക്കെ ഡോ.അബ്രഹാമായിരുന്നു കോ–ചെയർ.

**കുടുംബം**

അദ്ദേഹത്തിന്റെ രണ്ട് സഹോദരന്മാരും മൂന്ന് സഹോദരിമാരും ഇന്ത്യയിലും മറ്റ് രണ്ട് സഹോദരിമാർ യുകെയിലുമാണ്.

മുസ്ലിം പെൺകുട്ടികളെ സ്കൂളിൽ അയയ്ക്കാത്തത് കണ്ടപ്പോൾ അദ്ദേഹത്തിന്റെ പിതാവ് 1950–കളുടെ തുടക്കത്തിൽ പത്തനംതിട്ടയിൽ ഒരു ഗേൾസ് ഹൈസ്കൂൾ തുടങ്ങി. ഇപ്പോൾ അത് സർക്കാർ എയ്ഡഡ് സ്കൂളാണ്. വിദ്യാർത്ഥികളെ ലഭിക്കുന്നത് ബുദ്ധിമുട്ടായതിനാൽ ആൺകുട്ടികളെയും പ്രവേശിപ്പിക്കുന്നുണ്ട്. മറ്റ് ജീവകാരുണ്യ പ്രവർത്തനങ്ങളിലും അദ്ദേഹത്തിന്റെ പിതാവ് ശ്രദ്ധിച്ചിരുന്നു.

ഇന്റേണിസ്റ്റും ജീരിയാട്രീഷ്യനുമായ ഡോ സൂസി എബ്രഹാമിനെയാണ് ഡോ. എബ്രഹാം വിവാഹം ചെയ്തത്. മകൾ ഡോ. നിത്യ എലിസബത്ത് എബ്രഹാം മോണ്ടെഫിയോറിലെ യൂറോളജിസ്റ്റും ബ്രോങ്ക്സിലെ ആൽബർട്ട് ഐൻസ്റ്റീൻ കോളേജ് ഓഫ് മെഡിസിനിൽ അസോസിയേറ്റ് പ്രൊഫസറുമാണ്.

ഡിജിറ്റൽ മാർക്കറ്റിംഗിൽ വിദഗ്ധനായ ടെറൻസ് മൊദുതഗമാണ് നിത്യയുടെ ഭർത്താവ്. ഇവർക്ക് രണ്ട് പെൺമക്കളുണ്ട്, ലീല, അനയ.

മകൻ ജയ് തോമസ് എബ്രഹാം കണക്റ്റിക്കട്ടിലെ പ്രാറ്റ് വിറ്റ്നിയിൽ വാണിജ്യ എഞ്ചിനുകളുടെ ഡിസൈൻ എഞ്ചിനീയറാണ്. സിഗ്നയിൽ ജോലി ചെയ്യുന്ന ജെസീക്കയാണ് ഭാര്യ. പുത്രി സെസിലിയ

**പ്രൊഫഷൻ**

അഡ്വാൻസ്ഡ് സെറാമിക്സിൽ വൈദഗ്ധ്യം നേടിയ ഒരു അഡ്വാൻസ്ഡ് മെറ്റീരിയൽ സയന്റിസ്റ്റ് എന്ന നിലയിലാണ് ഡോ.എബ്രഹാം അറിയപ്പെടുന്നത്.

1990–കളിൽ തന്നെ നാനോസെറാമിക്കിന്റെ ശക്തി അദ്ദേഹം മുൻകൂട്ടിക്കണ്ടു.

1998–ൽ ന്യൂയോർക്കിൽ ലാബ് സാങ്കേതികവിദ്യ



യെ ബിസിനസ്സുമായി ബന്ധിപ്പിക്കുന്ന ആദ്യ ബിസിനസ്സ് നാനോ ടെക്നോളജി കോൺഫറൻസ് സംഘടിപ്പിക്കുകയും ചെയ്തു.

റഷ്യയും ചൈനയും ഉൾപ്പെടെ ലോകമെമ്പാടുമുള്ള രാജ്യങ്ങളിൽ നിന്നുള്ളവർ ഇതിൽ പങ്കെടുക്കാൻ എത്തിയിരുന്നു.

അതിനുശേഷം അദ്ദേഹം എല്ലാ വർഷവും നാനോ ടെക്നോളജി കോൺഫറൻസുകൾ സംഘടിപ്പിക്കുന്നു.

കൂടാതെ, ഇൻഡസ് നാനോടെക്നോളജി അസോസിയേഷൻ(ടിന) ആരംഭിക്കുകയും ചെയ്തു.

നാനോ പ്രാപ്തമാക്കിയ സാങ്കേതികവിദ്യകളുടെ വേഗത്തിലുള്ള വാണിജ്യവൽക്കരണത്തിന് സഹായിക്കുന്നതിന് ഒപ്പം നാനോ-ബയോ കൺവെർജൻസ്, നാനോ-എനേബിൾഡ് എനർജി ജനറേഷൻ തുടങ്ങിയ അനുബന്ധ മേഖലകൾ, സംഭരണം, നാനോഇലക്ട്രോണിക്സ്, നാനോമെഡിസിൻ, മറ്റ് മേഖലകളിലും അദ്ദേഹം സ്തുത്യർഹമായ സംഭാവനകൾ നൽകി.

അഡ്വാൻസ്ഡ് മെറ്റീരിയലുകളിലും നാനോ ടെക്നോളജിയിലും വിദഗ്ദ്ധനായ ഡോ. എബ്രഹാം, സ്റ്റാംഫോർഡ്, കണക്റ്റിക്കട്ട് ആസ്ഥാനമായുള്ള ഇന്നൊവേറ്റീവ് റിസർച്ച് ആൻഡ് പ്രൊഡക്ട്സ് പ്രസിഡന്റുമാണ് iRAP ആരംഭിക്കുന്നതിന് മുമ്പ്, ബിസിനസ് കമ്മ്യൂണിക്കേഷൻസ് ഗവേഷണവിഭാഗത്തിൽ വൈസ് പ്രസിഡന്റായി സേവനമനുഷ്ഠിച്ചു. കണക്റ്റിക്കട്ടിലെ നോർവാക്കിലുള്ള ഒരു മാർക്കറ്റ് ആൻഡ് ഇൻഡസ്ട്രി അനാലിസിസ് കമ്പനിയാണിത്.

'ഹൈ-ടെക് സെറാമിക്സ് ന്യൂസ്' എന്ന പ്രതിമാസ പ്രസിദ്ധീകരണത്തിന്റെ എഡിറ്ററായും അദ്ദേഹം പതിനേഴു വർഷം സേവനമനുഷ്ഠിച്ചു.

നേരത്തെ ഡെൻവർ യൂണിവേഴ്സിറ്റിയിലും ബ്രൂക്ക്ഹാവൻ നാഷണൽ ലബോറട്ടറിയിലും ജോലി ചെയ്തിരുന്നു.

വിവിധ പ്രൊഫഷണൽ ജേണലുകളിലും മാസികകളിലും 50-ലധികം പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചു.

**അവാർഡുകൾ**

നിരവധി അവാർഡുകൾ എബ്രഹാമിന് ലഭിച്ചിട്ടുണ്ട്. പ്രവാസി ഭാരതീയ സമ്മാൻ രാഷ്ട്രപതി പ്രതിഭാ പാട്ടിലിൽ നിന്ന് 2008 ൽ ഏറ്റുവാങ്ങി.

ഇന്ത്യൻ സമൂഹത്തിനു വേണ്ടി ഒരുപാട് സ്ഥാപനങ്ങളും സംഘടനകളും രൂപപ്പെടുത്തിയതിനു നന്ദിസൂചകമായി കാലിഫോർണിയയിലെ എക്സൽ ഫൗണ്ടേഷൻ 2021 -ൽ 'ഫാദർ ഓഫ് ദി കമ്യൂണിറ്റി' അവാർഡ് നൽകി ആദരിച്ചു.

പ്രമുഖ പത്രം ഇന്ത്യ എബ്രോഡ് 2012 -ൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകി ആദരിച്ചു

മാളവ്യ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (എംഎൻഐടി) 2008 നവംബറിൽ അതിന്റെ വാർഷിക സമ്മേളനത്തിൽ, മികച്ച പൂർവ്വ വിദ്യാർത്ഥി അവാർഡും അദ്ദേഹത്തിന് സമ്മാനിച്ചു.

ഇന്ത്യൻ അസോസിയേഷൻസ് അവാർഡ്, രണ്ടാം ഇന്റർനാഷണൽ മലയാളം കോൺഫറൻസ് അവാർഡ്, ഏഷ്യൻ ഹൂസ് ഹൂ അവാർഡ്, ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് ഓഫ് നോർത്ത് അമേരിക്കയുടെ മികച്ച സാമൂഹിക സേവനത്തിനുള്ള അവാർഡ് എന്നിവയും ലഭിച്ചിട്ടുണ്ട്. ഇന്ത്യയുടെ മുൻ ഉപരാഷ്ട്രപതി ഭൈറോൺ സിംഗ് ഷെഖാവത്തിൽ നിന്ന് ഭരത്വംശി ഗൗരവ് അവാർഡ് സ്വീകരിച്ചു.


emalayalee.com
മലയാളത്തിന്റെ
സുപ്രഭാതം
www.eMalayalee.com
The heartbeats of Indians in USA
IndiaLife and Times Online
www.indialife.us
INDIA LIFE
www.indialife.us
INDIA LIFE TV HD
www.indialife.tv
24Hr TELEVISION CHANNEL
IndiaLife Television
www.indialife.tv
online or available via
World BBTV App FREE
WORLD BBTV
പ്രവാസി
മലയാളികളുടെ
സ്വന്തം ചാനൽ
www.pravasichannel.com
online or available via World BBTV App FREE
WORLD BBTV
pravasi CHANNEL HD
More Info: 1-917-900-2123 | medialogistics.us@gmail.com | www.medialogistics.us



Newly Redesigned Restaurant Interior
Now Open to Serve You!
We Specialize Indoor and Outdoor Catering
Dilbar
INDIAN RESTAURANT
Authentic Indian Cuisine
248-08 UnionTpke
Bellrose, NY
In An Elegant Atmosphere
Tel:1-718-347-3900 | Cel: 1-646-500-2057




• IGI Certified Diamonds • Buyback Guarantee
• Free Lifetime Maintenance • Best Prices, Guaranteed

Wear the timeless elegance with captivating designs on perfectly cut diamonds...
Mine Diamonds presents pristine party wear for prestigious women.

SHOP VIRTUAL
CALL: +1(908) 848-3308

SHOP ONLINE AT
www.malabargoldanddiamonds.com

NEW JERSEY: **1348 OAK TREE ROAD, ISELIN 08830, TEL: 732 283 0916**
CHICAGO: **2652 W DEVON AVENUE, IL 60659, TEL: 773 465 5755**

MALABAR
GOLD & DIAMONDS

OVER 260 BRANCHES ACROSS USA, SINGAPORE, MALAYSIA, UAE, OMAN, QATAR, BAHRAIN, KUWAIT, KSA & INDIA